# പരിശുദ്ധാത്മപ്രവാഹം

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 682 311

# പരിശുദ്ധാത്മപ്രവാഹം


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 682 311**

●

Cover Page & Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 80

●



All rights reserved with the publisher

# ആമുഖം

Fulton Oursler, “The Greatest Story Ever Told” എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്: യേശുക്രിസ്തു ലോകത്തിലേക്ക് വന്നത് ഒന്നും നേടുവാനല്ല, എല്ലാം നൽകാനാണ്. (He came to the world to get nothing but to give everything). ക്രിസ്തു നമുക്ക് തന്ന ഏറ്റവും വലിയ ദാനം തന്നെത്തന്നെയാണ്. ദൈവത്തിന്റെ മോഹനസൃഷ്ടിയായ മനുഷ്യന് ദൈവം നൽകിയ ഏറ്റവും ഉന്നതമായ, ഏറ്റവും ശ്രേഷ്ഠമായ സമ്മാനമാണ് യേശുക്രിസ്തു.

യേശുക്രിസ്തു തന്റെ പ്രിയ ശിഷ്യന്മാരെ ഒരുമിച്ചിരുത്തി അവരോട് സംസാരിച്ചത് യോഹന്നാന്റെ സുവിശേഷം 14, 15, 16 അദ്ധ്യായങ്ങളിൽ കാണാം. ക്രിസ്തു അന്ന് നൽകിയ വാഗ്ദത്തം.

> *“ഞാൻ പോയാൽ അവനെ (പരിശുദ്ധാത്മാവിനെ) നിങ്ങളുടെ അടുക്കൽ അയയ്ക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും. അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ട് പാപത്തെക്കുറിച്ചും ഞാൻ പിതാവിന്റെ അടുക്കൽ പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കയും ചെയ്യുന്നതുകൊണ്ട് നീതിയെക്കുറിച്ചും ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കകൊണ്ട് ന്യായവിധിയെക്കുറിച്ചും തന്നെ. ഇനിയും വളരെ നിങ്ങളോട് പറവാൻ ഉണ്ട്; എന്നാൽ*

*നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും." യോഹന്നാൻ 16 : 7 – 13*

പരിശുദ്ധാത്മാവിന്റെ അത്ഭുതശക്തിയാലാണ് അത്ഭുതങ്ങളും അടയാളങ്ങളും നടക്കുന്നത്. ശിലാഹൃദയങ്ങളെപ്പോലും അലിയിക്കുന്നതാണ് പരിശുദ്ധാത്മശക്തി.

1929 ജനുവരി 21–ാം തീയതിയാണ് ലെനിൻ തന്റെ നേട്ടങ്ങളെ വിലയിരുത്തിയത്. ലോകം കണ്ടിട്ടുള്ളതിലേക്കും ക്രൂരനായ, കഠിനഹൃദയനായ ഒരു വ്യക്തിയായിരുന്നു ലെനിൻ. തിരിഞ്ഞുനോക്കിയപ്പോൾ തന്റെ നേതൃത്വത്തിൽ റഷ്യയിൽ ചിന്തിയ രക്തം, ഉടലറ്റുപോയ തലകൾ, താൻ നിഷ്കരുണം നശിപ്പിച്ച എതിരാളികൾ! എല്ലാം ഓർത്തപ്പോൾ അദ്ദേഹത്തിന് കൃതാർത്ഥത തോന്നി. എന്നാൽ മരണത്തോട് അടുത്തപ്പോൾ അദ്ദേഹം പറഞ്ഞു: "പത്ത് ഫ്രാൻസിസ് അസ്സീസ്സിമാരുണ്ടായിരുന്നെങ്കിൽ, റഷ്യയിൽ ഇതിലും കൂടുതൽ മാറ്റം കൈവരുമായിരുന്നു." അസ്സീസ്സിയിലെ ഫ്രാൻസിസിന് ഉള്ളുനിറയെ സ്നേഹമായിരുന്നു. അദ്ദേഹം "വിദ്വേഷം ഉള്ളിടത്ത് സ്നേഹവും ദ്രോഹം ഉള്ളിടത്ത് ക്ഷമയും നിരാശ ഉള്ളിടത്ത് പ്രത്യാശയും അന്ധകാരമുള്ളിടത്ത് പ്രകാശവും " കോരിച്ചൊരിഞ്ഞു. അതിന് കാരണം, പരിശുദ്ധാത്മാവിന്റെ നിറവുറ്റ സാന്നിദ്ധ്യമായിരുന്നു അദ്ദേഹത്തിന്റെ ആളത്വം.

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഒട്ടേറെ അത്ഭുതങ്ങൾ ചെയ്‌വാൻ പലർക്കും സാധിച്ചിട്ടുള്ളതായി തിരുവചനം പറയുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ആന്തരിക ബന്ധനങ്ങൾ അഴിയുന്നു. മതിമറന്ന് ദൈവത്തെ സ്തുതിക്കുവാൻ സാധിക്കുന്നു; വിശുദ്ധി കൈമുതലായി തീരുന്നു. അനപത്യതാദുഃഖം മാറുന്നു. സത്യാരാധന തുടങ്ങുന്നു. ജീവിതവിജയം

നേടുന്നു. ഓരോ മനുഷ്യനും ഇഹലോകജീവിതത്തിൽ നേടാവുന്നതും നേടേണ്ടതുമായ ഒരു നിധിയാണ് പരിശുദ്ധാത്മാവ്.

സെഖര്യാപ്രവാചകൻ ബി.സി. ആറാം നൂറ്റാണ്ടിൽ പ്രവചിച്ചു:

> *"സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രെ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായ്തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും."*
>
> *സെഖര്യാവ് 4 : 6, 7*

ഒരാൾക്ക് ലെനിനെപ്പോലെ കൊടും ക്രൂരകൃത്യങ്ങൾ ചെയ്യാം. സ്റ്റാലിനെപ്പോലെ കിരാതഭരണം നയിക്കാം. ഹിറ്റ്ലറെപ്പോലെ ലക്ഷങ്ങളെ കൂട്ടക്കൊല ചെയ്യാം. എന്നാൽ മഹാത്മാഗാന്ധിയും എബ്രാഹാം ലിങ്കണും ജോൺ എഫ്. കെന്നഡിയും നൽകിയതുപോലെ രാഷ്ട്രത്തിനു വേണ്ടി നല്ല കാര്യങ്ങൾ ചെയ്യാം. നന്മകൾ തലമുറകളിലേക്ക് കൈമാറാൻ സാധിക്കും. അതിനെല്ലാം സഹായകമായ, പ്രേരകമായ സന്മനോഭാവം ഉണ്ടാകണമെങ്കിൽ ക്രിസ്തു കാണിച്ചുതന്ന സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും കുരിശിന്റെയും പാതയിൽക്കൂടി മുന്നേറണം. അതിനാണ് പരിശുദ്ധാത്മാവിന്റെ നിറവ് ആവശ്യമായിരിക്കുന്നത്.

'പരിശുദ്ധാത്മ പ്രവാഹം' എന്ന ഈ പുസ്തകത്തിൽ, മനുഷ്യശക്തിയാലല്ല പരിശുദ്ധാത്മ ശക്തിയാൽ അനേകം അത്ഭുതങ്ങൾ നടക്കുന്നു എന്ന് സാക്ഷിക്കുകയാണ്. എന്റെ ബഹുമാന്യരായ അനുവാചകർ ഈ പുസ്തകം വായിച്ച് പരിശുദ്ധാത്മ പ്രവാഹവും ജീവിതവിജയവും നിത്യസ്വർഗ്ഗവും നേടണമെന്നാണ് എന്റെ ആഗ്രഹം. ഈ ഭൂമിയിൽ ദുരിതങ്ങളുടെയും യാതനകളുടെയും മദ്ധ്യത്തിൽ നിതാന്തശാന്തി

ഏവർക്കും ലഭ്യമാകട്ടെ എന്നതാണ് എന്റെ പ്രതീക്ഷയും എന്റെ പ്രത്യാശയും.

ഈ ഗ്രന്ഥം വെളിച്ചം കാണുന്നതിന് അദ്ധ്വാനിച്ച അനേകം ദൈവമക്കളുണ്ട്. അവരോട് പേരുപേരായി നന്ദി പറയുവാൻ എനിക്ക് ആഗ്രഹമുണ്ട്. അവർക്ക് കർത്താവായ യേശുക്രിസ്തു കൂടുതൽ കൂടുതൽ അനുഗ്രഹങ്ങൾ നൽകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

ഈ ഗ്രന്ഥം അനുശീലനം ചെയ്യുന്ന എല്ലാവരോടും എന്റെ അകമഴിഞ്ഞുള്ള കൃതജ്ഞത ഞാനിവിടെ പ്രകാശിപ്പിക്കുന്നു.

നിങ്ങളുടെ സ്വന്തം,
**എം.വൈ. യോഹന്നാൻ സാർ.**

# ഒന്ന്

*“യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറക് അടിച്ചുകയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.” യെശയ്യാവ് 40 : 31*

യഹോവയ്ക്കുവേണ്ടി കാത്തിരുന്ന് ശക്തിപ്രാപിക്കുക, ആത്മാവിന്റെ ശക്തിപ്രാപിക്കുക എന്നുള്ളതാണ് നമ്മുടെ ചിന്താവിഷയം. ആത്മാവിന്റെ ശക്തി പ്രാപിക്കുമ്പോൾ നാം വിശുദ്ധപുരുഷനായി മാറും. “നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായ ഒരു ദൈവപുരുഷൻ എന്ന് ഞാൻ കാണുന്നു” എന്നാണ് എലീശായെക്കുറിച്ച് ശൂനേംകാരി സ്ത്രീ പറഞ്ഞത്. വിശുദ്ധനായ ദൈവപുരുഷൻ പരിശുദ്ധാത്മാവിന്റെ നിറവിൽ പ്രാർത്ഥിച്ചപ്പോൾ മരിച്ചുപോയ കുഞ്ഞ് മരണം മാറി ജീവൻ പ്രാപിച്ചു.

ശൂനേംകാരിയുടെ മകൻ മരിച്ചപ്പോൾ ആ കുഞ്ഞിനുവേണ്ടി എലീശാ പ്രവാചകൻ പ്രാർത്ഥിച്ചു. കർത്താവ് ജീവൻ കൊടുത്തു. മരണത്തിൽ ജീവൻ പകരുന്നതാണ് ആത്മാവിന്റെ നിറവ്.

1. ആത്മാവിന്റെ നിറവിൽ മരണം മാറി ജീവൻ വരും.
2. ആത്മാവിന്റെ നിറവിൽ ബന്ധനങ്ങളഴിയും.

*“അവൻ ലേഹിയിൽ എത്തിയപ്പോൾ ഫെലിസ്ത്യർ അവനെ കണ്ടിട്ട് ആർത്തു. അപ്പോൾ*

*യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്നു അവന്റെ കൈ കെട്ടിയിരുന്ന കയർ തീ കൊണ്ടു കരിഞ്ഞ ചണനൂൽ പോലെ ആയി; അവന്റെ ബന്ധനങ്ങൾ കൈമേൽനിന്നു ദ്രവിച്ചുപോയി. അവൻ ഒരു കഴുതയുടെ പച്ചത്താടിയെല്ലു കണ്ടു കൈനീട്ടി എടുത്തു അതുകൊണ്ട് ആയിരം പേരെ കൊന്നു കളഞ്ഞു.” ന്യായാധിപന്മാർ 15 : 14, 15*

ദൈവത്തിന്റെ വ്രതസ്ഥനായ ശിംശോൻ ബന്ധനസ്ഥനായിപ്പോയി. ദൈവത്തിന്റെ അഭിഷിക്തൻ, ദൈവത്തിന്റെ ശുശ്രൂഷകൻ, നാസീർ വ്രതസ്ഥൻ ബന്ധനത്തിലായിപ്പോയി. ദൈവസന്നിധിയിൽ ചില ഉടമ്പടികൾ ചെയ്ത ദൈവദാസൻ ബന്ധനത്തിലായിപ്പോയി.

ശിംശോന്റെ കൈ ഫെലിസ്ത്യർ ബന്ധിച്ചു. ന്യായാധിപന്മാരുടെ പുസ്തകം വായിക്കുമ്പോൾ കാണാം, തുടരെത്തുടരെ ശത്രുവിന്റെ ആക്രമണത്തിൽ ദൈവജനം വലയുകയാണ്. മിദ്യാന്യർ, കനാന്യർ, ഫെലിസ്ത്യർ, അമാലേക്യർ ഇങ്ങനെ അനേകം ശത്രുക്കൾ വന്ന് ആക്രമിക്കുന്നു. ശത്രുക്കളുടെ ആക്രമണമേറ്റാണ് യിസ്രായേൽ ജനം എന്നും മുന്നോട്ടുപോയിരുന്നത്.

നമുക്കുമുണ്ട് ആക്രമണങ്ങൾ. നമ്മെ ആക്രമിക്കുന്നത് ഭീകരന്മാരായ പൈശാചിക സൈന്യമാണ്. War on saints! വിശുദ്ധന്മാർക്കുനേരെയുള്ള യുദ്ധം! ദൈവത്തിന്റെ മക്കൾക്കുനേരെ എന്നും യുദ്ധമുണ്ട്. ദൈവത്തിന്റെ മക്കൾക്ക് എന്നും ആക്രമണം നേരിടേണ്ടിവരും. എഫേസ്യലേഖനത്തിന്റെ 6–ാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറയും: “നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല; വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടു മത്രേ.”

ദുഷ്ടാത്മസേനയോടാണ് യുദ്ധം! വാഴ്ചകളോടും

അധികാരങ്ങളോടുമാണ് നമ്മുടെ യുദ്ധം!

> *"നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നില്പാനും കഴിയേണ്ടതിന്ന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ. നിങ്ങളുടെ അരയ്ക്ക് സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിന്നായുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ."*
>
> *എഫേസ്യർ 6 : 12 – 17*

ആയുധം ധരിച്ച് യുദ്ധത്തിന് ഒരുങ്ങി നിൽക്കണം. സമയത്തും അസമയത്തും ഒരുങ്ങി നിൽക്കണം. പിശാച് എങ്ങനെയെല്ലാമാണ് ആക്രമിക്കുന്നത് എന്ന് നമുക്ക് അറിഞ്ഞുകൂടാ. അവന് എപ്പോഴാണ് പഴുതു കിട്ടുന്നത് എന്ന് അറിഞ്ഞുകൂടാ. എപ്പോഴും നാം ജാഗരൂകരായിരിക്കേണ്ടതാണ്. രക്ഷ എന്ന ഹെൽമറ്റ് ധരിക്കണം. വിശ്വാസം എന്ന പരിച ധരിക്കണം. ദൈവവചനം എന്ന ആത്മാവിന്റെ വാൾ ധരിക്കണം. അങ്ങനെ എപ്പോഴും യുദ്ധത്തിന് തയ്യാറായി നാം നിൽക്കണം.

എന്തുകൊണ്ടാണ് വീടുകളിൽ വഴക്കുണ്ടാകുന്നത്? ഭാര്യയും ഭർത്താവും തമ്മിൽ ഭിന്നതയുണ്ടാകുന്നത്? എന്തുകൊണ്ടാണ് ഉള്ളിൽ വലിയ പേടി വരുന്നത്? എന്തുകൊണ്ടാണ് സംശയങ്ങൾ വരുന്നത്? എന്തുകൊണ്ടാണ് അവിശ്വാസം വരുന്നത്? ഇതൊക്കെ സത്യമാണോ എന്ന് സംശയം വരികയാ

ണ്. എന്താണു കാരണം? ഒരു സൈന്യം, പിശാചിന്റെ ഒരു കൂട്ടം വന്ന് കീഴടക്കുകയാണ്. എന്തുകൊണ്ടാണ് ബലാൽസംഗങ്ങൾ? എന്തുകൊണ്ടാണ് സ്ത്രീപീഡനങ്ങൾ? എന്തുകൊണ്ടാണ് പാവം പെൺകുട്ടികളെ നശിപ്പിക്കുന്നത്? എന്തുകൊണ്ടാണ് റാഗിംഗ്? എല്ലാറ്റിന്റെ പിന്നിലും ദുരാത്മ ശക്തിയുണ്ട്.

എന്തുകൊണ്ടാണ് കടം ഉണ്ടാകുന്നത്? ഒരിടത്തും കരേറ്റം കിട്ടുന്നില്ല. അദ്ധ്വാനിക്കുന്നുണ്ട്. പക്ഷേ, കരേറ്റം കിട്ടുന്നില്ല. ഒരു ജയം കിട്ടുന്നില്ല. കുടുംബം ശരിയാകുന്നില്ല. മക്കൾ നാനാവിധമായിപ്പോകുന്നു. അവർ ചുമതലാബോധമില്ലാതെ പോകുന്നു. പ്രാർത്ഥനയില്ലാത്തവരായിത്തീരുന്നു. എന്താണ് കാരണം? ഒരു വലിയ ദുരാത്മശക്തി മക്കളെ വിഴുങ്ങുകയാണ്.

എന്തുകൊണ്ടാണ് അനേകംപേർ യൗവ്വനമോഹങ്ങളിൽപ്പെട്ടുഴലുന്നത്? എന്തുകൊണ്ടാണ് അനേകർ പ്രേമക്കുരുക്കിൽപ്പെട്ട് സുബോധമില്ലാത്തവരെപ്പോലെയാകുന്നത്? എന്തുകൊണ്ടാണ് ഫാഷൻ ഭ്രമം കയറിപ്പിടിക്കുന്നത്? എന്തുകൊണ്ടാണ് കഞ്ചാവിനും അതുപോലുള്ള ലഹരിവസ്തുക്കൾക്കും അടിമപ്പെടുന്നത്? കാരണം, ഒരു ദുരാത്മശക്തി അവരെ വിഴുങ്ങുകയാണ്.

മനുഷ്യൻ വിചാരിച്ചാൽ ഇവരെ രക്ഷിക്കാൻ പറ്റില്ല. ഇവരെ വീണ്ടെടുക്കണമെങ്കിൽ അത്ഭുതകരമായ ഒരു ശക്തി പ്രവർത്തിക്കണം. അതിന് പരിശുദ്ധാത്മാവിനു മാത്രമേ സാധിക്കൂ. അനേകം കുടുംബങ്ങളെ പൈശാചികസേന വിഴുങ്ങിയിരിക്കുന്നു. ഒരു കാര്യവുമില്ലാതെയാണ് പേടിവരുന്നത്. ഉറങ്ങാൻ പറ്റുന്നില്ല. ഏതോ ഒരു ദുഷ്ടശക്തി ചുറ്റും വന്നു നിൽക്കുന്നതുപോലെ തോന്നുന്നു. കിടക്കയുടെ നാലു മൂലയിലും കുരിശടയാളം ഇട്ടു നോക്കി, പേടി പോകുന്നില്ല. പക്ഷേ, ഹൃദയത്തിൽ കുരിശുവന്നാൽ പേടി പോകും.

എന്താണ് ഹൃദയത്തിൽ കുരിശു വരിക എന്നു പറഞ്ഞാൽ? കുരിശുവരയ്ക്കുന്നതല്ല, കുരിശടയാളം കിടക്കയിൽ വര

യ്ക്കുന്നതല്ല, വീട്ടിൽ കുരിശുണ്ടാക്കി വയ്ക്കുന്നതല്ല. കുരിശ് ഹൃദയത്തിൽ വരിക എന്നു പറഞ്ഞാൻ കുരിശിൽ മരിച്ച രക്ഷകൻ ഹൃദയത്തിലേക്ക് വരുന്നതാണ്. യേശു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നവനായി ഹൃദയത്തിൽ വസിക്കണം. അവിടെ പാപമുണ്ടെങ്കിൽ യേശു വസിക്കയില്ല. പാപത്തെ മനസ്സോടെ ഉപേക്ഷിക്കണം. മനസ്സറിഞ്ഞ് ഒരു പാപം വരികയില്ല എന്ന് ഹൃദയത്തിൽ ഉറയ്ക്കണം. പേടിയെല്ലാം പറന്നു പോകും. പരിശുദ്ധാത്മാവിന്റെ ശക്തി വരുമ്പോൾ ഈ ദുഷ്ടപ്പിശാചുക്കൾ നമ്മെ വിട്ടുപോകും.

വെളിച്ചം വരുമ്പോൾ ഇരുൾ അകലുന്നതുപോലെ പരിശുദ്ധാത്മശക്തി വരുമ്പോൾ ദുഷ്ടപ്പിശാചുക്കൾ വിട്ടുപോകും.

ശിംശോന്റെ കാലത്ത് ഫെലിസ്ത്യർ യിസ്രായേൽ ജനത്തെ ഞെരുക്കിക്കൊണ്ടിരുന്നു. ദൈവം, അതാതുകാലത്ത് ന്യായാധിപന്മാരെ എഴുന്നേല്പിച്ചു. ഒത്നിയേൽ, ശംഗർ, യിഫ്താഹ്, ശിംശോൻ, ഗിദെയോൻ മുതലായ ന്യായാധിപന്മാരെ ദൈവം എഴുന്നേൽപ്പിച്ച് ശത്രുവിന്റെ ആക്രമണങ്ങളെ തടുക്കാനും എതിർക്കാനും ചെറുക്കാനും ശക്തരാക്കി, അവരുടെ കീഴിൽ ജനത്തെ അണിനിരത്തി ശത്രുക്കളോട് യുദ്ധം ചെയ്തു. അങ്ങനെ ദേശം നശിച്ചുപോകാതെ ദൈവം കാത്തുകൊണ്ടിരുന്നു.

ഓരോ ന്യായാധിപതിയുടെ കാലത്തും എതിർപ്പുകൾ വന്നു. ആക്രമണം നടന്നു. ആ കാലത്ത് ജയം കിട്ടി. പക്ഷെ ജനം പിന്നെയും തെറ്റിലേക്കു പോയി. ജനം പിന്നെയും മത്സരത്തിലേക്കുപോയി. അപ്പോൾ വീണ്ടും ശത്രുസൈന്യം കയറി വന്നു. ആദ്യം വന്നത് കനാന്യരാണെങ്കിൽ പിന്നെ വന്നത് മിദ്യാന്യരാണ്.

ജനം നിലവിളിക്കുമ്പോഴെല്ലാം നിത്യനായ ദൈവം സ്നേഹത്തോടെ വന്ന് ജനത്തിന് മോചനം കൊടുത്തു. മുഴുവനായി ശത്രുസൈന്യത്തെ ദൈവം മാറ്റുന്നില്ല. ഞാൻ എല്ലാം

സമർപ്പിച്ചല്ലോ, ശത്രു മുഴുവൻ മാറാത്തത് എന്താണ്? പിന്നെയും എനിക്ക് പോരാട്ടം എന്താണ്? എന്റെ കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത് എന്തുകൊണ്ടാണ്?

> *"കനാനിലെ യുദ്ധങ്ങളൊന്നും അറിഞ്ഞിട്ടില്ലാത്ത യിസ്രായേലിനെയൊക്കെയും പരീക്ഷിക്കേണ്ടതിനും യുദ്ധം അറിഞ്ഞിട്ടില്ലാത്ത യിസ്രായേൽ മക്കളുടെ തലമുറകളെ യുദ്ധം അഭ്യസിപ്പിക്കേണ്ടതിനുമായി യഹോവ വച്ചിരുന്ന ജാതികളാവിത്."*
>
> *ന്യായാധിപന്മാർ 3 : 1, 2*

ദൈവം ഈ ജാതികളെ, ശത്രു സൈന്യത്തെ അനുവദിച്ചിരിക്കയാണ്. അവരെ മുഴുവൻ ഒരുമിച്ച് ദൈവം നശിപ്പിക്കുന്നില്ല. കനാനിലെ യുദ്ധങ്ങൾ ഒന്നും അറിഞ്ഞിട്ടില്ലാത്ത യിസ്രായേലിനെ പരീക്ഷിക്കേണ്ടതിന്നും യുദ്ധം അറിഞ്ഞിട്ടില്ലാത്ത യിസ്രായേൽ മക്കളുടെ തലമുറയെ യുദ്ധം അഭ്യസിപ്പിക്കേണ്ടതിന്നുമായി ദൈവം വച്ചിരുന്ന ജാതികളാണിവർ.

ഹിവ്യരേയും പെരിസ്യരേയും യെബൂസ്യരേയും കനാന്യരേയും അമാലേക്യരേയും അമ്മോന്യരേയും മോവാബ്യരേയും എല്ലാം നശിപ്പിക്കാതെ നിർത്തിയതിന് ഉദ്ദേശമുണ്ട്. ദൈവം അനുവദിച്ചു നിർത്തിയിരിക്കുകയാണ്. വേണമെങ്കിൽ ദൈവത്തിന് അവരെ നശിപ്പിച്ചു കളയാം. ദൈവത്തിന് അസാദ്ധ്യമായിട്ട് ഒന്നുമില്ലല്ലോ. പിന്നെ എന്തുകൊണ്ട് ദൈവം നശിപ്പിച്ചില്ല? കനാനിലെ യുദ്ധങ്ങളൊന്നും അഭ്യസിച്ചിട്ടില്ലാത്തവർക്ക് യുദ്ധം അഭ്യസിക്കാൻ എതിരാളികൾ വേണം. എതിരാളികളോട് യുദ്ധം ചെയ്ത്, യുദ്ധം ചെയ്താണ് യുദ്ധം അഭ്യസിക്കുന്നത്. അതുകൊണ്ട് യുദ്ധതന്ത്രങ്ങൾ പഠിക്കാനായി ചില ജാതികളെ ദൈവം വച്ചിരുന്നു.

> *"ഈ ജാതി അവരുടെ പിതാക്കന്മാരോട് ഞാൻ കല്പിച്ചിട്ടുള്ള എന്റെ നിയമം ലംഘിച്ച് എന്റെ വാക്കു കേൾക്കായ്കയാൽ അവരുടെ പിതാക്കന്മാർ അനുസരിച്ചു നടന്ന യഹോവയുടെ വഴി*

*യിൽ ഇവരും അനുസരിച്ചു നടക്കുമോ ഇല്ലയോ എന്ന് യിസ്രായേലിനെ പരീക്ഷിക്കേണ്ടതിനു ഞാനും, യോശുവ മരിക്കുമ്പോൾ വിട്ടേച്ചുപോയ ജാതികളിൽ ഒന്നിനെയും ഇനി അവരുടെ മുമ്പിൽനിന്നു നീക്കിക്കളകയില്ല എന്ന് അവൻ അരുളിച്ചെയ്തു. അങ്ങനെ യഹോവ ആ ജാതികളെ വേഗത്തിൽ നീക്കിക്കളയാതെയും യോശുവയുടെ കൈയിൽ ഏല്പിക്കാതെയും വെച്ചിരുന്നു.”*

*ന്യായാധിപന്മാർ 2 : 20 – 23*

*“ദേശം ശൂന്യമാകാതെയും കാട്ടുമൃഗം നിനക്കു ബാധയായി പെരുകാതെയും ഇരിപ്പാൻ ഞാൻ അവരെ ഒരു സംവത്സരത്തിനകത്തു നിന്റെ മുമ്പിൽനിന്നു ഓടിച്ചു കളകയില്ല. നീ സന്താനസമ്പന്നമായി ദേശം അടക്കുന്നതുവരെ ഞാൻ അവരെ കുറേശ്ശെ, കുറേശ്ശെ നിന്റെ മുമ്പിൽ നിന്ന് ഓടിച്ചുകളയും.”* *പുറപ്പാട് 23 : 29, 30*

കാട്ടുമൃഗം പെരുകിപ്പോയാൽ ദേശം ശൂന്യമായിപ്പോകും. കാട്ടുമൃഗങ്ങളെ എതിർക്കാൻ ഈ കൂട്ടർ വേണം. കനാന്യരേയും ഫെലിസ്ത്യരേയും യെബൂസ്യരേയും മിദ്യാന്യരേയും നിർത്തേണ്ടിയിരിക്കുന്നു. അവർ കാട്ടുമൃഗങ്ങളോട് പൊരുതിക്കൊള്ളും. കാട്ടുമൃഗങ്ങൾ – അവിടെയുള്ള ജാതികൾ – പരസ്പരം വെട്ടിനശിച്ചുകൊള്ളും. യിസ്രായേൽ മക്കൾക്ക് ദുരിതം വരാതെ ദൈവം നോക്കിക്കൊള്ളും. പക്ഷേ, കാട്ടുമൃഗം പെരുകി ദേശം നശിക്കാതിരിക്കാൻ ഈ ജാതികളെ അവിടെ നിർത്തിയിരിക്കുകയാണ്.

നമ്മുടെ ജീവിതത്തിൽ പോരാട്ടങ്ങൾ പെരുകുമ്പോൾ നിങ്ങൾ നിരാശപ്പെടേണ്ട. നിങ്ങൾ മല്ലു പിടിച്ചിട്ടും പാപം മാറുന്നില്ല, നിരാശപ്പെടേണ്ട. തീരുമാനം എടുത്തിട്ടും പാപം മാറുന്നില്ല, നിങ്ങൾ തളരണ്ട. ഞാൻ എല്ലാം സമർപ്പിച്ചല്ലോ കർത്താവേ, പിന്നെ എന്താണ് എന്റെ ജീവിതത്തിൽ നിന്ന് പ്രശ്നം മാറാ

ത്തത്? നിങ്ങൾ വിഷമിക്കണ്ട. ഞാൻ ഉപവാസമെടുത്തു പ്രാർത്ഥിച്ചു, എന്നിട്ടും എന്താണു മാറാത്തത്? നിങ്ങൾ ഭാരപ്പെടേണ്ട. ഇപ്പോഴും വിട്ടുമാറാത്ത മുറുകെ പറ്റുന്ന പാപങ്ങൾ ഉണ്ടല്ലോ. നിങ്ങൾ വിഷമിക്കേണ്ട. കാട്ടുമൃഗങ്ങൾ പെരുകി ഉപദ്രവമാകാതിരിപ്പാൻ ദൈവം അവരെ അവിടെ അനുവദിച്ചിരിക്കുകയാണ്.

"കർത്താവേ, എന്നെ ഞാൻ നിനക്കു തന്നതാണ്. എന്റെ ആയുസ്സ് ഞാൻ ഒരിക്കലായിട്ട് ഏല്പിച്ചതാണ്. എനിക്കു നല്ല ഉറപ്പാണ്. കർത്താവേ, നീ കുരിശിൽ മരിച്ചു, എന്റെ പാപം നീ വഹിച്ചു, ഞാൻ വിശ്വസിക്കുന്നു. കർത്താവേ, നീ ഇന്ന് ജീവിക്കുന്നു. നീ എന്റെ ഹൃദയത്തിൽ വസിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നീ വീണ്ടും വരുമ്പോൾ നിന്റെ സന്നിധിയിലേക്ക് പറന്നുയരാൻ എന്നെ യോഗ്യനാക്കിത്തീർക്കണമേ. കർത്താവേ, നിന്റെ മരണത്തിൽ ഞാൻ വിശ്വസിക്കുന്നു. നിന്റെ ഉയിർത്തെഴുന്നേൽപ്പിൽ ഞാൻ വിശ്വസിക്കുന്നു. നിന്റെ രണ്ടാമത്തെ വരവിനായി ഞാൻ നോക്കിപ്പാർക്കുന്നു.

ഇപ്പോൾ ഞാൻ തോറ്റുകൊണ്ടിരിക്കുന്ന വിഷയത്തിന്മേൽ ജയം തരാൻ നിനക്കു കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. മുന്നോട്ട് പോകാനുള്ള ഒരു പോംവഴി തരണമേ. എനിക്ക് ഓരോ ചുവടുവയ്ക്കുവാനുള്ള ഒരു പഴുതുതരണമേ. മുഴുവനായി മാറ്റിത്തരാൻ ഞാൻ പറയുന്നില്ല. എന്റെ ആത്മാവിനു കേടുവരാതെ ഓരോ ചുവടും വച്ച് നടന്നുപോകാൻ എനിക്കൊരു കൃപ തരണമേ."

ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ വാസ്തവമായി ദാഹിക്കുന്നവർക്ക് ജയം കിട്ടും. നിങ്ങൾക്ക് ജയിച്ചു ജയിച്ച് മുന്നോട്ടു പോകാം. കർത്താവേ, എന്നെ പാപത്തിന്മേൽ ജയമുള്ളവനാക്കിത്തീർക്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് കർത്താവിന്റെ കരങ്ങളിലേക്കു കൊടുക്കുക. പരിശുദ്ധാത്മാവ് നിങ്ങൾക്ക് അതിനുള്ള കൃപ തരും.

ന്യായാധിപതിയായിരുന്നു ശിംശോൻ. ദൈവം മുൻകൂട്ടിക്കണ്ട് ജന്മംമുതലേ നാസീർ വ്രതസ്ഥനായി വളർത്തിക്കൊണ്ടുവന്ന ഒരു അനുഗൃഹീതനായ പുരുഷനാണ് ശിംശോൻ. അനുഗ്രഹിക്കപ്പെട്ട, ശക്തിയുറ്റവനായ ശിംശോൻ ഫെലിസ്ത്യർക്ക് പേടി സ്വപ്നമായിരുന്നു. ശിംശോന്റെ പേരു കേൾക്കുമ്പോൾ ഫെലിസ്ത്യർ ഞെട്ടും.

ഫെലിസ്ത്യസൈന്യം ശിംശോനെ പിടികൂടാൻ തീരുമാനിച്ചു. പിശാച്, എവിടെ ഒരു ബലഹീനവശം (Weak Point) ഉണ്ടോ അതിലാണ് പിടികൂടുന്നത്. എല്ലാവർക്കുമുണ്ട് ഒരു വീക്ക് പോയിന്റ്. ചിലർക്ക് പണമാണ് വീക്ക് പോയിന്റ്. ചിലർക്ക് ലൈംഗികമോഹം, ചിലർക്ക് സ്ഥാനമാനം, ചിലർക്ക് എന്റെ അഭിപ്രായം നടക്കണം, ഞാൻ പറഞ്ഞതാണ് ശരി, എന്നെ എല്ലാവരും കുമ്പിടണം, എന്നെ മാനിച്ചുകൊള്ളണം, ഞാനാണ് നേതാവ് എന്നിങ്ങനെയുള്ള സ്ഥാനമോഹം, ഇങ്ങനെ പലതാണ് വീക്ക് പോയിന്റുകൾ. ഒന്നോ അതിൽ കൂടുതലോ വീക്ക് പോയിന്റുകൾ ഉള്ളവരുണ്ട്.

ശിംശോന്റെ വീക്ക് പോയിന്റ് sex ആയിരുന്നു. സ്ത്രീ വിഷയമായി അവൻ ബലഹീനനായിരുന്നു. ലൈംഗികമായ അരാജകത്വം അവനിൽ നിലനിന്നിരുന്നു. വളരെ വിശുദ്ധനായി, വ്രതസ്ഥനായി ജീവിക്കാൻ തീരുമാനമെടുത്തു പുറപ്പെട്ട ദൈവദാസന് അവന്റെ ജീവിതത്തിലെ ബലഹീനവശമായിരുന്നു sex. അതിൽക്കൂടി ശിംശോനെ അവർ പിടികൂടി.

ഒരു സ്ത്രീ ശിംശോനെ വശീകരിച്ചു. ശത്രുക്കൾ അവന്റെ കൈകൾ ബന്ധിച്ചു. സ്ത്രീയുടെ പ്രണയത്തിന്റെ മുമ്പിൽ അവൻ ബന്ധനസ്ഥനായിപ്പോയി. നിങ്ങൾ ചിന്തിക്കണം, എന്റെ ജീവിതത്തിലെ വീക്ക് പോയിന്റ് എന്താണ്? എപ്പോഴും കോപിക്കുന്നു. എന്റെ തന്നിഷ്ടം നടക്കണം. എന്റെ അഹങ്കാരം, ഞാൻ വലിയവൻ, ഞാൻ ഉന്നതൻ, വലിയ ആഡംബരഭ്രമം, എന്റെ ഭർത്താവ് ഞാൻ പറയുന്നതു കേട്ടുകൊള്ളണം അല്ലാതെ എനിക്കെതിരെ നിൽക്കരുത്, എന്റെ അഭിപ്രായം

മാത്രം മാനിച്ചു കൊള്ളണം, വേറെ ആരു പറഞ്ഞാലും കേൾക്കരുത്. ഇതിലേതെങ്കിലുമാണോ എന്റെ വീക്ക് പോയിന്റ്? ചിന്തിക്കുക.

വീക്ക് പോയിന്റിൽ പിശാചു കയറിപ്പിടിക്കും. ശിംശോന്റെ ബലഹീനവശത്ത് പിശാച് പിടിച്ചു അവന്റെ കൈകൾ ബന്ധിച്ചു.

> *"അവൻ ലേഹിയിൽ എത്തിയപ്പോൾ ഫെലിസ്ത്യർ അവനെ കണ്ടിട്ട് ആർത്തു. അപ്പോൾ യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്നു."*
> *ന്യായാധിപന്മാർ 15 : 14*

ഫെലിസ്ത്യർ അവനെ കണ്ടിട്ട് ആർത്തു. ശിംശോനെ പിടികിട്ടിയിരിക്കുന്നു. മല്ലനെ ബന്ധിച്ചു കിട്ടിയിരിക്കുന്നു.

> *"യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: ശത്രു നിങ്ങളെക്കുറിച്ച്: നന്നായി; പുരാതനഗിരികൾ ഞങ്ങൾക്ക് കൈവശം ആയിരിക്കുന്നു എന്ന് പറയുന്നു."* *യെഹെസ്കേൽ 36 : 2*

നന്നായി. ഞങ്ങൾ ജയിച്ചുപോയി. ശാശ്വതപർവ്വതങ്ങൾ ഞങ്ങൾക്ക് കൈവശമായിരിക്കുന്നു. ശത്രു നിങ്ങളെക്കുറിച്ച് ഇങ്ങനെ പറയാൻ ഇടവരരുത്. ശാശ്വത പർവ്വതങ്ങൾ! മല്ലന്മാർ! ആത്മാവിൽ വീരപോരാളികൾ! ആത്മാവിൽ കരുത്തുറ്റവർ! പ്രാർത്ഥനാവീരന്മാർ! മുട്ടിന്മേൽ ഇരുന്നു പോരാടി ജയം വരിച്ചവർ! പാപത്തിന്റെ ഭീകരമായ യുദ്ധത്തിൽ തളരാതെ യുദ്ധം ചെയ്ത് ജയിച്ചുനേടിയവർ! ഒരു പാപവും വരാതെ തങ്ങളെത്തന്നെ സൂക്ഷിക്കാൻ ഭാഗ്യം ലഭിച്ചവർ. അവരുടെ ജീവിതത്തിൽ ഒരു പഴുതു കിട്ടി. ശത്രു കയറിവന്നു ബന്ധിച്ചു.

വർഷങ്ങളായി വിശുദ്ധിയോടെ നിന്നവർ, വർഷങ്ങളായി തലയെടുപ്പോടെ നിന്നവർ, വർഷങ്ങളായി ജയിച്ചു നിന്നവർ വീണുപോയിരിക്കുന്നു. നന്നായി, ശാശ്വത പർവ്വതങ്ങൾ ഞങ്ങൾക്ക് കൈവശമായിരിക്കുന്നു എന്ന് പിശാച് പറയാൻ ഇടവരുത്തരുത്.

ആത്മീയജീവിതത്തിൽ അന്ത്യത്തോളം പിടിച്ചു നിൽക്കാൻ സാധിക്കുന്നത് ഭാഗ്യമാണ്. "അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും." കർത്താവേ, വഴി യിൽ ഇടറിവീഴുവാൻ ഇടയാകരുതേ എന്നു പ്രാർത്ഥിക്കണം.

> *"അപ്പോൾ യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്നു അവന്റെ കൈ കെട്ടിയിരുന്ന കയർ തീകൊണ്ടു കരിഞ്ഞ ചണനൂൽ പോലെ ആയി; അവന്റെ ബന്ധനങ്ങൾ കൈമേൽനിന്നു ദ്രവിച്ചു പോയി."* *ന്യായാധിപന്മാർ 15 : 14*

അവന്റെ കൈ കെട്ടിയിരുന്ന കയർ, തീ കൊണ്ട് കരിഞ്ഞ ചണനൂൽപോലെ ആയി. കൈയ്ക്കു കേടുപറ്റിയില്ല. ഒരു രോമ ത്തിനുപോലും കേടുപറ്റിയില്ല. പക്ഷേ, കൈ കെട്ടിയിരുന്ന ചണംകൊണ്ടുള്ള കയറ്, വലിച്ചാൽ പൊട്ടാത്ത കയറ് ഇപ്പോൾ കരിഞ്ഞുപോയി. ശിംശോന്റെമേൽ ആത്മാവു ശക്തിയോടെ വന്നു.

ദൈവപൈതലേ, നിന്റെമേൽ ആത്മാവു വരട്ടെ. പരിശു ദ്ധാത്മാവു വരട്ടെ. പരിശുദ്ധാത്മാവു വരുമ്പോൾ കെട്ടുക ളെല്ലാം കരിഞ്ഞുപോകും. പരിശുദ്ധാത്മാവു വരുമ്പോൾ ബന്ധനങ്ങൾ കരിഞ്ഞുപോകും. പാപത്തിന്റെ ബന്ധനങ്ങൾ കരിഞ്ഞുപോകും. ശാപത്തിന്റെ ബന്ധനങ്ങൾ കരിഞ്ഞു പോകും. ദുരാത്മബാധയുടെ ബന്ധനങ്ങൾ കരിഞ്ഞുപോകും. ദുഷ്ടപ്പിശാചുക്കളുടെ ബന്ധനങ്ങൾ കരിഞ്ഞുപോകും. പൈശാചികശക്തിയുടെ ബന്ധനങ്ങൾ കരിഞ്ഞുപോകും.

ഇഷ്ടക്കുറവുകൾ കരിഞ്ഞുപോകും. മുഷിച്ചിലുകൾ കരിഞ്ഞുപോകും. നിന്റെ വാശിയും പിണക്കവും കരിഞ്ഞു പോകും. നിന്റെ തന്നിഷ്ടം കരിഞ്ഞുപോകും. സ്വാർത്ഥത കരി ഞ്ഞുപോകും. നിന്റെ ദ്രവ്യാഗ്രഹം കരിഞ്ഞുപോകും. നിന്റെ സ്ഥാനമോഹം കരിഞ്ഞുപോകും. മകനേ, നിന്റെ ജീവിത ത്തിൽ ഇന്നുവരെയും വന്ന ദുശ്ശീലങ്ങൾ കരിഞ്ഞുപോകും.

ദുസ്സ്വഭാവങ്ങൾ കരിഞ്ഞുപോകും. വേശ്യാവൃത്തി കരിഞ്ഞു പോകും. ദുർന്നടപ്പു കരിഞ്ഞുപോകും. വ്യഭിചാരജീവിതം കരിഞ്ഞുപോകും. മദ്യപാനാസക്തി കരിഞ്ഞുപോകും.

യേശുക്രിസ്തുവിന്റെ ആത്മാവ് തീയുടെ ആത്മാവാണ്. തീയുടെ ആത്മാവ് നിങ്ങളുടെമേൽ ഇറങ്ങുകയാണ്. ഈ ആത്മാവിനെ ആർക്കുവേണം? പരിശുദ്ധാത്മാവിനെ വേണ്ട വർ ഇപ്പോൾ ദൈവത്തോടു പറയുവിൻ: "കർത്താവേ, എന്റെ മേൽ ചില ബന്ധനങ്ങളുണ്ട്. എന്റെ കുടുംബത്തിൽ ചില ബന്ധനങ്ങളുണ്ട്. എന്റെ ജീവിതത്തിൽ ചില ബന്ധനങ്ങൾ ഉണ്ട്. ഈ ബന്ധനങ്ങൾ മൂലം ഒരു കരകയറ്റം കിട്ടാതെ ഞാൻ വലയുകയാണ്. ഞാൻ തോൽവിയടഞ്ഞുകൊണ്ടിരിക്കുക യാണ്. കർത്താവേ, എന്നെ നീ എഴുന്നേല്പിക്കണമേ. എന്റെ കെട്ടുകളെ പൊട്ടിച്ചുകളയണമേ. എന്റെ സകല ബന്ധനങ്ങ ളേയും കത്തിച്ചുകളയണമേ."

മനസ്സോടെ ഞാൻ പാപത്തോടു യാത്രപറയുന്നു. സ്വാർത്ഥ തയോട് യാത്രപറയുന്നു. പ്രശംസയോടു യാത്രപറയുന്നു. എന്നെ ആരും കാണണ്ട, ആരും അറിയണ്ട, എന്റെ യേശു വിനെ അറിഞ്ഞാൽ മതി. എന്റെ യേശുവിനെ കണ്ടാൽ മതി. യേശുവിന് മഹത്വം കിട്ടിയാൽ മതി. കഴിഞ്ഞ കാലത്തെ പാപ ങ്ങളെ ഓർത്തു കരയുവിൻ. നെടുവീർപ്പിടുവിൻ. അനുതപി ക്കുവിൻ. ഇപ്പോഴാകുന്നു സുപ്രസാദകാലം, ഇപ്പോൾത്തന്നേ രക്ഷാദിവസം.

## രണ്ട്

1. ആത്മാവിന്റെ നിറവിൽ മരണം മാറി ജീവൻ വരും.
2. ആത്മാവിന്റെ നിറവിൽ ബന്ധനങ്ങളഴിയും.
3. ആത്മാവിന്റെ നിറവിൽ വിശുദ്ധ സ്തുതികളുയരും.

യഹോവയുടെ ആത്മാവ് ശിംശോന്റെമേൽ വന്നു. നമ്മുടെ ജീവിതത്തിൽ സംഭവിക്കേണ്ട ഏറ്റവും ഗൗരവമേറിയതും ഭാഗ്യകരവുമായ ഒരു അനുഭവമാണ് ദൈവത്തിന്റെ ആത്മാവ് വരിക എന്നുള്ളത്. ഏലിയാവിന്റെമേൽ ദൈവാത്മാവ് ശക്തിയോടെ വന്നപ്പോൾ കർമ്മേലിൽ തീ ഇറങ്ങി. ദാവീദിന്റെമേൽ ആത്മാവ് ശക്തിയോടെ വന്നപ്പോൾ ഗോലിയാത്തിനെ കൊല്ലുവാൻ കഴിഞ്ഞു; ശത്രുവിനെ നിഗ്രഹിക്കുവാൻ കഴിഞ്ഞു. ശൗലിന്റെമേൽ ദൈവാത്മാവു വന്നപ്പോൾ ശൗൽ പ്രവചിച്ചു. ദൈവാത്മാവു വരുമ്പോൾ ചില അത്ഭുതങ്ങൾ നടക്കും. നമ്മുടെ ജീവിതത്തിലും ദൈവാത്മാവു വന്നാൽ ചില അത്ഭുതങ്ങൾ നടക്കും.

1973-ൽ ശക്തിയേറിയ പരിശുദ്ധാത്മപ്രവാഹം കടയിരുപ്പ്, കോലഞ്ചേരി, മഴുവന്നൂർ മുതലായ ദേശത്തെല്ലാം ഉണ്ടായി. അന്ന് ദേശങ്ങൾ ഇളകി. വചനം പറയാൻ എഴുന്നേറ്റുനിൽക്കുമ്പോൾത്തന്നെ പരിശുദ്ധാത്മാവ് ശക്തിയോടെ വന്ന് ജനങ്ങൾ കരയാൻ തുടങ്ങുന്നു. അനുതാപത്തിന്റെ ആത്മാവ്, സുബോധത്തിന്റെ ആത്മാവ്, പാപബോധത്തിന്റെ ആത്മാവ് ശക്തിയോടെ വ്യാപരിച്ചു. അന്ന് ഏത് ശിലാഹൃദയനും തകർന്നു

കരയുകയായിരുന്നു. കല്ലിച്ച മനസ്സോടുകൂടി ഇരുന്നവർ തകർന്നു കരയുന്നു. ഹൃദയം കല്ലുപോലെ ഇരുന്നവർ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വന്നപ്പോൾ ഹൃദയം തകർന്നവരായി. അന്ന് ശക്തിയേറിയ ആത്മപ്രവാഹമായിരുന്നു. ശക്തമായും ആത്മാർത്ഥമായും ഉള്ള സമർപ്പണം ദൈവം അനേകരെക്കൊണ്ട് എടുപ്പിച്ചു.

പലരും തെറ്റിദ്ധരിച്ചു എന്നുള്ളത് ശരിയാണ്. പരിശുദ്ധാത്മാവിന്റെ പ്രവാഹം ഉണ്ടാകുമ്പോൾ തെറ്റിദ്ധരിക്കും. പെന്തിക്കൊസ്തി പെരുന്നാൾ ദിവസം സെഹിയോൻ മാളികയിൽ പരിശുദ്ധാത്മാവ് പ്രവഹിച്ചപ്പോൾ, ആത്മാവ് ശക്തിയോടെ വന്നപ്പോൾ, കൊടുങ്കാറ്റുപോലെ ആഞ്ഞുവീശിയപ്പോൾ, പിളർന്ന തീനാവുകൾ ഓരോരുത്തരുടെയുംമേൽ പതിഞ്ഞപ്പോൾ, “അവർ പുതുവീഞ്ഞുകുടിച്ചിരിക്കുന്നു,” വീഞ്ഞിന്റെ ലഹരിയാണ് എന്നാണല്ലോ പറഞ്ഞത്.

അന്ന് യെരൂശലേം ദേവാലയത്തിൽ പെരുന്നാളിനു വന്നവരിൽ മൂവായിരത്തിലേറെ ആളുകൾ സെഹിയോൻ മാളികയിലേക്ക് ഓടി അടുത്തു. സെഹിയോൻ മാളികയിൽ എട്ടും പൊട്ടും തിരിയാത്ത നൂറ്റി ഇരുപതുപേർ ഇരുന്ന് സ്തുതിക്കുകയായിരുന്നു. വിദ്യാഭ്യാസമില്ലാത്തവർ, ലോകത്തിൽ പദവിയോ പെരുമയോ ഇല്ലാത്തവർ, പെന്തിക്കൊസ്തി പെരുന്നാൾ ദിവസം മർക്കൊസിന്റെ ദയറായിൽ, സെഹിയോൻ മാളികയിൽ ദൈവത്തെ സ്തുതിക്കുകയായിരുന്നു.

പത്തുദിവസമായി അവർ യേശുക്രിസ്തുവിന്റെ വാഗ്ദത്തപ്രകാരം പരിശുദ്ധാത്മാവിനെ ലഭിക്കാൻവേണ്ടി കാത്തിരുന്നു. പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ പരിശുദ്ധാത്മാവ് ശക്തിയോടെ അവരുടെമേൽ ആഞ്ഞടിച്ചു. അവരുടെമേൽ തീനാവുപോലെ പതിഞ്ഞു. ഉച്ചത്തിലുള്ള സ്തുതി കേട്ട് തൊട്ടടുത്ത് യെരൂശലേം ദേവാലയത്തിലുണ്ടായിരുന്ന ആളുകളെല്ലാം

അമ്പരപ്പിലായി. എവിടെ നിന്നാണ് ഈ ഘോഷം? വലിയ ആരവാരം! ജയഘോഷം! എന്താണിത്? പരിശുദ്ധാത്മാവിന്റെ സ്തുതി മുഴങ്ങുമ്പോൾ ചിലർ ആക്ഷേപിക്കും. പക്ഷേ, അനേകർ ആകർഷിക്കപ്പെടും. പരിശുദ്ധാത്മാവിന്റെ സ്തുതി മുഴങ്ങുമ്പോൾ ചിലർ പരിഹസിക്കും. ചിലർക്ക് മനസ്സിലാകയില്ല. തെറ്റിദ്ധരിക്കും. ആക്ഷേപിക്കും. ഒരു പക്ഷേ, അപമാനിക്കും. എന്നാൽ ചിലർ ആകർഷിക്കപ്പെട്ട് ഓടി അണയും.

അന്ന് ദൈവാലയത്തിലുണ്ടായിരുന്ന അനേകായിരങ്ങളുടെ മദ്ധ്യത്തിൽ നിന്ന് ഏതാനുംപേർ ഓടി. മൂവായിരത്തിലേറെ ആളുകൾ പരിശുദ്ധാത്മാവിന്റെ സ്തുതിയുടെ മുഴക്കമുണ്ടായ സെഹിയോൻ മാളികയിലേക്ക് ഓടിയടുത്തു. അവരിലേയ്ക്കും ദൈവത്തിന്റെ ആത്മാവ് പകർന്നു. എല്ലാവർക്കും കുറ്റബോധമുണ്ടായി. ഞങ്ങൾ എന്തുചെയ്യേണ്ടൂ എന്നുപറഞ്ഞ് അവർ കരയാൻ തുടങ്ങി. അവർക്ക് നിത്യതയെക്കുറിച്ചുള്ള, ന്യായവിധിയെക്കുറിച്ചുള്ള ബോധമുണ്ടായി. യേശുക്രിസ്തുവിനെ ക്രൂശിച്ചുപോയല്ലോ, അയ്യോ! നഷ്ടപ്പെട്ടുപോയല്ലോ, കഴിഞ്ഞ കാലങ്ങൾ യേശുവിനെ ക്രൂശിച്ച് പാഴാക്കിക്കളഞ്ഞല്ലോ എന്ന വേദനയുണ്ടായി. അവർ ഏങ്ങലടിച്ചു കരയാൻ തുടങ്ങി.

“സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടൂ.” അവർ എല്ലാവരും വന്ന് ചോദിക്കുകയാണ്. എല്ലാവർക്കും കുറ്റബോധമുണ്ടായി. അപ്പൊസ്തലനായ പത്രോസ് പതിനൊരുവരോടുകൂടെ എഴുന്നേറ്റു നിന്നു. പത്രോസിനു അക്ഷരാഭ്യാസമില്ല. മീൻ പിടിക്കാനേ അറിയാവൂ. എന്നാൽ പത്രോസ്, ആത്മാവു വന്നപ്പോൾ ഭാഷയുണ്ടോ എന്നു നോക്കിയില്ല. പറയാൻ കഴിവുണ്ടോ എന്നു നോക്കിയില്ല. പറയാൻ പരിശീലനമുണ്ടോ എന്നു നോക്കിയില്ല.

അപ്പൊസ്തലനായ പത്രോസ് എഴുന്നേറ്റു നിന്ന് ഉച്ച

ത്തിൽ വിളിച്ചു പറഞ്ഞു: “നിങ്ങൾ യേശുവിനെ ക്രൂശിച്ചു. രക്ഷാനായകനെ ക്രൂശിച്ചു. ദൈവമോ അവനെ ഉയിർത്തെഴു ന്നേൽപ്പിച്ചു. നിങ്ങൾ ക്രൂശിച്ച യേശു ഇന്ന് ജീവിക്കുന്നു. അതിന്ന് ഞങ്ങൾ സാക്ഷികൾ.” ഉയിർത്തെഴുന്നേറ്റ ക്രിസ്തു വിന് സാക്ഷികളാണ് ഞങ്ങൾ എന്ന് സധൈര്യം പ്രസ്താവി പ്പാൻ അപ്പൊസ്തലനായ പത്രോസിന്റെ ശബ്ദവും നാവും ഭാഷയും കർത്താവ് ഉപയോഗിച്ചു.

അന്ന് മൂവായിരം പേർ മാനസാന്തരപ്പെട്ടു. പിറ്റെ ആഴ്ച വീണ്ടും പരിശുദ്ധാത്മാവ് ശക്തിയോടെ വന്നു. അന്ന് അയ്യായി രത്തോളം പേർ മനം തിരിഞ്ഞു. എണ്ണം കൂടിക്കൂടി വരികയാണ്. കാരണം, ക്രിസ്തുസഭയുടെ അടിത്തറ ഇളക്കാൻ ആർക്കും സാധിക്കയില്ല. ക്രിസ്തുവിന്റെ സുവിശേഷത്തെ തടയാൻ ആർക്കും സാധിക്കുകയില്ല. ചക്രവർത്തികിരീടങ്ങൾ ശ്രമിച്ചി ട്ടുണ്ട്. സിംഹാസനങ്ങൾ പരിശ്രമിച്ചിട്ടുണ്ട്. വമ്പന്മാരും മേലാ ളന്മാരും പരിശ്രമിച്ചിട്ടുണ്ട്. പക്ഷേ, സുവിശേഷത്തെ തകർക്കാൻ ആർക്കും സാധ്യമല്ല.

ഒരു സ്തെഫാനൊസിനെ കൊല്ലാൻ പറ്റും. പക്ഷെ സുവി ശേഷത്തെ കൊല്ലാൻ സാധിക്കയില്ല. സ്തെഫാനൊസിനെ കൊന്നപ്പോൾ ശിഷ്യന്മാർ ചിതറിപ്പോയി. ചിതറിപ്പോയേട ത്തെല്ലാം അവർ സുവിശേഷമറിയിച്ചു. ദേശങ്ങളിലേക്ക് സുവി ശേഷം പരന്നു. ഒരു സ്തെഫാനൊസിനെ കല്ലെറിഞ്ഞു കൊന്നപ്പോൾ ഒരു ശൗൽ എഴുന്നേറ്റു. സ്തെഫാനൊസിനെ കല്ലെറിഞ്ഞുകൊല്ലാൻ നേതൃത്വം നൽകിയ ശൗൽ പൗലോ സായി മാറി; ക്രിസ്തുവിന്റെ സുവിശേഷകനായി മാറി. സുവി ശേഷത്തെ ബന്ധിക്കാൻ കഴിയുകയില്ല. പരിശുദ്ധാത്മാവാണ് സുവിശേഷം! പരിശുദ്ധാത്മാവാണ് സുവിശേഷത്തിന്റെ ശക്തി! പരിശുദ്ധാത്മാവ് നമ്മുടെ ഇടയിൽ പ്രവർത്തിക്കുന്നു ണ്ടെങ്കിൽ ഇവിടെ അത്ഭുതങ്ങൾ നടക്കും.

പ്രിയപ്പെട്ടവരേ, നിങ്ങൾ പ്രാർത്ഥിക്കൂ.

"കർത്താവേ, ഈ ഒടുവിലത്തെ പന്തിയിലേക്ക് മേൽത്തരം വീഞ്ഞു നൽകണമേ." ഓടിയതും അദ്ധ്വാനിച്ചതും വ്യർത്ഥമായില്ല. കാരണം, അനേകർ മാനസാന്തരപ്പെട്ട് എഴു ന്നേൽക്കുന്നു. അനേകംപേർക്ക് ഹൃദയത്തിൽ ചൂടുപിടിച്ചു. അനേകം പേരുടെ സ്വഭാവത്തിൽ മാറ്റം വന്നു. അനേകരുടെ കുടുംബം സമാധാനമുള്ളതായിത്തീർന്നു. കുടുംബത്തിൽ സ്വർഗ്ഗശാന്തി പകർന്നു. കുടുംബത്തിൽ സമാധാനം കിട്ടാത്ത വർ അസമാധാനത്തിന്റേയും അസ്വസ്ഥതയുടേയും മദ്ധ്യ ത്തിൽ ഒരു ശാന്തത ഹൃദയത്തിൽ അനുഭവിക്കുന്നു.

രോഗങ്ങൾ വരുന്നു. ആപത്തുകൾ വരുന്നു. കഷ്ടനഷ്ട ങ്ങൾ വരുന്നു. പണത്തിനു ഞെരുക്കങ്ങൾ വരുന്നു. ആവശ്യ ഭാരങ്ങൾ പെരുകുന്നു. എന്നാലും മനസ്സിൽ ഒരു ശാന്തത. യേശു അറിയുന്നുണ്ടല്ലോ, യേശു കാണുന്നുണ്ടല്ലോ എന്നുള്ള ഒരു ഉറപ്പ്. യേശുക്രിസ്തു ജീവിക്കുന്നു എന്നുള്ള ഒരു ഉറപ്പ്. ആ ഒരു ധൈര്യവും കെട്ടുറപ്പും നമ്മെ നയിച്ചുകൊണ്ടിരിക്കുന്നു. കാരണം, വേറെ ഉദ്ദേശമില്ല. യേശുവിന്റെ കുരിശ് ഉയർത്തുക, കുരിശിലെ രക്ഷ വർണ്ണിക്കുക, കുരിശുതരുന്ന സമാധാനവും ശാന്തിയും നിത്യജീവനും അനുഭവിക്കുക എന്നുള്ളതല്ലാതെ വേറെ ഒരു ലാക്കും നമുക്കില്ല. യേശുവിന്നു മഹത്വം കിട്ടുക എന്ന ലക്ഷ്യത്തോടെ നാം മുന്നേറുകയാണ്.

പ്രിയപ്പെട്ടവരേ, നിങ്ങൾ ഇന്ന് ഒരു സമർപ്പണത്തിലേക്ക് വരണം. നിങ്ങളെത്തന്നെ കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കണം. "കർത്താവേ, രണ്ടായിരത്തിലേറെ വർഷം മുമ്പ് പെന്തിക്കൊസ്തിപെരുന്നാൾ ദിവസം ഇറങ്ങിയ പരിശു ദ്ധാത്മാവ് ശക്തിയോടെ എന്റെമേൽ ഇറങ്ങണമേ. എനിക്ക് വേറെ ഒന്നും വേണ്ട കർത്താവേ, നിന്റെ ആത്മാവിനെയാണ് വേണ്ടത്. അന്ന് നൂറ്റാണ്ടുകൾക്കുമുമ്പ് കാത്തിരുന്ന ശിഷ്യന്മാ

രുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിയതുപോലെ ഇന്ന് എന്റെ മേൽ നിന്റെ ആത്മാവ് ഇറങ്ങണമേ.”

പരിശുദ്ധാത്മാവ് വന്നാൽ എന്റെ മനസ്സിന്റെ അസ്വസ്ഥതകൾ മാറിപ്പോകും. എന്റെ ഹൃദയത്തിലുള്ള വലിയ ചുമടുകൾ നീങ്ങിപ്പോകും. ഹൃദയം ചുമടുചുമന്ന് വലഞ്ഞിരിക്കയാണ്. തേങ്ങലോടെ, ഏങ്ങലടികളോടെ ഉള്ള് കരഞ്ഞുകൊണ്ടാണിരിക്കുന്നത്. കർത്താവേ, എനിക്കൊരാശ്വാസം തരണമേ. നിന്റെ ആത്മാവ് കൃപയുടെ ആത്മാവാണ്. ശാന്തിയുടെ ആത്മാവാണ്. സൗഖ്യത്തിന്റെ ആത്മാവാണ്. സ്നേഹത്തിന്റെ ആത്മാവാണ്. സമാധാനത്തിന്റെ ആത്മാവാണ്. നിന്റെ ആത്മാവ് വിശുദ്ധിയുടെ ആത്മാവാണ്. കർത്താവേ, കൃപയുടെ ആത്മാവ് ഇപ്പോൾ എന്നെ തഴുകണമേ.

1973 മെയ്മാസം 11-ാം തീയതി വെള്ളിയാഴ്ച ഒൻപതുമണിക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നിറവുള്ള ഒരു ദൈവപുരുഷൻ എന്റെ വീട്ടിൽ കടന്നുവന്നു. ഇവിടെ ഇരുന്നുകൊണ്ട് ദൈവത്തെ സ്തുതിച്ചു. ആ സ്തുതി ആകാശമേഘങ്ങളെ ഭേദിച്ച്, സ്വർഗ്ഗീയ സ്തുതിയായി പകർന്നു. അന്ന് അത്ഭുതങ്ങൾ നടന്നു. പരിശുദ്ധാത്മാവിന്റെ പ്രവാഹമുണ്ടായി. അന്ന് ഞാൻ പൊട്ടിത്തകർന്നു. ഈ സാധുമനുഷ്യന്റെമേൽ പരിശുദ്ധാത്മാവ്, തീയായി വ്യാപിക്കാൻ തുടങ്ങി. എന്റെ സിരകളിലൂടെ തീ ഒഴുകാൻ തുടങ്ങി.

നിങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിച്ചാൽ, ഇപ്പോൾ ഈ പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ നിങ്ങളുടെ മേൽ തീ ഇറങ്ങും. പരിശുദ്ധാത്മാവ് ശക്തിയോടെ നിങ്ങളുടെ മേൽ വ്യാപരിക്കും. പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ ആവസിക്കും. പരിശുദ്ധാത്മാവിന്റെ കൃപ നിങ്ങൾക്ക് അനുഭവിക്കാം. പരിശുദ്ധാത്മാവു വന്ന് നിങ്ങളുടെ ബന്ധനങ്ങൾ കത്തിച്ചുകളയും.

അനേകം പൈശാചിക ബന്ധനങ്ങളുണ്ട്. സാത്താന്റെ ബാധകളുണ്ട്. എന്തെല്ലാം കഷ്ടനഷ്ടങ്ങൾ! എന്തെല്ലാം ദുരിതങ്ങൾ! വീട്ടിലെ അലോസരങ്ങൾ! അഭിപ്രായവ്യത്യാസങ്ങൾ! അഭിപ്രായ ഐക്യം കിട്ടുന്നില്ല. ഒരു വീട്ടിൽ തന്നെ ഭിന്നതകൾ വരുന്നു. ഭാര്യയും ഭർത്താവും തമ്മിൽ ഐക്യം വരുന്നില്ല. മക്കളും മാതാപിതാക്കളും തമ്മിൽ ഐക്യം വരുന്നില്ല. പരസ്പരം പോരാണ്. ഉള്ളിലാണ് പോര്, പുറമെ പോരില്ല. പുറമെ മിണ്ടാട്ടമില്ല.

"House is built by hands but the home is built by heart." വീട് കൈകൊണ്ട് ഉണ്ടാക്കാം. എന്നാൽ കുടുംബം ഹൃദയം കൊണ്ടാണ് ഉണ്ടാക്കേണ്ടത്. ഹൃദയത്തിന്റെ ഐക്യം! ഹൃദയത്തിന്റെ ഒരുമ! ഹൃദയത്തിൽ ഒരുമനസ്സില്ലാതിരിക്കുന്ന ദൈവമക്കൾ ഇതു വായിക്കുമ്പോൾ ദൈവത്തോടു പ്രാർത്ഥിക്കണം: കർത്താവേ, നിന്റെ ആത്മാവ് എന്റെമേൽ ഇറങ്ങി ഐക്യം തരണമേ; ഭിന്നിച്ചു പോയ ഹൃദയങ്ങളെ ഒന്നിപ്പിക്കണമേ.

കർത്താവേ, എന്റെമേൽ ചില ബന്ധനങ്ങളുണ്ട്. ഇന്ന് നിന്റെ തീ എന്റെമേൽ ഇറങ്ങണം. എനിക്ക് ബന്ധനമഴിഞ്ഞ് നിന്നെ സ്തുതിക്കണം.

> *"നിന്റെ നാമത്തെ സ്തോത്രം ചെയ്യേണ്ടതിന് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കേണമേ." സങ്കീർത്തനം 142 : 7*

ആത്മാവ് ജയിലിൽ കിടക്കുകയാണ്. ആത്മാവു ബന്ധനത്തിലാണ്. മദ്യപാനത്തിന്റെ ജയിലിൽ കിടക്കുന്നവരുണ്ട്. കഞ്ചാവിന്റെ ജയിലിൽ കിടക്കുന്നവരുണ്ട്. ഇന്നും പുകവലിയുടെ ജയിലിൽ കിടക്കുന്നവരുണ്ട്. പ്രേമക്കുരുക്കുകളുടെ ജയിലിൽ കിടക്കുന്നവരുണ്ട്. സിനിമയുടെ ജയിലിൽ കിടക്കുന്നവരുണ്ട്. മ്ലേച്ഛതയുടെ ജയിലിൽ കിടക്കുന്നവരുണ്ട്. അശുദ്ധജീവിതത്തിന്റെയും വൈരാഗ്യത്തിന്റെയും ജയിലിൽ കിടക്കു

ന്നവരുണ്ട്. അസൂയയുടേയും വിദ്വേഷത്തിന്റേയും പകയുടേയും പിണക്കത്തിന്റേയും ജയിലിൽ കിടക്കുന്നവരുണ്ട്.

മനോരോഗത്തിന്റെ ജയിലിൽ കിടക്കുന്നവരുണ്ട്. മാനസിക വൈകല്യങ്ങളുടെ ജയിലിൽ കിടക്കുന്നവരുണ്ട്. ശരീരത്തിന്റെ അസ്വസ്ഥതകളുടെ ജയിലിൽ കിടക്കുന്നവരുണ്ട്. കർത്താവേ, ജയിലിൽ നിന്ന് എന്നെ പുറത്തുകൊണ്ടുവരണമേ എന്ന് പ്രാർത്ഥിക്കണം. ഞാൻ ജയിലിൽ പൂട്ടപ്പെട്ടു കിടക്കുകയാണ്. പിശാച് ചങ്ങലകൊണ്ട് എന്നെ പൂട്ടിയിട്ടിട്ട്, ജയിലും പൂട്ടി അവൻ പുറത്തു കാവൽ നിൽക്കുന്നു. ആരേയും അടുപ്പിക്കാതെ അവൻ കാവൽ നിൽക്കുകയാണ്. ആരും വന്ന് ജയിലിന്റെ പൂട്ടുതുറക്കാൻ അവൻ സമ്മതിക്കുന്നില്ല.

അധികാരമുള്ള ദൈവപുത്രാ, നീ ഇപ്പോൾ വന്ന് ഈ ജയിലിന്റെ പൂട്ടു പൊളിക്കണമേ. ഈ പൂട്ട് എന്റെ യേശു തകർക്കും. നിന്നെ കാരാഗൃഹത്തിൽ നിന്ന് പുറത്തുകൊണ്ടുവരും. അപ്പോഴാണ് തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാങ്ങളെപ്പോലെ നിങ്ങൾ തുള്ളിച്ചാടുന്നത്. നൃത്തം ചെയ്യുന്നത്. സ്തുതി അപ്പോഴാണ് ഉയരുന്നത്.

ചിങ്ങവനത്തിനടുത്താണ് നീലംപേരൂർ. നീലംപേരൂരിനപ്പുറം ഒരു കൺവൻഷൻ നടത്തി. എന്നെ വചനശുശ്രൂഷയ്ക്ക് ക്ഷണിച്ചിരുന്നു. കൺവൻഷൻ നടന്നപ്പോൾ അവിടെ ഒരു കുട്ടിയെ കൊണ്ടുവന്നിരുന്നു. ആ കുട്ടിയുടെ വിരലുകളെല്ലാം ജനിച്ചപ്പോൾ മുതൽ മാംസവും തൊലിയും എല്ലാംകൂടി ചേർന്നാണിരുന്നത്. ഡോക്ടേഴ്സ് പറഞ്ഞത് അത് കീറിക്കളഞ്ഞാൽ ചിലപ്പോൾ ഞരമ്പിനു കേടുവരും. ചിലപ്പോൾ വിരലുകൾക്ക് സ്വാധീനമില്ലാതെ വരും. അതുകൊണ്ട് അങ്ങനെ ഇരിക്കട്ടെ എന്നാണ്.

പ്രിയപ്പെട്ടവരേ, ഞാൻ വചനം പറഞ്ഞുകൊണ്ടിരുന്നപ്പോൾ അമ്മയുടെ കൈ നനയുന്നു. കുഞ്ഞ് അമ്മയുടെ കൈയിലി

രിക്കുകയാണ്. നോക്കിയപ്പോൾ കുട്ടിയുടെ കൈയിൽ നിന്ന് ചോര ഒഴുകുന്നു. നോക്കിയപ്പോൾ നാലു വിരലുകളും വിട്ടു. പരിശുദ്ധാത്മാവ് ഇന്നും പ്രവർത്തിക്കുന്നുണ്ട്. ചേർന്നുപോയ കൈവിരലുകൾ ശരിയാകും. ജീവിക്കുന്ന ക്രിസ്തു മടങ്ങി പ്പോയ കാലുകളെ നേരെയാക്കും. മുറിപ്പാടുകൾ അവൻ ഉണക്കിത്തരും. മനസ്സിൽ ചില മുറിവുകൾ ഏറ്റത് അവൻ ഉണ ക്കിത്തരും.

പെന്തിക്കൊസ്തി പെരുന്നാൾ ദിവസം അപ്പൊസ്തല നായ പത്രോസ് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ സ്തുതി മുഴങ്ങി. പത്രോസും ബാക്കി നൂറ്റിഇരുപതോളം പേരും ഒരു മിച്ചിരുന്ന് സ്തുതിച്ചപ്പോൾ അവിടെ ആത്മാവ് ശക്തിയോടെ വന്നു.

ശിംശോന്റെമേൽ ആത്മാവു വന്നു. ശിംശോന്റെമേൽ ആത്മാവു വന്നപ്പോൾ ശിംശോന്റെമേലുണ്ടായിരുന്ന കെട്ടു കൾ കരിഞ്ഞുപോയി. ശത്രു കെട്ടിയതായിരുന്നു.

ശത്രു ബന്ധിച്ചിരിക്കുന്ന ആളുകൾ! പിശാച് ബന്ധിച്ചിരി ക്കുന്ന ആളുകൾ! കുടുംബങ്ങൾ ബന്ധനത്തിലാണ്. ഒരി ക്കലും ദുരിതം മാറുന്നില്ല. പ്രശ്നങ്ങളും പ്രതിസന്ധികളും മാറുന്നില്ല. എന്നും യാതന. ഒരിക്കലും സംതൃപ്തി കിട്ടുന്നില്ല. ഒരു സന്തോഷമില്ല. ഒന്നിനും കുറവില്ല. എല്ലാം ഉണ്ട്. പക്ഷെ ഒരു സംതൃപ്തിയില്ല. തൃപ്തിവരുന്നില്ല. എന്തിന്റെയോ ഒരു പോരായ്മ. പിശാച് ബന്ധിച്ചിരിക്കുകയാണ്. നിന്റെ ഹൃദയ ത്തിൽ സ്തുതി ഉയർന്നാൽ സന്തോഷം നിറയും, തൃപ്തിവരും.

നിങ്ങൾ പൂർണ്ണതൃപ്തിയുള്ളവരാണോ? ആയിരിക്കുന്ന സ്ഥിതിയിൽ തൃപ്തിയുണ്ടോ? ഇന്നത്തെ ഭൗതികകാര്യങ്ങ ളിൽ പൂർണ്ണതൃപ്തിയുണ്ടോ? ഇന്നുള്ള സമ്പത്തിൽ, ഇന്നുള്ള ജോലിയിൽ, ഇന്നുള്ള വീട്ടിൽ, ഇന്നുള്ള കുടുംബബന്ധത്തിൽ, ഇന്നുള്ള ഭാര്യയിൽ, ഇന്നുള്ള ഭർത്താവിൽ പൂർണ്ണതൃപ്ത

രാണോ? യേശുക്രിസ്തുവിലുള്ളവർക്ക് എല്ലാം പൂർണ്ണതൃപ്തി യാണ്. ജീവിതത്തിൽ ഒരു ടെൻഷനും ഇല്ല. ടെൻഷൻ വരാനുള്ള കാരണങ്ങളുണ്ട്; പക്ഷേ, ഒന്നും ബാധിക്കുന്നില്ല.

പലരുടേയും മനസ്സ് പിരിമുറുക്കത്തിലാണ്. പൊട്ടിത്തക രാവുന്ന അഗ്നിപർവ്വതം പോലെയാണ്. Every human being is a walking volcano! ഓരോ മനുഷ്യനും നടക്കുന്ന അഗ്നിപർവ്വ തമാണ്. അഗ്നിപർവ്വതംപോലെ അകം തിളച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഒരു ദൈവപൈതലിന്റെ ഹൃദയം തിളയ്ക്കുകയല്ല, ശാന്തമായി ദൈവത്തെ സ്തുതിക്കുകയാണ്.

ഇന്ന് നിങ്ങളുടെമേലുള്ള ചില കയറുകൾ കരിഞ്ഞുപോ കണം. എല്ലാ കോട്ടകളും തകരണം. പിശാചിന്റെ ജയിലറകൾ പൊളിയണം. സാത്താന്റെ പൂട്ടുകൾ പൊട്ടണം. ഞാൻ ജയിക്ക യില്ല എന്നു തീരുമാനിച്ചിരുന്നവർ ഇനി ജയിക്കുന്നവരായി ത്തീരണം. ഇനി എനിക്ക് ഒരു നല്ലകാലമില്ല എന്ന് ധരിച്ചവർ ബന്ധനമഴിഞ്ഞ് ദൈവത്തെ സ്തുതിക്കണം.

ഫിലിപ്പ്യൻ കാരാഗൃഹത്തിൽ പൗലൊസും ശീലാസും ബന്ധനസ്ഥരായി കിടക്കുകയായിരുന്നു. ഫിലിപ്പി അന്ന് യൂറോപ്പിലെ ഏറ്റവും ജനപ്പെരുപ്പമുള്ള നഗരമാണ്. ഏറ്റവും പരിഷ്ക്കാരമുള്ള നഗരം. ഫിലിപ്പ് രാജാവിന്റെ പേരിൽ പണി യപ്പെട്ട പട്ടണം. അവിടെ ജയിലിൽ അപ്പൊസ്തലനായ പൗലോസും ശീലാസും കിടക്കുന്നു. ഒരു ഭൂതബാധയുള്ള സ്ത്രീയിൽ നിന്ന് അവർ ഭൂതബാധ മാറ്റി.

അശുദ്ധാത്മാവ് വിട്ടുപോയപ്പോൾ ആ പെൺകുട്ടിക്ക് സുബോധമായി. അതോടെ അവളുടെ അത്ഭുതങ്ങളും അടയാ ളങ്ങളും തീർന്നു. അവളെക്കൊണ്ട് ആദായം പറ്റിക്കൊണ്ടിരി ക്കുന്നവർക്ക് നഷ്ടമായി. ആദായം നഷ്ടമായപ്പോൾ അവർ എല്ലാവരും അപ്പൊസ്തലനായ പൗലോസിന്റേയും ശീലാസി ന്റേയും നേരെ തിരിഞ്ഞു.

പൗലോസിനേയും ശീലാസിനേയും അടിച്ചു. വസ്ത്രം പറിച്ചുരിഞ്ഞു. അവരെ റോഡിൽക്കൂടി വലിച്ചിഴച്ചുകൊണ്ടു പോയി ജയിലിലിട്ടു. കൈയും കാലും ആമത്തിലിട്ടു പൂട്ടി. അടികൊണ്ട് തിണർത്ത പാടുകളിലൂടെ ചോര ഒഴുകുന്നു. അസഹ്യമായ വേദനയും നീറ്റലും. പക്ഷേ, അവർക്ക് ഒരു പരാതിയുമില്ല. കാരണം, അവർ തെറ്റുചെയ്തിട്ടല്ല, കുറ്റം ചെയ്തിട്ടല്ല ശിക്ഷയേൽക്കുന്നത്. ആരോടും പരിഭവമില്ല. കർത്താവേ, നീ എന്താ ഞങ്ങളെ അടിച്ചവരെ തടുക്കാതിരുന്നത്? ചോദ്യമില്ല.

അർദ്ധരാത്രിയിൽ പൗലോസും ശീലാസും പ്രാർത്ഥിച്ചു, പാടി, സ്തുതിച്ചു. പെട്ടെന്ന് ആത്മാവ് ശക്തിയോടെ അവരുടെ മേൽ വന്നു. അവർ സ്തുതിക്കാൻ തുടങ്ങി. പൗലോസും ശീലാസും ആത്മാവിന്റെ ശക്തിയോടെ സ്തുതിച്ചപ്പോൾ കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങി. വിളക്കുകൾ കെട്ടുപോയി. കാരാഗൃഹത്തിന്റെ വാതിലെല്ലാം തുറന്നുപോയി. തടവുപുള്ളികളുടെ കൈകളിൽനിന്നും കാലുകളിൽ നിന്നും ചങ്ങലകൾ അഴിഞ്ഞുവീണു. സ്തുതിച്ചപ്പോൾ ബന്ധനങ്ങൾ അഴിഞ്ഞു. സ്തുതിച്ചപ്പോൾ ചങ്ങലക്കെട്ടുകൾ പൊട്ടി.

കാരാഗൃഹപ്രമാണി പെട്ടെന്ന് ഈ വലിയ ശബ്ദം കേട്ടു. എല്ലാം തട്ടിത്തകരുന്നതുപോലെയുള്ള ശബ്ദം! എല്ലാം തുറക്കുന്നു. ചങ്ങലകളെല്ലാം താഴെ വീഴുന്നു. നോക്കിയപ്പോൾ ഒന്നും കാണാൻ വയ്യ. അയ്യോ! എന്തുവേണ്ടൂ. തടവുപുള്ളികൾ ഓടിപ്പോയല്ലോ, ഇനി എന്തുചെയ്യേണ്ടൂ? എന്നെ കൊല്ലും. അയാൾ വാൾ ഊരി തന്നത്താൻ കൊല്ലാൻ ശ്രമിച്ചു. പൗലോസ് പെട്ടെന്ന് പറഞ്ഞു: നിനക്ക് ഒരു ദോഷവും ചെയ്യരുത്. ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ. ഞങ്ങൾ ആരും ഓടിപ്പോയിട്ടില്ല. ഞങ്ങൾ പോവുകയുമില്ല. നിനക്ക് ഒരു ദോഷവും ചെയ്യരുത്.

കാരാഗൃഹപ്രമാണി അവരുടെ മുമ്പിൽ മുട്ടുകുത്തി. യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം? പൗലോസ് പറഞ്ഞു: "കർത്താവായ യേശുക്രിസ്തുവിൽ നീ വിശ്വസിക്ക. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും." അവൻ അവരുടെ മുറിവുകളെ കഴുകി, മുറിവുകളെ കെട്ടി. അവരെ അവന്റെ വീട്ടിലേക്ക് കൊണ്ടുപോയി. അവർക്ക് ആഹാരം കൊടുത്തു. വീടടക്കം ആനന്ദിച്ചു.

ഡോ. ചാപ്മാൻ എന്നുപറയുന്ന ഒരു ദൈവദാസനുണ്ടായിരുന്നു. അദ്ദേഹം സുവിശേഷവേലയിൽ മുതിർന്ന ഒരു മനുഷ്യനായിരുന്നു. അദ്ദേഹം തനിക്കു കിട്ടിയ ഒരു ഇടവകയിലേക്ക് ചെന്ന് ആ ഇടവകയുടെ പൊതുവായ സ്ഥിതി അന്വേഷിച്ചു. എല്ലാവരും തന്നെ തണുത്തിരിക്കുന്നു. അദ്ദേഹം അവർക്ക് ഉണർവ്വുണ്ടാകാനായിട്ട് എല്ലാവരേയും വിളിച്ച് സംസാരിക്കാമെന്ന് തീരുമാനിച്ചു. ഇടവകയിൽപ്പെട്ട എല്ലാവരേയും വിളിച്ചു. ഒരാൾ ഒഴികെ ബാക്കി എല്ലാവരും വന്നു. വരാത്ത ആളെക്കുറിച്ച് അന്വേഷിച്ചു. അപ്പോൾ ആളുകൾ പറഞ്ഞു. അയാൾ വരില്ല എന്നുമാത്രമല്ല, വലിയ മത്സരക്കാരനാണ്. ആർക്കും വഴങ്ങാത്ത മനുഷ്യനാണ്. അയാളെ പോയി കാണുന്നത് ദോഷമാണ്. അയാൾ ചിലപ്പോൾ ചീത്തപറയും.

പക്ഷേ, ചാപ്മാൻ ഈ മനുഷ്യനെ അയാളുടെ വീട്ടിൽ ചെന്നു കണ്ടു. എന്തിനാ ഇങ്ങോട്ടു വന്നത്? വീട്ടുകാരൻ ചോദിച്ചു. രണ്ടുവാക്കു പറയാൻ വേണ്ടി വന്നതാണ്. വേണ്ട വേണ്ട, എനിക്കു കേൾക്കണ്ട. നിങ്ങൾ എന്നെ വിളിച്ചപ്പോൾ മന:പൂർവ്വമാണ് ഞാൻ വരാതിരുന്നത്. എനിക്ക് മതവും വേണ്ട, ദൈവവും വേണ്ട, ദൈവഭക്തിയും വേണ്ട. പിന്നെ വളരെ മോശമായ ഭാഷയിൽ സംസാരിച്ചു തുടങ്ങി. ചാപ്മാൻ കുറെ നേരം മൗനമായി നിന്നു. അദ്ദേഹത്തിന്റെ കണ്ണു നിറഞ്ഞ് കണ്ണുനീർ കവിളത്തുകൂടി ഒഴുകി. ആ മനുഷ്യൻ ശകാരം തുടർന്നുകൊണ്ടിരിക്കുകയാണ്. ചാപ്മാൻ തൊഴുകൈക

ളോടെ നിന്നിട്ട് തിരിച്ചുപോന്നു.

മൂന്നുവർഷം കഴിഞ്ഞ് ഒരിടത്ത് ചാപ്മാൻ ചെല്ലുമ്പോൾ ഒരു മനുഷ്യൻ ചാപ്മാന്റെ അടുത്തുവന്ന് എന്നെ അറിയുമോ എന്നു ചോദിച്ചു. “ഓർക്കുന്നില്ലല്ലോ.” നിങ്ങൾ മുമ്പ് ഇന്ന ഇടവകയിൽ ഇരുന്നപ്പോൾ എന്റെ വീട്ടിൽ വന്നിട്ടുണ്ട്. അന്ന് നിങ്ങൾ എന്നോട് സംസാരിക്കാൻ വന്നപ്പോൾ ഞാൻ നിങ്ങളോട് ഗൗരവമായി ശകാരിച്ച് സംസാരിച്ചു. പക്ഷേ, ഞാൻ മാനസാന്തരപ്പെട്ടു.

ഞാൻ ആരുടേയും പ്രസംഗം കേട്ടല്ല മാനസാന്തരപ്പെട്ടത്. നിങ്ങളുടെ പ്രസംഗം കേട്ടുമല്ല മാനസാന്തരപ്പെട്ടത്. നിങ്ങളോട് അന്ന് ഞാൻ അത്രയും ശക്തമായി ശകാരിക്കുകയും നിങ്ങളെ ഞാൻ കഠിനമായി ഭർത്സിക്കുകയും ചെയ്തിട്ടും ഒന്നും മിണ്ടാതെ നിങ്ങളുടെ കണ്ണുനിറയുന്നതും മൗനമായി സഹിച്ചുകൊണ്ട് നിങ്ങൾ വിനയപൂർവ്വം പോകുന്നതും ഞാൻ കണ്ടു. അതെന്റെ ജീവിതത്തെ സ്പർശിച്ചു. അതാണ് എന്റെ മാനസാന്തരത്തിന് കാരണം.

നമ്മുടെ ഹൃദയം തകരും, പരിശുദ്ധാത്മാവ് വരുമ്പോൾ. നമുക്ക് ആരോടും പരാതിയുണ്ടാകില്ല. ആരോടും വിദ്വേഷം ഉണ്ടാകില്ല. ആരോടും പകയുണ്ടാകില്ല. ആരോടും പിണക്കം ഉണ്ടാകയില്ല. ഇങ്ങോട്ടെതിർക്കുന്നവരോടും സ്നേഹമായിരിക്കും. യേശുവിന്റെ ചങ്കിലേക്ക് കുത്തിയപ്പോൾ ചോരയും നീരുമാണ് വന്നത്. നമുക്ക് യേശുവിനെ മാതൃകയാക്കാം.

കർത്താവേ, നിന്റെ മാതൃക സ്വീകരിച്ച് യേശു തരുന്ന പാപമോചനം അനുഭവിച്ച് ഞാൻ മുന്നോട്ടു പോകും. എന്റെ എല്ലാ ബന്ധനങ്ങളെയും അഴിക്കണമേ. എല്ലാം കത്തിച്ച് ദ്രവിച്ച് പോകണമേ. നിന്റെ പരിശുദ്ധാത്മാവിനെ തരുവാൻ തിരുമനസ്സാകണമേ. കർത്താവേ, ആണ്ടുകൾ കഴിയും മുമ്പ് നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കേണമേ, കർത്താവേ, ഞങ്ങൾക്ക്

പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരുത്തിത്തരണമേ. ആത്മാവിന്റെ പ്രവാഹം തരണമേ. ആത്മാവിന്റെ തീജ്ജ്വാലയാൽ അനേകരുടെ ബന്ധനങ്ങൾ കത്തിപ്പോകണമേ.

യേശുവേ, എഴുന്നള്ളി വരണമേ, പരിശുദ്ധാത്മാവേ, കൊടിയ കാറ്റടിക്കുന്നതുപോലെ ഊതണമേ. പരിശുദ്ധാത്മാവേ, തീയായ് പടരണമേ. പ്രാവായി എഴുന്നള്ളി വരണമേ, തീജ്ജ്വാലയായി ഞങ്ങളുടെമേൽ വീശണമേ. ജീവജലം സമൃദ്ധിയായി ഞങ്ങളുടെമേൽ ഒഴുക്കണമേ, തിരുരക്തത്താൽ ഞങ്ങളെ കഴുകണമേ, എല്ലാവരേയും അനുഗ്രഹിക്കണമേ, യേശുക്രിസ്തുവിന്റെ രാജകീയനാമത്തിൽ പ്രാർത്ഥിക്കുന്നു കൃപയോടെ കേൾക്കണമേ, ആമ്മേൻ.

# മൂന്ന്

ആത്മീയജീവിതം risky ആണ്. ആത്മീയജീവിതം costly ആണ്. ആത്മീയജീവിതം വിലയേറിയതാണ്. ആത്മീയജീവിതം വളരെ ശ്രദ്ധയോടെ, സൂക്ഷ്മതയോടെ മുന്നോട്ടുപോകേണ്ട ജീവിതമാണ്. ഏത് സാഹചര്യത്തേയും പുഞ്ചിരിയോടെ അഭിമുഖീകരിക്കാൻ തക്കവണ്ണം നിങ്ങൾ കുരിശ് ചുമക്കുന്നവരായിത്തീരുവിൻ. കുരിശ് ഏറ്റുവാങ്ങിക്കൊണ്ട് മുന്നോട്ടുപോകുവിൻ. അപ്പോൾ ആത്മാവിന്റെ തീ നിങ്ങളുടെമേൽ വരും.

ആത്മാവിന്റെ തീ നിങ്ങളുടെമേൽ വരുന്നതിനു തടസ്സമായി ജീവിതത്തിൽ അനേകം ബന്ധനങ്ങളുണ്ട്.

1. പാപത്തിന്റെ ബന്ധനം.

*“നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനോടു പ്രാർത്ഥിക്ക; പക്ഷേ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചു കിട്ടുമായിരിക്കും. നീ കയ്പ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു എന്നു ഞാൻ കാണുന്നു എന്നു പറഞ്ഞു.” അപ്പൊ. പ്രവൃത്തികൾ 8 : 22, 23*

നിന്റെ ഉള്ളിൽ കയ്പ്പുണ്ട്. നിന്റെ ഉള്ളിൽ അനീതിയുണ്ട്. നിന്റെ ഉള്ളിൽ പാപമുണ്ട്. നീ ബന്ധനത്തിൽ പെട്ടിരിക്കുന്നു. പാപത്തിന്റ ബന്ധനം! ശിംശോന്റെ സെക്സ് അവന്റെ വീക്ക് പോയിന്റ് ആയിരുന്നു. ശിംശോന്റെ ലൈംഗികാസക്തി അവന്റെ ബലഹീനവശമായിരുന്നു. ഒരു സ്ത്രീയുടെ മടിയിലാണ് അവൻ കിടന്നത്. ആ സ്ത്രീ അവനെ ഒതുക്കി. ആ

സ്ത്രീ അവന്റെ ശക്തി ക്ഷയിപ്പിക്കാൻ നോക്കി. ആ സ്ത്രീ അവനെതിരായി കെണി വച്ചു. അവൾ തന്ത്രപൂർവ്വം ശത്രുവിനെ വിളിച്ചു വരുത്തി. ഉൾമുറിയിൽ ഉണ്ടായിരുന്ന പതിയിരിപ്പുകാർ ശിംശോനെ ബന്ധിച്ചു. ശിംശോന് ശത്രുവിന്റെ ബന്ധനത്തിന് വിധേയനാകേണ്ടതിനു തക്കവണ്ണം അവന്റെ ജീവിതത്തിൽ പാപമുണ്ടായിരുന്നു. പാപത്തിന്റെ ബന്ധനം.

നിങ്ങളിൽ എതെല്ലാമാണ് പാപങ്ങൾ? അത് തന്നെത്താനിരുന്നു കണ്ടുപിടിക്കണം. എന്റെ ജീവിതത്തിലെ ബന്ധനം എന്താണ്? എനിക്ക് കയ്പ്പ് എന്തുകാര്യത്തിലാണ്? ആരോടെങ്കിലും പരിഭവമോ പരാതിയോ ഇഷ്ടക്കുറവോ അകൽച്ചയോ ഉണ്ടെങ്കിൽ അത് നിശ്ശേഷം ക്ഷമിച്ചു കളയണം. മാപ്പുചോദിച്ച് മാറ്റിക്കളയണം. ഒരു കാരണവശാലും ആരോടും അകൽച്ച പാടില്ല. നിങ്ങൾ വ്യക്തമായിട്ട് തീരുമാനിക്കണം. കർത്താവേ, ഇന്നിന്നവരോട് എനിക്ക് അകൽച്ചയുണ്ട്. ഇന്നിന്നവരെ ഞാൻ വേദനിപ്പിച്ചിട്ടുണ്ട്. ചിലപ്പോൾ വീട്ടിലായിരിക്കും. ചിലപ്പോൾ കൂട്ടായ്മയിലായിരിക്കും.

ചിലപ്പോൾ നിങ്ങൾ ഒരു സഹായം ചോദിച്ചപ്പോൾ തന്നില്ല എന്ന പരിഭവമായിരിക്കും. അല്ലെങ്കിൽ നിങ്ങളെ മാനിച്ചില്ല, ഗൗനിച്ചില്ല എന്ന ചിന്തയായിരിക്കും. നിങ്ങളെ കണക്കാക്കേണ്ടതുപോലെ കണക്കാക്കിയില്ല, പരിഗണിച്ചില്ല എന്ന ചിന്തയായിരിക്കും. നിങ്ങളോട് ആലോചന ചോദിച്ചില്ല, നിങ്ങളുടെ അഭിപ്രായം ആരാഞ്ഞില്ല എന്നുള്ള ഇഷ്ടക്കുറവായിരിക്കാം. ഒരുപക്ഷേ നിങ്ങളോടാലോചിക്കാതെ ചെയ്ത ഏതെങ്കിലും കാര്യംകൊണ്ടായിരിക്കാം. എന്തുതന്നെ ആണെങ്കിലും നിങ്ങൾ എന്തിന് തെറ്റിനു കൂട്ടുകൂടുന്നു? നിങ്ങളുടെ ഹൃദയത്തിൽ എന്തിനു പരിഭവിക്കുന്നു? നിങ്ങൾക്ക് തെറ്റുവരരുത്, ഇഷ്ടക്കുറവു വരരുത്.

എന്റെ പാപം എന്തുണ്ട് എന്ന് മാത്രം ഞാൻ നോക്കുക. മറ്റുള്ളവരുടെ പാപം അന്വേഷിക്കാൻ ദൈവം എന്നോടു പറഞ്ഞില്ലല്ലോ. മറ്റുള്ളവരുടെ പാപം ഞാൻ അന്വേഷിച്ചാൽ

ഞാൻ മറ്റുള്ളവരെ വിധിക്കുന്നവനായിത്തീരും. എങ്കിൽ നീ വിധിക്കുന്ന വിധിയാൽ നീയും വിധിക്കപ്പെടും എന്നാണ് കർത്താവു പറഞ്ഞത്. സഹോദരന്റെ കണ്ണിലെ കരടു കാണുമ്പോൾ സഹോദരാ നില്ല് നിന്റെ കണ്ണിലെ കരട് എടുത്തു കളയട്ടെ എന്നുപറയുമ്പോൾ ആദ്യം നിന്റെ കണ്ണിൽ കോൽ ഇരിക്കുന്നത് നീ മറക്കരുത്. നമ്മുടെ കാര്യം നോക്കിയാൽ മതി. എന്റെ കണ്ണിലെ കോൽ ഞാൻ എടുത്തുകളയുക. എന്നിൽ എന്താണു ബന്ധനം? അതുമാത്രമേ ചിന്തിക്കാവൂ. എനിക്കെന്താണു കുഴപ്പം? എന്റെ ജീവിതത്തിലെ പാപമെന്താണ്?

മന്ത്രവാദം ചെയ്ത് ലാഭമുണ്ടാക്കുന്ന ആഭിചാരകനായ ശീമോനോടാണ് പത്രോസ് പറയുന്നത്, നീ കയ്പ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു എന്ന് ഞാൻ കാണുന്നു എന്ന്.

ശീമോന്റെ കൈയിൽ ബന്ധനമില്ല. അവന്റെ കാലിൽ ബന്ധനമില്ല. അവന്റെ കഴുത്തിൽ ബന്ധനമില്ല. പക്ഷേ, പത്രോസ്ശ്ലീഹ കാണുന്നത് അവന്റെ ആത്മാവിന്റെ ബന്ധനമാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിന്നെക്കുറിച്ച് കാണുന്നത് നീ ബന്ധനത്തിലാണ് എന്നാണ്. നീ വിശ്വസിച്ച്, അനുതപിച്ച്, മാനസാന്തരപ്പെട്ട്, നിന്റെ പാപം ക്ഷമിച്ചു കിട്ടേണ്ടതിനു വേണ്ടി പ്രാർത്ഥിക്കുക. പക്ഷേ, നിന്റെ പാപം ക്ഷമിച്ചു കിട്ടുമായിരിക്കും. നീ വഷളത്വം വിട്ട് മാനസാന്തരപ്പെട്ട് കർത്താവിനോട് പ്രാർത്ഥിക്കുക.

കയ്പ്പുള്ള പകയും അനീതിയുടെ ബന്ധനവും വരുമ്പോൾ വഷളത്വം വരികയാണ്.

അനേകർ ഇന്ന് പാപത്തിന്റെ ബന്ധനത്തിലാണ്. പലരും അറിയുന്നില്ല. അറിഞ്ഞാൽ നാം തീർച്ചയായും ദൈവത്തെ വിളിച്ചപേക്ഷിക്കും. പ്രാവിനെ അതിന്റെ കാലിൽ കെട്ടിയിട്ടിട്ട് പറപ്പിച്ചാൽ പറക്കുമോ? ചിറകിട്ടടിക്കും, പറക്കില്ല. കാല് കെട്ടിയിട്ടിരിക്കയാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ പറക്കുക

യില്ല. ബന്ധനം ഭൂമിയിലേക്ക്! ബന്ധനം ലോകത്തിലേക്ക്!

കർത്താവിന്റെ കാഹളധ്വനി കേൾക്കുമ്പോൾ ചിറകടിക്കും പക്ഷേ, പറക്കുകയില്ല. ഇന്ന് അനേകം കൂട്ടായ്മകളിൽ ചിറകടിശബ്ദമുണ്ട് പക്ഷേ, പറക്കുന്നില്ല.

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ ചിറകടിശബ്ദം മാത്രമല്ല പറക്കാൻ ഉതകുന്ന ആത്മാവിന്റെ തീ പകരുകയാണ്. ആത്മാവിൽ പറക്കാനുള്ള കൃപ.

> *"സ്വാതന്ത്ര്യത്തിന്നായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചു നില്പ്പിൻ. അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്."*
>
> *ഗലാത്യർ 5 : 1*

ഒരിക്കൽ ബന്ധനമഴിഞ്ഞുകിട്ടിയ അനേകംപേർ അടിമനുകത്തിൽ കുടുങ്ങിക്കിടക്കുകയാണ്. ഒരിക്കൽ തീരുമാനമെടുത്തു, ദൈവത്തോടു വാക്കുപറഞ്ഞു. കോപം വിട്ടുമാറി, മദ്യപാനം വിട്ടുമാറി, അശുദ്ധജീവിതം വിട്ടുമാറി, കൊള്ളരുതാത്ത ബന്ധങ്ങളെല്ലാം മാറി. എല്ലാറ്റിനും ഒരു വ്യത്യാസം വന്നു. പക്ഷേ, ഇന്ന് കൂടുതൽ ബന്ധനത്തിലേക്കായിരിക്കുന്നു.

"സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ സ്വാതന്ത്ര്യത്തിൽ ഉറച്ചുനിൽപ്പിൻ. അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്. "

രക്ഷയുടെ അനുഭവം കിട്ടിയ സമയത്ത് എന്തൊരാനന്ദമായിരുന്നു! എന്തൊരു ലഹരിയായിരുന്നു! മതിമറന്നാനന്ദിച്ച് സ്തുതിച്ച കാലം! ഒറ്റയ്ക്കിരുന്ന് സ്തുതിക്കുമ്പോൾ തീയിറങ്ങിയ കാലം! യേശുക്രിസ്തുവിന്റെ കൃപ അനുഭവിക്കുമ്പോൾ ഉണ്ടാകുന്ന സമാധാനത്തിന് അതിരില്ല. ഭാരങ്ങളും സങ്കടങ്ങളുമെല്ലാം അവൻ ഏറ്റെടുക്കുന്നു. നിങ്ങൾ യേശുവിനെ അനുഭവിക്കണം. നിങ്ങളുടെ ബന്ധനങ്ങളഴിയുന്നത് അനുഭവിക്കണം.

ഒരുകാലത്ത് ബന്ധനങ്ങൾ അഴിഞ്ഞവരായിരുന്നു. തീ പോലെ കത്തിനിന്നവരായിരുന്നു. ദൈവവേലയിൽ ഉത്സാഹമുള്ള വരായിരുന്നു. ദൈവവേലയ്ക്കുവേണ്ടി എന്തു ത്യാഗം സഹി പ്പാനും മനസ്സുള്ളവരായിരുന്നു. എത്ര ഉറക്കമിളയ്ക്കാനും എന്തു കഷ്ടത സഹിക്കാനും എവിടെയെല്ലാം ഓടാനും മന സ്സുള്ളവരായിരുന്നു. ഒരു കാലത്ത് കോപവും ഇഷ്ടക്കുറവും മുഷിച്ചിലും വരികയില്ലായിരുന്നു. ഒരു വലിയ തീ ഉള്ളിൽ കത്തിക്കൊണ്ടിരുന്നു. വലിയ ലഹരി, ആത്മാവിന്റെ തീജ്ജ്വാല യിൽ ആളിപ്പടർന്നു കത്തുന്ന സ്വർഗ്ഗീയ അനുഭവം നിങ്ങൾക്കുണ്ടാ യിരുന്നു.

ഇന്ന് ലോകത്തിലെ കാര്യങ്ങൾ, മക്കളുടെ കാര്യങ്ങൾ, മക്കളുടെ സ്വഭാവത്തിന്റെ കാര്യങ്ങൾ, മക്കളുടെ വിദ്യാഭ്യാസ ത്തിന്റെ കാര്യങ്ങൾ, മക്കളുടെ വിവാഹത്തിന്റെ കാര്യങ്ങൾ, മക്കളുടെ കുഞ്ഞുങ്ങളുടെ കാര്യങ്ങൾ, എന്തെല്ലാമെന്തെല്ലാം! ഇവയെല്ലാം നിങ്ങളെ അലട്ടുമ്പോൾ നിങ്ങൾ യേശുവിനെ മറന്നുപോകുന്നു. കിട്ടേണ്ട സൗഭാഗ്യം നിങ്ങൾ വിട്ടുകളയുന്നു. ദൈവം ഒരുക്കിയിരിക്കുന്ന അനുഭവസമ്പത്ത് കൈവശമാക്കാതെ എല്ലാം നിങ്ങൾ തള്ളിക്കളയുകയാണ്.

നിങ്ങളുടെ ജീവിതത്തിലുള്ള ബന്ധനങ്ങളെ നിങ്ങൾ തിരിച്ചറിയുക. ബന്ധനത്തിലായിപ്പോയെങ്കിൽ ഇന്നുതന്നെ യേശുവിനോടു പറയുക. കർത്താവേ, എന്റെമേൽ പാപത്തിന്റെ ബന്ധനങ്ങളുണ്ട്. അശുദ്ധിയുടെ ബന്ധനമുണ്ട്. അഴുക്കിന്റെ ബന്ധനമുണ്ട്. മ്ലേച്ഛതയുടെ ബന്ധനമുണ്ട്. വഞ്ചനയുടെയും ചതിവിന്റെയും ബന്ധനമുണ്ട്. അസത്യത്തിന്റേയും ഭോഷ്കി ന്റേയും അർദ്ധസത്യങ്ങളുടേയും വ്യാജത്തിന്റേയും ബന്ധനം എന്റെമേൽ ഉണ്ട്. മുൻവിധിയുടെ ബന്ധനമുണ്ട്. പക്ഷഭേദ ത്തിന്റെ ബന്ധനമുണ്ട്. കർത്താവേ, നീ എന്നോടു മനസ്സലിയ ണമേ. എന്റെ ബന്ധനം അഴിച്ചു തരണമേ.

*“യേശു അവളെ കണ്ടു അടുക്കെ വിളിച്ചു: സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കു*

*ന്നു എന്നു പറഞ്ഞു അവളുടെ മേൽ കൈ വെച്ചു. അവൾ ക്ഷണത്തിൽ നിവർന്നു ദൈവത്തെ മഹത്വ പ്പെടുത്തി.”* *ലൂക്കോസ് 13 : 12, 13*

2. രോഗത്തിന്റെ ബന്ധനം.

ആ സ്ത്രീ കൂനിയായിരുന്നു. പതിനെട്ടുകൊല്ലം കൂനി നടന്നു. പതിവുപോലെ അവൾ ദൈവാലയത്തിൽ വന്നു. അന്ന് യേശു അവിടെ ഉണ്ടായിരുന്നു. ഇന്ന് നിങ്ങളുടെ അരികത്ത് യേശു ഉണ്ട്. നിങ്ങളുടെ സമീപത്ത് യേശു ഉണ്ട്. യേശു ഉള്ളേടത്ത് വരുന്നത് നല്ലതാണ്. പാവം സ്ത്രീ! അന്ന് അവളുടെ ഭാഗ്യത്തിന്റെ സുദിനമായിരുന്നു. യേശു അവിടെ ഉണ്ടായിരുന്നു.

പലപ്പോഴും ദൈവാലയങ്ങളിൽ യേശു വരുന്നില്ല. പല ദൈവാലയങ്ങളിലും യേശു ഇല്ല. പല ആരാധനകളിലും പല കൺവൻഷൻ പ്രസംഗങ്ങളിലും ധ്യാനയോഗങ്ങളിലും സണ്ടേസ്കൂളുകളിലും യേശു ഇല്ല. യേശുക്രിസ്തു വരുന്നേടത്തു വരുന്നത് മഹാഭാഗ്യമാണ്. അവൻ നടന്നുപോകുമ്പോൾ തിരുവസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടാൽ അത്ഭുത സൗഖ്യം ലഭിക്കും.

യേശു നോക്കിക്കൊണ്ടു നിൽക്കുകയാണ്. എത്രയോ പേർ ദൈവാലയത്തിൽ വന്നിട്ടുണ്ട്! പക്ഷേ, യേശു കാണുന്നത് ഈ ദയനീയസ്ഥിതിയുള്ള സ്ത്രീയെ ആണ്. ഏതെങ്കിലും കുറവുള്ളവരെ, പോരായ്മയുള്ളവരെ യേശു കാണും. ബുദ്ധി കുറവുള്ളവരെ യേശു കാണും. രോഗമുള്ളവരെ, ബലഹീനരെ യേശു കാണും.

യേശു അവളെ കണ്ട് അടുക്കെ വിളിച്ചു. അവൾ കുനിഞ്ഞുകൊണ്ടുതന്നെ തലപൊക്കി. അപ്പോൾ സ്നേഹം മാത്രമായ, സ്നേഹത്തിന്റെ പ്രതീകമായ, ആശ്വാസത്തിന്റെ പ്രതിബിംബമായ ക്രിസ്തു ഇതാ നിൽക്കുന്നു. ക്രിസ്തുവിന്റെ മുഖത്തേക്കു നോക്കിയപാടെ അവളുടെ ഉള്ളിൽ ഒരു ആശ്വാസം.

യേശു അവളെ നോക്കി. അവളും യേശുവിനെ നോക്കി. യേശു നടന്ന് ഏതാനും ചുവട് മുന്നോട്ടു വച്ചു. യേശു കൈ ഉയർത്തി. യേശുവിന്റെ കൈ അവളുടെ മുതുകത്ത് വച്ചു. “സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു” എന്നു പറഞ്ഞു. അവൾ ക്ഷണത്തിൽ നിവർന്നു ദൈവത്തെ മഹത്വപ്പെടുത്തി.

പരിശുദ്ധാത്മാവ് ശക്തിയോടെ വരുമ്പോൾ രോഗത്തിന്റെ ബന്ധനം അഴിഞ്ഞുപോകും. രോഗാണുക്കൾ കത്തിപ്പോകും. രോഗാണുക്കളെ കത്തിച്ചുകളയുന്ന ആത്മാവിന്റെ തീ നമ്മുടെ രക്തത്തിൽക്കൂടി ഒഴുകും. തീജ്ജ്വാല സിരകളിൽക്കൂടി ഒഴുകുന്നതുകൊണ്ടാണ് ശരീരത്തിലെ മുഴകൾ മാറിപ്പോകുന്നത്. ഈ തീജ്ജ്വാല ഏറ്റതുകൊണ്ടാണ് ആസ്ത്മാരോഗം മാറുന്നത്. രക്തചംക്രമണത്തിലെ ബ്ലോക്കുകൾ മാറുന്നത്; ക്യാൻസർ രോഗം മാറുന്നത്. സ്വർഗ്ഗത്തിലെ ദൈവത്തിന് അസാധ്യമായിട്ട് ഒന്നുമില്ല. നിങ്ങൾ നിങ്ങളുടെ കാര്യം പ്രാർത്ഥിക്കണം, മറ്റുള്ളവരുടെ കാര്യവും അനന്തരതലമുറയുടെ കാര്യവും പ്രാർത്ഥിക്കണം.

എനിക്കുവേണ്ടി കുരിശിൽ ആണികളാൽ കെട്ടപ്പെട്ടവനായ യേശുവേ, നിന്റെ തിരുരക്തത്താൽ ഇപ്പോൾ എന്റെ ബന്ധനങ്ങളെ അഴിക്കണമേ. പാപബന്ധനമഴിക്കണമേ, അതോടെ എന്റെ രോഗബന്ധനവും അഴിക്കണമേ. നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ. യേശുവേ, നിന്റെ പരിശുദ്ധാത്മാവിന്റെ തീ എന്റെമേൽ പകർന്ന് എന്റെ രോഗബാധകൾ മാറ്റണമേ. രോഗബന്ധനങ്ങൾ അഴിക്കണമേ.

> *“എന്നാൽ സാത്താൻ പതിനെട്ടു സംവത്സരമായി ബന്ധിച്ചിരുന്ന അബ്രാഹാമിന്റെ മകളായ ഇവളെ ശബ്ബത്തുനാളിൽ ഈ ബന്ധനം അഴിച്ചു വിടേണ്ടതല്ലയോ എന്ന് ഉത്തരം പറഞ്ഞു.”*
>
> *ലൂക്കോസ് 13 : 16*

3. സാത്താന്യബന്ധനം.

ആ സ്ത്രീ കൂനിക്കൂനിയാണ് വന്നത്. അവളുടെ ജീവിതത്തിലുള്ള ഒരു ബന്ധനമായിരുന്നു രോഗം. പതിനെട്ടു കൊല്ലമായി കൂനിയാണ് നടക്കുന്നത്. എന്തു ദയനീയമായ സ്ഥിതി! ആരെങ്കിലും എതിരെ വന്നാൽ മനസ്സിലാകില്ല. എന്നാലും പള്ളിയാരാധന മുടക്കിയിട്ടില്ല.

നിങ്ങൾ ഏതു സഭയിൽ നിൽക്കുന്നുവോ ആ സഭയുടെ ആചാരങ്ങൾ അനുഷ്ഠിക്കണം. നിങ്ങൾ ഏതു പള്ളിയിൽ നിൽക്കുന്നുവോ ആ പള്ളിയിൽ പതിവായി പോകണം. നിങ്ങൾ വിശുദ്ധരായി ജീവിക്കൂ. നിങ്ങളിൽ പാപം ഉണ്ടായിരിക്കരുത്. അശുദ്ധി ഉണ്ടായിരിക്കരുത്. തിന്മ ഉണ്ടായിരിക്കരുത്. എങ്കിൽ പ്രതിഫലം സ്വർഗ്ഗത്തിൽ വലുതായിരിക്കും.

ആ പാവം സ്ത്രീ ദൈവാലയത്തിൽ സ്ഥിരമായി വന്നുകൊണ്ടിരുന്നു. കൂനിക്കൂനി വളരെ കഷ്ടപ്പെട്ടാണ് വരുന്നത്. അവളുടെ ശരീരത്തിലെ രോഗം കൂനാണ്. അതിനൊരു കാരണമുണ്ടായിരുന്നു. സാത്താൻ പതിനെട്ട് കൊല്ലമായി അവളെ ബന്ധിച്ചിരിക്കയായിരുന്നു. ചില രോഗങ്ങൾ സാത്താന്റെ ബന്ധനം മൂലമാണ്.

പാപംമൂലം പലതരത്തിലുള്ള രോഗങ്ങൾ വരും. സാത്താൻ പതിനെട്ടുകൊല്ലമായി ആ സ്ത്രീയെ ബന്ധിച്ചിരുന്നു. അതുമൂലം ആ സ്ത്രീ കൂനിപ്പോയി. നിങ്ങൾ പാപത്തെ ഏറ്റുപറഞ്ഞ് വെറുത്തുപേക്ഷിച്ച് മേലിൽ വരികയില്ല എന്നു തീരുമാനിച്ച് ഒരു വിശുദ്ധജീവിതം തുടങ്ങുമെങ്കിൽ നിങ്ങളിലുള്ള അനേകം രോഗങ്ങൾ മാറിപ്പോകും. മാറാത്ത തലവേദനകൾ വിട്ടുപോകും. മാറാത്ത നടുവേദനകൾ വിട്ടുപോകും. ശരീരത്തിലുള്ള മുഴകൾ മാറിപ്പോകും.

നിങ്ങളുടെ രക്തധമനികളിലുള്ള ചില ബ്ലോക്കുകൾ മാറിപ്പോകും. കിഡ്നിയിലുള്ള തകരാറുകൾ മാറിപ്പോകും. ജീവിതത്തിൽ നിങ്ങൾ നേരിടുന്ന വളരെ മാരകമായ പ്രശ്ന

ങ്ങൾ മാറിപ്പോകും. ഇതെല്ലാം നമ്മൾ അനുഭവിക്കുന്ന കാര്യങ്ങളാണ്. പാപം മൂലമാണ് ചില അപകടങ്ങൾ ഉണ്ടാകുന്നത്. പാപം മൂലം ചില അത്യാഹിതങ്ങൾ വരും. ചില വാഹനാപകടങ്ങൾപോലും വരും.

സാത്താന്റെ ബന്ധനത്തിലിരിക്കുമ്പോൾ മരിച്ചുപോകാൻ ഇടയാകരുത്. ഏതെങ്കിലും കാര്യത്തിൽ പിശാചിന്റെ ബന്ധനമുണ്ടോ? നേരെയാക്കിയിട്ടേ അടുത്ത ചുവടുവയ്ക്കാവൂ. എവിടെയെങ്കിലും സാത്താന്റെ ബന്ധനമുണ്ടോ? അങ്ങനെയുണ്ട് എന്നു ബോധ്യമായാൽ ഉടനെ കരഞ്ഞു പ്രാർത്ഥിച്ച് കർത്താവുമായുള്ള ബന്ധത്തിൽ വന്നിട്ടല്ലാതെ ഒരു ചുവട് മുൻപോട്ടു വയ്ക്കരുത്. അല്ലെങ്കിൽ ചിലപ്പോൾ സാത്താൻ നമ്മെ റാഞ്ചിക്കൊണ്ടു പോയേക്കും.

ആത്മീയജീവിതം കളിയല്ല. ആത്മീയജീവിതം നിസ്സാരമല്ല. അങ്ങനെയെങ്കിൽ നിങ്ങൾ നിങ്ങളുടെ ജീവിതത്തിലേക്കു നോക്കൂ. നീരസമില്ലേ? വൈരാഗ്യമില്ലേ? പകയില്ലേ? വിദ്വേഷമില്ലേ? ചില പിണക്കങ്ങളില്ലേ? ദുർവ്വാശികളില്ലേ? ഇപ്പോഴും ഭർത്താവിനോട് അകൽച്ചയിൽ കഴിയുന്നവരില്ലേ? ഇപ്പോഴും ഭർത്താവിനോട് ക്ഷമിക്കാത്തവരില്ലേ? എങ്കിലും ഞാൻ ഇങ്ങനെയെല്ലാം സ്നേഹിച്ചിട്ടും എന്നെ വേദനിപ്പിച്ചയാളല്ലേ, അദ്ദേഹം എന്നെ സ്നേഹിക്കുന്നു എന്നൊക്കെ പറഞ്ഞിട്ടും പിന്നെയും പാപത്തിലേക്കുപോയ ആളല്ലേ എന്നെല്ലാം ഇന്നും ക്ഷമിക്കാത്ത ഹൃദയവുമായി ഇരിക്കുന്നവരില്ലേ? ക്ഷമിക്കാൻ സാധിക്കാതെയിരിക്കുന്ന ഭർത്താക്കന്മാരില്ലേ? ഇന്നും ചില അഴുക്കുബന്ധങ്ങൾ വിടാൻ മനസ്സില്ലാതിരിക്കുന്നവരില്ലേ? ഇന്നും ചില അവിശ്വാസങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിക്കാൻ സാധിക്കാത്തവരില്ലേ? സഹോദരങ്ങളേ, പിശാചിന് ഇടം കൊടുക്കരുത്. സാത്താന്റെ ബന്ധനത്തിൽ ആയിപ്പോകരുത്.

സാത്താൻ ചിലരെ പിടികൂടാൻ തുമ്പിക്കൈ നീട്ടി വരികയാണ്, പിടിച്ച് നിലത്തിട്ടടിക്കാൻ. ഇന്നനേകരെ നശിപ്പിക്കാൻ സാത്താൻ അലറിക്കൊണ്ടുനടക്കുകയാണ്. നിങ്ങളാരെല്ലാം

സാത്താന്റെ വലയിൽപ്പെട്ടുപോയിട്ടുണ്ട്? ആരെല്ലാം സാത്താന്റെ ബന്ധനത്തിലായിപ്പോയിട്ടുണ്ട്?

നെയ്യാർ ഡാമിൽ ഒരു സ്ത്രീ വസ്ത്രം കഴുകിക്കൊണ്ടിരിക്കുകയായിരുന്നു. അധികം വെള്ളമില്ലാത്ത സ്ഥലമാണ്. പെട്ടെന്ന് അവൾ അയ്യോ! എന്ന് വിളിച്ചുകൂവി. കാരണം, കാലിൽ ചീങ്കണ്ണി കടിച്ചു. കാല് കുടഞ്ഞു പക്ഷേ, ചീങ്കണ്ണി ആ സ്ത്രീയെ കടിച്ചു വലിച്ചുകൊണ്ടുപോയി. ആർക്കും രക്ഷിക്കാൻ സാധിച്ചില്ല. സാത്താൻ ചിലരെ കടിച്ചുവലിച്ചുകൊണ്ടു പോകുന്നു!

ബാംഗ്ലൂരിൽ ഒരു നാഷണൽ പാർക്കുണ്ട്. ഒരിക്കൽ കുറെ ടൂറിസ്റ്റുകൾ നാഷണൽ പാർക്കിൽക്കൂടി വണ്ടിയോടിച്ച് വനത്തിലുള്ള വന്യമൃഗങ്ങളെ കാണൻ പോകുകയായിരുന്നു. കവചിത വാഹനമാണ്, പേടിക്കാനില്ല. നല്ല കട്ടിയുള്ള ചില്ലുള്ള ജനലുകൾ. അതുകൊണ്ട് ആ വാഹനത്തിനകത്തേക്ക് ഒരു ദുഷ്ടജീവിക്കും കടന്നുവരാൻ പറ്റില്ല.

ഒരു ഭാഗത്ത് ചെന്നപ്പോൾ കടുവക്കൂട്ടം മേയുന്നതു കണ്ടു. കുട്ടികളും പ്രായമായവരുമൊക്കെ ഈ കടുവക്കൂട്ടത്തെ കണ്ട് വണ്ടി നിർത്തി. കടുവകൾ ഓടിക്കളിച്ചു നടക്കുന്നു. കൊച്ചു കുട്ടികൾ വണ്ടിക്കകത്തിരുന്ന് കൂകിവിളിച്ചു. രസമാണ്. ഒരു മുത്തച്ഛന്റെ മടിയിൽ ഒരു മോൻ ഇരിക്കുന്നുണ്ടായിരുന്നു. ഒരു കടുവ ഈ വണ്ടിക്കുചുറ്റും മണത്തുമണത്തു നടന്നു. ഒരു സെക്കൻഡു നേരംകൊണ്ട് ഒറ്റയടി ഒരു ഗ്ലാസ്സിലേക്ക്. ഗ്ലാസ്സ് പൊട്ടിത്തകർന്നു. കടുവ ചാടി അടുത്തു. നിമിഷങ്ങൾക്കകം മുത്തച്ഛന്റെ മടിയിലിരുന്ന കുട്ടി കടുവയുടെ വായിലായി. കടുവ കുട്ടിയേയും കടിച്ചെടുത്തുകൊണ്ട് കാട്ടിനുള്ളിലേക്ക് മറഞ്ഞു. കുട്ടി ഉറക്കെ ദീദീ... ദീദീ... എന്നു പറഞ്ഞ് കരയുന്നു. കാട്ടിൽ വളരെ ദൂരെ ചെന്നിട്ടും കുട്ടിയുടെ കരച്ചിൽ കേൾക്കാമായിരുന്നു. ആർക്കും ഇറങ്ങിച്ചെല്ലാൻ ധൈര്യമില്ല. പിന്നെ വനപാലകർ ചെന്നു നോക്കിയപ്പോൾ കുട്ടിയുടെ അസ്ഥികളും തലയോടും മുടിയും മാത്രം കിട്ടി.

ഇന്നനേകരെ സാത്താൻ ഇതുപോലെ ബന്ധനത്തിലാക്കിയിരിക്കുകയാണ്. പിശാചിന്റെ വല മുറുകിക്കഴിഞ്ഞു. സാത്താന്റെ ബന്ധനത്തിലായിക്കഴിഞ്ഞു.

*"പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി."*

*1 യോഹന്നാൽ 3 : 8*

സാത്താന്റെ ബന്ധനമഴിയ്ക്കാൻ യേശുക്രിസ്തുവിനു കഴിയും. പിശാചിന്റെ പ്രവർത്തനങ്ങളെ അഴിപ്പാനാണ് കർത്താവായ യേശുക്രിസ്തു വന്നത്. നിങ്ങൾ മനസ്സോടെ ഒന്നു യാചിക്കുമോ? കർത്താവേ, എനിക്ക് ബന്ധനമുണ്ട്. പ്രേമത്തിന്റെ കുരുക്കുള്ളവരുണ്ട്. കാമോദ്ദീപകമായ ചിത്രങ്ങൾ കാണാൻ ബദ്ധപ്പെടുന്നവരുണ്ട്. വൃത്തികെട്ട പടങ്ങൾ കാണാൻ താല്പര്യമുള്ളവരുണ്ട്. കഞ്ചാവുവലി ഉപേക്ഷിക്കാത്തവരുണ്ട്. ഭാര്യയെ ഉപദ്രവിക്കുന്നവരുണ്ട്. സമാധാനമില്ലാതെ എന്നും സ്വൈര്യക്കേടായി കുടുംബം നശിപ്പിച്ചുകൊണ്ടിരിക്കുന്നവരുണ്ട്. പഠിത്തം ഉഴപ്പിനടക്കുന്ന അനേകം കുട്ടികളുണ്ട്. ഒരു ചുമതലാബോധമില്ലാതെ മാതാപിതാക്കളെ അനുസരിക്കാത്ത കുട്ടികളുണ്ട്.

നിങ്ങളുടെ ബന്ധനങ്ങൾ എത്ര വലുതായാലും എത്ര ഭയങ്കരമായാലും അതെല്ലാം അഴിയ്ക്കാൻ യേശുക്രിസ്തുവിനു കഴിയും. സാത്താന്റെ ബന്ധനങ്ങളെ അഴിപ്പാൻ യേശുക്രിസ്തു പ്രത്യക്ഷനായി.

*"കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും."* *സങ്കീർത്തനങ്ങൾ 50 : 15*

സാത്താന്റെ ബന്ധനമുള്ള കാലം കഷ്ടകാലമാണ്. യൗവ്വനക്കാരാ, നിന്റെ നല്ലകാലം എന്ന് നിനക്കു തോന്നുന്നു. ശമ്പളമുണ്ട്. ആരോഗ്യമുണ്ട്. നല്ല ചുറുചുറുക്കുണ്ട്. എല്ലാവരും

നിന്നെ മാനിക്കുന്നുണ്ട്. നിന്റെ ഓഫീസിൽ നിനക്ക് നല്ല ധന്യതയുണ്ട്. കൂട്ടുകാർക്ക് നിന്നെ വിലയുണ്ട്, നിലയുണ്ട്. എങ്കിലും യൗവ്വനക്കാരാ, നിന്റേമേൽ പിശാചിന്റെ ബന്ധനങ്ങളുണ്ട്. ചില കടുംപിടുത്തങ്ങൾ നിന്നെ ബാധിച്ചിട്ടുണ്ട്. ചില ദുശ്ശാഠ്യങ്ങൾ നിന്റെ അകത്തിരിപ്പുണ്ട്.

ചില കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാൻ നിനക്കു മനസ്സു വന്നിട്ടില്ല. നിന്റെ അഭിപ്രായത്തിൽ തെറ്റുണ്ടാകാമെന്ന് ചിന്തിക്കാനുള്ള വിനയം നിനക്കില്ല. എന്റേതെല്ലാം ശരി എന്നു പറഞ്ഞാണ് നീ ഇരിക്കുന്നത്. സ്നേഹിതാ, നീ ഒരു കാര്യം ചെയ്യൂ. കർത്താവേ, എന്നിൽ തെറ്റുണ്ട്. പാപം വരാവുന്നവനാണ് ഞാൻ. കർത്താവേ, എനിക്ക് ഇന്നിന്ന കാര്യങ്ങളിൽ ബന്ധനമുണ്ട്. ഞാൻ പലപ്പോഴും ഏറ്റുപറഞ്ഞിട്ടും, പലപ്പോഴും വേണ്ട എന്നു വിചാരിച്ചിട്ടും, വിട്ടുപോകാത്ത ചില ബന്ധനങ്ങളുണ്ട്.

മദ്യപാനം വേണ്ട, ചീട്ടുകളി വേണ്ട, കഞ്ചാവു വേണ്ട, ദ്രവ്യാഗ്രഹം വേണ്ട എന്നെല്ലാം ഞാൻ തീരുമാനിച്ചതാണ്. പക്ഷേ, അതു വിട്ടുപോകുന്നില്ലല്ലോ. സ്വാർത്ഥത പാപമാണെന്നറിയാം, പക്ഷേ, വിട്ടുപോകുന്നില്ല. അഹങ്കാരം, സ്വയമഹത്വം, സ്വയപ്രശംസ അത് വിട്ടുപോകുന്നില്ലല്ലോ കർത്താവേ.

മുറുകെ പറ്റുന്ന പാപങ്ങൾ ഏറെയാണല്ലോ. അത് പിശാചിന്റെ ബന്ധനങ്ങളാണല്ലോ. എന്റെ നാഥാ, ഇന്ന് ഞാൻ നിന്നോടു യാചിക്കുകയാണ്.

കർത്താവേ, എന്റെ കഷ്ടകാലമാണ്. എനിക്കു ബന്ധനമുള്ള കാലമാണ്. പിശാച് എന്നെ കുരുക്കിലിട്ടിരിക്കുന്ന കാലമാണ്. സാത്താൻ എന്നെ കൂട്ടിലാക്കിയിരിക്കയാണ്. കർത്താവേ, എന്റെ ബന്ധനം നീ ഒന്നഴിച്ചു തരുമോ? എന്റെ ജീവിതത്തിലെ ഈ ബന്ധനം ഒന്നു മാറ്റിത്തരുമോ? നാളുകളായി വേണ്ട വേണ്ട എന്നു വച്ചിട്ടും വിട്ടുമാറാത്ത ഈ ഭയാനകമായ സാത്താന്റെ ബന്ധനം എനിക്കൊന്നു മാറ്റിത്തരുമോ?

ശിംശോന്റെ ബന്ധനമഴിച്ച കർത്താവേ, ശിംശോന്റെ

ബന്ധനമഴിക്കുവാൻ തീ അയച്ച കർത്താവേ, തീയിൽ കരിഞ്ഞുപോയ ചണനൂൽപോലെ എന്റെ എല്ലാ ബന്ധനങ്ങളും അഴിച്ചുതരണമേ. നാഥാ! സ്വർഗ്ഗീയ അഗ്നി എന്റെമേൽ ഇറങ്ങണമേ. സ്വർഗ്ഗത്തിന്റെ തീ എന്റെ രക്തധമനികളിലൂടെ ഒഴുകണമേ. സ്വർഗ്ഗത്തിന്റെ അഗ്നി എന്നെ രൂപാന്തരപ്പെടുത്തണമേ. എന്റെ ദുശ്ശീലങ്ങൾ കത്തിച്ചു കളയണമേ. എന്റെ മേലുള്ള രോഗത്തിന്റെ ബന്ധനം, എന്റെ മേലുള്ള സാത്താന്റെ ബന്ധനങ്ങളെല്ലാം കരിച്ചു കളയണമേ. ദൈവത്തിന്റെ പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ.

# നാല്

വളരെ പ്രസിദ്ധനായ ഒരു സാഹിത്യകാരനായിരുന്നു ഇംഗ്ലീഷ് സാഹിത്യത്തിൽ Treasure Island, Kidnap മുതലായ പുസ്തകങ്ങൾ എഴുതിയ Robert Luis Stevenson. അദ്ദേഹം കൊച്ചുകുട്ടിയായിരുന്ന കാലത്ത് ഒരു സംഭവമുണ്ടായി. തന്റെ വീട്ടിലെ ഒരു മുറിയിൽ ഈ കൊച്ചുകുട്ടി മാത്രം ഉള്ളപ്പോൾ അവൻ കതകു വലിച്ചടച്ചു. എങ്ങനെയോ വാതിൽ പൂട്ടിപ്പോയി. ആരും അകത്തില്ല. മുറിക്കകത്തു മുഴുവൻ കൂരിരുട്ട്. അയ്യോ! എന്തുചെയ്യും? കുട്ടി ഉറക്കെ കരയാൻ തുടങ്ങി. ആരും കേൾക്കുന്നില്ല. കാരണം മുറിയ്ക്കകത്തുനിന്ന് ശബ്ദം പോകുന്നില്ല. ജനലും വാതിലും എല്ലാം അടച്ചിട്ടിരിക്കുകയാണ്. കുട്ടി ഉച്ചത്തിൽ കരയുന്നുണ്ട്. പാവം പേടിച്ചുപോയി. വാതിൽ തുറക്കാൻ മാർഗ്ഗമില്ല. ഒന്നും കാണാനും പറ്റുന്നില്ല. കുട്ടി വിഷമിച്ചു.

കുട്ടിയുടെ കരച്ചിൽ എപ്പോഴോ വെളിയിൽ കേട്ടു. അപ്പൻ ഓടി വന്നു, വാതിൽ തുറക്കാൻ നോക്കി പക്ഷേ, തുറക്കുന്നില്ല. പൂട്ടുവീണു പോയി. വാതിൽ തുറക്കണമെങ്കിൽ പൂട്ടുതുറക്കാൻ പറ്റിയ പണിക്കാരനെ കൊണ്ടുവരണം. അപ്പൻ ധൃതഗതിയിൽ പണിക്കാരനെ കൊണ്ടുവരുവാൻ ഒരാളോട് പറഞ്ഞു. പക്ഷേ, അപ്പൻ അവിടെ നിന്ന് മാറിയില്ല. അപ്പൻ വെളിയിൽ നിന്ന് മോനെ വിളിച്ചു. ആ ഇരുട്ടുള്ള മുറിയിൽ പേടിച്ചരണ്ടു നിന്ന കുട്ടി അപ്പന്റെ ശബ്ദം കേട്ടു.

അപ്പൻ മോനോട് സംസാരിക്കാൻ തുടങ്ങി. മോനേ, പേടിക്കേണ്ട. ഞാൻ ഇവിടെയുണ്ട്. വാതിൽ തുറക്കാം. കുട്ടിയും അപ്പനും കൂടി സംസാരിച്ചുകൊണ്ടിരുന്നു. അവന്

പേടിമാറി. മുറിയിൽ വെളിച്ചം ഉണ്ടായില്ല. മുറി തുറന്നില്ല. പക്ഷേ, കുട്ടിയുടെ പേടിമാറി. കാരണം, തൊട്ടടുത്ത് അപ്പൻ നിൽക്കുന്നുണ്ട് എന്ന ഉറപ്പ്. അപ്പൻ സംസാരിച്ചുകൊണ്ടിരിക്കുന്നുണ്ട്. അപ്പന്റെ ശബ്ദം കേൾക്കുന്നുണ്ട്. അവന് നല്ല സമാധാനമായി. ആ മുറി തുറക്കുന്നതുവരേയും അപ്പൻ വാതോരാതെ മോനോട് സംസാരിച്ചുകൊണ്ടിരുന്നു. മോനും അപ്പനും കൂടി നല്ല സംഭാഷണം.

ആത്മീയജീവിതത്തിൽ നമുക്ക് ഭയം ഉണ്ടാവുകയില്ല, എന്റെ കർത്താവ് അടുത്തുണ്ട് എന്ന ഉറപ്പുണ്ടെങ്കിൽ. ഏതു സാഹചര്യത്തിലും എന്നെ സഹായിക്കാൻ എന്റെ യേശു അടുത്തുണ്ട്. എന്നോടു സംസാരിക്കാൻ, എനിക്ക് ധൈര്യം തരാൻ യേശു അടുത്തുണ്ട്. പരീക്ഷ, പലകുട്ടികൾക്കും പേടിയാണ്. പരീക്ഷ എന്നോർക്കുമ്പോൾ ഭയങ്കര പേടി. കൈ വിറയ്ക്കുന്നു. കാലു വിറയ്ക്കുന്നു. എല്ലാം മറന്നുപോകുന്നു. ഒന്നും ഓർമ്മയിൽ കിട്ടുന്നില്ല. പലകുട്ടികളും വിഷമിക്കുന്നുണ്ട്. യേശുക്രിസ്തു അടുത്തുണ്ട് എന്ന ധൈര്യം നിസ്സാരകാര്യമല്ല. പരീക്ഷ എഴുതുമ്പോൾ യേശു അടുത്തുവേണം. യാത്ര ചെയ്യുമ്പോൾ യേശു അടുത്തുണ്ട്. ഓഫീസിൽ ഇരിക്കുമ്പോൾ യേശുക്രിസ്തു അടുത്ത് വേണം.

യേശുക്രിസ്തു എന്റെ കുറ്റം കാണാനായിട്ട് നോക്കിക്കൊണ്ടിരിക്കുന്ന ആളല്ല. കുറ്റം വന്നാൽ എന്നെ എങ്ങനെ രക്ഷിക്കാം എന്നു നോക്കുന്ന ആളാണ്. തെറ്റുപറ്റിയാൽ എന്നെ എങ്ങനെ വിടുവിക്കാം എന്നു നോക്കുന്ന ആളാണ്. ദൈവം എപ്പോഴും ശിക്ഷ വിധിക്കുന്ന ആളല്ല. ശിക്ഷ വിധിക്കാതിരിക്കാനുള്ള മാർഗ്ഗം എന്ത് എന്നു നോക്കുന്ന ആളാണ്. ദൈവം സ്നേഹമാണ്. സ്നേഹവാനായ ദൈവത്തിന്റെ സാന്നിധ്യം നമുക്ക് കിട്ടണം. ഇന്ന് വേണമെങ്കിൽ നിങ്ങൾക്കതു ലഭിക്കും. യേശുക്രിസ്തു കൂടെയുണ്ട് എന്ന് നിങ്ങൾ വ്യക്തമായ ബോധ്യമുള്ളവരായിത്തീരണം.

നിങ്ങൾ ഏതുസഭയിലാണെങ്കിലും യേശുക്രിസ്തു

നിങ്ങളുടെ കൂടെ വരും. കർത്താവ് സഭ നോക്കുന്നില്ല. സമു ദായം നോക്കുന്നില്ല. കർത്താവിന് കക്ഷിയും പക്ഷവും ഇല്ല.

> *"മരിച്ചവൻ പുറത്തുവന്നു; അവന്റെ കാലും കൈയും ശീലകൊണ്ട് കെട്ടിയും മുഖം റൂമാൽ കൊണ്ട് മൂടി യുമിരുന്നു. അവന്റെ കെട്ട് അഴിപ്പിൻ; അവൻ പോകട്ടെ എന്ന് യേശു അവരോട് പറഞ്ഞു."*
>
> *യോഹന്നാൻ 11 : 44*

4. മരണത്തിന്റെ ബന്ധനം.

ലാസർ മരിച്ചു, ശവമടക്കി, നാലുദിവസമായി. അപ്പോ ഴാണ് യേശു വരുന്നത്. മരിച്ച്, ചീഞ്ഞ് ദുർഗന്ധം വമിച്ച് ലാസർ കല്ലറയിൽ കിടക്കുകയാണ്. യേശു, ലാസറിനെ ഉയിർത്തെഴുന്നേൽപ്പിച്ചു. ലാസറേ, പുറത്തുവരിക എന്ന് യേശു വിളിച്ചപ്പോൾ സ്രഷ്ടാവിന്റെ സ്വരം കേട്ട് സൃഷ്ടി ഉണർന്നുവന്നു. എന്തൊരത്ഭുതം! യേശുവിന്റെ സ്വരം കേട്ടാൽ ആരും ഉണരും. സ്രഷ്ടാവിന്റെ സ്വരം കേട്ടാൽ അനേകർ ആകർഷിക്കപ്പെടും.

വചനം പറയുന്നവർ ശ്രദ്ധിക്കുക. എന്റെ നാവിൽക്കൂടി സ്രഷ്ടാവിന്റെ സ്വരം സൃഷ്ടി കേൾക്കണം. എന്റെ ബുദ്ധി പ്രവർത്തിക്കരുത്, എന്റെ അറിവു പ്രവർത്തിക്കരുത്, എന്റെ കഴിവു പ്രവർത്തിക്കരുത്, എന്റെ ഭാഷ പ്രവർത്തിക്കരുത്. എന്റെ കർത്താവേ, എന്റേതെല്ലാം നീ അകറ്റിമാറ്റി സ്രഷ്ടാ വിന്റെ സ്വരം എന്റെ നാവിൽ നിക്ഷേപിക്കണമേ. സ്രഷ്ടാ വിന്റെ വചനം എന്റെ നാവിൽ എഴുതിത്തരണമേ. അങ്ങനെ പ്രാർത്ഥിച്ചുകൊണ്ടുവേണം വചനം പറയാൻ. നിങ്ങൾ പ്രാർത്ഥനയോടുകൂടി നിന്നാൽ വചനം പറയുമ്പോൾ തീ കത്തും. കാരണം സ്രഷ്ടാവിന്റെ വചനമാണ് നിങ്ങളുടെ നാവിൽക്കൂടി വരുന്നത്.

അന്ന് ലാസറിന്റെ കല്ലറയിൽ മുഴങ്ങിയത് സ്രഷ്ടാവിന്റെ സ്വരമാണ്. നാലുദിവസം മുമ്പ് അടക്കിയ ശവശരീരം സ്രഷ്ടാ

വിന്റെ സ്വരം കേട്ടു. അങ്ങ് നിത്യതയിലേക്ക് പോയ ആത്മാവ് ഈ ജീർണ്ണിച്ച ശരീരത്തിലേക്ക് മടങ്ങി വന്നു. എന്തൊരത്ഭുതം! സ്രഷ്ടാവിന്റെ ശബ്ദം കേട്ട് മരിച്ച് ജീർണ്ണിച്ചു തുടങ്ങിയ ശരീരത്തിലേക്ക് ആത്മാവ് മടങ്ങിവന്നു. ലാസർ ഉയിർത്തെഴുന്നേറ്റു!

ലാസറിന്റെ സഹോദരിമാർ അത്ഭുതത്തോടെ നോക്കി നിൽക്കുന്നു! കൂടെ കാണാൻ വന്ന യഹൂദന്മാർ എല്ലാവരും അതിശയിച്ച് നോക്കി നിൽക്കുന്നു. കർത്താവിന്റെ ശിഷ്യന്മാർ കർത്താവിനെ സ്തുതിച്ചുകൊണ്ട് ചേർന്നുനിൽക്കുന്നു. യേശുക്രിസ്തു വളരെ ശാന്തനായി ലാസറിനെ നോക്കിക്കൊണ്ടു നിൽക്കുന്നു. അപ്പോൾ ഇതാ ലാസർ യേശുവിന്റെ മുമ്പിൽ വന്നു നിൽക്കുന്നു. അവരെല്ലാവരും അത്ഭുതപ്പെട്ടു. ലാസറിന്റെ കൈയും കാലും കെട്ടിയിരിക്കുകയാണ്. മുഖം റൂമാൽകൊണ്ടു മൂടിയുമിരുന്നു. ശവശരീരം ശവപ്പെട്ടിയിൽ കിടത്തിയതുപോലെതന്നെ ഇതാ എഴുന്നേറ്റുവന്നു നിൽക്കുന്നു. എങ്ങനെ ആ dead body നടന്നുവന്നു! സ്രഷ്ടാവിന്റെ സ്വരം കേട്ടപ്പോൾ സൃഷ്ടി എഴുന്നേറ്റു മുമ്പിൽ നിന്നു! ഇതൊരത്ഭുതമാണ്. ജീവൻ കിട്ടി പക്ഷേ, ബന്ധനം അഴിഞ്ഞിട്ടില്ല.

ഇന്നനേകം പേർക്ക് ജീവൻ കിട്ടിയിട്ടുണ്ട്. ഒരു വീണ്ടുംജനനാനുഭവമുണ്ട്. മാനസാന്തരപ്പെട്ടവരാണ്. പ്രകടമായ പാപങ്ങളൊന്നുമില്ല. പല ബന്ധനങ്ങളും അഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ മദ്യപാനമില്ല, പുകവലിയില്ല, ചീട്ടുകളിയില്ല, കഞ്ചാവില്ല, മയക്കുമരുന്നില്ല, വേണ്ടാത്ത കൂട്ടുകെട്ടില്ല, അഴുക്കുശീലങ്ങളില്ല, വഴക്കും വൈരാഗ്യവുമില്ല, വീട്ടിൽ പിണക്കമില്ല. വീട്ടിൽ സ്തുതിയും സ്തോത്രവുമെല്ലാം മുഴങ്ങുന്നുണ്ട്. കൂട്ടായ്മയോഗങ്ങൾക്കു വരുന്നുണ്ട്, താത്പര്യമുണ്ട്. പക്ഷേ, ഇപ്പോഴും ബന്ധനമുണ്ട്.

അകത്താണ് ബന്ധനം. പുറമേ വലിയ ബന്ധനമില്ല. അസൂയ ഒരു ബന്ധനമാണ്. സ്ഥാനമോഹം വലിയ ബന്ധനമാണ്. മറ്റുള്ളവരുടെ മുമ്പിൽ ആളാവുക. അതൊരു ബന്ധന

മാണ്. കൂട്ടായ്മയിൽ വന്നുതുടങ്ങുമ്പോൾ ഇങ്ങനെ ഒരു ബന്ധനമുണ്ട് എന്ന് മനസ്സിലാവുകയില്ല. കാരണം, ആരെയും തന്നെ പരിചയമില്ല. ആരുടെയും മുമ്പിൽ ആളാകാനുള്ള താത്പര്യമില്ല. കൂട്ടായ്മയിൽ വന്നുതുടങ്ങിയ കാലത്ത് ഒരു ദൈവസ്നേഹം ആകർഷിച്ചു വന്നു. ദൈവത്തിന്റെ വചനം കേൾക്കുമ്പോൾ ഉള്ളു കത്തിക്കൊണ്ടിരുന്നു.

എന്നാൽ പിന്നീട് കൂട്ടായ്മയിലുള്ളവരുമായി ഒരടുപ്പം വന്നു. ഓരോരുത്തർക്കും ചില ചുമതലകൾ കിട്ടി. ആ ചുമതല കൾ ഏറ്റെടുക്കുമ്പോൾ നിങ്ങൾക്കുതോന്നി ഞാൻ ഏതാണ്ട് യോഗ്യതയുള്ള ആളാണ് എന്ന്. ദൈവവേലയിൽ, ഓരോ ജോലിയിൽ നിങ്ങൾ പങ്കാളികളായിത്തീർന്നു. ചിലർ സാക്ഷ്യം പറയുന്നവരായി. ചിലർ വചനം പറയുന്നവരായി. ചിലർ ഭവനസന്ദർശനം നടത്തുന്നവരായി. ചിലർ പാട്ടുപാടു ന്നവരായി. അല്ലെങ്കിലേതെങ്കിലും ആത്മീയകാര്യങ്ങളിൽ താത്പര്യമുള്ളവരും ശുഷ്ക്കാന്തിയുള്ളവരുമായി.

അങ്ങനെ ഓരോന്നിലോരോന്നിലായപ്പോൾ ഞാൻ ഏതാണ്ടാണ് എന്നൊരു തോന്നൽ വന്നു. ഞാൻ ഈ കൂട്ടായ്മ യിൽ വലിയ ആളാണ് എന്ന തോന്നൽ! ആളുകൾ ബഹുമാനി ക്കാൻ തുടങ്ങി. കൂട്ടായ്മയിലുള്ളവർക്ക് വലിയ കാര്യം. ഏതാ ണ്ടൊരു ബഹുമാനം കിട്ടുന്നു.

ആർക്കും തടുക്കാനാകാത്ത ഒരു ദിവസം, ആരും നിന ച്ചിരിക്കാത്ത ഒരു ദിവസം പ്രതീക്ഷിക്കാത്ത ഒരു ദിവസം മരി ച്ചുകടന്നുചെല്ലുമ്പോൾ നിത്യനായ ദൈവത്തിന്റെ മുമ്പിൽ ഞാൻ ന്യായവിസ്താരസ്ഥലത്ത് ചെന്നുനിൽക്കേണ്ടിവരും എന്നുള്ള ചിന്തയില്ല. ദൈവഭയമില്ല. ഇവിടെ ആളുകളുടെ മുമ്പിൽ ആളുകളിച്ചാൽ മതി. ആളുകളുടെ മുമ്പിൽ നേതാവാ യാൽ മതി. ആളുകളുടെ മുമ്പിൽ അംഗീകാരം കിട്ടിയാൽ മതി. ആളുകൾ ബഹുമാനിച്ചാൽ മതി. ആളുകൾ ആദരിച്ചാൽ മതി.

നിങ്ങൾ പലരും ദൈവത്തെ മറന്ന് മനുഷ്യരിലേക്കു

തിരിയുന്നു. നിങ്ങൾക്ക് ആളുകളുടെ മുമ്പിൽ അംഗീകാരം കിട്ടി. അതോടെ നിങ്ങൾ തകിടം മറിഞ്ഞു. അതോടെ അഹ ങ്കാരം മൂത്തു. തന്മൂലം നിങ്ങളുടെ സ്വയം പൊങ്ങി. തന്മൂലം നിങ്ങൾ ആത്മാവിൽ വീണു. അങ്ങനെ വീണസമയത്ത് ദൈവ ത്തിന്റെ പരിശുദ്ധാത്മാവ് ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു തരുന്നു. അപ്പോളത് സ്വീകരിക്കാൻ മനസ്സുവരുന്നില്ല. അഹങ്കാ രത്തോടെ നിൽക്കുന്നു. അപ്പോൾ വീണ്ടും വീഴുന്നു.

ഇന്നനേകർക്ക് സ്ഥാനമോഹം ഒരു ബന്ധനമാണ്. ഇന്നെന്നെ പ്രസംഗിക്കാൻ വിളിച്ചില്ല. എനിക്ക് പ്രസംഗിക്കാൻ അവസരം തന്നില്ല. സാക്ഷ്യം പറയാൻ അവസരം തന്നില്ല. ഉള്ളിൽ ഒരു മടുപ്പ്. ഒരു നീരസം. ഒരിഷ്ടക്കുറവ്. നിങ്ങൾ ആത്മാവിൽ തകരുകയാണ്. ആത്മാവിൽ അപകടത്തിലേക്ക് പോവുകയാണ്.

ഇങ്ങനെ ചില വ്യക്തികളിലേക്കും വ്യക്തിപരമായ ചില ധാരണകളിലേക്കും ആശ്രയം പോകുന്നതുകൊണ്ട് ആത്മാവു മരിക്കുന്നു എന്നറിയുന്നില്ല. ജീവൻ കിട്ടി, ശരിയാണ്. മാനസാ ന്തരപ്പെട്ടു, ശരിയാണ്. പ്രകടമായ പാപങ്ങൾ മാറി. മദ്യപാ നവും വഴക്കടിയ്ക്കലും വൈരാഗ്യവും എല്ലാം മാറി. പലതും സ്വന്തമല്ലാത്തത് കൈയിലുണ്ടായിരുന്നത് തിരിച്ചുകൊടുത്തു. മാപ്പുചോദിച്ചു നിരപ്പായി. അതെല്ലാം ചെയ്തു. പക്ഷേ, ഇന്നും മുറുകെ പറ്റുന്ന ചില പാപങ്ങൾ അകത്തുണ്ട്.

ഏതെല്ലാമാണ് നിങ്ങളുടെ മുറുകെ പറ്റുന്ന പാപങ്ങൾ? പലരും ജീവന്റെ പുസ്തകത്തിൽ പേരുകിട്ടിയവരാണ്. പക്ഷേ, പേര് മാഞ്ഞുപോയിരിക്കുന്നു. ഒരിക്കൽ കൃപ കിട്ടിയവരാണ് പക്ഷേ, കൃപയിൽനിന്ന് വീണുപോയിരിക്കുന്നു. ഒരിക്കൽ ദീപം കത്തിച്ചുകിട്ടിയവരാണ് പക്ഷേ, ദീപം കെട്ടുപോയിരി ക്കുന്നു. എന്നാൽ എന്റെ ആത്മാവ് കെട്ടുപോയി എന്നു സമ്മ തിക്കാൻ മനസ്സില്ല.

പാപം വന്നപ്പോൾ ആത്മാവ് മരിച്ചുപോയി എന്നു സമ്മ

തിച്ചിരുന്നെങ്കിൽ രക്ഷപ്പെടാമായിരുന്നു. ദൈവമേ, നീ എനിക്കിതു പറഞ്ഞുതന്നല്ലോ, ഭാഗ്യമെന്നോർത്ത് എളിമപ്പെട്ടിരുന്നെങ്കിൽ രക്ഷപ്പെടാമായിരുന്നു. എത്ര നിശിതമായും കർക്കശമായും പറഞ്ഞാലും എന്നെ സ്നേഹിക്കുന്ന ക്രിസ്തുവിന്റെ സ്നേഹമാണ് എന്നെ ശാസിക്കുന്നത്, എന്നെ തർജ്ജനം ചെയ്യുന്നത്, എനിയ്ക്കുപദേശിച്ചു തരുന്നത്, എനിക്കു പ്രബോധനം തരുന്നത് എന്നു മനസ്സിലാക്കിയിരുന്നെങ്കിൽ രക്ഷപ്പെടാമായിരുന്നു. നിർഭാഗ്യവശാൽ അകത്തെ മനുഷ്യന് തന്നെത്താൻ എളിമപ്പെടാനോ താഴാനോ സാധിക്കുന്നില്ല.

കുറച്ച് ദൈവവേല ചെയ്തു എന്നതുകൊണ്ട് കാര്യമായില്ല. കുറെക്കാലം ചേർന്നു നടന്നു എന്നതുകൊണ്ടും കാര്യമായില്ല. നിങ്ങളുടെ ജീവിതത്തിന്റെ ചില മാരകമായ വശങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ വിനയപ്പെടുന്നതാണ് ഏറ്റവും വലിയ ഭാഗ്യം. വിനയപ്പെടാതെ വരുമ്പോൾ വിനയപ്പെടാത്ത ആൾക്കാണ് നഷ്ടം വരുന്നത്, പറഞ്ഞു കൊടുക്കുന്ന ആൾക്കല്ല നഷ്ടം. കൂട്ടായ്മക്കല്ല നഷ്ടം.

കാമാസക്തിയും പ്രേമബന്ധങ്ങളും നിങ്ങളെ വീഴിക്കുന്ന മാരകമായ വിപത്താണ്. പ്രേമബന്ധങ്ങൾ നിർത്തണം എന്നു പറഞ്ഞിട്ട് പിന്നെയും missed call അടിച്ച് ബന്ധങ്ങൾ തുടരുന്നവർ. പ്രേമത്തിന്റെ കുരുക്കിൽപ്പെടുന്നവർ. അരുതായ്മകളിലേക്ക് പോകുന്നവർ. അവർ ആത്മാവിനെതിരായ പാപം ചെയ്യുകയാണ്. പരിശുദ്ധാത്മാവാണ് നിങ്ങൾക്ക് പ്രബോധനം തരുന്നത്. ആ പ്രബോധനം അവഗണിച്ച് വീണ്ടും പാപം ചെയ്യുമ്പോൾ അത് ആത്മാവിനെതിരായ പാപമാണ്.

പരിശുദ്ധാത്മാവ് നിങ്ങളെ സ്നേഹിച്ച് ഒരു വചനം തന്നപ്പോൾ ആ വചനം കൈക്കൊള്ളാതെ ആത്മാവിന്റെ വചനത്തെ പിറകിലേക്ക് എറിഞ്ഞുകളഞ്ഞു. "നീ എന്റെ വചനത്തെ പിറകിലേക്ക് എറിഞ്ഞുകളഞ്ഞതുകൊണ്ട് ഞാനും നിന്നെ കൈവിടുന്നു." കിട്ടിയ വചനം സ്വീകരിച്ചില്ല. കിട്ടിയ വചനം തൊഴിച്ചുകളഞ്ഞു. അതുകൊണ്ട് ഞാനും നിന്നെ കൈവിടും.

*ദൈവത്തെ മറക്കുന്നവരേ, ഇത് ഓർത്തുകൊൾവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും; വിടുവിപ്പാൻ ആരും ഉണ്ടാകയുമില്ല."*
*സങ്കീർത്തനങ്ങൾ 50 : 22*

അനേകംപേരും ആത്മീയജീവിതത്തിന്റെ ആദ്യപാഠങ്ങളിലേക്ക് വരുന്നില്ല. കുറ്റബോധം വരുന്നില്ല.

*"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും."       2 ദിനവൃത്താന്തം 7 : 14*

വചനം കേൾക്കുമ്പോൾ താഴണം. വചനം കേൾക്കുമ്പോൾ എളിമപ്പെടണം. വിനയപ്പെട്ട് തിരുത്താൻ തയ്യാറാകണം. ആത്മീയജീവിതത്തിൽ നിങ്ങൾക്ക് മുന്നോട്ട് ഒരടി വയ്ക്കണമെങ്കിൽ തിരുത്താൻ തയ്യാറാകണം. ഉപദേശം കൈക്കൊണ്ട് എളിമപ്പെടണം.

*"ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിന്നും മനസ്താപമുള്ളവരുടെ ഹൃദയത്തിന്നും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടുകൂടെയും വസിക്കുന്നു."       യെശയ്യാവ് 57 : 15*

മനസ്താപവും മനോവിനയവും വേണം. നമ്മുടെ ജീവിതത്തിൽ എവിടെയെല്ലാമാണ് കേടുപറ്റിയിരിക്കുന്നത്? എത്ര പാപങ്ങളുണ്ടെങ്കിലും എത്ര ബന്ധനങ്ങളുണ്ടെങ്കിലും എല്ലാം അഴിച്ചുതരാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് തയ്യാറാണ്. എല്ലാ കുരുക്കുകളും മാറ്റിത്തരും. ആരും പേടിക്കണ്ട. ആരും തളരണ്ട. നിരാശപ്പെടണ്ട. എത്ര ഘോരപാതകം വന്നവരാണെങ്കിലും, പൊറുക്കാൻ വയ്യാത്തത് എന്നു തോന്നുന്ന പാപങ്ങ

ളാണ് വന്നതെങ്കിലും, തിരുത്താൻ പറ്റാത്തതാണ് വന്നതെങ്കിലും അതും കർത്താവ് ക്ഷമിച്ചുതരും. ഗർഭഛിദ്രം നടത്തിയിട്ടുണ്ടെങ്കിലും കൊലപാതകം ചെയ്തിട്ടുണ്ടെങ്കിലും കർത്താവ് ക്ഷമിച്ചുതരും. കവർച്ചമുതൽ തിരികെ കൊടുക്കാൻ നിങ്ങൾ തയ്യാറായാൽ അതും ക്ഷമിച്ചുതരും. നിങ്ങളുടെ ജീവിതത്തിൽ മനസ്താപവും മനോവിനയവും വരണമെന്നു മാത്രം.

ആരും തികഞ്ഞവരല്ല. ഒന്നല്ലെങ്കിൽ മറ്റൊരു പാപം വന്നവരാണ്. ഓരോ തരത്തിലായിരിക്കും. ചിലത് വലിയ പാപങ്ങളായിരിക്കും. ചിലത് ചെറിയ പാപങ്ങളായിരിക്കും. ചിലത് മാരകമായ പാപമായിരിക്കും. ഏതെങ്കിലും പാപങ്ങൾ വന്നവരാണ് എല്ലാവരും.

കോപിച്ചവരില്ലേ? വൈരാഗ്യപ്പെട്ടവരില്ലേ? ഈർഷ്യയും അസൂയയും വന്നവരില്ലേ? മുഷിച്ചിലും പിണക്കവും ഹൃദയത്തിൽ വച്ചുകൊണ്ടിരുന്നവരില്ലേ? ചില ദുർവ്വാശിയുള്ളവരായിരുന്നില്ലേ? സ്വാർത്ഥതയുണ്ടായിരുന്നില്ലേ? പണത്തിനുവേണ്ടി എന്തെങ്കിലും നുണപറയാൻ മടിയില്ലാത്തവരായിരുന്നില്ലേ? തക്കസമയത്ത് സൂത്രംപ്രയോഗിച്ച് അസത്യം പറഞ്ഞ് അവിടെ നിന്ന് താൽക്കാലികമായി രക്ഷപ്പെടാൻ നോക്കിയവരില്ലേ? ഉണ്ട്, തെറ്റുകളുണ്ട്. എന്നാൽ ഇതെല്ലാം ക്ഷമിച്ചുതരും.

അതിനാണ് യേശുക്രിസ്തു രക്തം ചിന്തിയത്. യേശുക്രിസ്തുവിന്റെ തിരുരക്തം ഇന്നും നമ്മെ തൊട്ട് ശുദ്ധീകരിപ്പാൻ തയ്യാറാണ്.

Sow a thought; reap an action
Sow an action; reap a habit
Sow a habit; reap a character
And sow a character; reap your destiny.

ഒരു ചിന്ത വിതയ്ക്കൂ, അതൊരു പ്രവൃത്തിയായി മാറുന്നു. ഒരേ പ്രവൃത്തി തന്നെ തുടരൂ, അതൊരു ശീലമായിത്തീരും. ഒരേ ശീലം തന്നെ തുടർന്നുകൊണ്ടിരിക്കൂ, അത് നിങ്ങളുടെ

സ്വഭാവമായിത്തീരും. അത് നിന്റെ ഭാവിഭാഗധേയമായിരിക്കും. നിന്റെ ഭാവി വിധി അതായിരിക്കും.

ഒരു ചിന്തയിലാണ് തുടങ്ങിയത്. ഒരു വൈരാഗ്യചിന്ത വരുന്നു. ഒരാളോട് നീരസം വരുന്നു. ഒരാളോട് പക വരുന്നു. ഒരാളോട് ഏതെങ്കിലും തരത്തിലുള്ള മുൻവിധി വരുന്നു. ഒരാളെ വിധിക്കാൻ തോന്നുന്നു. നിങ്ങൾ ഒരാളെക്കുറിച്ച് കേൾക്കുന്നു. ഉടനെ നിങ്ങളുടെ ഹൃദയത്തിൽ അല്ലെങ്കിൽ നാവിൽ അശുദ്ധമായ വാക്കുവരുന്നു. ഒരു ഇഷ്ടക്കുറവിന്റെ വാക്കു വരുന്നു. വൈരാഗ്യത്തിന്റെ വാക്കു വരുന്നു.

പ്രിയമുള്ളവരേ, ഒരാളോട് നിങ്ങൾക്ക് ഇഷ്ടക്കുറവുണ്ട്. നിങ്ങൾ നന്നാവാൻ വേണ്ടി അയാൾ ഏതെങ്കിലും ഉപദേശം തന്നിട്ടുണ്ടാകും. അല്ലെങ്കിൽ ശാസിച്ചിട്ടുണ്ടാകും. അത് നിങ്ങൾക്കിഷ്ടപ്പെട്ടിട്ടില്ല. അതുകൊണ്ടാണ് ചീത്തവാക്ക് നാവിൽ വരുന്നത്. അമർഷത്തിന്റെ വാക്ക് നാവിൽ വരുന്നത്. ചിലരെ കാണുമ്പോഴേക്കും ചീത്തവാക്കാണ് നാവിൽ വരുന്നത്. പുറമെ പറയുന്നില്ല. ചിലരെ കാണുമ്പോൾ അടിക്കാൻ തോന്നുന്നു. അടിച്ചിട്ടൊന്നുമില്ല. പക്ഷേ, അടിക്കാൻ തോന്നുക യാണ്.

ഞാൻ എന്തെങ്കിലും പറയുമ്പോൾ നിങ്ങൾക്ക് അറപ്പും വെറുപ്പും തോന്നുന്നു. അതിനർത്ഥം എന്നോടുള്ള വൈരാഗ്യ മല്ല, എന്റെ ഉള്ളിലുള്ള ദൈവത്തിന്റെ ആത്മാവ് നിങ്ങൾക്കു തന്ന വചനത്തെ നിങ്ങൾ തട്ടിക്കളഞ്ഞതുകൊണ്ട് നിങ്ങളുടെ ഉള്ളിലുള്ള പിശാച് എന്നെ എതിർക്കുകയാണ്. ഉപവാസ മെടുത്ത് പ്രാർത്ഥിക്കണം, ഈ ദുഷ്ടപിശാചിനെ എന്നിൽനിന്ന് മാറ്റിത്തരണമേ എന്ന്.

ഉപവാസമെടുത്ത് മുട്ടുപൊട്ടത്തക്കവണ്ണം നിങ്ങൾ കര യണം. എന്റെ കർത്താവേ, നിന്റെ ആത്മാവിനെ ഞാൻ എതിർക്കുന്നുവല്ലോ. ആത്മാവിന്റെ വചനത്തെ ഞാൻ എതിർ ത്തല്ലോ. ആത്മാവിന്റെ വചനത്തോട് ഞാൻ അകൽച്ച കാണി

ച്ചല്ലോ. കർത്താവേ, എന്നെ ശാസിക്കുകയും തർജ്ജനം ചെയ്യുകയും ശിക്ഷണം തരികയും ചെയ്തത് എനിക്ക് സുഖിച്ചില്ലല്ലോ. എനിക്ക് സന്തോഷമായില്ലല്ലോ. കാരണം, എന്റെ അകത്തെ സ്വയം, അഹങ്കാരം പൊങ്ങിനിൽക്കുന്നു. ഇത് ദൈവത്തോടു പറയണം. എന്നിട്ട് ദൈവസന്നിധിയിൽ താഴണം. കർത്താവേ, എന്നോട് ക്ഷമിക്കണമേ, എനിക്കു മാപ്പുതരണമേ എന്നു പറയണം.

ജീവിതത്തിൽ എപ്പോഴും ദൈവഭയത്തോടെ നിന്നാൽ നിങ്ങൾക്ക് രക്ഷനേടാൻ സാധിക്കും. ഇന്നും കെട്ടുകളുണ്ട്. ജീവൻ കിട്ടി പക്ഷേ, കെട്ടഴിഞ്ഞില്ല. മാനസാന്തരപ്പെട്ടു. പക്ഷേ, കെട്ടഴിഞ്ഞില്ല. അനുതാപം കിട്ടി. പക്ഷേ, കെട്ടഴിഞ്ഞില്ല. പ്രകടമായ പാപങ്ങൾ മാറി. പക്ഷേ, കെട്ടഴിഞ്ഞില്ല. മരണം മാറി ജീവൻ കിട്ടി. പക്ഷേ, കെട്ടഴിഞ്ഞില്ല. ഇന്നനേകം പേരുടെ ജീവിതത്തിൽ ബന്ധനങ്ങളുണ്ട്.

ദൈവം വെറുക്കുന്നവരെ നിങ്ങൾ വെറുക്കണം.

*"യഹോവേ, നിന്നെ പകയ്ക്കുന്നവരെ ഞാൻ പകയ്ക്കേണ്ടതല്ലയോ? നിന്നോട് എതിർത്തുനിൽക്കുന്നവരെ ഞാൻ വെറുക്കേണ്ടതല്ലയോ? ഞാൻ പൂർണ്ണദ്വേഷത്തോടെ അവരെ ദ്വേഷിക്കുന്നു; അവരെ എന്റെ ശത്രുക്കളായി എണ്ണുന്നു."*

*സങ്കീർത്തനം 139 : 21, 22*

ദൈവത്തെ വെറുക്കുന്നവരെ ദൈവദാസനും ദൈവദാസിയും വെറുക്കണം. ദ്വേഷിക്കണം. ദൈവവചനത്തെ പകയ്ക്കുന്നവരെ ദൈവമക്കളും പകയ്ക്കണം.

*"ദുർന്നടപ്പുകാരോട് സംസർഗ്ഗം അരുത് എന്ന് ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്ക് എഴുതീട്ടുണ്ടല്ലോ. അത് ഈ ലോകത്തിലെ ദുർന്നടപ്പുകാരോടോ അത്യാഗ്രഹികളോടോ പിടിച്ചുപറിക്കാരോടോ വിഗ്രഹാരാധികളോടോ അരുത് എന്നല്ല*

*ല്ലോ. അങ്ങനെ എങ്കിൽ നിങ്ങൾ ലോകം വിട്ടുപോകേണ്ടിവരും. എന്നാൽ സഹോദരനെന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുത്; അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുത് എന്നത്രേ ഞാൻ നിങ്ങൾക്കു എഴുതിയത്."*

*1 കൊരിന്ത്യർ 5 : 9 – 11*

*"ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളവിൻ."* *1 കൊരിന്ത്യർ 5 : 13*

വേർപാട് പാലിക്കേണ്ടിടത്ത് വേർപാടുപാലിക്കണം. അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്.

ഒരു കാറിന്റെ ഒരു വശത്ത് കാറിന്റെ ടയറ്, മറുവശത്ത് സ്കൂട്ടറിന്റെ ടയറ്. ഓടിക്കാൻ പറ്റുമോ? നിങ്ങളുടെ കൂട്ടുകെട്ടുകൾ സൂക്ഷിക്കണം. ചെറുപ്പക്കാർ സൂക്ഷിക്കണം. വിദ്യാർത്ഥികൾ സൂക്ഷിക്കണം. വിദ്യാർത്ഥിനികൾ സൂക്ഷിക്കണം; നിങ്ങൾ മറ്റ് വീടുകൾ കയറി ഇരുന്ന് വർത്തമാനം പറഞ്ഞ് സമയം പോക്കരുത്. അവിശ്വാസികളുമായി കൂട്ടുകൂടരുത്.

"അവന്റെ കെട്ടഴിപ്പിൻ, അവൻ പോകട്ടെ." ലാസറിന്റെ കൈയുടേയും കാലിന്റേയും കെട്ടഴിച്ചു. മുഖത്തെ റൂമാൽ മാറ്റി. ലാസർ കർത്താവിന്റെ മുഖത്തേക്കു നോക്കി. എത്രയോ ദിവസമായി കർത്താവിനെ കണ്ടിട്ട്. രോഗമായപ്പോൾ ലാസർ ആഗ്രഹിച്ചതാണ്, കർത്താവ് ഒന്നു വന്നിരുന്നെങ്കിൽ! "നിനക്കു പ്രിയനായവൻ ദീനമായ്ക്കിടക്കുന്നു" എന്ന് സഹോദരിമാർ അറിയിച്ചിരുന്നു. പക്ഷേ, കർത്താവു വന്നില്ല.

ലാസർ ആർത്തിപൂണ്ടു നോക്കി. എന്റെ മുമ്പിൽ നിൽക്കുന്നതാരാണ്? എന്റെ മരണത്തിന്റെ ബന്ധനമഴിച്ച എന്റെ യേശു. എന്റെ രോഗത്തിന്റെ ബന്ധനമഴിച്ച, പാപത്തിന്റെ

ബന്ധനമഴിച്ച, എന്റെ ശാപത്തിന്റെ ബന്ധനമഴിച്ച യേശു. ലാസർ ആ കാല്ക്കൽ വീണു, ദൈവത്തെ സ്തുതിക്കാൻ തുടങ്ങി.

സ്തുതിക്കുമ്പോൾ കരയുകയാണ്. കണ്ണീരൊഴുകുക യാണ്. നന്ദിയുടെ കണ്ണുനീർ! സ്നേഹത്തിന്റെ കണ്ണുനീർ! എന്റെ കെട്ടഴിക്കാൻ ഇറങ്ങിവന്ന യേശുവേ, മരണത്തിന്റെ കെട്ടഴിച്ച യേശുവേ, എന്റെ ജീവിതത്തിലെ ശാപം മാറ്റിയ യേശുവേ, എന്റെ ചീഞ്ഞ അവസ്ഥയിൽ താണിറങ്ങിവന്ന് എന്റെ ദുർഗന്ധം മാറ്റിയ യേശുവേ, നിനക്കു സ്തുതി. ലാസർ സ്തുതിച്ചു. അപ്പോൾ സഹോദരിമാർ രണ്ടുപേരും – മാർത്തയും മറിയയും – കർത്താവിന്റെ കാൽക്കൽ വീണു. അവരും സ്തുതിച്ചു. നിരീക്ഷകരായി വന്നവരാണെങ്കിലും കൂടെവന്ന യഹൂദന്മാർ ഈ അത്ഭുതങ്ങൾ കണ്ടപ്പോൾ അവരും അവിടെ മുട്ടുമടക്കി. എല്ലാവരും കൂടി ഒരുമിച്ച് സ്തുതിച്ചു. കർത്താ വിന്റെ ശിഷ്യന്മാർ അതിശയംകൂറി നോക്കിനിന്നു. പിന്നെ അവരും മുട്ടുമടക്കി ഒരുമിച്ച് സ്തുതിച്ചു.

ആ കല്ലറയുടെ വാതിൽക്കൽ സ്തുതിയുടെ ഘോഷം! മരണത്തിന്റെ ദുർഗന്ധമുള്ള കല്ലറയുടെ വാതിൽക്കൽ ഇപ്പോൾ സ്തുതിയുടെ സുഗന്ധം! ബന്ധനങ്ങൾ അഴിയുന്ന തിന്റെ സ്തുതി! വിടുതലിന്റെ സ്തുതി! നിങ്ങൾക്കും വേണമെ ങ്കിൽ പരിശുദ്ധാത്മാവ് സ്തുതി തരും. എല്ലാ ബന്ധനവും അഴിഞ്ഞ് സ്തുതിക്കാൻ നിങ്ങൾക്കു കഴിയും. ഒറ്റയ്ക്കൊരു കാര്യം മാത്രം, ഒന്നുതാഴുക. കർത്താവേ, തെറ്റുപറ്റിപ്പോയി. തിരുത്താൻ വകയില്ല. വേറെ മാർഗ്ഗമില്ല. ഒരു പോംവഴിയുമില്ല. എന്റെ ജീവിതത്തിലെ പാപങ്ങളും ശാപങ്ങളും മരണവും മാറ്റാൻ നിനക്കു മാത്രമേ സാധിക്കുകയുള്ളൂ. കർത്താവേ, മന സ്സലിഞ്ഞ് തൃക്കരം നീട്ടി എന്നെ ഒന്നു തൊട്ടാൽ മതി.

ലാസറേ, പുറത്തുവരിക എന്ന് അന്നുപറഞ്ഞ അതേ ശബ്ദം ഇപ്പോൾ പേർചൊല്ലിവിളിച്ച് എന്നെ പുറത്തുകൊണ്ടു വരണം. അവന്റെ കെട്ടഴിപ്പിൻ അവൻ പോകട്ടെ എന്നു പറഞ്ഞ

ശബ്ദം ഇപ്പോൾ എന്റെ കെട്ടുകൾ അഴിച്ചുതരണം. കർത്താവേ, അവിടുന്ന് മനസ്സലിഞ്ഞ് എന്റെകൂടെ എന്റെ ഭവനത്തിലേക്ക് പോരണം.

യേശു നടക്കുന്നു. ശിഷ്യന്മാർ ചേർന്നു നടക്കുന്നു. യേശുവിന്റെ കൂടെ ലാസർ നടക്കുന്നു. ലാസറിനോട് ചേർന്ന് മാർത്തയും മറിയയും നടക്കുന്നു. പിന്നാലെ യഹൂദന്മാർ നടക്കുന്നു. എല്ലാവരും ആനന്ദത്തോടെ ലാസറിന്റെ ഭവനത്തിലേക്ക് പോകുന്നു. ആ ഭവനത്തിൽ സ്തുതി. അയൽപക്കങ്ങളിലുള്ളവർ ഓടിവരുന്നു. അവരും സ്തുതിയിൽ പങ്കുചേരുന്നു. നാലു ദിവസം മുമ്പ് ശവമടക്കാൻ കൊണ്ടുപോയ ലാസറുണ്ട് സുസ്മേരവദനനായി യേശുവിന്റെ പാദപീഠത്തിൽ ഇരിക്കുന്നു! ആളുകൾ അത്ഭുതപ്പെട്ടു. നാടാകെ വലിയ പരസ്യമായി. ആളുകൾ ഓടിക്കൂടി. ലാസറിനെ കണ്ടവർ ചിലർ അതിശയിച്ചുനിന്നു. ചിലർ സ്തുതിച്ചു നിന്നു.

വേറെ ചിലർ ഓടി മഹാപുരോഹിതന്മാരുടെ അടുക്കലേക്ക്! അവർ ഓടി നടന്ന് പറഞ്ഞു ലാസറിനെ യേശു ഉയിർത്തെഴുന്നേൽപ്പിച്ചു! ഒരു മഹാ അത്ഭുതം നടന്നിരിക്കുന്നു. മഹാപുരോഹിതന്മാർ പെട്ടെന്ന് ഒരു സിന്നഡ് കൂടി. അതിലെ ആലോചന, ലാസറിനെ ഇങ്ങനെ വിട്ടാൻ പറ്റില്ല. അവനെ കൊല്ലണം. അല്ലെങ്കിൽ ആളുകൾ യേശുവിന്റെ പിന്നാലെ ആയിപ്പോകും. ജീവൻ പ്രാപിച്ച ലാസറിനെ കൊല്ലണമെന്നാഗ്രഹിക്കുന്ന മഹാപുരോഹിതന്മാർ! കാരണം ജനം യേശുവിന്റെ പിറകെ ആയിപ്പോകും. കൂട്ടായ്മയുടെ പിറകെ ആയിപ്പോകും! ജനം നമ്മുടെ കൈയിൽനിന്ന് പിടിവിട്ടു പോകും! അയ്യോ! അത് പാടില്ല, ലാസറിനെ കൊല്ലണം. അവർ ആലോചിക്കുകയാണ്.

വേദപുസ്തകം പിന്നെ ആ കാര്യം മിണ്ടുന്നില്ല. ലാസറിനെ കൊന്നോ നമുക്കറിഞ്ഞുകൂടാ. ലാസറിന്റെ ഭാവി ജീവിതം എങ്ങനെയായിരുന്നു? വേദപുസ്തകത്തിൽ തെളിവുകൾ ഒന്നും ഇല്ല.

ലാസർ നന്ദിയുള്ളവനായിരുന്നു. മാർത്തയും മറിയയും നന്ദിയുള്ളവരായിരുന്നു. അവർ യേശുവിന്റെ കാൽക്കൽ സുഗന്ധം പൂശി. അവർ യേശുവിനെ സ്തുതിച്ചു. യേശുവിനെ വണങ്ങി. വിലയേറിയ സ്വച്ഛജഡാമാംസി തൈലം മുന്നൂറുറാത്തൽ കൊണ്ടുവന്നു യേശുവിന്റെ കാൽക്കൽ പൂശി. യേശുവിന്റ കാൽ കണ്ണീരുകൊണ്ടു നനച്ചു. യേശുവിന് സ്തുതി അർപ്പിച്ചു. ബേഥാന്യ ദൈവത്തിന്റെ സ്തുതിയുടെ ഘോഷം കൊണ്ട് മുഖരിതമായി!

ഇന്ന് നിങ്ങളുടെ ഭവനം സ്തുതികൊണ്ടു മുഴങ്ങണമോ? നിങ്ങളുടെ ഹൃദയം സ്തുതികൊണ്ട് മുഴങ്ങണമോ? ആർക്കെല്ലാം വേണം സ്തുതി? ആർക്കെല്ലാമാണ് ബന്ധനമഴിയേണ്ടത്? പാപത്തിന്റെ ബന്ധനം! രോഗത്തിന്റെ ബന്ധനം! സാത്താന്യ ബന്ധനം! ശാപത്തിന്റെ ബന്ധനം! ഇനിയും അഴിയേണ്ടതായിട്ടുള്ള, കൈയും കാലുമെല്ലാം കെട്ടിയിരിക്കുന്ന ബന്ധനങ്ങൾ. അവയവങ്ങൾതോറുമുള്ള ബന്ധനങ്ങൾ. എല്ലാം അഴിയണം.

*“പിശാചിന്റെ പ്രവൃത്തികളെ ഒക്കെയും അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി.”*

*1 യോഹന്നാൻ 3 : 8*

കർത്താവേ, എന്റെ ബന്ധനം അഴിക്കണമേ. എനിക്കറിയാവുന്ന ബന്ധനമെല്ലാം ഞാൻ ഏറ്റുപറയുന്നു. ഇനിയുമുള്ള ബന്ധനങ്ങൾ ഞാനിതാ തിരുമുമ്പാകെ തുറന്നുവയ്ക്കുന്നു. ശിംശോന്റെ ബന്ധനം കത്തിച്ച യേശുവേ, ഇപ്പോൾ എന്റെ ബന്ധനങ്ങൾ കത്തിച്ചു തരണമേ. എന്നെ ശുദ്ധീകരിക്കണമേ.

# അഞ്ച്

പരിശുദ്ധാത്മാവ് ശക്തിയോടെ വരുമ്പോൾ എന്തെല്ലാം സംഭവിക്കുമെന്നതാണ് നമ്മുടെ ചിന്താവിഷയം.

യഹോവയുടെ ആത്മാവ് ശക്തിയോടെ ശിംശോന്റെ മേൽ വന്നപ്പോൾ ശിംശോന്റെ ബന്ധനങ്ങൾ കരിഞ്ഞുപോയി. ആത്മാവ് വരുമ്പോൾ ബന്ധനങ്ങൾ കരിഞ്ഞുപോകും.

1. പാപത്തിന്റെ ബന്ധനം.
2. ശാപത്തിന്റെ ബന്ധനം.
3. രോഗത്തിന്റെ ബന്ധനം.
4. സാത്താന്റെ ബന്ധനം.
5. മരണത്തിന്റെ ബന്ധനം
6. ആന്തരികമായ ബന്ധനങ്ങൾ

1. ശിംശോന്റെ ബന്ധനം അഴിഞ്ഞു.

സ്വാതന്ത്ര്യം, വിടുതൽ കിട്ടി. ആത്മാവു ശക്തിയോടെ വരുമ്പോൾ സ്വാതന്ത്ര്യം. ആത്മാവ് ശക്തിയോടെ വരുമ്പോൾ ബന്ധനങ്ങൾ മാറിപ്പോകും.

2. യിഫ്താഹിന്റെ ബന്ധനം അഴിഞ്ഞു.

*"അപ്പോൾ യഹോവയുടെ ആത്മാവ് യിഫ്താഹിന്മേൽ വന്നു. അവൻ ഗിലെയാദിലും മനശ്ശെയിലും കൂടികടന്നു ഗിലെയാദിലെ മിസ്പയിൽ എത്തി. ഗിലെയാദിലെ മിസ്പയിൽ നിന്ന് അമ്മോന്യരുടെ നേരെ ചെന്നു. യിഫ്താഹ് യഹോവയ്ക്കു ഒരു നേർച്ച നേർന്നു പറഞ്ഞത്: നീ അമ്മോന്യരെ*

*എന്റെ കൈയിൽ ഏൽപ്പിക്കുമെങ്കിൽ ഞാൻ അമ്മോന്യരെ ജയിച്ച് സമാധാനത്തോടെ മടങ്ങിവരുമ്പോൾ എന്റെ വീട്ടുവാതിൽക്കൽനിന്ന് എന്നെ എതിരേറ്റുവരുന്നതു യഹോവയ്ക്കുള്ളതാകും; അതു ഞാൻ ഹോമയാഗമായി അർപ്പിക്കും. ഇങ്ങനെ യിഫ്താഹ് അമ്മോന്യരോട് യുദ്ധം ചെയ്‌വാൻ അവരുടെ നേരെ ചെന്നു; യഹോവ അവരെ അവന്റെ കൈയിൽ ഏൽപ്പിച്ചു. അവൻ അവർക്ക് അരോവേർമുതൽ മിന്നീത്ത്‌വരെയും ആബേൽ-കെരാമീംവരെയും ഒരു മഹാസംഹാരം വരുത്തി, ഇരുപതു പട്ടണം ജയിച്ചടക്കി.*

*ന്യായാധിപന്മാർ 11 : 29 – 33*

യിഫ്താഹ് ജയിച്ചു. ആത്മാവ് ശക്തിയോടെ വരുമ്പോൾ victory. ആത്മാവ് ശക്തിയോടെ വരുമ്പോൾ ജയം. യിഫ്താഹ് ശത്രുനിരയുടെ മേൽ ജയം നേടി.

1. ആത്മാവ് ശക്തിയോടെ വരുമ്പോൾ സ്വാതന്ത്ര്യം കിട്ടും.
2. ആത്മാവ് ശക്തിയോടെ വരുമ്പോൾ വിജയം കിട്ടും.

നിങ്ങൾക്ക് ജയം കിട്ടിയിട്ടുണ്ടോ? എന്തിലെല്ലാം ജയം കിട്ടിയിട്ടുണ്ട്? നിങ്ങളുടെ വീൺവാക്കുകൾ മാറിയിട്ടുണ്ടോ? അലസമായി സംഭാഷണം ചെയ്യുന്നതു മാറിയിട്ടുണ്ടോ? വാക്കുകൾക്കു നിയന്ത്രണം വന്നിട്ടുണ്ടോ? ഇല്ല. വാക്കുകളുടെമേൽ ജയം കിട്ടിയിട്ടില്ല. നാവിന്റെമേൽ ജയം കിട്ടിയിട്ടില്ല. ഓരോ അവയവത്തിന്റെമേലുമുള്ള ജയമാണ് ഇന്ദ്രിയജയം. അവയവങ്ങളുടെമേൽ നമുക്ക് ജയം കിട്ടണം. പറയാൻ നാവിൽ വന്നു. പക്ഷേ, മിണ്ടുന്നില്ല. എന്തുകൊണ്ട്? ആത്മാവ് തടുക്കുന്നു. “വേണ്ട, നീ മിണ്ടണ്ട.” ചിന്തിക്കണം: ഇവിടെ ഞാൻ പറയേണ്ട ആവശ്യമുണ്ടോ?

ചിന്തിക്കൂ. എന്നിട്ടേ പറയാവൂ. Look before you leap. നീ

ചാടുന്നതിനുമുമ്പ് ഒന്നു നോക്കണം. എത്ര താഴ്ചയിലേക്കാണ് ചാടുന്നത്, എത്ര ആഴമുണ്ട് എന്നു നോക്കണം. പലരും ചാടുന്നതിനുമുമ്പ് നോക്കുന്നില്ല. നിയന്ത്രണമില്ല; പെട്ടെന്നു വരുന്ന വികാരാവേശംകൊണ്ടങ്ങുപറയും. ദേഷ്യം വന്നാൽ ഉടനെ പൊട്ടിത്തെറിക്കും. കോപം വരികയാണ്. ഞാൻ യേശുവിന്റെ വകയല്ലേ? ഞാൻ യേശുവിന്റെ സ്വന്തമല്ലേ? എനിക്കങ്ങനെ കോപിക്കാമോ? എനിക്കങ്ങനെ പറയാമോ? എന്നു ചിന്തിക്കണം. ദൈവമക്കൾ എപ്പോഴും അവരവരുടെ അവയവങ്ങളുടെമേൽ നിയന്ത്രണമുള്ളവരായിരിക്കണം.

യിഫ്താഹ് അമ്മോന്യരുടെ നേരെ യുദ്ധം ചെയ്യാൻ പോയി. അവൻ ജന്മനാതന്നെ പിഴപറ്റിയവനാണ്.

> *"ഗിലയാദ്യനായ യിഫ്താഹ് പരാക്രമശാലിയെങ്കിലും വേശ്യാപുത്രനായിരുന്നു."*
>
> *ന്യായാധിപന്മാർ 11 : 1*

അവന്റെ അമ്മ ഒരു വേശ്യയായിരുന്നു. അവന്റെ ജനനം മോശമായിരുന്നു. നാട്ടിലൊരു ചീത്തപ്പേരുണ്ടായിരുന്നു. ഒരു ദുഷിച്ച സ്വഭാവമുള്ള സ്ത്രീയുടെ മകനായിരുന്നു.

നിങ്ങളേതെങ്കിലും ചീത്തപ്പേരുള്ള കുടുംബത്തിൽ ജനിച്ചവരാണോ? അരുതാത്ത ചീത്തബന്ധങ്ങൾ, ദുർന്നടപ്പുകൾ, നാട്ടിൽ ചീത്തപ്പേരുണ്ടാക്കിയ ചില സംഭവങ്ങൾ, ചിലത് പരസ്യമായി; ചിലത് പരസ്യമായിട്ടില്ല. അനേകംപേരും പകൽമാന്യന്മാരാണ്. എന്നാൽ രഹസ്യമായിട്ട് ഏറ്റവും ഹീനജീവിതമുള്ളവർ. പുറമെ നല്ല കൂട്ടായ്മയുണ്ട്, പ്രാർത്ഥനയുണ്ട്. നല്ല സ്വഭാവമാണ്. കുഴപ്പമൊന്നുമില്ല. പക്ഷേ, പകൽമാന്യന്മാർ.

യിഫ്താഹ് അങ്ങനെയായിരുന്നു. യിഫ്താഹിന്റെ രഹസ്യജീവിതം മാത്രമല്ല പരസ്യമായും യിഫ്താഹ് വേശ്യാപുത്രൻ എന്ന് പേരായവൻ ആയിരുന്നു.

ഇങ്ങനെ പിഴ പറ്റിയവനാണെങ്കിലും, മോശം സംഭവിച്ചവനാണെങ്കിലും അവനിൽ ദൈവത്തിന്റെ ആത്മാവു കടന്നു

ചെന്നു. എന്തൊരു ഭാഗ്യം! കഴിഞ്ഞകാലത്തെ ചില കാര്യങ്ങൾ ഓർത്ത് നെടുവീർപ്പിടുവാന്തക്കവണ്ണമുള്ള എന്തെങ്കിലും പിഴപറ്റിയവർ ഈ വാക്കുകൾ വായിക്കുന്നുണ്ടോ? കൊള്ളരുതാത്ത ബന്ധങ്ങൾ പുലർത്തിയവർ, അരുതാത്ത വേഴ്ചകളിലേക്ക് പോയവർ ആരെങ്കിലും ഈ വാക്കുകൾ വായിക്കുന്നുണ്ടോ? ഏതെല്ലാം തരത്തിലുള്ള കെണികളിലാണ് നിങ്ങൾ കുടുങ്ങിപ്പോയത്? നിങ്ങൾ കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ, ഹോസ്റ്റലിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ എന്തായിരുന്നു നിങ്ങളുടെ ജീവിതം?

വീട്ടിലും നാട്ടിലും ചീത്തപ്പേരുണ്ടാക്കിയവർ ഈ വാക്കുകളെ വായിക്കുന്നുണ്ടോ? വളരെ മോശമായ ജീവിതം നയിച്ചവർ. എന്നാൽ ഒരു സദ്വർത്തമാനം അറിയിക്കട്ടെ, അങ്ങനെയുള്ളവരിലേക്കും ദൈവത്തിന്റെ ആത്മാവ് കടന്നുവരും! യിഫ്താഹ് വേശ്യാപുത്രനായിരുന്നു. പക്ഷേ, അവനിലും ദൈവത്തിന്റെ പരിശുദ്ധാത്മാവു വന്നു! പശ്ചാത്തലം ഏതെല്ലാം രീതിയിൽ മോശമാണെങ്കിലും, നിങ്ങളിലേക്ക് ദൈവത്തിന്റെ ആത്മാവ് കടന്നുവരും.

> *“യിഫ്താഹിന്റെ ജനകനോ ഗിലെയാദ് ആയിരുന്നു. ഗിലെയാദിന്റെ ഭാര്യയും അവന്നു പുത്രന്മാരെ പ്രസവിച്ചു; അവന്റെ ഭാര്യയുടെ പുത്രന്മാർ വളർന്നശേഷം അവർ യിഫ്താഹിനോട്: നീ ഞങ്ങളുടെ പിതൃഭവനത്തിൽ അവകാശം പ്രാപിക്കയില്ല; നീ പരസ്ത്രീയുടെ മകനല്ലോ എന്നുപറഞ്ഞ് അവനെ നീക്കിക്കളഞ്ഞു.”*
>
> *ന്യായാധിപന്മാർ 11 : 1, 2*

ഗിലെയാദിന്റെ ഭാര്യയിൽ ജനിച്ച മക്കൾ എല്ലാവരും ഈ വേശ്യാപുത്രനെ വീട്ടിൽനിന്ന് ഇറക്കിക്കളഞ്ഞു. അവൻ എന്തു തെറ്റുചെയ്തു? അപ്പനല്ലേ തെറ്റുചെയ്തത്? പക്ഷേ, ശിക്ഷ അവൻ അനുഭവിക്കുകയാണ്. വീട്ടിൽ നിൽക്കക്കള്ളിയില്ലാതായി.

*"അങ്ങനെ യിഫ്താഹ് തന്റെ സഹോദരന്മാരെ വിട്ട് തോബ്ദേശത്തു ചെന്നു പാർത്തു."*

*ന്യായാധിപന്മാർ 11 : 3*

യിഫ്താഹ് തന്റെ സഹോദരന്മാരെ വിട്ട് അന്യദേശത്തേക്ക്പോയി. സഹോദരന്മാർ, അപ്പന്റെ മക്കൾ തന്നെയാണ്. എന്നാൽ ഇവൻ വേശ്യാപുത്രൻ ആയതുകൊണ്ട് ആ നാട്ടിൽ പോലും നിൽക്കാൻ കഴിഞ്ഞില്ല. അവൻ തോബ് ദേശത്തേക്കു പോയി അവിടെ പാർത്തു.

*"നിസ്സാരന്മാരായ ചിലർ യിഫ്താഹിനോടു ചേർന്നു അവനുമായി സഞ്ചരിച്ചു." ന്യായാധിപന്മാർ 11 : 3*

കഷ്ടം! കിട്ടിയത് നിസ്സാരന്മാരായ ചില ആളുകളെയാണ്. നാട്ടിൽ നിലയും വിലയും ഇല്ലാത്തവർ! തള്ളപ്പെട്ടവർ എന്നുവേണമെങ്കിൽ പറയാം. നാട്ടിലെ ഗുണ്ടകൾ! നാട്ടിലെ ഭീകരന്മാർ! വീട്ടിലും നാട്ടിലും പേരുദോഷം വരുത്തിയവർ! അങ്ങനെയുള്ള നിസ്സാരന്മാരായ ചിലരെ അവനു കൂട്ടുകിട്ടി. അവരുടെകൂടെ അവൻ നടന്നു.

1. പശ്ചാത്തലം മോശം.
2. കൂട്ടുകെട്ട് മോശം.

നിങ്ങളുടെ കൂട്ടുകെട്ട് എവിടെയെല്ലാമായിരുന്നു? ആരെല്ലാമായിരുന്നു കൂട്ടുകാർ? ഒരുമിച്ച് നടന്നവർ, ഒരുമിച്ചു ജീവിച്ചവർ, ഒരുമിച്ചു സംസാരിച്ചവർ ആരെല്ലാമായിരുന്നു? ആരുടെ കൂടെയെല്ലാമാണ് ജീവിച്ചത്? നിങ്ങൾ ചില സ്ഥലത്തുപോയി താമസിച്ചപ്പോൾ ആരൊക്കെയായിരുന്നു കൂട്ടുകാർ? അവരിൽ നിന്ന് നിങ്ങൾക്ക് ഏതെല്ലാം ദു:സ്വഭാവങ്ങൾ ആണ് പകർന്നു കിട്ടിയത്? ഏതെല്ലാം ദുശ്ശീലങ്ങളാണ് പകർന്നുകിട്ടിയത്?

കൂട്ടുകാരിൽനിന്ന് പകർന്നു കിട്ടിയ ചില ദുസ്സ്വഭാവങ്ങൾ, ദുഷ്പരിചയങ്ങൾ നിങ്ങളെ തകർത്തുകളഞ്ഞില്ലേ? ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത ചില തെറ്റുകൾ ചെയ്യാൻ ഇടയാ

യില്ലേ? കൂട്ടുകാരുടെ പ്രേരണകൊണ്ട് നിങ്ങൾ ഒരിക്കലും ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ പഠിക്കാൻ ഇടയായില്ലേ? ചില പാപങ്ങളിൽ വീഴാൻ ഇടയായില്ലേ?

അവന്റെ കൂട്ടുകാർ അവനെ ഏറ്റവും ഹീനമായ വഴിയിലേക്ക് നടത്തി.

ഇങ്ങനെയെല്ലാമാണെങ്കിലും യിഫ്താഹിലേക്ക് ദൈവത്തിന്റെ ആത്മാവിനെ പകരാൻ ദൈവത്തിനു തിരുമനസ്സായി. നിങ്ങൾ പലതരത്തിൽ പോരായ്മകൾ വന്നവരാണ്. പലതരത്തിൽ അപമാനങ്ങൾ വന്നവരാണ്. അപവാദങ്ങൾ പറയാൻ ഇടയാക്കിയവരാണ്. പിശാച് അവകാശം പറയുന്ന പലതും നിങ്ങൾക്കു സംഭവിച്ചുപോയി. ഓരോന്നോരോന്ന് എണ്ണിയെണ്ണി ഓർക്കുമ്പോൾ ലജ്ജകൊണ്ട് തലതാഴും.

നിങ്ങൾ തൊട്ടത്, നിങ്ങൾ പിടിച്ചത്, നിങ്ങൾ നടന്നത്, നിങ്ങൾ സംസാരിച്ചത് ഓരോന്നോരോന്ന് ഓർക്കുക. എന്തെല്ലാം കുതന്ത്രങ്ങളാണ് ചെയ്തുവച്ചത്? ഏതെല്ലാം കെണികളാണ് വരുത്തി വച്ചത്? ആർക്കെല്ലാമാണ് അപകടം വരുത്തിയത്? ആരെയെല്ലാമാണ് കെണിയിൽ വീഴ്ത്തിയത്? ഏതെല്ലാം പണാപഹരണങ്ങളാണ് നിങ്ങൾ നടത്തിയത്? ഏതെല്ലാം തരത്തിലുള്ള കുഴപ്പങ്ങളിലാണ് ചെന്നുചാടിയത്? ക്രിമിനൽ കേസിൽ ചാടിയവരില്ലേ? ചിലർ കേസിൽ നിന്നെല്ലാം രക്ഷപ്പെട്ടു, ഭാഗ്യം. പിടിച്ചിരുന്നെങ്കിൽ എത്രനാൾ ജയിലിൽ കിടക്കേണ്ടവരായിരുന്നു?

ലോകത്താരും അറിഞ്ഞില്ല. എന്നാൽ എല്ലാം കാണുന്ന ഒരാളുണ്ട്. ജീവനുള്ള ദൈവത്തിന്റെ പുസ്തകത്തിൽ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. മനുഷ്യാ! നിനക്കതു മായ്ക്കാൻ സാധിക്കുകയില്ല. മകളേ, നിനക്ക് മായിച്ചുകളയാൻ സാധിക്കുകയില്ല.

“മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കുബോധിപ്പിക്കേണ്ടിവരും.” മത്തായി 12 : 36.

ആരെങ്കിലും ചിന്തിക്കാറുണ്ടോ ഇത്? "നിങ്ങളുടെ വാക്ക് ഉവ്വ് ഉവ്വ് എന്നും ഇല്ല ഇല്ല എന്നും ആയിരിക്കട്ടെ. അതിലധികമായത് ദുഷ്ടനിൽനിന്നു വരുന്നു." മത്തായി 5 : 37. നിങ്ങളോട് ഒരാൾ ഒരു കാര്യം ചോദിച്ചു. നിങ്ങൾക്ക് ആ ആളോട് തുറന്നുപറയാൻ താല്പര്യമില്ലെങ്കിൽ ഇങ്ങനെ പറയാം: ക്ഷമിക്കണം എനിക്കത് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല. പക്ഷേ, നുണപറയരുത്. നുണപറയുമ്പോൾ ദൈവാത്മാവ് മാറിപ്പോകും.

അനേകർ ജീവനില്ലാതിരിക്കുന്നു. അനേകർ ആത്മാവിൽ മരിച്ചിരിക്കുന്നു. ഇന്നു കടന്നുപോയാൽ ദൈവസന്നിധിയിൽ ഞാൻ ചെല്ലും, സംശയമൊന്നുമില്ല എന്ന തൃപ്തിയിലിരിക്കുകയാണ്. കർത്താവ് എന്നെ സ്വീകരിക്കും. ദൈവം സ്നേഹമല്ലേ; എന്നു പറഞ്ഞുകൊണ്ടിരിക്കുകയാണ്.

ചെറിയൊരു വള്ളിയിൽ പിടിച്ചു നിൽക്കുകയാണ്. പ്രാർത്ഥനയുണ്ട്. കൂട്ടായ്മയിൽ വരുന്ന ആളാണ്. നമസ്ക്കാരം ചൊല്ലുന്ന ആളാണ്. വേദപുസ്തകം വായിക്കുന്ന ആളാണ്. എന്നെ കൂട്ടായ്മയിൽ എല്ലാവർക്കും പരിചയമുണ്ട്. ഞാൻ കൂട്ടായ്മയിൽ ഒരു നിലയും വിലയും ഉള്ള ആളാണ്. ഇതെല്ലാം പിടിച്ചുകൊണ്ട് നിൽക്കുകയാണ്. മോനേ, ആ പിടി എല്ലാം അയഞ്ഞു പോകും. അതെല്ലാം പൊട്ടിപ്പോകും. എന്നാൽ പിടിക്കേണ്ടവൻ നിന്നെ പിടിച്ചുയർത്തിയാൽ നീ കരയ്ക്കുവരും.

കൂട്ടായ്മയിൽ വന്നു എന്നുള്ളതുകൊണ്ടോ, വചനം പ്രസംഗിച്ചു എന്നുള്ളതുകൊണ്ടോ, സാക്ഷ്യം പറഞ്ഞു എന്നുള്ളതുകൊണ്ടോ നീ കരകയറാൻ പോകുന്നില്ല. വേണമെങ്കിൽ നിനക്കിപ്പോൾ അനുതപിക്കാം. കർത്താവേ, എന്നെ ഉദ്ധരിക്കണമേ. എന്നെ എഴുന്നേൽപ്പിക്കണമേ. എന്നെ കരേറ്റണമേ. നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ ചോരയാലും നീരിനാലും എന്നെ കഴുകി വെടിപ്പാക്കണമേ.

യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു. യേശു നാഥാ! ഞാൻ വിശ്വസിക്കുന്നു.

എന്റെ മേലുള്ള ശാപങ്ങൾ, എന്റെ മേലുള്ള ദോഷങ്ങൾ, എന്റെ മേലുള്ള പൈശാചിക ബാധകൾ, പൈശാചികസ്വാധീനങ്ങൾ എല്ലാം ഞാൻ ഉപേക്ഷിക്കുന്നു. യേശുവേ, ഈ നിമിഷം മുതൽ യേശുവിന്റെ വകയായി ജീവിപ്പാൻ ഞാൻ പുതിയ തീരുമാനമെടുക്കുന്നു. തിരുരക്തത്താൽ എന്നെ അഭിഷേകം ചെയ്യണമേ, തിരുരക്തത്താൽ എന്നെ വിശുദ്ധീകരിക്കണമേ.

കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനെ ഈ പാപിയുടെ ഹൃദയത്തിലേക്ക് ഒന്ന് അയയ്ക്കാമോ? നിന്റെ പരിശുദ്ധാത്മാവ് അസ്വസ്ഥമായ ഈ മനസ്സിലേക്ക് ഒന്നു കടന്നുവരാമോ? കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് രോഗഗ്രസ്തമായ ഈ ശരീരത്തിലേക്ക് ഒന്നു പ്രവേശിക്കാമോ? കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് രോഗംബാധിച്ച എന്റെ ധമനികളിലേക്ക് ഒന്നു ഒഴുകി വരാമോ?

തീയുടെ ആത്മാവ് നിങ്ങളുടെമേൽ ഇറങ്ങട്ടെ! തീയുടെ ആത്മാവ് നിങ്ങളെ തഴുകട്ടെ! പരിശുദ്ധാത്മാവിന്റെ കൃപ നിങ്ങളുടെമേൽ പകരട്ടെ! പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങളുടെമേൽ ഒഴുകട്ടെ! പരിശുദ്ധാത്മാവിന്റെ തീജ്ജ്വാല നിങ്ങളെ കത്തുപിടിപ്പിക്കട്ടെ! പരിശുദ്ധാത്മാവ് തീയായി നമ്മിലേക്ക് ഒഴുകാൻ കടന്നു വന്നിരിക്കുന്നു. പശ്ചാത്തലം എത്ര മോശമാണെങ്കിലും നിന്റെ ജീവിതം പിഴപറ്റിയതാണെങ്കിലും നിന്റെ കൂട്ടുകാർ മോശപ്പെട്ടവരാണെങ്കിലും എത്ര ഹീനമായ കൂട്ടുകെട്ടിൽ നടന്നവനാണെങ്കിലും എത്രമോശമായ ജീവിതം നയിച്ചവനാണെങ്കിലും പരിശുദ്ധാത്മാവ് നിന്റെമേൽ വരും.

യിഫ്താഹിന് ശത്രുനിരയുടെമേൽ വിജയം ലഭിച്ചു. ദൈവമക്കളുടെ ശത്രു പിശാചാണ്. എക്കാലത്തും നമ്മുടെ മുന്നേറ്റത്തെ തടുക്കുന്നത് പിശാചാണ്. നമുക്ക് ഒരു കരേറ്റം കിട്ടുന്നതിന് തടസ്സമുണ്ടാക്കുന്നത് പിശാചാണ്. എത്ര കഷ്ടപ്പെട്ടാലും ഒരു കരേറ്റം കിട്ടാതെ വലയുന്നവരുണ്ട്. എന്നും ആകെത്തുക നിരാശ. ചിലപ്പോഴൊക്കെ ഒരു സന്തോഷവും

സമാധാനവും കിട്ടുന്നതുപോലെ തോന്നും. പക്ഷേ, സ്ഥായിയായിട്ട് നിലനിൽക്കുന്ന ഒരു സമാധാനം കിട്ടുന്നില്ല. എവിടെയൊക്കെയോ ചില അസംതൃപ്തികൾ! ചില പോരായ്മകൾ!

ഒരു നിറവു കിട്ടുന്നില്ല. മുന്നോട്ടൊരു ഗതികിട്ടുന്നില്ല. എവിടെയൊക്കെയോ ചില തടസ്സങ്ങൾ. എല്ലാം ഉള്ള കുടുംബങ്ങളിൽപ്പോലും പരസ്പരം ഐക്യമില്ല. വീട്ടിൽ ആകമാനമൊരു മ്ലാനത. ഉള്ളുതുറന്നു പറയാൻ പറ്റുന്നില്ല. ഇങ്ങനെ മുന്നേറ്റമില്ലാതെ നമ്മെ തടയുന്ന ഭീകരനാണ് സാത്താൻ.

ഓരോ കുടുംബത്തേയും ചുറ്റിപ്പറ്റി പിശാചുക്കളുണ്ട്. ഓരോ ദേശത്തേക്കും ദുരാത്മാക്കളെ പിശാച് നിയോഗിച്ചിട്ടുണ്ട്. ഈ ഭൂമിയിൽ ഓരോ ദേശത്തേക്കും സൈന്യം ഉള്ളതുപോലെ ഓരോ ദേശത്തേക്കും സാത്താൻ നിയോഗിച്ചിരിക്കുന്ന ദുരാത്മാക്കളുടെ ഒരു സേനയുണ്ട്.

ഓരോ ഭവനത്തിലേക്കും സാത്താൻ നിയോഗിച്ചിരിക്കുന്ന ദുരാത്മസേനകളുണ്ട്. ഓരോ വ്യക്തിക്കുവേണ്ടിയും പിശാചു നിയോഗിച്ചിരിക്കുന്ന ദുരാത്മാക്കളുണ്ട്. ഈ ദുരാത്മാക്കൾ നമ്മെ നിരന്തരം പീഡിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. ഒരു പഴുതുകിട്ടിയാൽ കയറി ആക്രമിച്ച് തകർത്തു കളയുവാൻ ശ്രമിക്കും. അതുകൊണ്ടാണ് പലകുടുംബങ്ങളിലും ഒരു കരേറ്റം കിട്ടാത്തത്. ഐക്യം വരാത്തത്; സ്നേഹം വരാത്തത്. പൊതുവെ ഒരസന്തുഷ്ടിയും അസംതൃപ്തിയും കുടുംബങ്ങളിൽ നിലനിൽക്കുന്നത്.

കൂട്ടായ്മകളിൽ ഈ ദുരാത്മാക്കൾ പ്രവർത്തിക്കും. ചിലപ്പോൾ കൂട്ടായ്മയിൽ ഒരു പിന്മാറ്റം വരുത്തും. അഭിപ്രായ വ്യത്യാസം വരുത്തും. പല തരത്തിലുള്ള മത്സരബുദ്ധികൾ വരുത്തും. അതെല്ലാം ദുരാത്മാക്കളുടെ തന്ത്രവും കൗശലവുമാണ്. ഏതെല്ലാം തരത്തിലാണ് ദുരാത്മാക്കൾ പ്രവർത്തിക്കുന്നതെന്ന് ആത്മീയമായി ചിന്തിച്ചുനോക്കിയാൽ നാം അത്ഭുതപ്പെട്ടുപോകും.

നീചന്മാരായ ആളുകളുമായി ഒരുമിച്ച് യിഫ്താഹും സഞ്ചരിച്ചു. പക്ഷേ ഭാഗ്യം, യിഫ്താഹിന് ഒരു കാര്യം ഓർമ്മവന്നു. ഞാൻ വിളിക്കപ്പെട്ടിരിക്കുന്നത് വലിയൊരു കാര്യത്തിനുവേണ്ടിയാണ്. എന്നെ ഈ ഭൂമിയിലേക്ക് കൊണ്ടുവന്നപ്പോൾ ദൈവത്തിനു വലിയൊരു ഉദ്ദേശമുണ്ട്. എന്നെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ട്. അതു ഞാൻ നശിപ്പിക്കാൻ പാടില്ല. യിഫ്താഹ് തന്റെ കാര്യം ഒക്കെയും ദൈവത്തോട് പ്രസ്താവിച്ചു.

> *"അങ്ങനെ യിഫ്താഹ് ഗിലെയാദിലെ മൂപ്പന്മാരോടുകൂടെ പോയി; ജനം അവനെ തലവനും സേനാപതിയുമാക്കി; യിഫ്താഹ് മിസ്പയിൽവെച്ച് യഹോവയുടെ സന്നിധിയിൽ തന്റെ കാര്യമെല്ലാം പ്രസ്താവിച്ചു."* *ന്യായാധിപന്മാർ 11 : 11*

യിഫ്താഹ് യഹോവയുടെ സന്നിധിയിൽ തന്റെ കാര്യമെല്ലാം പ്രസ്താവിച്ചു. എല്ലാം തുറന്നുപറഞ്ഞു.

നിങ്ങൾക്ക് രക്ഷപ്പെടണമെങ്കിൽ ആരുടേയും സഹായം നോക്കണ്ട. നിങ്ങൾ തനിയെ ദൈവസന്നിധിയിൽച്ചെന്ന് കാര്യമെല്ലാം പ്രസ്താവിക്കണം. ഉള്ളുതുറക്കണം. തനിയെ ദൈവസന്നിധിയിൽ ഇരിക്കുക. ജീവിതത്തിൽ നിങ്ങൾക്കുവന്ന തെറ്റുകൾ, പാപങ്ങൾ-അത് ചിന്തയിൽ വന്നതാകാം, പ്രവൃത്തിയിൽ വന്നതാകാം, വാക്കിൽ വന്നതാകാം. നിങ്ങളുടെ പെരുമാറ്റത്തിൽ വന്നതാകാം, മറ്റുള്ളവരോടുള്ള പണമിടപാടുകളിൽ വന്നതാകാം-എന്തെല്ലാമുണ്ടോ എല്ലാം തുറക്കുക. ഉറപ്പാണ്, നിങ്ങൾ ആശ്വാസത്തോടെ എഴുന്നേൽക്കും. നിങ്ങളുടെ ഹൃദയത്തിന് വലിയ ശാന്തി കിട്ടും. സമാധാനം കിട്ടും. എല്ലാം തുറന്നുപറയുക. നിങ്ങൾ പറയാൻ തുടങ്ങിയാൽ കേൾക്കാൻ യേശു അടുത്തിരിക്കും. പിന്നെയാകട്ടെ എന്നു പറയുന്നവനല്ല യേശു. നീ എഴുന്നേൽക്കാതെ യേശു അവിടെനിന്നു പോവുകയില്ല.

അവൻ ഹൃദയം നുറുങ്ങിയവർക്കു സമീപസ്ഥനാണ്. മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു. മനുഷ്യരാരും അറിയണമെന്നില്ല. ആരും കേൾക്കണമെന്നില്ല. ആരും ഗ്രഹിക്കണമെന്നില്ല. പക്ഷേ, എല്ലാം ഗ്രഹിക്കുന്നവൻ നിങ്ങളുടെ കാര്യം ഏറ്റെടുക്കും. അവൻ നിങ്ങളെ അനുഗ്രഹിക്കും. അവൻ നിങ്ങളെ അതിശയകരമായി മുന്നോട്ടു നടത്താൻ തുടങ്ങും. നിങ്ങളുടെ കാര്യമെല്ലാം പ്രസ്താവിക്കുമ്പോൾ അവൻ എല്ലാം ഏറ്റെടുത്ത് മനോഹരമായി നടത്താൻ തുടങ്ങും. നീ അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളും അവൻ ഏറ്റെടുക്കാൻ തുടങ്ങും.

ഒരാൾ വലിയ ചുമടു ചുമന്നുപോകുന്നു. വിഷമിച്ചാണു നടക്കുന്നത്. ഒരു കയറ്റം കയറണം. ഈ ചുമട് ചുമന്ന് പാവം കിതച്ചുകൊണ്ടാണ് കയറുന്നത്. അപ്പോൾ ഒരു വണ്ടി അടുക്കൽ വന്നുനിന്നു, അതിൽ കയറിക്കൊള്ളാൻ പറഞ്ഞു. ഇദ്ദേഹം വണ്ടിയിൽ കയറി. പക്ഷേ, ചുമട് താഴെ വച്ചില്ല. ചുമടു ചുമന്നുകൊണ്ടുതന്നെ വണ്ടിക്കകത്ത് ഇരിക്കുകയാണ്. നിങ്ങൾ എന്തിനാ ചുമടുചുമന്നുകൊണ്ട് വണ്ടിയിൽ ഇരിക്കുന്നത്? ചുമട് വണ്ടി ചുമക്കുകയില്ലേ? ഡ്രൈവർ ചോദിച്ചു. അപ്പോഴാണ് ഓർക്കുന്നത് ചുമട് വണ്ടിയിൽ വയ്ക്കാമായിരുന്നു എന്ന്.

നിങ്ങളുടെ അരികത്തു കൂടി ഇതാ സ്വർഗ്ഗീയവാഹനം വരുന്നു. നിങ്ങളുടെ ഭാരങ്ങൾ എല്ലാം അങ്ങോട്ട് എടുത്തു വയ്ക്കുക. എന്നിട്ട് നിങ്ങളും കയറുക. നിങ്ങളെ വഹിച്ചുകൊണ്ടുപോകാൻ യേശുവുണ്ട്.

നിങ്ങളെ മുകളിലൂടെ പറപ്പിച്ചുകൊണ്ടുപോകാൻ യേശുവുണ്ട്. ഈ ഭൂമിയിൽക്കൂടിയല്ല അവൻ നിങ്ങളെ ആകാശവിരിവിലൂടെ പറപ്പിച്ചുകൊണ്ടുപോകും.

*"അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും; നിന്റെ മുറിവുകൾക്ക് വേഗത്തിൽ പൊറു*

*തിവരും; നിന്റെ നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും. അപ്പോൾ നീ വിളിക്കും; യഹോവ ഉത്തരം അരുളും; നീ നിലവിളിക്കും, ഞാൻ വരുന്നു എന്ന് അവൻ അരുളിച്ചെയ്യും." യെശയ്യാവ് 58 : 8, 9*

യഹോവയുടെ മഹത്വം നിനക്കു പിമ്പട ആയിരിക്കും. ഒരു സൈന്യംപോലെ മഹത്വം നിന്റെ പിമ്പേ വരും; നീ പേടിക്കേണ്ട.

*"ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കുകയും നിന്റെ പിതാവായ യാക്കോബിന്റെ അവകാശംകൊണ്ടു നിന്നെ പോഷിപ്പിക്കയും ചെയ്യും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നത്."*

*യെശയ്യാവ് 58 : 14*

നിസ്സാരനായ മനുഷ്യൻ ഈ ഭൂമിയിൽ നിൽക്കുമ്പോൾ തന്നെ ആത്മാവിൽ പറക്കും. പറക്കാൻ നിനക്കു സ്തുതിയുടെ ചിറകു തരും. ആ ചിറകു ധരിച്ചുകൊണ്ട് നിങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു പറക്കും. നിങ്ങൾ അറിയാതെ സ്തുതി അണപൊട്ടി ഒഴുകും. നിങ്ങളുടെ നാവ് ചലിക്കാൻ തുടങ്ങും. നിങ്ങളുടെ ഹൃദയം സംസാരിക്കാൻ തുടങ്ങും. അപ്പോൾ ഒരുപക്ഷേ, നിങ്ങൾ പറയുന്ന വാക്കുകളിൽ പ്രവചനം ഉണ്ടായിരിക്കും. അപ്പോൾ നിങ്ങൾക്കു കിട്ടുന്ന ചില വാക്കുകൾ വരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചുള്ള അറിയിപ്പുകൾ ആയിരിക്കും. നിങ്ങളുടെ നാവിൽ വരുന്ന വാക്കുകൾ ചിലർക്കുള്ള ദൂതായിരിക്കും.

നിങ്ങൾ പറക്കുന്നവരായിത്തീരും. നിങ്ങളുടെ നാവിൽക്കൂടി തീ ഒഴുകാൻ തുടങ്ങും. ഒരു വീട്ടിൽച്ചെന്ന് കാലുകുത്തുമ്പോൾ ആ വീട്ടിൽ ഐശ്വര്യം വരും. നിങ്ങൾ ഒരു വാഹനത്തിന്റെ സ്റ്റിയറിംഗിൽ കൈ പിടിക്കുമ്പോൾ യേശു വന്നു പിടി

ക്കും. നിങ്ങൾ യേശുവിന്റെ പ്രിയജനമാണ്. നിങ്ങളെ രക്തം കൊടുത്ത് യേശു വിലയ്ക്കുവാങ്ങിയതാണ്. നിങ്ങൾ യേശുവിന്റെ രക്തത്തിന്റെ വിലയാണ്. നിങ്ങൾ മാന്യരാണ്. നിങ്ങൾ വിലപ്പെട്ടവരാണ്. അതിനുതക്കവണ്ണം നിങ്ങൾ നിന്നാൽ മതി. ദേശത്തിലെ ഉന്നതികളിന്മേൽ അവൻ നിങ്ങളെ പറക്കുമാറാക്കും.

ഒരു മിഷനറിയും വേറൊരു കൂട്ടുകാരനും കൂടി ദൈവ വേലയ്ക്കുവേണ്ടി വിദേശത്തുനിന്നു വന്നതാണ്. സിറ്റിയിലെ ബാങ്കിൽ നിന്ന് രൂപ എടുത്തുകൊണ്ടുപോരുകയായിരുന്നു. ഒരുപറ്റം കള്ളന്മാർ ഇവർ കാണാതെ പിറകെ കൂടി. അവർ രാത്രിയിൽ വഴിയരികിൽ ഒരിടത്ത് കിടന്നുറങ്ങി. കള്ളന്മാർ ആക്രമിക്കാൻ ചെന്നപ്പോൾ അടുക്കാൻ പറ്റുന്നില്ല. ഇവരുടെ ചുറ്റും ഒരു വലിയ തീമതിൽ! നോക്കിയപ്പോൾ തീയ്ക്കകത്ത് തേജോമയന്മാരായ ചില ആളുകൾ വാളും പിടിച്ച് നിൽക്കുന്നു!

അടുത്ത ദിവസവും കള്ളന്മാർ പിറകെ നടന്നു. പക്ഷേ, രാത്രി അവർ ഉറങ്ങാൻ കിടന്നപ്പോൾ തീമതിൽ. വാളും പിടിച്ച് ചിലർ നിൽക്കുന്നു. മൂന്നാംദിവസം പകൽ അവർ ഇവരുടെ അടുത്തേക്ക് ചെന്നു: കഴിഞ്ഞ രണ്ടുദിവസം ഞങ്ങൾ നിങ്ങളെ ആക്രമിക്കാൻ വന്നവരാണ്. രാത്രിയായപ്പോൾ നിങ്ങളുടെ ചുറ്റും തീ മതിൽ. വാളുമേന്തി ആളുകൾ. എന്താണത്?

മിഷനറി പറഞ്ഞു: അത് ഞങ്ങളുടെ വകയല്ല. ഞങ്ങൾ യേശുവിന്റെ വേലക്കാരാണ്. യേശുക്രിസ്തു ഞങ്ങൾക്ക് സംരക്ഷണം തരുന്നതാണ്. വചനം ഇങ്ങനെ പറയുന്നു: "യഹോവയുടെ ദൂതൻ തന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു." സങ്കീർത്തനം 34 : 7. ദൈവത്തിന്റെ മാലാഖമാർ കാവൽ നിന്നതാണ്.

ആ കള്ളന്മാർ മാനസാന്തരപ്പെട്ടു എന്നാണ് കഥ.

ശത്രുസമൂഹം ഭീഷണികൾ ഉയർത്തി തകർക്കാൻ നോക്കി. കടന്നുവരാൻ പഴുതുണ്ടോ എന്നു നോക്കി. പല തരത്തിലുള്ള ഛിദ്രശക്തികൾ പ്രവർത്തിക്കാൻ നോക്കി; തെറ്റി

ദ്ധാരണകൾ വളർത്താൻ നോക്കി. പാവപ്പെട്ടവരെ വഴിതെറ്റിക്കാൻ നോക്കി. പക്ഷേ, ഭാഗ്യവശാൽ ഒരു കേടും വരുത്താൻ പിശാചിന് സാധിച്ചില്ല. കാരണം, കരുണയുള്ള കർത്താവ് നമുക്കു ചുറ്റും തീ മതിൽ സൃഷ്ടിച്ചു.

*"യിഫ്താഹ് മിസ്പയിൽവച്ച് യഹോവയുടെ സന്നിധിയിൽ തന്റെ കാര്യമെല്ലാം പ്രസ്താവിച്ചു."*

*ന്യായാധിപന്മാർ 11 : 11*

നിങ്ങൾക്കും നിങ്ങളുടെ കാര്യങ്ങൾ എല്ലാം യഹോവയോടു പറയാം. വിവാഹകാര്യമുണ്ടോ, പഠിത്തകാര്യമുണ്ടോ, അഡ്മിഷന്റെ കാര്യമുണ്ടോ, ജോലിയുടെ കാര്യമുണ്ടോ, നിങ്ങളുടെ കടത്തിന്റെ കാര്യമുണ്ടോ, വീട്ടാൻ ഒരു പോംവഴിയുമില്ലാതെ നിങ്ങൾ വിഷമിക്കുന്ന കാര്യങ്ങളുണ്ടോ? എന്റെ കർത്താവേ, ഞാൻ എന്തുചെയ്യും? ഒരു സൽപ്പേരുണ്ടായിരുന്നു. മേടിച്ചാൽ കൊടുക്കാത്തവൻ എന്ന പേരുവരുമല്ലോ. വിഷമിക്കുന്നുണ്ടോ? നിങ്ങളെ ഇന്ന് അലട്ടുന്ന പ്രശ്നങ്ങൾ, എല്ലാ ചുമടുകളും ചുമന്നുകൊണ്ടുവന്ന് ദൈവസന്നിധിയിൽ വന്ന് മനോരഥമെല്ലാം പ്രസ്താവിക്കുക. എല്ലാം തുറന്നു പറഞ്ഞപ്പോൾ യഹോവയായ ദൈവം യിഫ്താഹിന് സ്വാതന്ത്ര്യവും വിജയവും നൽകി.

1. സ്വാതന്ത്ര്യം – Liberty.
2. വിജയം – Victory.

വിജയം കിട്ടുന്നതിന് തടസ്സമായി നിന്നിരുന്നത്,

1. Background – പശ്ചാത്തലം മോശം.
2. Companionship – കൂട്ടുകെട്ട്. നിസ്സാരന്മാരുടെ കൂടെ നടന്നു.

അനുഗ്രഹം ലഭിക്കാൻ കാരണമായത്,

Supplication – എല്ലാം ദൈവസന്നിധിയിൽ പ്രസ്താവിച്ചു.

*"അപ്പോൾ യഹോവയുടെ ആത്മാവ് യിഫ്താഹി*

*ന്മേൽ വന്നു.”* *ന്യായാധിപന്മാർ 11 : 29*

Anointment of the Holy Spirit! ആത്മാവിന്റെ അഭിഷേകം!

ഇന്ന് നിങ്ങളുടെമേൽ ദൈവത്തിന്റെ ആത്മാവു വരണം. നിങ്ങൾ പ്രാർത്ഥിക്കുക: കർത്താവേ, നൂറ്റാണ്ടുകൾക്കുമുമ്പ്, പശ്ചാത്തലം മോശമായ, ജന്മം പിഴച്ചുപോയ, ചീത്ത കൂട്ടുകെട്ടിൽ വളർന്ന യിഫ്താഹ് തന്റെ കാര്യങ്ങളെല്ലാം പ്രസ്താവിച്ചപ്പോൾ കേട്ട ദൈവമേ, അന്ന് യിഫ്താഹിന്റെമേൽ വന്ന ആത്മാവ് ഇന്ന് എന്റെമേൽ ഒന്നിറങ്ങണമേ. നിന്റെ പരിശുദ്ധാത്മാവ് എന്റെമേൽ പകർന്നാൽ പരിശുദ്ധാത്മാവിനെ മാനിച്ച്, പരിശുദ്ധാത്മാവിന്റെ വചനത്തെ അനുസരിച്ച്, പരിശുദ്ധാത്മാവിന് വിനയപ്പെട്ട്, ഞാൻ ജീവിച്ചുകൊള്ളാം. മരണത്തോളം നിന്റെ ആത്മാവിനെ വേദനിപ്പിക്കാതെ, ആത്മാവിനെ തുച്ഛീകരിക്കാതെ ഞാൻ ജീവിച്ചുകൊള്ളാം. പരിശുദ്ധാത്മാവേ, നിന്റെ തീയാൽ എന്നെ അഭിഷേകം ചെയ്യണമേ.

## ആറ്

ജിപ്സി സ്മിത്ത് എന്ന ഒരു സുവിശേഷകൻ ഉണ്ടായിരുന്നു. അദ്ദേഹം ചിക്കാഗോയിൽ ഒരു മീറ്റിംഗിൽ പ്രസംഗിക്കാൻ ചെന്നു. ഒരു ചെറുപ്പക്കാരൻ ആ സുവിശേഷയോഗം കലക്കണമെന്ന് തീരുമാനിച്ച്, ഒരു ഉരുളൻകല്ല് കൈയിൽ വച്ചുകൊണ്ട് സുവിശേഷയോഗം നടക്കുന്ന ഓഡിറ്റോറിയത്തിന്റെ വാതിൽക്കൽ കാത്തുനിന്നു. ജിപ്സി സ്മിത്ത് പ്രസംഗിക്കാൻ വരുമ്പോൾ എറിയണം. യോഗം കലക്കണം. പിശാച് അങ്ങനെയാണ് അവന് തോന്നിച്ചത്.

സുവിശേഷകൻ കടന്നുപോകുമ്പോൾ, പെട്ടെന്ന് ഉരുളൻകല്ല് കൈയിൽ പിടിച്ചുകൊണ്ടു നിന്ന ചെറുപ്പക്കാരനെ നോക്കി ഒന്നു പുഞ്ചിരിച്ചു. എന്നിട്ടു പറഞ്ഞു: മാന്യയുവാവേ, യേശുക്രിസ്തു നിന്നെ സ്നേഹിക്കുന്നു. അവൻ ഞെട്ടിപ്പോയി. അവൻ കല്ലെറിഞ്ഞില്ല. അവൻ അകത്ത് കയറിയിരുന്നില്ല പക്ഷേ, ചുറ്റിപ്പറ്റി നടന്നു. പിറ്റെ ദിവസവും മീറ്റിംഗ് ഉണ്ട്. അന്ന് അവൻ എളുപ്പം ഇറങ്ങിപ്പോകത്തക്കവിധം വാതിലിനടുത്ത് അകത്ത് കയറി ഇരുന്നു. പിറ്റേ ദിവസവും യോഗമുണ്ട്. യോഗം കഴിഞ്ഞ് ജിപ്സി സ്മിത്ത് ഇംഗ്ലണ്ടിലേക്ക് മടങ്ങി.

രണ്ടുവർഷം കഴിഞ്ഞപ്പോൾ ജിപ്സി സ്മിത്തിന് ഷിക്കാഗോയിൽനിന്ന് പതിനാറ് യുവാക്കന്മാർ ചേർന്ന് ഒരു ക്രിസ്മസ്സ് കാർഡ് അയച്ചിരിക്കുന്നു. പതിനാറ് പേരും ജിപ്സി സ്മിത്തിന്റെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടവരാണ്. ക്രിസ്മസ്സ് കാർഡിൽ ഓരോരുത്തരുടേയും പേരെഴുതി ഒപ്പിട്ടിട്ടുണ്ട്. ആദ്യത്തെ ഒപ്പിട്ടിരിക്കുന്നത് ഈ ചെറുപ്പക്കാരനാണ്. കല്ലെ

ടുത്ത് എറിയാൻ വന്നവൻ കർത്താവിന്റെ സുവിശേഷകനായി മാറി. മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു പഠിക്കുകയായിരുന്നു ആ പതിനാറു പേരും. അങ്ങനെ അവർ ബൈബിൾ പഠിച്ച് ദൈവവേല ചെയ്യാൻ തുടങ്ങി.

യിഫ്താഹ് ആത്മാവിന്റെ അഭിഷേകം പ്രാപിച്ചു. ദൈവത്തിന്റെ ആത്മാവ് യിഫ്താഹിന്റെമേൽ ശക്തിയോടെ വന്നു. ദൈവത്തിന്റെ ആത്മാവ് നമ്മുടെമേൽ ശക്തിയോടെ വരണം. എന്റെ കർത്താവേ, നിന്റെ ആത്മാവ് ഇന്ന് എന്റെമേൽ ശക്തിയോടെ ഊതണമേ എന്നു നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നാൽ നല്ല ആഗ്രഹങ്ങൾ ദൈവം സാധിപ്പിക്കും.

രണ്ടു സമർത്ഥന്മാരായ ചെറുപ്പക്കാർ. രണ്ടുപേരും ഒരു കമ്പനിയിൽ ജോലിക്കു കയറി. കുറെനാൾ കഴിഞ്ഞപ്പോൾ ഒരാൾക്ക് പ്രൊമോഷൻ ലഭിച്ചു. മറ്റെ ആൾക്ക് പ്രൊമോഷൻ കൊടുത്തില്ല. പ്രൊമോഷൻ കിട്ടാത്ത ആൾക്ക് സങ്കടം. ഞാൻ നല്ലപോലെ ജോലി ചെയ്തു, അദ്ധ്വാനിച്ചു, ഉഴപ്പിയില്ല. പക്ഷേ, എനിക്ക് പ്രൊമോഷൻ തന്നില്ല, എന്റെ ഒപ്പം വന്ന ആൾക്ക് പ്രൊമോഷൻ കൊടുത്തു. അവൻ കമ്പനി മാനേജരുടെ അടുത്തുചെന്ന് പറഞ്ഞു: ഞങ്ങൾ രണ്ടുപേരും ഒരുമിച്ചു ജോലിക്കു വന്നവരാണ്. ഞങ്ങൾ രണ്ടുപേരും നന്നായി ജോലി ചെയ്തു. ഉഴപ്പിയില്ല. എന്താണ് എനിക്കു പ്രൊമോഷൻ തരാതിരുന്നത്? എനിക്ക് വല്ലാത്ത സങ്കടം. ഞാൻ റിസൈൻ ചെയ്യുകയാണ്.

ഉച്ചകഴിഞ്ഞ് മാനേജർ രണ്ടുപേരെയും വിളിച്ച് അവരോടു പറഞ്ഞു: “നമ്മുടെ കമ്പനിയുടെ ആവശ്യത്തിന് കുറെ സിമന്റു വേണം. മാർക്കറ്റിൽ പോയി സിമന്റിന്റെ വില അന്വേഷിച്ചു വരൂ.” പ്രൊമോഷൻ ലഭിക്കാത്തവൻ വന്ന്, സിമന്റു വില ഇപ്പോൾ മുന്നൂറു രൂപയാണെന്ന് പറഞ്ഞു. പ്രൊമോഷൻ കിട്ടിയ ആൾ തിരിച്ചു വന്നു പറഞ്ഞു: ഞാൻ അന്വേഷിച്ചു. ഒരു ചാക്ക് സിമന്റിന് മുന്നൂറ് രൂപയാണ്. ഞങ്ങൾക്ക് കുറെയധികം സിമന്റ് വേണമെന്ന് പറഞ്ഞപ്പോൾ ഇരുന്നൂറ്റിഅമ്പത് രൂപയ്ക്ക്

തരാമെന്ന് പറഞ്ഞു. പിന്നെ എന്തെങ്കിലും ആനുകൂല്യം തരുമോ എന്ന് ചോദിച്ചപ്പോൾ, ഒരു മാസം കഴിഞ്ഞിട്ട് വില തന്നാൽ മതിയെന്നും പറഞ്ഞു.

മാനേജർ രണ്ടുപേരേയും ഒരുമിച്ച് വിളിച്ചിട്ട് പറഞ്ഞു: ഇതാണ് നിങ്ങൾ തമ്മിലുള്ള വ്യത്യാസം. ഒരാൾ അന്വേഷിച്ചു. ഒട്ടും ഉഴപ്പിയില്ല. വന്ന് വില പറഞ്ഞു. മറ്റെയാൾ അന്വേഷിച്ചു. പക്ഷേ, ബുദ്ധിപൂർവ്വം ആത്മാർത്ഥതയോടെ എത്രത്തോളം വിലകുറച്ചു കിട്ടാൻ പറ്റും എന്നന്വേഷിച്ചു. അതാണ് ഉത്തരവാദിത്വബോധം. അതാണ് സ്വന്തം എന്നു കരുതുന്നത്. പ്രൊമോഷൻ കിട്ടാത്തവൻ പറഞ്ഞു: സാറേ, എന്റെ തെറ്റ് എനിക്കു മനസ്സിലായി. സ്വന്തംപോലെ ഞാൻ കരുതിയില്ല.

ആത്മനിറവു കിട്ടാൻ കാത്തിരുന്നിട്ട് എന്താണു ചിലർക്കു കിട്ടാത്തത്? പ്രകടമായ പാപങ്ങൾ എല്ലാം വിട്ടു. ചിട്ടപ്പെട്ട രീതിയിൽ ജീവിക്കുന്നുണ്ട്. പ്രാർത്ഥനയുണ്ട്. വേദപുസ്തകവായനയുണ്ട്. യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്. നല്ല ജീവിതം നയിക്കുന്നു. പിന്നെ എന്തുകൊണ്ട് ആത്മനിറവ് ലഭിക്കുന്നില്ല?

ആത്മനിറവിനുവേണ്ടി കാത്തിരിക്കുകയാണെങ്കിൽ നിങ്ങൾക്ക് തന്നെത്താൻ കാണാൻ പറ്റും. ചില സ്വാർത്ഥതകൾ! ചില വ്യക്തി താല്പര്യങ്ങൾ! സ്വന്തം കാര്യങ്ങൾ! സ്വന്ത ഇഷ്ടങ്ങൾ! സ്വന്തം ചില ശരികൾ! ഇതെല്ലാം വിടാൻ മനസ്സില്ലാതെ, അംഗീകരിക്കാൻ മനസ്സില്ലാതെ അതിനെ ഓർത്ത് ദൈവസന്നിധിയിൽ കരയാതെയാണ് നിങ്ങൾ ആത്മനിറവിനുവേണ്ടി കാത്തിരിക്കുന്നത്.

എനിക്ക് എന്തുകൊണ്ടാണ് ആത്മനിറവ് കിട്ടാത്തത്? എവിടെയാണ് എന്റെ പോരായ്മ? എന്റെ ജീവിതത്തിൽ മറ്റുള്ളവരെ കാണിക്കാനുള്ള വല്ല ആത്മീയവുമുണ്ടോ? എന്റെ പ്രാർത്ഥന മറ്റുള്ളവർ കേൾക്കാൻ വേണ്ടിയുള്ളതാണോ? എന്റെ കണ്ണുനീര് മറ്റുള്ളവർ കാണാൻ വേണ്ടിയുള്ളതാണോ? എന്റെ ജാഗരണം മറ്റുള്ളവർ അറിയാൻ വേണ്ടിയുള്ള താൽപര്യം ഉണ്ടോ? ഞാൻ ഉപവാസം എടുക്കുന്നത് മറ്റുള്ള

വർ അറിയണം എന്നുള്ള ആഗ്രഹമുണ്ടോ? ഞാൻ പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവർ കേൾക്കാനാണോ പ്രാർത്ഥിക്കുന്നത്? അതോ, യേശുതമ്പുരാൻ കേൾക്കാനാണോ?

പലരും പ്രാർത്ഥിക്കുമ്പോൾ അവിടെ ഇരിക്കുന്നവർക്ക് ഉപദേശം കൊടുക്കുകയാണ്. പ്രാർത്ഥനയിൽക്കൂടി സദസ്സിലിരിക്കുന്നവർക്ക് ഉപദേശമാണ് കൊടുക്കുന്നത്. പ്രാർത്ഥനയിൽക്കൂടി പ്രബോധനം. പ്രാർത്ഥനയിൽക്കൂടി ദൈവത്തിന്റെ വചനം. പ്രാർത്ഥിക്കുന്നത് ദൈവത്തോടാണ്. ആരു കേൾക്കുന്നു, ആരറിയുന്നു? അത് വിഷയമല്ല. എന്നാൽ ഭക്തൻ പറയുന്നു: ഞാൻ എന്റെ ഹൃദയം ദൈവത്തോട് തുറന്നു പറയുന്നു. ഉള്ളു തുറന്ന് ഞാൻ ദൈവത്തോടു സംസാരിക്കുന്നു. വേറെ ആരും കേൾക്കാനല്ല. വേറെ ആരും അറിയാനല്ല. ആരും അറിയേണ്ട ആവശ്യമില്ല. എന്റെ ആത്മീയം ആരറിഞ്ഞാലും പ്രത്യേകിച്ച് ഒരു ഗുണവും കിട്ടാൻ പോകുന്നില്ല.

ഞാൻ ഒരു ഭക്തനാണെന്ന് നൂറുപേരു പറഞ്ഞാലും എനിക്ക് പ്രയോജനം കിട്ടുകയില്ല. ഞാൻ ഒരു വിശുദ്ധനാണെന്ന് കൂട്ടായ്മയിലുള്ള എല്ലാവരും പറഞ്ഞാലും ദൈവരാജ്യത്തിൽ ചെല്ലുമ്പോൾ എന്റെ തനിനിറം വെളിപ്പെടും. അപ്പോൾ ഞാൻ ലജ്ജിതനായി നിൽക്കേണ്ടി വരില്ലേ? ദൈവത്തോട് ഉള്ളു തുറന്നു പറയുക. ക്രിസ്തുവിനെ കാണുക. ക്രിസ്തുവിലേക്ക് നമ്മുടെ ഹൃദയം ഏകാഗ്രമാക്കുക.

> *"യിഫ്താഹ് യഹോവയ്ക്കു ഒരു നേർച്ച നേർന്നു പറഞ്ഞത്: നീ അമ്മോന്യരെ എന്റെ കൈയിൽ ഏല്പിക്കുമെങ്കിൽ ഞാൻ അമ്മോന്യരെ ജയിച്ച് സമാധാനത്തോടെ മടങ്ങിവരുമ്പോൾ എന്റെ വീട്ടുവാതിൽക്കൽനിന്ന് എന്നെ എതിരേറ്റു വരുന്നത് യഹോവയ്ക്കുള്ളതാകും; അതു ഞാൻ ഹോമയാഗമായി അർപ്പിക്കും."*
>
> *ന്യായാധിപന്മാർ 11 : 30, 31*

യിഫ്താഹിനെ ദൈവം കണ്ടു. യിഫ്താഹിനെ ദൈവം

സ്നേഹിച്ചു. ജീവിതത്തിൽ തളർച്ചപറ്റിയവർ, വാട്ടം പറ്റിയവർ, ജീവിതത്തിൽ വിലകെട്ടുപോയവർ, ആർക്കും മാനമില്ലാതെ പോയവർ, നാട്ടിൽ ഒരു ഗൗനിപ്പും ഇല്ലാതെ പോയവർ, പലരും അവഗണിച്ചവർ, പലരും നിങ്ങളെ മാറ്റി നിർത്തിയ അവസ്ഥ യിൽ മനസ്സുനൊന്തു കഴിഞ്ഞവർ, ഇങ്ങനെ ആരെങ്കിലുമുണ്ടെ ങ്കിൽ നിങ്ങൾ കേൾക്കൂ, നിങ്ങളുടെ കാര്യം അറിയുന്ന ഒരാളുണ്ട്. നിങ്ങളെ സ്നേഹിക്കുന്ന ഒരാളുണ്ട്. നിങ്ങളുടെ അരികിലേക്ക് വരുന്ന ഒരാളുണ്ട്. ഞാൻ വിശ്വസിക്കുന്നു. ഞാൻ അറിയുന്നു. ഞാൻ അനുഭവിക്കുന്നു.

പലപ്പോഴും ഞാൻ അവഗണിക്കപ്പെട്ടവനാണ്. പലപ്പോഴും ഞാൻ ഉപേക്ഷിക്കപ്പെട്ടവനാണ്. പലരാലും ഞാൻ തിരസ്ക്കരി ക്കപ്പെട്ടവനാണ്. പക്ഷേ, എന്നെ സ്നേഹിച്ച, എന്നെ കരുതിയ, എന്റെ കാര്യം അന്വേഷിച്ച ഒരു യേശു ഉണ്ട്. അതുകൊണ്ട് ഞാനിന്ന് സമാധാനത്തോടെ ജീവിക്കുന്നു. എന്റെ കുഞ്ഞു ങ്ങളും സമാധാനത്തോടെ ജീവിക്കുന്നു.

യിഫ്താഹ് ചെയ്തതുപോലെ നിങ്ങൾ യഹോവയുടെ സന്നിധിയിൽ ചെന്ന് കാര്യമെല്ലാം പ്രസ്താവിക്കണം. തനിയെ ദൈവസന്നിധിയിൽ ചെന്ന് നിങ്ങൾ നേരിടുന്ന അവഗണനക ളെല്ലാം പറയുക. നിങ്ങൾ നേരിടുന്ന പ്രശ്നങ്ങളും അപകർഷ തകളും തിരസ്ക്കാരങ്ങളുമെല്ലാം തുറന്നുപറയുക. യിഫ്താഹ് ദൈവസന്നിധിയിൽ ചെന്ന് തന്റെ കാര്യമെല്ലാം പ്രസ്താവിച്ചു.

എല്ലാവരാലും ഉപേക്ഷിക്കപ്പെടുമ്പോൾ ഏകാന്തരാവു കളിൽ ദൈവസന്നിധിയിൽ ചെന്ന് എല്ലാം പറയണം. എവിടെ യെല്ലാം നിങ്ങളെ മാറ്റി നിർത്തുന്നുണ്ടോ അവിടെയെല്ലാം നിങ്ങളെ ഉയർത്താൻ യേശുവിനു കഴിയും. കാട്ടുപോത്തിന്റെ കൊമ്പുപോലെ നിന്നെ ഉയർത്തും. യഹോവയുടെ മഹത്വം നിന്റെ പിൻപട ആയിരിക്കും. എല്ലാ രംഗത്തും യഹോവ നിന്നെ സഹായിക്കും. യിഫ്താഹ് തന്റെ കാര്യമെല്ലാം ദൈവ സന്നിധിയിൽ പ്രസ്താവിച്ചു.

അതിനുശേഷം യിഫ്താഹ് ധീരതയോടെ, ധൈര്യത്തോടെ യുദ്ധത്തിൽ മുന്നേറി.

*"അപ്പോൾ യഹോവയുടെ ആത്മാവ് യിഫ്താഹിൻമേൽ വന്നു; അവൻ ഗിലെയാദിലും മനശ്ശെയിലും കൂടി കടന്നു ഗിലെയാദിലെ മിസ്പയിൽ എത്തി ഗിലെയാദിലെ മിസ്പയിൽ നിന്നു അമ്മോന്യരുടെ നേരേ ചെന്നു." ന്യായാധിപന്മാർ 11 : 29*

യിഫ്താഹ് ദൈവത്തിന്റെ സന്നിധിയിൽ കാര്യമെല്ലാം പ്രസ്താവിച്ചു അപ്പോൾ തന്നെ ദൈവാത്മാവ് അവന്റെമേൽ വന്നു. നമ്മുടെമേൽ ദൈവാത്മാവ് ഇറങ്ങും. ദൈവം ആരേയും മാറ്റിനിർത്തുന്നില്ല. ആരേയും ഒഴിവാക്കുന്നില്ല. എല്ലാവരേയും സ്നേഹിക്കുന്നു. യിഫ്താഹിന്റെമേൽ ദൈവാത്മാവ് വന്നപ്പോൾ യിഫ്താഹ് യഹോവയ്ക്ക് ഒരു നേർച്ച നേർന്നു.

4. ദൈവത്തിന്റെ പരിശുദ്ധാത്മാവു വരുമ്പോൾ സമർപ്പണമെടുക്കും.

*"യിഫ്താഹ് യഹോവയ്ക്കു ഒരു നേർച്ച നേർന്നു."*
*ന്യായാധിപന്മാർ 11 : 30*

ദൈവത്തോട് ഒരു സമർപ്പണം പറഞ്ഞു. സഹോദരങ്ങളേ, നമുക്കാവശ്യം ഒരു സമർപ്പണമാണ്. യഥാർത്ഥമായ ഒരു സമർപ്പണം! ശരിയായ ഒരു സമർപ്പണം! മുഴുവനായി ഈ ജീവിതം യേശുവിനു കൊടുത്തു എന്നുള്ള ഉറപ്പ്. എന്തൊരു ഭാഗ്യം! എല്ലാ പാപവും കഴുകപ്പെടുന്ന ഒരു ധൈര്യം! എന്തൊരു പ്രാഗത്ഭ്യമാണ്! എന്തൊരു തന്റേടമാണ്! ഒരു പേടിയുമില്ല. ഒന്നിനേയും പേടിയില്ല. കാരണം, എന്റെ ദൈവം എന്റെമേൽ തന്റെ ആത്മാവിനെ തന്നിരിക്കുന്നു. ഒരു തീരുമാനമെടുക്കാനുള്ള കൃപ തന്നിരിക്കുന്നു. ഒരു നേർച്ച നേരാനുള്ള കൃപയും അതിനുള്ള സുബോധവും തന്നിരിക്കുന്നു.

*"യിഫ്താഹ് യഹോവെക്കു ഒരു നേർച്ച നേർന്നു*

*പറഞ്ഞത്: നീ അമ്മോന്യരെ എന്റെ കൈയിൽ ഏല്പിക്കുമെങ്കിൽ ഞാൻ അമ്മോന്യരെ ജയിച്ചു സമാധാനത്തോടെ മടങ്ങിവരുമ്പോൾ എന്റെ വീട്ടുവാതില്ക്കൽനിന്ന് എന്നെ എതിരേറ്റുവരുന്നതു യഹോവയ്ക്കുള്ളതാകും; അതു ഞാൻ ഹോമയാഗമായി അർപ്പിക്കും."*

*ന്യായാധിപന്മാർ 11 : 30, 31*

കാരണം, ജയിപ്പിക്കുന്നത് നീയാണ്. നീ കാരണമാണ് ഞാൻ ജയിക്കുന്നത്. നീ സഹായിക്കുന്നില്ലെങ്കിൽ ഞാൻ ജയിക്കില്ല. ശത്രുവിന്റെ നിരകൾ വളരെ ശക്തമാണ്. ശക്തന്മാരാണ് അമ്മോന്യർ, അവരെ ജയിക്കാൻ സാധാരണരീതിയിൽ എനിക്കു സാധിക്കില്ല. പക്ഷേ, നീ എനിക്കു ജയിപ്പിച്ചു തരണം. നീ ജയിപ്പിച്ചു തരികയാണെങ്കിൽ ഞാൻ ശത്രുവിനെ ജയിച്ചിട്ടു മടങ്ങിവരുമ്പോൾ എന്റെ വീടിന്റെ വാതിൽക്കൽ ആരാണോ ആദ്യം എന്നെ എതിരേറ്റു വരുന്നത് ആ ആളെ ഞാൻ നിനക്കു ഹോമയാഗമായി അർപ്പിക്കും.

*"ഇങ്ങനെ യിഫ്താഹ് അമ്മോന്യരോടു യുദ്ധം ചെയ്വാൻ അവരുടെ നേരെ ചെന്നു; യഹോവ അവരെ അവന്റെ കൈയിൽ ഏല്പിച്ചു. അവൻ അവർക്കു അരോവേർമുതൽ മിന്നീത്ത്വരെയും ആബേൽ-കെരാമീം വരെയും ഒരു മഹാസംഹാരം വരുത്തി, ഇരുപതു പട്ടണം ജയിച്ചടക്കി. എന്നാൽ യിഫ്താഹ് മിസ്പയിൽ തന്റെ വീട്ടിലേക്കു ചെല്ലുമ്പോൾ ഇതാ, അവന്റെ മകൾ തപ്പോടും നൃത്തത്തോടുംകൂടെ അവനെ എതിരേറ്റുവരുന്നു; അവൾ അവന്ന് ഏകപുത്രി ആയിരുന്നു; അവളല്ലാതെ അവന്ന് മകനുമില്ല മകളുമില്ല. അവളെ കണ്ടയുടനെ അവൻ തന്റെ വസ്ത്രം കീറി: അയ്യോ, എന്റെ മകളേ, നീ എന്റെ തല കുനിയിച്ചു, നീ എന്നെ വ്യസനിപ്പിക്കുന്നവരുടെ*

*കൂട്ടത്തിൽ ആക്കിയല്ലോ; യഹോവയോടു ഞാൻ പറഞ്ഞുപോയി; എനിക്കു പിന്മാറിക്കൂടാ എന്നു പറഞ്ഞു.” ന്യായാധിപന്മാർ 11 : 32 – 35*

യിഫ്താഹ് നേർച്ച നേർന്നു ഏറ്റവും വിലപ്പെട്ടതിനെ യാഗമർപ്പിക്കാമെന്നാണ് നേർന്നത്.

യിഫ്താഹിന് ആകെ ഒരു മകൾ മാത്രം. ഒറ്റയ്ക്കൊരു പുത്രി. അവൾ തപ്പും നൃത്തവുമായി അപ്പനെ എതിരേറ്റുവന്നു. അപ്പാ, അപ്പൻ ജയിച്ചുവരുന്നല്ലോ. അപ്പാ, ദൈവത്തെ സ്തുതിക്കാം. അപ്പാ, എന്തൊരു ഭാഗ്യമായിപ്പോയി! അവൾ അപ്പനെ എതിരേറ്റു വരികയാണ്. ഈ അപ്പന്റെ നേർച്ച മോളറിഞ്ഞില്ല. അപ്പൻ ഇങ്ങനെ നേർന്നുവെന്നത് മോളറിഞ്ഞില്ല. പാവം! അവൾ സന്തോഷത്തോടെ തപ്പും നൃത്തവുമായി വരുന്നു.

അവളെ കണ്ടയുടനെ യിഫ്താഹ് വസ്ത്രം കീറി ഉറക്കെ നിലവിളിച്ചുപോയി. ‘അയ്യോ! എന്റെ മോളേ, നിന്നെ കൊല്ലേണ്ടി വരുമല്ലോ? എന്റെ മോളേ, ഞാനിനി എന്തു ചെയ്യും? കുഞ്ഞേ, ഞാനൊരു വാക്ക് ദൈവത്തോടു പറഞ്ഞു പോയല്ലോ; എന്റെ നേരെ ആദ്യം വരുന്നയാളെ ഞാൻ ഹോമയാഗമായി അർപ്പിക്കാമെന്ന്; ഞാൻ എന്തു ചെയ്യും? എന്റെ മോളേ, ഞാൻ വ്യസനിക്കുന്നവരുടെ കൂട്ടത്തിൽ ആയിപ്പോയല്ലോ; എന്റെ തല കുനിഞ്ഞുപോയല്ലോ. എന്റെ തലയെടുപ്പ് പോയല്ലോ. ഞാൻ ജയിച്ചു നല്ല സന്തോഷത്തോടെ വരികയായിരുന്നു. ഇതിൽപ്പരം നഷ്ടവും കഷ്ടവും ഇനി എന്താണെനിക്കു വരാനുള്ളത്? എന്റെ കുഞ്ഞിനെ ഞാൻ യാഗമർപ്പിക്കണമല്ലോ.

ഞാൻ എന്നും വ്യസനിക്കുന്ന ഒരു മനുഷ്യനാകേണ്ടി വന്നല്ലോ; വ്യസനിക്കുന്നവരുടെ കൂട്ടത്തിൽ ഞാൻ ആയിപ്പോയല്ലോ; ഞാൻ യഹോവയോടു പറഞ്ഞുപോയി; മോളേ, എനിക്കിനി വാക്കുമാറാൻ പറ്റില്ല. ഞാനെന്തു ചെയ്യും?

എന്തു വ്യസനം വന്നാലും കുഞ്ഞേ, ഞാൻ ദൈവത്തോട് പറഞ്ഞുപോയല്ലോ; എനിക്കു പിന്മാറിക്കൂടാ. യിഫ്താഹിന്റെ തലമുറ കുറ്റിയറ്റ് പോകും. യിഫ്താഹിന്റെ കുടുംബം അവിടെ കൂമ്പടഞ്ഞ് പോകുകയാണ്.

*"അവൾ അവനോട്: അപ്പാ, നീ യഹോവയോടു പറഞ്ഞുപോയിട്ടുണ്ടെങ്കിൽ യഹോവ നിനക്കു വേണ്ടി നിന്റെ ശത്രുക്കളായ അമ്മോന്യരോടു പ്രതികാരം നടത്തിയിരിക്കയാൽ നിന്റെ വായിൽ നിന്നു പുറപ്പെട്ടതുപോലെ എന്നോടു ചെയ്ക എന്നു പറഞ്ഞു." ന്യായാധിപന്മാർ 11 : 36*

അപ്പാ, അപ്പൻ ദൈവത്തോടു പറഞ്ഞവാക്കിൽനിന്ന് പിന്മാറണ്ട. എന്റെ ഭാവി ഇവിടെ വച്ച് കൂമ്പടയുന്നു; എനിക്ക് പർവ്വതങ്ങളിൽ ചെന്ന് വിലാപം കഴിക്കാൻ അല്പസമയം തരണം എന്നു പറഞ്ഞു.

*"എന്നാൽ ഒരു കാര്യം എനിക്കു വേണ്ടിയിരുന്നു; ഞാൻ പർവ്വതങ്ങളിൽ ചെന്ന് എന്റെ സഖിമാരു മായി എന്റെ കന്യാത്വത്തെക്കുറിച്ചു വിലാപം കഴിക്കേണ്ടതിന്നു എനിക്കു രണ്ടു മാസത്തെ അവധി തരേണം എന്നു അവൾ തന്റെ അപ്പനോടു പറഞ്ഞു."*
*ന്യായാധിപന്മാർ 11 : 37*

രണ്ടുമാസം കരയുന്നതെന്തിനാണ്? മരിക്കുന്നതിനെ ക്കുറിച്ചല്ല, ഇവിടെ ജീവിതം വഴിമുട്ടിപോകുന്നതിനെക്കുറിച്ച്. English Bible പറയുന്നു: "Weeping, because I will never marry." ഇനി ഞാൻ വിവാഹം കഴിക്കയില്ല. എനിക്കൊരു സന്തതി ഉണ്ടാകുകയില്ല. എന്നെ കൊന്നതുപോലുള്ള അനുഭവമായിരിക്കും. ഞാൻ ഇവിടെ വച്ച് ഒരു തീരുമാനം എടുക്കുന്നു. എനിക്ക് മക്കൾ ജനിക്കയില്ല. ഒരു പുരുഷനുമായി ഞാൻ ബന്ധപ്പെടു കയില്ല. എനിക്ക് ഭാവിതലമുറ വേണ്ട. അവൾ തീരുമാന മെടുക്കുകയാണ്. ഭാവിയിലെ പരിപാടികൾ എല്ലാം തീരുന്നു.

അതിനുവേണ്ടി വിലാപം കഴിക്കുകയാണ്.

> *"രണ്ടുമാസം കഴിഞ്ഞിട്ട് അവൾ തന്റെ അപ്പന്റെ അടുക്കലേക്കു മടങ്ങിവന്നു; അവൻ നേർന്നിരുന്ന നേർച്ചപോലെ അവളോടു ചെയ്തു; അവൾ ഒരു പുരുഷനെ അറിഞ്ഞിരുന്നതുമില്ല."*
>
> *ന്യായാധിപന്മാർ 11 : 39*

English Bible ൽ പറയുന്നു: "She was never married." അവൾ വിവാഹത്തിന് വിട്ടുകൊടുത്തില്ല. അവളെ വെട്ടി ക്കൊന്നില്ല, അവളെ യാഗമർപ്പിച്ചില്ല, എന്നാൽ അവളുടെ ഭാവി അവിടെ തീർന്നു.

# ഏഴ്

യിഫ്താഹിന്റെമേൽ പരിശുദ്ധാത്മാവ് വന്നപ്പോൾ യുദ്ധത്തിൽ ജയം നേടി. Victory over Satan. പരിശുദ്ധാത്മാവ് വരുമ്പോൾ പിശാചിന്റെമേൽ ജയം കിട്ടും.

യിഫ്താഹ് ദൈവത്തിന്റെ ആത്മാവ് വന്നപ്പോൾ ശത്രുവിന്റെ നേരേ ജയിക്കാനായി മുന്നോട്ടുപോയി. യിഫ്താഹ് യഹോവയ്ക്ക് ഒരു നേർച്ച നേർന്നു. എവിടെയെല്ലാം ആത്മാവിനെ വേണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അവിടെ ഒരു നേർച്ച കൂടിയേ കഴിയൂ. പരിശുദ്ധാത്മാവിനെ വേണമെങ്കിൽ നേർച്ച നേരണം. സാക്ഷാലുള്ള സമർപ്പണമാണ് നേർച്ച. മുഴുവനായി സമർപ്പിക്കുന്നു.

വേദപുസ്തകത്തിൽ നേർച്ച നേർന്ന വേറെ ചിലരെ കാണാം.

> *"യാക്കോബ് ഒരു നേർച്ചനേർന്നു: ദൈവം എന്നോടുകൂടെ ഇരിക്കയും ഞാൻ പോകുന്ന ഈ യാത്രയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും എനിക്ക് തരികയും എന്നെ എന്റെ അപ്പന്റെ വീട്ടിലേക്കു സൗഖ്യത്തോടെ മടക്കി വരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്ക് ദൈവമായിരിക്കും. ഞാൻ തൂണായി നിർത്തിയ ഈ കല്ല് ദൈവത്തിന്റെ ആലയവും ആകും. നീ എനിക്ക് തരുന്ന സകലത്തിലും ഞാൻ നിനക്കു ദശാംശം തരും എന്നു പറഞ്ഞു."*
>
> *ഉല്പത്തി 28 : 20 – 22*

അബ്രഹാമിന്റെ മകനായ യിസ്ഹാക്കിന്റെ മകനായ യാക്കോബ് ഒരു നേർച്ച നേർന്നു. ദൈവസന്നിധിയിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടാണ് നേർച്ച നേരുന്നത്. കർത്താവേ, ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു. ഞാനിപ്പോൾ അഗതിയാണ്. അനാഥനാണ്. എനിക്കാരുമില്ല. അപ്പനുണ്ട്. പക്ഷേ, ഞാൻ അപ്പനെ വിട്ട് ഓടിപ്പോകുകയാണ്. അമ്മയുണ്ട്. പക്ഷേ, ഞാനിനി അമ്മയെ കാണുമോയെന്നറിയില്ല. ഞാൻ അമ്മയെ വിട്ട് ഓടിപ്പോകുകയാണ്.

എനിക്ക് വീടുണ്ട്. പക്ഷേ, ഞാൻ വീട്ടിൽ നിന്ന് ഇറങ്ങി ഓടുകയാണ്. എന്റെ കർത്താവേ, നല്ലൊരു കുടുംബത്തിൽ പിറന്നവനാണ്. വിശ്വാസവീരനായ അബ്രാഹാം പിതാവിന്റെ കൊച്ചുമകനാണ്. പക്ഷേ, ഞാനിതാ ആരുമില്ലാത്തവനായി ഈ മരുഭൂമിയിൽ കൂടി ഓടണമല്ലോ. ഞാനീ മരുഭൂമി യാത്ര കൊണ്ട് ക്ഷീണിച്ചു, ക്ലേശിച്ചു, വിഷമിച്ചു. ഇനി എത്ര ദിവസം നടന്നാലാണ് ഞാൻ ഹാരാനിൽ എത്തുന്നത്?

യാക്കോബ് തന്റെ ഭവനത്തിൽനിന്ന് ഏശാവിനെ പേടിച്ച് ഓടുകയാണ്. മരണഭീതിയോടെയുള്ള ഓട്ടം. പിറകിൽ നിന്ന് ചേട്ടന്റെ അസ്ത്രം ദേഹത്തു തറയ്ക്കുമോ എന്നു പേടിച്ചാണ് ഓട്ടം. കാരണം, ചേട്ടൻ വേട്ടയിൽ സമർത്ഥനാണ്. നായാട്ടു വീരനാണ്. ഏശാവ് പിറകിൽ നിന്ന് അമ്പെയ്താൽ എത്ര ദൂരെ വേണമെങ്കിലും കൊള്ളും.

പ്രിയപ്പെട്ടവരേ, ഇന്ന് ഏതെങ്കിലും തരത്തിലുള്ള പേടിയിലാണോ നിങ്ങൾ? അയ്യോ! ഇന്ന് ഭർത്താവ് മദ്യപിച്ച് മടങ്ങി വരുമ്പോൾ എന്താണാവോ വീട്ടിലെ പുകില്? എന്താണാവോ അദ്ദേഹം കാണിക്കാൻ പോകുന്നത്? പാത്രങ്ങൾ കുറെയെല്ലാം എറിഞ്ഞുടച്ചു. ഗ്ലാസ്സുകളൊന്നുമില്ല. അലൂമിനിയം കലങ്ങളെല്ലാം ചളുങ്ങി ചുളുങ്ങിയതേയുള്ളൂ. എന്തുമാത്രം തല്ലുകൊള്ളേണ്ടി വരുന്നു!

ഇങ്ങനെ ഭാരത്തോടെയും ഭയത്തോടെയും ഇരിക്കുന്ന

വരില്ലേ? അയ്യോ! എന്റെ ദൈവമേ, രൂപ കൊടുത്തു തീർക്കേണ്ട മനുഷ്യൻ ഇന്ന് വീട്ടിലേക്കു വരുമോ? ഇനി എന്താ മാർഗ്ഗം? പല തരത്തിലുള്ള ഭാരങ്ങൾ! ഭയങ്ങൾ!

ഭീതിയോടെ ഇരിക്കുന്നവരാരെങ്കിലുമുണ്ടോ? നിങ്ങൾ വിശ്വസിക്കൂ! നിങ്ങളുടെ ഭയം മാറ്റുന്ന ഒരു ദൈവമുണ്ട്. നിങ്ങൾ ഭയത്തോടെ ഓരോ ചുവടും വയ്ക്കുമ്പോൾ നിങ്ങളെ കാണുന്ന ഒരു ദൈവമുണ്ട്. നിങ്ങൾ ഭയത്തോടുകൂടി നീങ്ങുന്ന ഓരോ നിമിഷവും നിങ്ങളുടെകൂടെ തന്റെ ദൂതന്മാരെ അയയ്ക്കുന്ന ഒരു ദൈവമുണ്ട്. യാക്കോബിനെ താങ്ങാൻ സ്വർഗ്ഗീയ മാലാഖമാർ കൂടെയുണ്ടായിരുന്നു.

സ്നേഹിതാ, നീ വിശ്വസിക്കൂ. നിന്നെ കാക്കാൻ, നിന്നെ താങ്ങാൻ, നിന്നെ കരുതാൻ, നിന്നെ തലോടാൻ സ്വർഗ്ഗീയ ദൂതന്മാരെ ആക്കിയിട്ടുണ്ട്. അവർ രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്കയയ്ക്കപ്പെടുന്ന സേവകാത്മാക്കളാണ്. ദൂതന്മാരുണ്ട്. ദൂതന്മാരുടെ സംരക്ഷണമുണ്ട്.

യാക്കോബേ, നീ ഭയപ്പെടേണ്ട; യിസ്രായേലേ, നീ ഭ്രമിക്കേണ്ട. നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്റെ അര മുറുക്കിയിരിക്കുന്നു. നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്നെ ഓമനപ്പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ.”

“പർവ്വതങ്ങൾ മാറിപ്പോകും കുന്നുകൾ നീങ്ങിപ്പോകും എങ്കിലും എന്റെ ദയ നിന്നെ വിട്ടു മാറുകയില്ല. എന്റെ സമാധാനനിയമം നിന്നിൽനിന്നു നീങ്ങിപ്പോകയുമില്ല.”

“പെറ്റതള്ള തന്റെ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല എന്ന് സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ അരുളപ്പാട്.”

ദൈവജനമേ, നിങ്ങൾ വിശ്വസിക്കൂ. വെറും ആശ്വാസ വാക്കല്ലിത്. ജീവന്റെ സമൃദ്ധിയുള്ള അനുഭവമാണ്. ഒന്നിനെക്കുറിച്ചും ആകുലപ്പെടേണ്ട. ഭാരപ്പെടേണ്ട. സങ്കട

ങ്ങൾ ഏറ്റെടുക്കാൻ യേശു കൂടെയുണ്ട്. നിങ്ങളുടെ ചുടു നെടുവീർപ്പുകളെല്ലാം ഏറ്റുവാങ്ങി ആശ്വാസം തരാൻ യേശുവിന്റെ തൃക്കരം ഉയർത്തിയിട്ടുണ്ട്.

യേശുക്രിസ്തു നിങ്ങളുടെ അരികത്തേക്കു വന്നിരിക്കുന്നു. യേശു നിങ്ങളുടെ സമീപത്തുകൂടെ നടക്കുന്നുണ്ട്. യേശുവിന്റെ ആണിപ്പാടുള്ള കരം നിങ്ങളുടെ നേരേ നിവർത്തിയിരിക്കയാണ്. യേശുവിന്റെ തൃക്കരം നിങ്ങളെ തൊടാൻ തയ്യാറാണ്. യേശുവിന്റെ തിരുരക്തം നിങ്ങളുടെ മേൽ അണിയിക്കാൻ യേശു കടന്നുവരുന്നു. കഴിഞ്ഞകാല പാപങ്ങളെല്ലാം കഴുകിത്തന്ന് വിശുദ്ധീകരിപ്പാൻ യേശുവിതാ വന്നിരിക്കുന്നു.

യേശുവിന്റെ തിരുവസ്ത്രത്തിന്റെ തൊങ്ങൽ നിങ്ങളെ തൊട്ടുരുമ്മിപ്പോകുന്നുണ്ട്. അപ്പോൾ നിങ്ങളുടെ രോഗങ്ങൾ, ക്ഷീണങ്ങൾ, അസ്വസ്ഥതകൾ എല്ലാം മാറും. മന:ശാന്തി ലഭിക്കും. ആശ്വാസവും സമാധാനവും കർത്താവു തരും. സ്വൈര്യക്കേടുകൾ, അഹങ്കാരം, കോപസ്വഭാവം എല്ലാം മാറ്റും. ദുഃസ്വഭാവങ്ങൾ മാറ്റി നിങ്ങളെ എളിമയുള്ളവരാക്കി തീർക്കും. നിങ്ങളുടെ ജീവിതം മനോഹരമായും ഭാസുരമായും ആക്കിത്തീർക്കുവാൻ അവൻ അദ്ധ്വാനിക്കുകയാണ്.

യേശു ജീവിക്കുന്നു! പ്രിയരേ! ജീവിക്കുന്ന ക്രിസ്തു നിങ്ങളുടെ അരികത്തേക്ക് നിങ്ങളെ തേടിവന്നിരിക്കുന്നു. അവൻ നിങ്ങളെ സ്നേഹിക്കുന്നു. അവനു നിങ്ങളോടു കരുണ തോന്നിയിരിക്കയാണ്. ഇന്ന് യേശുവിന്റെ സ്നേഹമാണ് നിങ്ങളുടെമേൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്നത്. സ്വർഗ്ഗീയമാരി, അനുഗ്രഹസമൃദ്ധി നിങ്ങളുടെമേൽ പെയ്യുകയാണ്. അനുഗ്രഹത്തിന്റെ ദാതാവ് നിങ്ങളുടെ അരികിലേക്കു വന്ന് നിങ്ങളെ തൊടുകയാണ്.

യാക്കോബ് വീട്ടിൽ നിന്നു പുറപ്പെട്ട് ഒറ്റ ദിവസത്തെ യാത്രകൊണ്ട് ക്ഷീണിച്ചു കഴിഞ്ഞു. ഇരുളുമൂടി നല്ല രാത്രി

യായി. വയ്യ! പക്ഷേ, കരിനിഴൽ കാണുമ്പോൾ പേടിയുണ്ട്. കാരണം, ഈ ഇരുളിന്റെ മറവിൽ ചേട്ടൻ വരുന്നുണ്ടോ എന്നെ കൊല്ലാൻ? ചുട്ടുപഴുത്ത മണലിൽകൂടി നടന്നു നടന്ന് കാൽ കുഴഞ്ഞിരിക്കുന്നു. യാക്കോബ് പറഞ്ഞു: കൊല്ലുന്നെങ്കിൽ കൊല്ലട്ടെ. യാക്കോബ് അവിടെ ഒരു പാറ കണ്ടു. അവിടെ ചാരി യങ്ങിരുന്നു. പിന്നെ തലയങ്ങോട്ടു ചായ്ച്ചു. ഉറങ്ങണമെന്നു വിചാരിച്ചല്ല. പക്ഷേ, പാവം ക്ഷീണംകൊണ്ട് ഉറങ്ങിപ്പോയി. നല്ലൊന്നാന്തരം വീട്ടിൽ അപ്പന്റേയും അമ്മയുടെയും തണ ലിൽ കിടന്ന് ഉറങ്ങേണ്ടവൻ ഇപ്പോൾ അഗതിയെപ്പോലെ അനാഥനെപോലെ വന്നു കിടക്കുകയാണ്.

ആ ഉറക്കത്തിൽ യാക്കോബ് ഒരു ദർശനം കണ്ടു. ദൈവ ശബ്ദം കേട്ടു. ഒരു ഗോവണി കണ്ടു. ആ ഗോവണിയുടെ മുക ളിലത്തെ പടിയിൽ ജീവനുള്ള ദൈവം എഴുന്നള്ളി നില്ക്കുന്നു.

> *"എന്നാൽ യാക്കോബ് ബേർ-ശേബയിൽ നിന്നു പുറപ്പെട്ട് ഹാരാനിലേക്കു പോയി. അവൻ ഒരു സ്ഥലത്ത് എത്തിയപ്പോൾ സൂര്യൻ അസ്തമിക്ക കൊണ്ടു അവിടെ രാപാർത്തു; അവൻ ആ സ്ഥലത്തെ കല്ലുകളിൽ ഒന്ന് എടുത്ത് തലയണ യായി വച്ചു അവിടെ കിടന്നുറങ്ങി. അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തി യിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തു: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാ ക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴ ക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ*

*മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇതാ, ഞാൻ നിന്നോടു കൂടെയുണ്ട്; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്ത് ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും."* *ഉല്പത്തി 28 : 10 – 15*

യാക്കോബ് അത്ഭുതത്തോടെ കണ്ടു, മാലാഖമാർ കയറിപ്പോകുന്നു. അപ്പോൾ അവർ എവിടെയായിരുന്നു? ഈ പാവപ്പെട്ട ഞാൻ യാത്രചെയ്തപ്പോൾ ഈ മാലാഖമാർ എന്റെ കൂടെ ഉണ്ടായിരുന്നു. ഈ നിസ്സാരനായ ഞാൻ ഭയചകിതനായി ഓടിയപ്പോൾ മാലാഖമാർ എന്റെകൂടെ ഉണ്ടായിരുന്നു. മാലാഖമാർ കയറുന്നു പിന്നെ താഴോട്ടിറങ്ങുന്നു. കയറുകയും ഇറങ്ങുകയും ചെയ്യുന്നതു കണ്ടു.

ഗോവണിയുടെ മീതെ നിത്യനായ ദൈവം എഴുന്നള്ളി നിന്നു അരുളിച്ചെയ്തു. ദൈവികശബ്ദം കേട്ടു: മോനേ, ഞാൻ നിനക്കും ചില വാഗ്ദത്തങ്ങൾ തരികയാണ്. നീ കിടക്കുന്ന ഈ ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. യാക്കോബ് അത്ഭുതപ്പെട്ടുപോയി. ഞാൻ എന്തൊക്കെയാണീ കേൾക്കുന്നത്? കല്യാണം കഴിച്ചിട്ടില്ല. കല്യാണം കഴിക്കുമെന്നുള്ള പ്രതീക്ഷയുമില്ല. കല്യാണത്തിനു മുമ്പേ എന്നെ കൊന്നുകളയും എന്നുള്ള വിചാരമാണ്. അപ്പോൾ ദൈവം പറയുന്നു: നിനക്ക് ഈ ഭൂമി കിട്ടും നിന്റെ സന്തിക്കും ഈ ഭൂമിയെ ഞാൻ തരും എന്ന്.

നിനക്ക് എണ്ണമില്ലാത്ത സന്തതികൾ ലഭിക്കും. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും. മോനേ, നീ ഇവിടെയൊന്നും നില്ക്കുകയില്ല. നീ ദിഗന്തങ്ങളിലേക്കു പരക്കും. ദിക്കുകളിലേക്ക് പടരും. നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.

വാഗ്ദത്തം! നെടുനാളത്തേക്കുള്ള വാഗ്ദത്തം കൊടുക്കുന്നു. നീ എങ്ങോട്ടേക്കെല്ലാം പോകുന്നോ അങ്ങോട്ടെല്ലാം ഞാൻ നിന്നെ കാത്തുകൊണ്ടു ചെല്ലും. എന്നിട്ട് ഏറ്റവും അവസാനം നിന്നെ ഈ രാജ്യത്തേക്ക് തന്നെ മടക്കി വരുത്തും.

സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കാര്യപരിപാടി ദൈവം തന്റെ ദാസനു വെളിപ്പെടുത്തിക്കൊടുക്കുകയാണ്. യാക്കോബിന്റെ സന്തതിപരമ്പരയിൽ കർത്താവായ യേശുക്രിസ്തു ജനിക്കുമെന്നുള്ള വാഗ്ദത്തം കൊടുക്കുകയാണ്. നിന്റെ സന്തതിക്ക് ഈ ഭൂമി തരുമെന്നു പറയുന്നത് ഇനി വരാനിരിക്കുന്ന സ്വർഗ്ഗീയ വാഴ്ചയിലെ കാര്യമാണ്. നെടുനാളത്തേയ്ക്കുള്ള വാഗ്ദത്തം!

ദൈവപൈതലേ, നീ വാടിവാടി തളർന്നവനാണ്. നീ ഓടിയോടി ക്ഷീണിച്ചവനാണ്. പല കാര്യങ്ങളിലും നീ വാടിപ്പോയവനാണ്. ജീവിതത്തിൽ തളർച്ചപറ്റിയ അനേകർ ഈ വാക്കുകൾ വായിക്കുന്നുണ്ട്. അനേകർ കഷ്ടപ്പാടേറ്റു വലഞ്ഞവരാണ്. അദ്ധ്വാനഭാരംകൊണ്ട് ക്ലേശിച്ചു പോയവരില്ലേ? കഞ്ഞി കുടിക്കാൻ മാർഗ്ഗംതേടി വലഞ്ഞുപോയവരില്ലേ? നാടുവിട്ടു പോയവരില്ലേ? ആഹാരം കഴിക്കാൻ മാർഗ്ഗമില്ലാതെ നാടുവിട്ടുപോയി കൊച്ചു കുടിലുകെട്ടി പാർത്തവരില്ലേ? മലമ്പനിയുടെ വലിയ ബാധമൂലം അനേകർ മരിച്ചു മണ്മറഞ്ഞുപോയിട്ടും നിങ്ങൾ ചിലർ ജീവിച്ചില്ലേ?

ആദ്യകാലങ്ങളിൽ ഈ നാടുകളിൽ നിന്നെല്ലാം വയനാട് മേഖലയിലേക്കു പോയവർ, ഈ നാട്ടിൽ ജീവിക്കുന്നതിനേക്കാൾ കുറെക്കൂടി ഭേദമായ ഒരു ജീവിതം അവിടെ കിട്ടുമെന്നു പ്രതീക്ഷിച്ച് പോയവരാണ്. അവിടെച്ചെന്നപ്പോൾ അവിടത്തെ കാലാവസ്ഥ ഈ മദ്ധ്യതിരുവിതാംകൂറിലെ കാലാവസ്ഥയിൽ നിന്ന് വ്യത്യസ്തമായി പോയതുകൊണ്ട് അവർക്ക് അവിടെ ജീവിക്കാൻ പാടില്ലാതായി. മലമ്പനി ബാധിച്ച്, വസൂരി ബാധിച്ച് അനേകംപേർ മരിച്ചു. അനേകമനേകം ക്ലേശങ്ങളിൽ കൂടെയും ഭാരങ്ങളിൽക്കൂടിയും പാവപ്പെട്ട ജനം അവിടെ

യെല്ലാംപോയി പാർത്തു. ക്ലേശിച്ച് ജീവിച്ചവർ, ആഹാരത്തിനു മാർഗ്ഗമില്ലാതെ വലഞ്ഞവർ, ഇന്ന് അവർക്ക് പുഷ്ടിയാണ്. സുഭിക്ഷതയാണ്. പലർക്കും കൊടുക്കാനുള്ള വകയുണ്ട്.

നിങ്ങളുടെ പൂർവ്വികന്മാർ, നിങ്ങളുടെ പിതാക്കന്മാർ എത്രമാത്രം ക്ലേശിച്ചാണ് കുടുംബജീവിതം നയിച്ചത്? അവർ എത്ര ക്ലേശിച്ചാണ് മണ്ണിനോടു പടവെട്ടി കൃഷി ചെയ്ത് ഉപജീവനമാർഗ്ഗം തേടിയത്!

ഇന്ന് ജീവിക്കാൻ മാർഗ്ഗമുണ്ട്, ശമ്പളമുണ്ട്, വിദ്യാഭ്യാസമുണ്ട്, വീടുണ്ട്, സൗകര്യങ്ങളുണ്ട്, നല്ല കുടുംബബന്ധങ്ങളുണ്ട്. പക്ഷേ, ഇന്നും മന:സമാധാനമില്ലാതെ ക്ലേശിക്കുന്നവരല്ലേ എല്ലാവരും?

എത്രപേർക്ക് ഉള്ളിൽ സമാധാനവും ശാന്തിയുമുണ്ട്? ഉള്ളു പുകയുകയല്ലേ? ഉള്ളു പൊള്ളുകയല്ലേ? നീറിപ്പുകയുന്ന ഹൃദയത്തിൽ ദുഃഖഭാരം പേറുന്ന ജനതതി. പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഭാരം മാറ്റാൻ, നിങ്ങൾക്ക് സമാധാനം തരാൻ, നിങ്ങൾക്ക് നല്ലകാലം തരാൻ, ഒരു ശോഭനമായ കാലം തരാൻ യേശുവിനാഗ്രഹമുണ്ട്. നിങ്ങളുടെ പിതാക്കന്മാർ ക്ലേശിച്ചു ജീവിച്ചു. കാൽനടയായി മൈലുകൾ നടന്ന് സ്കൂളിൽ പോയ കാലങ്ങൾ.

എന്റെ സ്നേഹിതരേ, നിങ്ങളുടെ ഭാരങ്ങൾ, ആകുലങ്ങൾ, ക്ലേശങ്ങൾ, കുടുംബത്തിലെ ദുരിതങ്ങൾ, പൈസയുടെ ഞെരുക്കം, രോഗം മുതലായവയെല്ലാം മാറ്റാൻ യേശു വന്നിട്ടുണ്ട്. നിങ്ങൾ സത്യമായും വിശ്വസിക്കൂ. ഒരു കരേറ്റവുമില്ലാതെ വലയുന്നവർ എത്രയോ പേരാണ് ഈ വാക്കുകൾ വായിക്കുന്നത്. അദ്ധ്വാനിക്കുന്നുണ്ട്. കഷ്ടപ്പെടുന്നുണ്ട്. എന്താണൊരു പോംവഴി എന്നോർത്ത് മനസ്സ് ഉഷ്ണിച്ച് വിഷമിച്ചു കഴിയുന്നവർ! എന്നാൽ അവരോട് ദൈവം പറയുന്നു: മകനേ, നിന്റെ കാര്യം ഞാനേറ്റുകൊള്ളാം. മകളേ, നിന്റെ കാര്യം ഞാൻ ഏറ്റെടുത്തിരിക്കുന്നു.

നിങ്ങൾ വിശ്വസിച്ചു കൊടുക്കുമോ? നേർച്ച നേരാമോ? അവന്റെ കൈയിലേക്ക് സമർപ്പിക്കാമോ? യാക്കോബ് ഒരു നേർച്ച നേർന്നു. സർവ്വശക്തന്റെ കൈയിലേക്ക് കൊടുത്താൽ ഭാവി സുരക്ഷിതമാണ്.

നിങ്ങൾക്ക് ഒരു സത്യസമർപ്പണമെടുക്കാമോ? കർത്താവേ, എനിക്ക് നിന്റെ ആത്മാവിനെ തന്നാൽ മതി, വേറൊന്നും വേണ്ട. എനിക്ക് പൈസ വേണ്ട. വിദ്യാഭ്യാസം വേണ്ട, പ്രതാപം വേണ്ട, ബഹുമതി വേണ്ട, എനിക്കെന്റെ യേശു മതി. 'യേശു! യേശു! യേശു! എനിക്കുവേണ്ടി തിരുരക്തം ചിന്തിയവന്റെ തിരുരക്തത്തിന്റെ ഒരു തുള്ളി മതി.

എന്റെ പാപക്കറകൾ കഴുകി എന്നെ രൂപാന്തരപ്പെടുത്തുന്ന യേശുക്രിസ്തുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തത്തിന്റെ ഒരത്ഭുതസ്പർശം മതി. നിന്റെ ആത്മാവിനെ മതി. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന്റെ കാറ്റ് എന്റെമേൽ ഊതണമേ. അഗ്നിയുടെ അഭിഷേകം എന്റെ തലമേൽ ഒഴുകണമേ.

മകനേ, നീ ഹൃദയവാതിൽ അടച്ചിരിക്കരുത്. നീ തളർന്നിരിക്കരുത്. വാടിയിരിക്കരുത്. നിരാശപ്പെട്ടിരിക്കരുത്. നീ അവശനായിരിക്കരുത്. മ്ലാനവദനനായിരിക്കരുത്. മകളേ, നീയിനിയും തളർന്നിരിക്കരുത്. നിനക്ക് ശോഭനമായ ഭാവിയുണ്ട്.

കൊടുക്കൂ യേശുവിന്റെ കൈകളിലേക്ക്. വാർദ്ധക്യത്തിലും ഫലം കായ്ച്ച് പച്ച വച്ച് പുഷ്ടി വച്ച് നിന്നെ അനുഗൃഹീത അനുഭവത്തിലേക്ക് നടത്താൻ യേശുക്രിസ്തുവിനു കഴിയും.

"നയവാൻ പനപോലെ തളിർത്തിടുമേ ഹാലേലുയ്യ
വളരുമവൻ ലെബനോന്റെ കാരകിൽ പോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ ഹാലേലുയ്യ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും"

തുഷ്ടിയും (സന്തോഷം) പുഷ്ടിയും വർദ്ധിക്കും.

അങ്ങനെ ഒരു നീതിമാനായി, ഒരു വിശുദ്ധനായി നിൽക്കാൻ തീരുമാനിക്കൂ. യാക്കോബ് ഒരു നേർച്ചനേർന്നു. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ വചനം കേട്ടപ്പോൾ, നിത്യനായ ദൈവത്തിന്റെ വചനം കേട്ടപ്പോൾ യാക്കോബ് നേർച്ചനേർന്നു.

ദൈവത്തിന്റെ വചനം കേൾക്കുമ്പോൾ തന്നെ നേർച്ച നേരണം. പിന്നെ ആകട്ടെ വീട്ടിൽ ചെന്നിട്ട് ആലോചിച്ച് ചിന്തിച്ച് ധ്യാനിച്ചതിനു ശേഷമാവാം എന്നൊന്നും വിചാരിക്ക രുത്. ഇപ്പോൾ, ദൈവത്തിന്റെ ശബ്ദം കേൾക്കുന്ന സമയത്ത് സമർപ്പിക്കുക. നാളെ ഇതുപോലെ ആത്മാവ് വ്യാപരിച്ചില്ലെ ങ്കിലോ? നാളെ പരിശുദ്ധാത്മാവ് ഇറങ്ങി വന്നില്ലെങ്കിലോ?

ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോ ഗിച്ചുകൊൾവിൻ.

“ഇപ്പോഴാകുന്നു രക്ഷാദിവസം ഇപ്പോൾ തന്നെ സുപ്ര സാദകാലം.”

ദൈവം പ്രസാദിക്കുന്ന, ദൈവകൃപ ഒഴുകുന്ന സമയമാ ണിത്. ദൈവത്തിന്റെ സ്നേഹം പകരുന്ന സമയം! യാക്കോബ് ഒരു നേർച്ച നേർന്നു.

പ്രിയപ്പെട്ടവരേ, നിങ്ങൾ ദൈവത്തോട് പറയണം: കർത്താവേ, എന്റെ ആളത്വം വിഷമയമാണ്. എന്റെ സ്വഭാവം വ്യാജമാണ്, മാലിന്യമുള്ളതാണ്. കറയുള്ളതാണ്; ഉപായവും സൂത്രവും കൗശലവും കാപട്യവുമുള്ളതാണ്. പുറമേ കാണി ക്കുന്ന, മറ്റുള്ളവർ കാണുന്ന ആളത്വമല്ല എന്റെ അകത്തിരിക്കു ന്നത്. എന്റെ യേശുവേ, നീയെന്നെ രൂപാന്തരപ്പെടുത്തണം. നിന്റെ പരിശുദ്ധാത്മാവിനെ എനിക്കു തരണം. എന്തിന്? കർത്താവേ, എനിക്ക് ആളുമാറുവാൻ, എനിക്കു രൂപാന്തരം പ്രാപിക്കുവാൻ, സ്വഭാവം മാറുവാൻ നിന്റെ പരിശുദ്ധാത്മാവ് എന്റെമേൽ വരണം.

പരിശുദ്ധാത്മാവ് വരുമ്പോൾ സമർപ്പണമുണ്ടാകും, നേർച്ചയുണ്ടാകും, ദൈവശബ്ദമുണ്ടാകും. ദൈവത്തിന്റെ

വാഗ്ദത്തമുണ്ടാകും. പരിശുദ്ധാത്മാവ് വരുമ്പോൾ ദൈവത്തിന്റെ ആത്മാവ് ശക്തിയോടെ ഇടപെടും.

ഇന്ന് ആരുടെമേൽ തീജ്ജ്വാല വരണം? ആർക്ക് അഭിഷേകം വേണം? ആർക്ക് ആത്മാവിന്റെ സ്പർശം വേണം? തീരുമാനമെടുക്കുവിൻ! സമർപ്പിക്കുവിൻ! നേർച്ച നേരുവിൻ! യേശുവിനോടു വാക്കുപറയുവിൻ: യേശുവേ, ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടി. യേശുവേ ഇന്നുമുതൽ ഞാൻ നിന്റെ വക. യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.

## എട്ട്

*"ഞാനോ സ്തോത്രനാദത്തോടെ നിനക്കു യാഗം അർപ്പിക്കും; നേർന്നിരിക്കുന്നതു ഞാൻ കഴിക്കും. രക്ഷ യഹോവയുടെ പക്കൽ നിന്നുവരുന്നു. എന്നാൽ യഹോവ മത്സ്യത്തോടു കല്പിച്ചിട്ട് അതു യോനയെ കരയ്ക്കു ഛർദ്ദിച്ചു കളഞ്ഞു."*

*യോനാ 2 : 9, 10*

യോനാപ്രവാചകൻ വലിയ അപകടത്തിലായിപ്പോയി. പ്രവാചകനെ മത്സ്യം വിഴുങ്ങി. അന്ന് അലക്സാണ്ട്രിയാ തുറ മുഖത്തു നിന്ന് കപ്പൽ കയറിയപ്പോൾ ഇത്ര ഭയങ്കരമായ ആപത്തു വരുമെന്ന് പ്രവാചകൻ ധരിച്ചില്ല. കടലിലേക്ക് എറിയപ്പെടുമെന്നോ കടലിൽ കൊടുങ്കാറ്റു വരുമെന്നോ കപ്പൽഛേദം ഉണ്ടാകുമെന്നോ കപ്പലിലെ ചരക്കുകളെല്ലാം കടലിൽ കളയേണ്ടിവരുമെന്നോ ഈ വലിയ കെടുതിയിൽ യോനാ പ്രവാചകനെ എടുത്ത് സമുദ്രത്തിലേക്ക് എറിയുമെന്നോ ഒന്നുമൊന്നും ചിന്തിച്ചില്ല. നല്ല ധീരനായിട്ടാണ് പുറപ്പെട്ടത്. ആര് എന്നെ തടുക്കാൻ? യോനായ്ക്ക് ദൈവത്തിന്റെ അരുളപ്പാടു കിട്ടി. ഇറാഖിലെ നീനെവേയിലേക്കു പോവുക എന്നാണ് അരുളപ്പാട്.

യോനാ ചിന്തിച്ചു: ഞാനെങ്ങനെ അങ്ങോട്ടു പോകും? ഞാൻ ചെന്ന് അവിടെയുള്ള ജനത്തിനോട് പ്രസംഗിക്കണം: നാല്പതു ദിവസം കഴിയുമ്പോൾ നീനെവേ ഉന്മൂലമാവും, നശിക്കും എന്ന്. ഞാനത് പറഞ്ഞാൽ ആ ജനം പാപത്തെ

ഓർത്ത് അനുതപിക്കും. ദൈവം അനുതാപം സ്വീകരിക്കും. അവരുടെമേൽ നിന്ന് ശിക്ഷ മാറ്റിക്കളയും. ഞാൻ മണ്ടനായി പോകും. നീനെവേ നശിക്കുമെന്ന് ഞാൻ പറഞ്ഞിട്ട് നശിക്കി ല്ലല്ലോ. അപ്പോൾ എന്റെ വില കുറയും. എനിക്കില്ലേ ഒരു നിലയും വിലയും? അതുകൊണ്ട് ഞാനങ്ങോട്ട് പോകുന്നില്ല.

യോനായ്ക്കു ന്യായങ്ങളുണ്ട്. അവർ വേണമെങ്കിൽ മാനസാന്തരപ്പെടട്ടെ. അതവരുടെ കാര്യം. അവർ യഹോവ യുടെ വചനം നോക്കി, യഹോവയുടെ കല്പനകൾ നോക്കി മാനസാന്തരപ്പെട്ടാൽ മതിയല്ലോ. ദൈവം എന്നെ വിളിച്ചു ശരി യാണ്. ഞാൻ പോകാമെന്ന് പറഞ്ഞതാണ്. ഞാൻ എന്റെ വീട്ടിൽ നിന്നു പുറപ്പെട്ടതാണ്. ഞാനീ തുറമുഖം വരെയും വന്നതുമാണ്. നീനെവേയിലേക്കു പോകുന്ന കപ്പലും തർശ്ശീ ശിലേക്കു പോകുന്ന കപ്പലും ഉണ്ട്.

ഞാൻ ഏതായാലും നീനെവേയിലേക്കു പോകുന്ന കപ്പ ലിൽ കയറുന്നില്ല. യോനാ പ്രവാചകൻ പടിഞ്ഞാറോട്ട്, തർശ്ശീ ശിലേക്കു പോകുന്ന കപ്പലിൽ കയറി. കപ്പൽ പടിഞ്ഞാറോട്ട് മെഡിറ്ററേനിയൻ കടലിൽക്കൂടി നീങ്ങുമ്പോൾ പെട്ടെന്നാണ് കടലിൽ വലിയ കോളിളക്കം. കടലാകെ ഇളകുന്നു. തിരമാല കൾ വളരെ ഉയരത്തിൽ ഇളകി മറിഞ്ഞ് പൊങ്ങുന്നു. കപ്പൽ ആടിയുലയുന്നു. കപ്പൽ മുങ്ങിപ്പോകുമെന്നുള്ള സ്ഥിതിയായി. എല്ലാവരും പരിഭ്രമത്തിലായി. കൂട്ടക്കരച്ചിലായി.

യോനാ-ദൈവത്തിന്റെ പ്രവാചകൻ-സമൂഹത്തിലെ ഈ വലിയ വേലിയേറ്റങ്ങൾ അറിയാതെ സുഖമായി കിടന്നുറ ങ്ങുകയാണ്. ഇന്നനേകം പ്രവാചകന്മാർ ഉറങ്ങുകയാണ്. സഭ കളനേകം ഇന്ന് ഉറങ്ങുകയാണ്. സഭയുടെ നേതാക്കന്മാർ ഉറ ങ്ങുകയാണ്. ഇന്ന് ചെറുപ്പക്കാർ മദ്യപാനികളാകുന്നു. നല്ല ബുദ്ധിശക്തിയുള്ള യുവാക്കൾ കഞ്ചാവിന്റെ അടിമക ളായിത്തീരുന്നു. അവരുടെ ജീവിതം നശിക്കുന്നു.

സഭയ്ക്കും സമുദായത്തിനും ഒരു വേദനയുമില്ലാത്ത തെന്ത്? സഭകൾ കരയണ്ടേ? ഒരു ഉപവാസം പ്രസിദ്ധമാക്കണ്ടേ? നശിച്ചു പോകുന്ന യുവാക്കന്മാർക്കുവേണ്ടി ഒന്നു പ്രാർത്ഥി ക്കണ്ടേ? ആരുമില്ല അക്കാര്യം ഏറ്റെടുക്കാൻ. കാരണം, ഇന്ന് സഭകൾക്കും സമുദായങ്ങൾക്കും ആത്മാക്കൾ നശിക്കുന്നത് ഒരു വിഷയമല്ല.

ഭർത്താവ് മദ്യപിച്ചു വന്നു ഭാര്യയെ തല്ലുന്നു. കൂട്ടക്കര ച്ചിൽ. മക്കൾക്കു വായിക്കാൻ പറ്റുന്നില്ല. നല്ല ഭാവിയുള്ള മക്ക ളാണ്. നല്ല വിദ്യാഭ്യാസം ലഭിക്കേണ്ട മക്കളാണ്. പക്ഷേ, വായി ക്കാൻ പറ്റണ്ടേ? അമ്മ തല്ലുകൊണ്ടു പിടയ്ക്കുമ്പോൾ മക്കൾ എങ്ങനെ വായിക്കും? എന്റെ ദൈവമേ, സഭയ്ക്കിതിൽ ഒരു ഉത്തരവാദിത്വമില്ലേ? ഭാര്യയും ഭർത്താവും വേർപിരിയുന്നു. വിവാഹമോചനത്തിനു കേസായി. നിസ്സാരകാര്യത്തിനാണ് തുടങ്ങിയത്. സഭ തക്കസമയത്ത് ഇടപെട്ടിരുന്നെങ്കിൽ കാര്യം തീർക്കാനുള്ളതേ ഉള്ളൂ. പക്ഷേ, സഭയ്ക്കിതൊന്നും ഒരു വിഷ യമല്ല.

യോനാ കപ്പലിൽ യാത്രപുറപ്പെട്ടു. പോകുന്ന വഴിക്ക് കട ലിൽ ചുഴലിക്കാറ്റ്. കപ്പൽ ആടി ഉലയുന്നു. ചരക്ക് എല്ലാം എടു ത്തെറിഞ്ഞു കളഞ്ഞുനോക്കി കപ്പലിന്റെ ഭാരം കുറയ്ക്കാൻ. പക്ഷേ ഇളക്കം മാറുന്നില്ല. പ്രക്ഷുബ്ധമായ അന്തരീക്ഷം മാറു ന്നില്ല. കടൽക്ഷോഭം മാറുന്നില്ല. തിരമാലകൾ അടങ്ങുന്നില്ല. കാരണം, എറിഞ്ഞു കളയേണ്ട ഒരു കെടാച്ചരക്ക് അതിനകത്ത് കിടപ്പുണ്ട്. അത് യോനയാണ്.

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിലെ കോളിളക്ക ങ്ങൾ, അനർത്ഥങ്ങൾ മാറാത്തത് എന്താണെന്നറിയാമോ? നിങ്ങളുടെ കുടുംബത്തിലെ അലോഹ്യം മാറാത്തത് എന്താ ണെന്നറിയാമോ? ഒരു കെടാച്ചരക്ക് നിങ്ങളുടെ ഹൃദയത്തിൽ ഇരിപ്പുണ്ട്. ഇതുവരേയും പുറത്തെറിഞ്ഞുകളയാൻ തോന്നി യിട്ടില്ല. ഒരു ഊറിയരസം അതിനുണ്ട്, ഒരു സുഖമുണ്ട്. കപ്പൽ

ആടിയുലയുമ്പോൾ ആട്ടുകട്ടിലിൽ കിടന്നുറങ്ങുന്നതുപോലെ യോനാ സുഖമായി ഉറങ്ങുകയാണ്.

പ്രിയപ്പെട്ടവരേ, ഇന്ന് അനേകം പേരും ഉറങ്ങുന്നു. പ്രവാചകൻ ഇക്കാര്യം മനസ്സിലാക്കാൻ അല്പം വൈകി. പ്രവാചകനെ സമുദ്രത്തിലേക്ക് എടുത്തെറിഞ്ഞു കളഞ്ഞപ്പോൾ കടലിന്റെ ക്ഷോഭം തീർന്നു; പ്രശ്നം തീർന്നു. കൊടുങ്കാറ്റമർന്നു. എറിഞ്ഞു കളയേണ്ടതിനെ എടുത്ത് എറിഞ്ഞുകളയുവാൻ, അടിത്തട്ടിൽ മറഞ്ഞു കിടക്കുന്നതിനെ പുറത്ത് എറിഞ്ഞുകളയുവാൻ നിങ്ങൾ തയ്യാറാവുമോ?

അടിത്തട്ടിൽ മറഞ്ഞുകിടക്കുന്ന ചില യോനാമാരുണ്ട്. ചില അനുസരണക്കേടുകളുണ്ട്. ചില ഊറിയ രസങ്ങളുള്ള അശുദ്ധിയുണ്ട്. മനുഷ്യരെ കബളിപ്പിക്കുന്ന ചില നല്ലനല്ല സന്തോഷകരമായ, സുഖകരമായ കാര്യങ്ങളുണ്ട്. മോനേ, എറിഞ്ഞുകളയുക. നിനക്കു നന്മവരും. ഐശ്വര്യം വരും. കുഞ്ഞേ, നിനക്ക് സമൃദ്ധമായി സമാധാനം ലഭിക്കും. കുടുംബത്തിൽ ശാന്തി ലഭിക്കും. നിന്റെ കുടുംബവും തലമുറകളും അനുഗ്രഹിക്കപ്പെടും.

നേർന്നിരിക്കുന്നത് കഴിക്കുവാൻ നിങ്ങൾ തീരുമാനിക്കുമോ? കർത്താവേ, ഞാൻ നിന്നോടിതാ ഒരു വാക്ക് പറയുന്നു. നേർന്നതു ഞാൻ കഴിച്ചുകൊള്ളാം. സാത്താനെ ഞാൻ ഉപേക്ഷിച്ചു കൊള്ളാം. മിശിഹായെ ഞാൻ സ്വീകരിച്ചു കൊള്ളാം. എന്റെ നേർച്ചകളെ ഞാൻ നാൾതോറും കഴിച്ചുകൊള്ളാം. കർത്താവേ, എന്നോട് മനസ്സലിയണമേ. എനിക്ക് ഇന്ന് ഒരു വിടുതൽ തരണമേ. സാത്താന്റെ ഉരുക്കുമുഷ്ടിയിൽ നിന്ന്, ദുഷ്ടപ്പിശാചിന്റെ ദംഷ്ട്രകളിൽ നിന്ന് എന്നെ വിടുവിക്കണമേ. സാത്താന്റെ ജയിലിൽ നിന്ന് എന്നെ പുറത്തു കൊണ്ടുവരണമേ.

നാഥാ! എന്റെമേലുള്ള ദുരാത്മവ്യാപാരം മാറ്റണമേ. പൈശാചിക ബാധകൾ, ശാപദോഷങ്ങൾ മാറ്റണമേ. ദുഷ്ടപ്പി

ശാചിന്റെ കെണികളിൽ ഞാൻ വീണുപോകാതവണ്ണം എന്നെ കോട്ടകെട്ടി കാക്കണമേ. തിരുവിലാവിൽ എന്നെ ഒളിപ്പിക്കണമേ. സ്ലീബായുടെ തണലിൽ എന്നെ മറയ്ക്കണമേ. കർത്താവേ, നാഥാ! നിന്നിൽ ഞാൻ ആശ്രയം തേടി വരുന്നു. നിന്റെ പാദപീഠത്തിൽ ഞാൻ കെട്ടിപ്പിടിക്കുന്നു. തിരുരക്തത്തിൽ ഞാൻ ആശ്രയിക്കുന്നു. ജയമുള്ള സ്ലീബായെ ഞാൻ മുറുകെ പിടിക്കുന്നു.

> *"ഞാനോ സ്തോത്രനാദത്തോടെ നിനക്കു യാഗം അർപ്പിക്കും; നേർന്നിരിക്കുന്നതു ഞാൻ കഴിക്കും. രക്ഷ യഹോവയുടെ പക്കൽനിന്നു വരുന്നു".*
>
> *യോനാ 2 : 9*

യോനാ, സമുദ്രത്തിന്റെ ആഴത്തിൽ കടൽപ്പുല്ല് തലപ്പാവായി വച്ചുകൊണ്ടു പറയുകയാണ്.

> *"യോനാ മത്സ്യത്തിന്റെ വയറ്റിൽവെച്ചു തന്റെ ദൈവമായ യഹോവയോടു പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ: ഞാൻ എന്റെ കഷ്ടത നിമിത്തം യഹോവയോടു നിലവിളിച്ചു; അവൻ എനിക്ക് ഉത്തരം അരുളി; ഞാൻ പാതാളത്തിന്റെ വയറ്റിൽ നിന്ന് അയ്യം വിളിച്ചു; നീ എന്റെ നിലവിളി കേട്ടു."*
>
> *യോനാ 2 : 1, 2*

ആഴിയുടെ അഗാധതയിൽ കൂടി നീന്തിപോകുന്ന വലിയോരു തിമിംഗലം! ഒരു മഹാമത്സ്യം! യോനായെ കപ്പലിൽ നിന്നും എടുത്തെറിഞ്ഞു, യോനാ കടലിലേക്കു വീണു. ഒരു മഹാമത്സ്യം വാ പിളർന്നു നില്ക്കുന്നു; അതുവരേയും വായ് പിളർന്നു നിന്ന മഹാമത്സ്യം യോനായെ കിട്ടിയപ്പോൾ വായടച്ചു.

സഹോദരങ്ങളേ, ഇതെല്ലാം ഒരത്ഭുതമല്ലേ! യാദൃച്ഛികമെന്നു നമുക്കു തോന്നും. പക്ഷേ, ഒന്നും യാദൃച്ഛികമല്ല. മത്സ്യത്തെ ദൈവം കല്പിച്ചാക്കിയതാണ്. എന്റെ ദാസൻ,

എന്നോടു നേർച്ച നേർന്ന എന്റെ ദാസൻ, എന്നോടു വാക്കു പറഞ്ഞ എന്റെ ദാസൻ അവൻ എന്നെ വിട്ടുപോയി. ദൈവം അവനെ മറന്നില്ല. അവൻ എന്നെ വിട്ടുപോയില്ലേ, പോകട്ടെ എന്നു വിചാരിച്ചില്ല.

നിങ്ങൾ മനസ്സിലാക്കൂ. നിങ്ങൾക്ക് തെറ്റു പറ്റിയിട്ടുണ്ടാവാം. തീരുമാനമെടുത്തതിനു ശേഷം നിങ്ങൾ തീരുമാനത്തിൽ നിന്നു വ്യതിചലിച്ചു കാണും. സമർപ്പണമെടുത്തതിനുശേഷം നിങ്ങൾക്കു ചില പാകപ്പിഴകൾ വന്നു കാണും. ദൈവത്തോടു വാക്കുപറഞ്ഞതിനുശേഷം ചില മഹാപാതകങ്ങൾ നിങ്ങളുടെ ജീവിതത്തിൽ വന്നു കാണും. പക്ഷേ, ദൈവം നിന്നെ മറക്കുന്നില്ല. ഒരു കാലത്ത് നിങ്ങളോടു വാക്കുപറഞ്ഞ ദൈവം, നിങ്ങൾ നേർച്ച നേർന്നത് കേട്ട ദൈവം, നിങ്ങൾ സമർപ്പിച്ചത് അറിഞ്ഞ ദൈവം, ആ ദൈവം നിങ്ങളെ മറന്നിട്ടില്ല. നിങ്ങൾ ദൈവത്തെ മറന്നുപോയാലും ദൈവം മറക്കുകയില്ല. മകനേ, അതു നീ മറക്കരുത്. ദൈവത്തിനു നിന്നെ മറക്കാൻ സാധിക്കുകയില്ല.

നീ എത്ര യാതനയിൽ പെട്ടാലും, എത്ര കൊടുംക്രൂരമായ ആപത്തുകളിൽ പെട്ടാലും, മഹാവലിയ വിപത്തിൽ പെട്ടാലും, മഹാപാപങ്ങളിൽ കുടുങ്ങിയാലും, അശുദ്ധ ജീവിതത്തിലേക്കു നീ ഇറങ്ങിപ്പോയാലും സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കണ്ണു നിന്നെ കണ്ടുകൊണ്ടിരിക്കും. യോനാ നേർച്ച കഴിക്കാതെ അവന്റെ സ്വന്ത വഴിക്കു തിരിഞ്ഞു. യോനാ എടുത്ത സമർപ്പണം അവൻ ലംഘിച്ചു കളഞ്ഞു.

ഇന്ന് ഇത് വായിക്കുന്ന ചിലരെങ്കിലും സമർപ്പണം ലംഘിച്ചവരുണ്ട്. ഛർദ്ദിയിലേക്കു തിരിഞ്ഞു തിന്നുന്ന നായെപ്പോലെ പാപത്തിലേക്ക് ഇറങ്ങിപ്പോയവരുണ്ട്. പാപം വേണ്ട എന്നുവച്ചവരാണ്. ഇനി മദ്യം കുടിക്കുകയില്ല, ഇനി ഒരിക്കലും പുകവലിക്കുകയില്ല എന്നു വാക്കു പറഞ്ഞവരാണ്. ഇനി എന്റെ ജീവിതത്തിൽ അശുദ്ധി ഉണ്ടാവുകയില്ല എന്നു പറഞ്ഞവരാണ്.

പിന്നേയും പിന്തിരിഞ്ഞു പോയി. പക്ഷേ, സ്വർഗ്ഗത്തിലെ ദൈവം കൈവിട്ടിട്ടില്ല. ദൈവം നിന്നെ മറന്നിട്ടില്ല. നീ പറഞ്ഞ നേർച്ച അവൻ കേട്ടിട്ടുണ്ട്. നീ പറഞ്ഞ സമർപ്പണം അവന്റെ സന്നിധിയിൽ ഇരിപ്പുണ്ട്. ഇതു മറക്കരുത്.

ഈ അനുസരണക്കേടിന്റെ പ്രതീകമായ പ്രവാചകൻ വയറ്റിൽ ചെന്നപ്പോൾ മത്സ്യം സ്വസ്ഥതയില്ലാതെ ഓട്ടം തുടങ്ങി. പക്ഷേ, ഓടുമ്പോഴും ദൈവത്തിന്റെ ദിശയിലൂടെയാണ് ഓടുന്നത്. മത്സ്യം നേരെ പടിഞ്ഞാറോട്ടോടി ജിബ്രാൾട്ടർ കടലിടുക്ക് കടന്നു അറ്റ്ലാന്റിക് മഹാസമുദ്രത്തിൽ പ്രവേശിച്ചു. അറ്റ്ലാന്റിക് മഹാസമുദ്രത്തിൽക്കൂടി നേരെ തെക്കോട്ടോടി ആഫ്രിക്കയുടെ പടിഞ്ഞാറെ തീരം പറ്റി ഗുഡ്ഹോപ്പ് മുനമ്പിലെത്തി. ഗുഡ്ഹോപ്പ് മുനമ്പ് ചുറ്റി ഇൻഡ്യൻ മഹാസമുദ്രത്തിൽ പ്രവേശിച്ചു. ഇൻഡ്യൻ മഹാസമുദ്രത്തിൽ കൂടെ ആഫ്രിക്കയുടെ കിഴക്കേ തീരം പറ്റി നേരെ വടക്കോട്ടോടി ചെങ്കടൽ കടന്നു നീനെവേയുടെ തീരത്ത് യോനായെ ഛർദ്ദിച്ചു.

ഈ മത്സ്യത്തിന്റെ വയറ്റിൽ Oxygen bladder ഉണ്ടായിരുന്നു. ആരറിഞ്ഞു ഇങ്ങനെയൊരു മത്സ്യമുണ്ടെന്ന്? ജന്തുശാസ്ത്രജ്ഞന്മാർ അറിഞ്ഞിട്ടില്ല. ഇങ്ങനെ മത്സ്യത്തിന്റെ ആമാശയത്തിൽ Oxygen bladder ഉണ്ടെന്ന് ലോകം അറിഞ്ഞിട്ടില്ല. നൂറ്റാണ്ടുകൾക്ക് മുൻപ്, യേശുക്രിസ്തു ജനിക്കുന്നതിന് 800 വർഷം മുൻപ് ഈ സംഭവം നടന്നു. എന്നാൽ 1967– ലാണ് ലോകം മനസിലാക്കിയത്, ശാസ്ത്രജ്ഞന്മാർ മനസിലാക്കിയത്, ആമാശയത്തിൽ Oxygen bladder ഉള്ള മഹാമത്സ്യങ്ങൾ ഉണ്ടെന്ന്.

മത്സ്യത്തിന്റെ വയറ്റിൽ യോനായ്ക്ക് ഒരു കേടും സംഭവിച്ചില്ല. കാരണം, Oxygen-പ്രാണവായു ഉണ്ട്. മൂന്നു ദിവസം കൊണ്ട് 5000 മൈൽ ആ മത്സ്യം ഓടി. യോനായെ നീനെവേയുടെ തീരത്ത് ഛർദ്ദിച്ചു.

നീനെവേ അകലത്താണ്. യോനാ മൂന്നു ദിവസത്തെ

വഴി നടന്നു ചെന്നു നീനെവേയിലെത്തി ജനത്തോടു പ്രസം ഗിച്ചു. മത്സ്യത്തിന്റെ വയറ്റിൽ വച്ച് യോനാ ഒരു വലിയ സമർപ്പണം എടുത്തു. “നേർന്നിരിക്കുന്നത് ഞാൻ കഴിക്കും.” ഞാൻ ഒരിക്കൽ ദൈവത്തോടു പറഞ്ഞ വാക്കു പാലിക്കും.

യോനാ, മത്സ്യത്തിന്റെ വയറ്റിൽ വച്ചു പ്രാർത്ഥിച്ചു പറഞ്ഞു: ഞാൻ എന്റെ കഷ്ടത നിമിത്തം യഹോവയോടു നിലവിളിച്ചു. എന്റെ ദൈവമേ, നീ എനിക്ക് ഉത്തരം അരുളി. ഞാൻ പാതാള ത്തിന്റെ, മരണത്തിന്റെ അടിവയറ്റിലേക്ക് പോയി. അവിടെ കിട ന്നുകൊണ്ട് അയ്യം വിളിച്ചു. നീയെന്റെ നിലവിളി കേട്ടു. നീയെന്നെ ഈ സമുദ്രത്തിന്റെ മദ്ധ്യത്തിൽ ആഴത്തിലേക്ക് ഇട്ടുകളഞ്ഞു. സമുദ്രത്തിലെ ജലപ്രവാഹങ്ങൾ എന്നെ ചുറ്റി. നിന്റെ ഓളങ്ങളും തിരമാലകളുമെല്ലാം എന്റെ മീതെ കടന്നുപോയി. എന്റെ കർത്താവേ, എനിക്ക് ഒരുകാര്യം മനസ്സി ലായി. ഞാൻ കൃപയിൽ നിന്നു വീണുപോയിരിക്കുന്നു. നിന്റെ ദൃഷ്ടിയിൽ നിന്ന് എനിക്ക് നീക്കം വന്നിരിക്കുന്നു. എന്റെ ആത്മാവ് മരിച്ചിരിക്കുന്നു. കർത്താവേ, നിന്റെ കൺമുമ്പിൽ നിന്ന് എനിക്ക് നീക്കം വന്നിരിക്കുന്നു. നിന്റെ സ്നേഹമുള്ള ഹൃദയം എന്റെ നേരെ നോക്കാൻ പറ്റാത്തതുകൊണ്ട് ഏങ്ങല ടിക്കുകയാണ്.

കൃപയിൽ നിന്നു വീണു പോയി, എന്റെ ആത്മാവ് മരിച്ചു പോയി എങ്കിലും ഞാൻ ഇനി എന്തു ചെയ്യും കർത്താവേ? ഞാൻ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കും. എന്റെ ദൈവമേ, മഹാജലപ്രവാഹങ്ങൾ എന്നെ വളഞ്ഞിരിക്കുന്നു. സമുദ്ര ത്തിലെ തിരമാലകളെല്ലാം എന്നെ ചുറ്റിയിരിക്കുന്നു. തിരമാല കൾ എന്റെ മീതെ കടന്നുപോവുന്നു. കടലിന്റെ ആഴത്തിലുള്ള കടൽപുല്ലുകൾ തലപ്പാവുപോലെ എനിക്കു തോന്നിപ്പോ വുന്നു. ഞാൻ മരിച്ചു മൺമറഞ്ഞവനെപ്പോലെയായിത്തീർന്നി രിക്കുന്നു. ഭൂമിയിൽ നിന്ന് ഞാൻ എന്നന്നേക്കുമായി പോയിരി ക്കുന്നു. ഇനി ഭൂമിയിലേക്കു വരുമെന്നുള്ള പ്രതീക്ഷയില്ല. ഭൂമി

തന്റെ ഓടാമ്പലുകളാൽ സദാകാലത്തേക്ക് എന്നെ അടച്ചു പൂട്ടിയിരിക്കുന്നു.

വെള്ളത്തിലേക്കു പോയപ്പോൾ മരിച്ചു എന്നു ഞാൻ വിചാരിച്ചുപോയതാണ്. പക്ഷേ, നീ എന്നെ പാതാളത്തിൽ നിന്നു കരേറ്റിയിരിക്കുന്നു. എന്റെ കർത്താവേ, ഞാൻ തകർന്നുപോയി, തളർന്നുപോയി. എനിക്ക് ഇപ്പോൾ ഒന്നു പ്രാർത്ഥിക്കാൻപോലും കഴിവില്ലാതിരിക്കുകയാണ്. എങ്കിലും ഞാൻ യഹോവയെ ഓർത്തു.

എന്റെ കർത്താവേ, മത്സ്യത്തിന്റെ വയറ്റിൽ കിടന്നു പറയുന്ന പ്രാർത്ഥനയുടെ വാക്കുകളെല്ലാം നിന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. എനിക്കൊരു കാര്യം പറയാനുണ്ട്. നീയെനിക്ക് ആയുസ്സു നീട്ടിത്തന്നാൽ എനിക്കു സ്തോത്രം ചെയ്യണമെന്നുണ്ട്. സ്തോത്രനാദത്തോടെ ഞാൻ നിനക്ക് യാഗം അർപ്പിക്കും. കർത്താവേ, അതെന്റെ ആശയാണ്. അതെന്റെ തീരുമാനമാണ്. അതെന്റെ സമർപ്പണമാണ്. അതെന്റെ പുതിയ ഉടമ്പടിയാണ്. നേർന്നിരിക്കുന്നത് ഞാൻ കഴിക്കും.

*"യഹോവയുടെ അരുളപ്പാട് രണ്ടാം പ്രാവശ്യം യോനയ്ക്ക് ഉണ്ടായതെന്തെന്നാൽ." യോനാ 3 : 1*

നേർന്നിരിക്കുന്നതു കഴിക്കും എന്നു നീ തീരുമാനിക്കുമ്പോൾ നഷ്ടപ്പെട്ടുപോയ ശുശ്രൂഷ നിന്നെ വീണ്ടും ഏല്പിക്കും. നഷ്ടപ്പെട്ടുപോയ സൗഭാഗ്യങ്ങൾ നിനക്കു വീണ്ടും തരും.

യഹോവയുടെ അരുളപ്പാട് രണ്ടാംപ്രാവശ്യവും യോനയ്ക്കുണ്ടായി. ഇന്ന് ഈ വാക്കുകളെ വായിക്കുന്ന എന്റെ ബഹുമാന്യ സഹോദരങ്ങളെല്ലാവരും രണ്ടാംപ്രാവശ്യം അനുഗ്രഹം തിരികെ വാങ്ങുക. നഷ്ടപ്പെട്ടതെല്ലാം തിരികെ വാങ്ങുക. നഷ്ടപ്പെട്ടുപോയ വിശ്വാസം, വിശുദ്ധി, ദൈവസ്നേഹം,

സമാധാനം തിരികെ വാങ്ങുക.

പ്രിയപ്പെട്ടവരേ, നഷ്ടത്തിന്റെ കണക്കു പറഞ്ഞു നിരാശപ്പെട്ടിരിക്കരുത്. എല്ലാം തിരികെ തരുന്നവനുണ്ട്. തിരികെ തരാൻ മനസ്സുള്ളവനുണ്ട്. അനേകംപേരുടെ വീര്യം കെട്ടിരിക്കയാണ്. അനേകരും ഞാനിനി എഴുന്നേല്ക്കുകയില്ല എന്നു പറഞ്ഞിരിക്കയാണ്. ഞാൻ തീരുമാനമെടുത്തതിനു ശേഷം ഇത്രയും വലിയ പാപത്തിൽ വീണുപോയല്ലോ, ഇത്രയും ദയനീയമായ അവസ്ഥ എനിക്കു വന്നുപോയല്ലോ, ഇനി ഞാൻ എഴുന്നേൽക്കുമോ എന്നോർത്ത് നിരാശയിൽ കുടുങ്ങിയിരിക്കുകയാണ്. എന്നാൽ പറയട്ടെ, നഷ്ടപ്പെട്ടതെല്ലാം മടക്കിത്തരുന്ന ഒരു ദൈവമുണ്ട്.

ദൈവം നിന്നെക്കൊണ്ട് ഉദ്ദേശിച്ച വേല നിന്നിൽക്കൂടി നിവർത്തിക്കാനാണ് ദൈവത്തിന് ആഗ്രഹം. മോനേ, വേറൊരാളെ ദൈവം ആക്കിയിട്ടില്ല. നിന്നെത്തന്നെ അതു ഭരമേല്പിക്കാൻ ദൈവം ആഗ്രഹിക്കുന്നു. നിന്നെ യഥാസ്ഥാനപ്പെടുത്താൻ ദൈവം ആഗ്രഹിക്കുന്നു. നിന്റെ ജീവിതത്തിൽ പുതിയ സമാധാനവും ശാന്തിയും തരാൻ ദൈവം ആഗ്രഹിക്കുന്നു.

സമാധാനമുണ്ടായിരുന്ന ഒരു കാലമില്ലേ? ആർത്താഘോഷിച്ച് സ്തുതിച്ച ഒരു കാലമില്ലേ? കുടുംബത്തിലുള്ള എല്ലാവരും ഒരുമിച്ച് സ്തുതിച്ച ഒരു കാലമില്ലേ? അന്ന് സന്തോഷത്തിന്റെ തികവിന്റെ ഒരു കാലമായിരുന്നില്ലേ? എന്തൊരു സമാധാനമായിരുന്നു! സ്തുതിയുടെ ചിറകിന്മേൽ പറന്ന കാലങ്ങൾ! സ്തുതിച്ചു മതിമറന്ന കാലങ്ങൾ! ദൈവത്തെ ആരാധിച്ച കാലങ്ങൾ!

ആളുകൾ ആക്ഷേപിച്ചപ്പോഴും ഒരു കൂസലുമില്ലാതെ ദൈവത്തെ ആരാധിച്ചു. ജനം തെറ്റിദ്ധരിച്ചപ്പോഴും അതു ചിന്താവിഷയമാക്കാതെ ദൈവത്തെ സ്തുതിച്ചു. ആളുകൾ പലരും തെറ്റിദ്ധരിച്ചപ്പോഴും അത് ചിന്താവിഷയംപോലും ആയില്ല. ആരെല്ലാം തെറ്റിദ്ധരിച്ചാലെന്താണ്? ആരെല്ലാം വെറു

ത്താലെന്താണ്? ആരെല്ലാം പകച്ചാലെന്താണ്? ഒന്നും ബാധിക്കുന്നില്ല. കാരണം, ഉള്ളിൽ സ്തുതിയാണ്. ഉള്ളിൽ തീയാണ്. ഉള്ളിൽ സമാധാനമാണ്. ഉള്ളിൽ രാജാധിരാജനാണ്. ഉള്ളിൽ നിധിയാണ്. ഉള്ളിൽ നിത്യസമ്പത്താണ്!

ഇക്കാണുന്നതെല്ലാം മായയാണ് എന്നെണ്ണിയ കാലങ്ങൾ! എല്ലാം നിസ്സാരമെന്ന് കണക്കാക്കിയ കാലങ്ങൾ! ഇതെല്ലാം മാറിമറിയാൻ എത്രനേരം വേണമെന്ന് ചിന്തിച്ച കാലങ്ങൾ! മനുഷ്യജീവിതം അത്ര ക്ഷണികമല്ലേ? നശ്വരമല്ലേ, അത്ര താത്ക്കാലികമല്ലേ? സഹോദരങ്ങളേ, നമുക്ക് എന്തിൽ ആശ്രയിക്കാനുണ്ട്? എന്തിൽ മുറുകെ പിടിക്കാനുണ്ട്? പിടിക്കുന്ന കൊമ്പെല്ലാം ഇരിഞ്ഞുപോകും. ഒടിഞ്ഞുപോകും. പിടിച്ചതു പലതും ഒടിഞ്ഞുപോയില്ലേ? ഒടിയാത്ത ഒരു കൊമ്പ് അത് യിശ്ശായിയുടെ കൊമ്പാണ്! അത് ദാവീദിന്റെ വേരാണ്! ഒടിയാത്ത ശിഖരം! പറിഞ്ഞുപോകാത്ത വേര്! അവിടെ ചാരിയാൽ നീ പതറിപ്പോവുകയില്ല. നീ വീണുപോവുകയില്ല. യേശുക്രിസ്തുവിൽ ചാരിയാൽ അവൻ നിന്നെ കൈവിട്ടുകളയുകയില്ല.

“എന്റെ കൈയിൽനിന്നും നിന്നെ പിടിച്ചു പറിപ്പാൻ ആർക്കും കഴിയുകയില്ല” എന്നാണ് യേശു വാക്കു തന്നിരിക്കുന്നത്. ആരും പിടിച്ചുപറിച്ചുകൊണ്ടു പോവുകയില്ല. മോളേ, നീ പേടിക്കേണ്ട കാര്യമില്ല. മോനേ, നീ ഭയപ്പെടേണ്ട കാര്യമില്ല. അയ്യോ! ഞാൻ കൃപയിൽ എത്തിയില്ലല്ലോ, അയ്യോ! ഞാൻ സ്വർഗ്ഗത്തിൽ എത്താതിരിക്കുമോ, എനിക്ക് വല്ല തെറ്റും പറ്റുമോ, ഇങ്ങനെ നിങ്ങൾ പേടിക്കേണ്ട. നിന്നോടു വാക്കുപറഞ്ഞവൻ വിശ്വസ്തനാണ്. നീ അവനോട് ചാരിയിരുന്നാൽ മതി. സ്വയമേവ നീ ഇറങ്ങിപ്പോകാതിരുന്നാൽ മതി. നീ പറ്റിച്ചേർന്നു നിന്നുകൊള്ളൂ. ആരും പിടിച്ചുപറിക്കയില്ല. ഒരു ശത്രുവും തൊടുകയില്ല. യേശുക്രിസ്തുവിന്റെ മടിത്തട്ടിൽ നിന്ന് നിന്നെ എടുത്തുകൊണ്ടുപോകാൻ ആർക്കും കഴിയുക

യില്ല.

യോനാ മത്സ്യത്തിന്റെ വയറ്റിൽ കിടന്ന് വ്യക്തമായ തീരുമാനമെടുത്തു. “നേർന്നിരിക്കുന്നത് ഞാൻ കഴിക്കും.” ഞാൻ സമർപ്പിക്കും.

ഇതുവരെയും സമർപ്പിച്ചിട്ടില്ലാത്തവർ ഇപ്പോൾ സമർപ്പിക്കുക. സമർപ്പണത്തിൽനിന്നു പുറകോട്ടുമാറി അനുസരണക്കേടുവന്നവർ ഇപ്പോൾ വീണ്ടും സമർപ്പിക്കുക. നിങ്ങളുടെ മേൽ നിന്ന് അന്ധകാരശക്തികൾ ഓടിപ്പോകുന്നത് നിങ്ങൾക്കു കാണാം. ഇരുളിന്റെ ഭീകരശക്തികൾ, പൈശാചിക സേനകൾ, ഭൂതാത്മാക്കൾ, ദുഷ്ടപ്പിശാചുക്കൾ, ദുരാത്മാക്കളും കുട്ടിച്ചാത്തന്മാരും, സർപ്പദോഷങ്ങൾ, ആഭിചാരദോഷങ്ങൾ, മന്ത്രവാദദോഷങ്ങൾ, എല്ലാം നിങ്ങളെ വിട്ട് ഓടിപ്പോകും.

പ്രിയരേ, ഇനി വൈകണ്ട. നിനക്ക് രക്ഷ തിരികെ കിട്ടുവാൻ സമയം വൈകണ്ട. ഇപ്പോൾ തന്നെ രക്ഷകന്റെ അരികിലേക്ക് ഓടിയണയുക. യേശുക്രിസ്തു നിന്നെ വിളിക്കുന്നു. യേശുവിന്റെ കുരിശിലെ സ്നേഹം നിന്നെ മാടിവിളിക്കുന്നു. കുരിശിലെ സ്നേഹം നിന്നോടു വാദിക്കുന്നു. കുഞ്ഞേ, നീ എഴുന്നേൽക്കാൻ വൈകല്ലേ. നേർന്നിരിക്കുന്നതു ഞാൻ കഴിക്കും.

എന്നാൽ യോനയ്ക്ക് ഇപ്പോഴുള്ള ചിന്ത എന്താണ്? കർത്താവേ, ഇത്രയും വലിയ കൊടുങ്കാറ്റ് വന്നത് നന്നായി. കടലിൽ കോളിളക്കം ഉണ്ടായതു നന്നായി. ഇത്രയും വലിയ അത്യാഹിതം വന്നത് നന്നായി.

നിങ്ങളുടെ ആരുടെയെങ്കിലും ജീവിതത്തിൽ ചില താങ്ങാൻ വയ്യാത്ത കഷ്ടപ്പാടുകൾ വന്നിട്ടുണ്ടെങ്കിൽ നിങ്ങൾ പറയണം, കർത്താവേ, ഈ കഷ്ടപ്പാടുകൾ അനുവദിച്ചതിനായി നിനക്കു സ്തുതി. ഈ ദുരിതം അനുവദിച്ചതിനായി നിനക്കു സ്തുതി. എന്റെ പ്രിയപ്പെട്ട സഹോദരങ്ങൾ എന്നെ

നിരസിച്ചതിനായി നിനക്കു സ്തുതി. എനിക്കു താങ്ങും തണലുമായിരുന്നവർ എന്നെ കൈവിട്ടതിനായി നിനക്കു സ്തുതി. എന്റെകൂടെ ജോലി ചെയ്തവർ എന്നെ പകച്ചതിനായി നിനക്കു സ്തുതി. എന്റെ സ്വന്ത കൂടുംബത്തിൽ തന്നെ എതിർപ്പുകൾ വന്നതിനായി നിനക്കു സ്തുതി.

പറയാൻ പറ്റുമോ? ഇത്രയും വലിയ കെടുതി, ആപത്ത്, അത്യാഹിതം, accident വന്നതിനായി നിനക്കു സ്തുതി. Power in praise എന്ന ഒരു പുസ്തകമുണ്ട്. Merlin Carothers എന്ന ദൈവദാസൻ എഴുതിയതാണ്. Praise ചെയ്യുന്നതിൽ ശക്തിയുണ്ട്. സ്തുതിക്കണം. കാരണം, ഈ ഓളങ്ങളുടെ ഇടയിലേക്ക് തള്ളപ്പെട്ടില്ലായിരുന്നില്ലെങ്കിൽ യോനയ്ക്ക് രണ്ടാം പ്രാവശ്യവും അരുളപ്പാടു കിട്ടുകയില്ലായിരുന്നു. ജീവിതത്തിൽ വലിയ ഓളങ്ങളും തിരമാലകളും ഉണ്ടാകാതിരുന്നെങ്കിൽ യോനാ സത്യ ദൈവത്തിന്റെ സ്നേഹം അറിയില്ലായിരുന്നു. ഈ വലിയ ആപത്തു വന്നില്ലായിരുന്നെങ്കിൽ യോനാ തിരികെ വരില്ലായിരുന്നു. യോനാ നിനവെയിൽ എത്തുകയില്ലായിരുന്നു.

നാഥാ, ഞാൻ നേർന്നിരിക്കുന്നതു കഴിക്കും. നഷ്ടപ്പെട്ട ശുശ്രൂഷ, ആത്മീയം, സൗഭാഗ്യം, നല്ലകാലം എല്ലാം മടക്കിത്തരാമെന്ന് പറഞ്ഞുകൊണ്ട് ഇപ്പോൾ യേശു നിങ്ങളുടെ അരികിലേക്കു ചേർന്നു വന്നു നില്ക്കുന്നുണ്ട്. അടുത്തു വന്നു നില്ക്കുന്നുണ്ട്. നിങ്ങൾ വിളിക്കൂ. നിങ്ങളെ രക്തം കൊടുത്തു വിലയ്ക്കു വാങ്ങിയവൻ തൃക്കരം നീട്ടി നിങ്ങളുടെ നേരെ നില്ക്കുന്നുണ്ട്. അവനോടു പറയൂ: കർത്താവേ, ഈ ആണിപ്പാടുള്ള കരങ്ങളിലേക്ക് എന്റെ ഭാവിയും ജീവിതവും ഞാൻ ഏല്പിച്ചു തരുന്നു. ഞാൻ നേർന്നിരിക്കുന്നത് ഞാൻ കഴിക്കും.

എന്റെ ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണയാഗമായി ഞാൻ സമർപ്പിക്കുന്നു. അന്ന് മാമോദീസാ സമയത്ത് തലതൊട്ടപ്പനോ തലതൊട്ടമ്മയോ എനിക്കുവേണ്ടി പറഞ്ഞ സമർപ്പണം, അന്നു നേർന്ന നേർച്ച ഇതുവരേയും നിവർത്തി

ച്ചില്ല. സാത്താനെ ഞാൻ ഉപേക്ഷിച്ചില്ലായിരുന്നു. മിശിഹായെ ഞാൻ സ്വീകരിച്ചില്ലായിരുന്നു. സാത്താന് ഇടം കൊടുത്തു പോയിരുന്നു.

എന്നാൽ ഇന്ന് ഞാൻ നേർന്നിരിക്കുന്നത് കഴിക്കാൻ തീരുമാനിക്കുന്നു. യേശുവേ, ഇന്ന് ഞാൻ നിന്റെ പക്ഷത്തേക്ക് ചേരുന്നു. സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു. മിശിഹായെ ഞാൻ സ്വീകരിക്കുന്നു.

# ഒൻപത്

*“അവൾ മനോവ്യസനത്തോടെ യഹോവയോടു പ്രാർത്ഥിച്ചു വളരെ കരഞ്ഞു. അവൾ ഒരു നേർച്ച നേർന്നു.” 1 ശമൂവേൽ 1 : 10*

അവൾ മനോവ്യസനത്തോടെ ദൈവത്തോടു പ്രാർത്ഥിച്ചു. വളരെ കരഞ്ഞു. അവൾ യഹോവയ്ക്ക് ഒരു നേർച്ച നേർന്നു. ഈ സ്ത്രീയാണ് ഹന്നാ!

*“എല്ക്കാനെക്കു രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു; ഒരുത്തിക്കു ഹന്നാ എന്നും മറ്റേവൾക്കു പെനിന്നാ എന്നും പേർ; പെനിന്നയ്ക്കു മക്കൾ ഉണ്ടായിരുന്നു; ഹന്നയ്ക്കോ മക്കൾ ഇല്ലായിരുന്നു.”*

*1 ശമൂവേൽ 1 : 2*

വളരെ പഴയ പാരമ്പര്യമുള്ള കുടുംബത്തിലാണ് ഹന്ന ജനിച്ചത്. പിതാക്കന്മാരുടെ കാലംമുതലേ ഭക്തിയുടെ പാരമ്പര്യമുള്ള ഒരു കുടുംബം! അപ്പന്റേയും അപ്പന്റെ അപ്പന്റെയും കാലംമുതലേ ഒരു അനുഗൃഹീത ഭവനം! എല്ക്കാനയുടെ ഭാര്യയാണ് ഹന്നാ. പക്ഷേ, കുറേയേറെ വർഷങ്ങളായി അവൾ കരച്ചിലാണ്. ഹന്നായ്ക്ക് മക്കളില്ല. മക്കളുണ്ടാവുകയുമില്ല. അവൾ മച്ചിയായിരുന്നു. അവൾക്ക് ഒരു കുഞ്ഞിനെ പ്രസവിക്കാനുള്ള ഭാഗ്യമില്ലാതായിപ്പോയി.

ഇതു വായിക്കുന്ന ചിലരെങ്കിലും ഒരു കുഞ്ഞിനുവേണ്ടി കൊതിക്കുന്നവരുണ്ടായിരിക്കും. എന്റെ കർത്താവേ, വിവാഹം കഴിഞ്ഞിട്ട് ഇത്രയും വർഷങ്ങളായല്ലോ? ഒരു കുഞ്ഞിക്കാലു

കണ്ടെങ്കിൽ! ഒരോമനക്കുഞ്ഞിനെ വളർത്താൻ പറ്റിയെങ്കിൽ! വേറെ ബന്ധപ്പെട്ട വീടുകളിൽ ചെല്ലുമ്പോൾ, കൊച്ചു കുട്ടികൾ ഓടിനടക്കുന്നതു കാണുമ്പോൾ കൊതിയാവുന്നു. കൊച്ചു പിള്ളേർ കൊഞ്ചി വർത്തമാനം പറയുന്നതുകാണുമ്പോഴും കൈയിൽ തൂങ്ങി പിച്ചവച്ചു നടക്കുന്നതുകാണുമ്പോഴും കൊതിയാവുന്നു. എന്റെ കർത്താവേ, എന്റെ കൈയിൽ പിടിക്കാൻ എനിക്കു സ്വന്തം ഒരു കുഞ്ഞില്ലല്ലോ. വേദനയാണ്, സംശയമില്ല.

ഹന്നായ്ക്ക് ദുഃഖമായിരുന്നു. എന്നും വ്യസനത്തോടെ കരയും. അപ്പോൾ ഇവളുടെ കൂട്ടുകാരി പെനിന്നാ എന്ന സ്ത്രീ ഇവളെ പരിഹസിക്കും. എന്ത്യേ വലിയ ഭക്തയായിരുന്നിട്ട്? കണ്ടില്ലേ, വെറുതെയൊന്നുമല്ല മക്കളുണ്ടാവാത്തത്. നിന്റെ മനോഗുണംകൊണ്ടാ! നിന്റെ മനസ്സിന്റെ ദോഷംകൊണ്ടാ മക്കളുണ്ടാവാത്തത്. കൂരമ്പുപോലെ തറഞ്ഞുകയറുന്ന ചില വാക്കുകൾ!

നമ്മുടെ വാക്കുകൾ അങ്ങനെയാകരുത്. ആരുടേയും ഉള്ളത്തെ മുറിപ്പെടുത്തുന്ന വാക്കുകൾ പറയരുത്. ആരെയും ശപിക്കരുത്. മാർദ്ദവത്തോടുകൂടിയ മധുരമായ വാക്കുകൾ പറയണം.

> *‘‘കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്ന് ആവശ്യം പോലെ ആത്മികവർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത്.’’ എഫെസ്യർ 4 : 29*

കേൾക്കുന്നവർക്കു കൃപ ലഭിക്കണം. ഒരുപക്ഷേ, ഒരു തെറ്റു ചൂണ്ടിക്കാണിക്കുമ്പോൾപോലും കേൾക്കുന്നയാൾക്ക് അത് കൃപയ്ക്കായി തീരണം. ആവശ്യംപോലെ മാത്രമേ പറയാവൂ. അധികം പറയരുത്. ചിലയാളുകളുണ്ട്. പറഞ്ഞു തുടങ്ങിയാൽ പിന്നെ നിർത്തില്ല. കേൾക്കാൻ മനസ്സില്ല, പറയാൻ വലിയ താത്പര്യമാണ്. ചിലർ സംസാരിക്കാൻ

തുടങ്ങിയാൽ നമ്മളെക്കൊണ്ട് മിണ്ടിക്കില്ല. സംസാരിച്ചു കൊണ്ടിരിക്കും. ഒരിക്കലും അങ്ങനെയാകരുത്. അടുത്തയാൾക്ക് എന്താണ് പറയാനുള്ളത് എന്നു കേൾക്കാൻ നാം തയ്യാറുള്ള വരായിരിക്കണം.

> *"എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന്നു താമസവുമു ള്ളവൻ ആയിരിക്കട്ടെ."* *യാക്കോബ് 1 : 19*

കേൾക്കാൻ വേഗത, പറയാൻ താമസം. അധികം വാക്കുകളൊന്നും പറയരുത്. മണ്ടത്തരമായതൊന്നും പറയരുത്. ഘനമുള്ള, കാര്യപ്പിടിപ്പുള്ള വാക്കുകൾ മാത്രമേ പറയാവൂ.

പെനീന്നാ മുറിവേല്പിക്കുന്ന വാക്കുകൾ പറഞ്ഞു. ഹന്നാ വിഷമിച്ചു. പാവം! എന്റെ ദൈവമേ! ഞാനീ വാക്കുകൾ കേൾക്കേണ്ടിവന്നല്ലോ. എനിക്ക് കുഞ്ഞുങ്ങളില്ല, അതിന്റെ വേദനയുണ്ട്. കൂനിന്മേൽ കുരു എന്നതുപോലെ ഇവൾ എന്നെ പരിഹസിക്കുന്നല്ലോ, എനിക്ക് ഒരു കുഞ്ഞിനെ പ്രസവിക്കാൻ ഉള്ള കഴിവില്ല. എനിക്കങ്ങനെയുള്ള ഒരു ഭാഗ്യമില്ല. ഞാനെന്തു ചെയ്യും? സ്രഷ്ടാവേ, നീയല്ലേ എന്നെ മെനഞ്ഞത്? ഞാനി തൊക്കെ കേൾക്കേണ്ടിവന്നല്ലോ.

പ്രിയപ്പെട്ടവരേ, ആർക്കെങ്കിലും എന്തെങ്കിലും ഒരു കുറവുണ്ടെങ്കിൽ നിങ്ങൾ അത് അറിഞ്ഞതായിപോലും സൂചിപ്പിക്കരുത്. ഒരാൾക്ക് എന്തെങ്കിലുമൊരു പോരായ്മ യുണ്ടെങ്കിൽ അതിനെ തൊട്ടുകൊണ്ട് വലിയ സഹതാപം കാണിച്ചു പറയുന്നത് സഹതാപമല്ല, ഹൃദയത്തിലെ ക്രൂരതയാണ്. ചിലപ്പോൾ സ്നേഹത്തിൽ നിന്നാണെന്ന് നിങ്ങൾക്കു തോന്നും. പക്ഷേ, കേൾക്കുന്ന ആൾക്ക് അത് ഉള്ളിൽ വേദനയാണ്. അല്ലെങ്കിൽതന്നെ ഉള്ളിൽ വേദനിച്ചു കൊണ്ടിരിക്കുകയാണ്. പിന്നെ വേറൊരാൾ പറഞ്ഞു കേൾക്കു മ്പോൾ ഒന്നു കൂടി വേദന കൂടും.

പെനിന്നാ ഇങ്ങനെ മുറിപ്പെടുത്തുന്ന വാക്കുകൾ പറഞ്ഞ്

ദിനംപ്രതി അവളെ ദണ്ഡിപ്പിച്ചു. ഒരു ദിവസം പെനിന്നായും എല്ക്കാനയും കൂടി ശീലോവിൽ യാഗസ്ഥലത്തേക്കോ മറ്റോ പോയിരിക്കുകയാണ്. ആ സമയത്ത് ഹന്നാ നേരെ ദേവാലയ ത്തിലേക്ക്പോയി. ഉള്ളു നൊന്ത്, ഹൃദയം നുറുങ്ങി മനസ്സു വിങ്ങിയാണ് പോയത്. പള്ളിയുടെ വാതിൽക്കൽ ചെന്നപ്പോ ഴേക്കും കരച്ചിൽ പൊട്ടിപ്പോയി. ഹൃദയം ഒന്നു പകരണം. മനസ്സിലുള്ള ദുഃഖം മുഴുവൻ കർത്താവിനോട് ഒന്നു പറയണം. ഉള്ളിലുള്ള വേദന മുഴുവനും ദൈവത്തോടൊന്നു തുറന്നു പറയാൻ, ആരും കേൾക്കാതെ, ആരുമില്ലാത്ത സമയത്ത് ദൈവാലയത്തിൽ ചെന്ന് ഉള്ളുതുറന്ന് ഒന്നുറക്കെ കരയാൻ വേണ്ടിയാണ് പോയത്.

പ്രശ്നങ്ങളും പ്രയാസങ്ങളും വരുമ്പോൾ ഒന്നുറക്കെ കരയുന്നതു നല്ലതാണ്. വേദന ഉള്ളിൽ അമർത്തിവച്ചു കൊണ്ടിരിക്കരുത്. ഉള്ളിൽ അമർത്തിപ്പിടിച്ചുകൊണ്ടിരുന്നാൽ ആ വേദന വല്ലാതെ വിങ്ങിക്കൊണ്ടിരിക്കും. അത് നിങ്ങൾക്ക് പല തരത്തിലുള്ള ആഘാതങ്ങളുണ്ടാക്കും. ചിലപ്പോൾ രോഗങ്ങളുണ്ടാക്കും. പ്രയാസങ്ങളുണ്ടാക്കും. നേരെ മറിച്ച് ഒന്നുറക്കെ കരയുക. ഇല്ലെങ്കിൽ നിങ്ങൾക്ക് വിശ്വാസമുള്ള, ദൈവാത്മാവുള്ള ഒരാളോട് നിങ്ങളുടെ ഭാരങ്ങളെല്ലാം ലജ്ജ കൂടാതെ തുറന്നു പറയുക.

> *"അവൾ മനോവ്യസനത്തോടെ യഹോവയോടു പ്രാർത്ഥിച്ചു വളരെ കരഞ്ഞു. അവൾ ഒരു നേർച്ച നേർന്നു."* *1 ശമൂവേൽ 1 : 10*

അവൾ മനോവ്യസനത്തോടെ ഉള്ളുരുകി പ്രാർത്ഥിച്ചു. എന്റെ പ്രിയ സഹോദരങ്ങളേ, നിങ്ങളുടെ പ്രയാസങ്ങളെല്ലാം ദൈവത്തോട് ഉള്ളുരുകി പറയുക. ആ പ്രാർത്ഥന ദൈവം കേൾക്കും. നിങ്ങൾ ദൈവസന്നിധിയിലേക്ക് കടന്നു ചെല്ലൂ. നിങ്ങളുടെ വീട്ടിൽ ഒരു കൊച്ചുമുറിയാകട്ടെ, ആ മുറിയുടെ ഒരു മൂലയ്ക്കൽ ഒരു ചെറിയ പായിട്ട് അവിടെ മുട്ടുകുത്തുക. എന്നിട്ട് കൈകൂപ്പുക. ദൈവത്തോടു പറയുക.

കർത്താവേ, ഞാൻ വാസ്തവമായി ഉള്ളുതകർന്നാണ് വന്നിരിക്കുന്നതെന്ന് നിനക്കറിയാമല്ലോ? എന്റെ പ്രശ്നം കാണാൻ, എന്റെ വേദന കാണാൻ എനിക്ക് വേറാരുമില്ല. നീയെന്നോടു മനസ്സലിയണം. എന്റെ ഈ പ്രതിസന്ധിയിൽ നീയെന്നെ താങ്ങണം. എന്റെ ഈ പ്രശ്നത്തിൽ നീ സഹായി യായി ഓടി വരണം. നീ രക്തംകൊടുത്ത് എന്നെ വിലയ്ക്കു വാങ്ങിയതല്ലേ? ഞാൻ നിന്റെ മകനല്ലേ കർത്താവേ; ഞാൻ നിന്റെ മകളല്ലേ? നിന്റെ രക്തത്തിന്റെ വിലയല്ലേ? എന്റെ കഴിഞ്ഞകാല പാപങ്ങളെല്ലാം ക്ഷമിച്ചുതരാൻ നീ തിരുമനസ്സാ യതല്ലേ? അതുകൊണ്ട് കർത്താവേ, നിന്റെ കൃപയിൽ ശരണപ്പെട്ടുകൊണ്ട് ഞാനിതാ വരികയാണ്. ഞാനെന്റെ ഉള്ളു തുറക്കുകയാണ്. എന്റെ ഈ പ്രയാസങ്ങൾക്കെല്ലാം ഒരു സമാധാനം, ഒരു ആശ്വാസം തരണേ. ഞാൻ എപ്പോൾ കടന്നുവന്നാലും നിന്റെ രാജ്യത്തിലെത്താൻ നീ എനിക്കു ഭാഗ്യം തരണം. നിന്റെ രണ്ടാമത്തെ വരവിൽ ഞാൻ തള്ളപ്പെട്ടു പോവരുത്.

ഹന്നാ വളരെ കരഞ്ഞു പ്രാർത്ഥിച്ചു. ഒരു നേർച്ച നേർന്നു.

*“അവൾ ഒരു നേർച്ചനേർന്നു; സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷ സന്താനത്തെ നല്കുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും; അവന്റെ തലയിൽ ക്ഷൌരക്കത്തി തൊടുകയുമില്ല എന്നു പറഞ്ഞു.”*

*1 ശമൂവേൽ 1 : 11*

“കർത്താവായ യഹോവേ, അടിയന്റെ സങ്കടം നോക്ക ണമേ. അടിയനെ ഓർക്കണേ. അടിയനെ മറക്കരുതേ. അടിയന് ഒരു പുരുഷസന്താനത്തെ നൽകണമേ. ആ പുരുഷസന്താനം അവന്റെ ആയുസ്സു മുഴുവനും ദൈവത്തിന്റെയായിരിക്കും, എന്റേതായിരിക്കയില്ല. അവൻ ദൈവത്തിന്റെ ഒരു വ്രതസ്ഥ

നായിരിക്കും.”

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ തോല്ക്കുന്ന ഏതെല്ലാം കാര്യങ്ങളുണ്ടോ അതൊക്കെയും ദൈവത്തിന്റെ മുമ്പിലേക്കു കൊണ്ടുവന്നു വയ്ക്കൂ. അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്ന ദൈവം അതിശയം പ്രവർത്തിക്കും. അത്ഭുതം പ്രവർത്തിക്കും. ഇതുവരേയും അസാദ്ധ്യമെന്നു കരുതിയ ചില കാര്യങ്ങളിൽ ജീവനുള്ള ദൈവത്തിന്റെ കരം വയ്ക്കും. അസാദ്ധ്യത യെന്നൊന്നില്ല ദൈവത്തിന്റെ സന്നിധിയിൽ. ദൈവത്തിന് സകലവും സാദ്ധ്യം തന്നേ.

ഹന്നാ പ്രാർത്ഥിക്കുന്നത് ഏലി പുരോഹിതൻ സൂക്ഷിച്ചു ശ്രദ്ധിച്ചുകൊണ്ടിരുന്നു.

> *“ഇങ്ങനെ അവൾ യഹോവയുടെ സന്നിധിയിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ ഏലി അവളുടെ വായെ സൂക്ഷിച്ചു നോക്കി.”        1 ശമൂവേൽ 1 : 12*

കാരണം ചുണ്ട് തെരു തെരെ ചലിക്കുന്നു. ഏതാണ്ടൊക്കെ ഒരു ശബ്ദം! അക്ഷരങ്ങളൊന്നും തെളിയുന്നില്ല. പൊട്ടിവന്ന കരച്ചിലും കരച്ചിലിന്റെ കൂടെവന്ന വാക്കുകളും അടക്കിപ്പിടി ച്ചതുകൊണ്ട് ചുണ്ട് ചെറുതായി ചലിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഏതോ ചില ശബ്ദങ്ങളാണ് വരുന്നത്. പുരോഹിതന് മനസ്സിലായില്ല. ഇവൾ എന്തു ഭാഷയാണ് പറയുന്നത്? എന്താണിവൾ കാണിക്കുന്നത്? പള്ളിയകത്ത് വന്നാണോ ഗോഷ്ഠി കാണിക്കുന്നത്? പുരോഹിതന് ദേഷ്യം വന്നു.

പലർക്കും ഇന്ന് അങ്ങനെയാണ്. പാവപ്പെട്ട ദൈവമക്കൾ ഉള്ളുപകർന്ന് കരയുമ്പോൾ ചിലർക്ക് ദേഷ്യം വരും. ചിലർക്ക് പിടികിട്ടുകയില്ല. എന്തിനാ ഇങ്ങനെ കരയുന്നത്? എന്തിനാ ഇങ്ങനെ പ്രാർത്ഥിക്കുന്നത്? സുവിശേഷയോഗം നടക്കുമ്പോൾ ചിരിച്ചുകൊണ്ടല്ലേ ഇരിക്കേണ്ടത്? പലരും കരഞ്ഞുകൊണ്ടിരി ക്കുന്നു. ഇങ്ങനെയുണ്ടോ യോഗം? ആരുടേയും മുഖത്ത് ഒരു പ്രസന്നതയില്ല. പലർക്കും പിടികിട്ടുന്നില്ല.

*"ഹന്നാ ഹൃദയംകൊണ്ടു സംസാരിച്ചതിനാൽ അവളുടെ അധരം അനങ്ങിയതല്ലാതെ ശബ്ദം കേൾപ്പാനില്ലായിരുന്നു; ആകയാൽ അവൾക്കു ലഹരി പിടിച്ചിരിക്കുന്നു എന്ന് ഏലിക്കു തോന്നിപ്പോയി."* *1 ശമൂവേൽ 1 : 13*

ഏലിക്കു തോന്നി ഇവൾ ഏതാണ്ടു കുടിച്ചു ലഹരിപിടിച്ചു വന്നിരിക്കുകയാണെന്ന്. പക്ഷേ, ഹന്നാ നിശബ്ദമായി തന്റെ ഹൃദയംകൊണ്ട് ദൈവത്തോട് സംസാരിച്ചു. ഇപ്പോൾ നിങ്ങളുടെ ഹൃദയം ഏകാഗ്രമാക്കുക. ഹൃദയം കർത്താവിങ്കലേക്ക്, കുരിശിൻചുവട്ടിലേക്ക് കൊണ്ടുവരിക.

ഒരു വാക്കു നിങ്ങൾ പറയുക: യേശുവേ, എന്നെ തൊടണമേ. എന്നെ തൊടാതെ പോകരുതേ. യേശുവിനെ തിരിച്ചറിയാനുള്ള ഭാഗ്യം, യേശുവിനെ സ്നേഹിക്കുവാനുള്ള ഭാഗ്യം, യേശുവിന്റെ വിശുദ്ധനാകാനുള്ള ഭാഗ്യം, യേശുവിനു വേണ്ടി എരിഞ്ഞടങ്ങാനുള്ള ഭാഗ്യം, യേശുവിനുവേണ്ടി ചെലവഴിക്കപ്പെടാനുള്ള ഭാഗ്യം, എന്റെ യേശുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ഒരുങ്ങുവാനുള്ള ഭാഗ്യം, യേശുവിന്റെ രണ്ടാമത്തെ വരവിനു വേണ്ടി അനേകരെ ഒരുക്കുവാനുള്ള ഭാഗ്യം എനിക്കു തരണമേ.

# പത്ത്

*"ഇതാ, പർവ്വതങ്ങളിന്മേൽ സുവാർത്താദൂതനായി സമാധാനം ഘോഷിക്കുന്നവന്റെ കാൽ; യെഹൂദയേ, നിന്റെ ഉത്സവങ്ങളെ ആചരിക്ക; നിന്റെ നേർച്ചകളെ കഴിക്ക."* *നഹൂം 1 : 15*

നഹൂം പ്രവാചകന്റെ നാവിൽക്കൂടി സ്വർഗ്ഗത്തിലെ ദൈവം യെഹൂദാജാതിയോട് അരുളിച്ചെയ്യുകയാണ്. യഹൂദയേ, നിന്റെ ഉത്സവങ്ങൾ ആചരിക്കണം. നിന്റെ നേർച്ചകളെ കഴിക്കണം. ഇനിയും നീ സമർപ്പിക്കേണ്ടിയിരിക്കുന്നു. നീ എന്റെ സ്വന്തജനമാണ്. നീ എന്റെ പ്രിയപ്പെട്ട ജനമാണ്. പക്ഷേ, നീ ഇനിയും നേർച്ച കഴിക്കേണ്ടിയിരിക്കുന്നു. സ്വന്തജനമായതു കൊണ്ടാണ് ദൈവം നേർച്ച കഴിക്കാൻ പറയുന്നത്. അല്ലാത്ത വരോട് കർത്താവ് അങ്ങനെ പറയുന്നില്ല. യഹൂദജാതി, ദൈവം തെരഞ്ഞെടുത്ത, ആശവെച്ച ജാതിയാണ്.

പ്രിയപ്പെട്ടവരേ, നിങ്ങളോടും ഈ സമർപ്പണത്തിലേക്കു വരാൻ ദൈവം പറയുന്നു. ദൈവത്തിന് നിങ്ങളെക്കുറിച്ച് വളരെ കൃത്യമായ ഒരു പദ്ധതിയുണ്ട്. നിങ്ങളെക്കുറിച്ച് ഒരു ഉദ്ദേശമുണ്ട്. നിങ്ങളെ പലകാര്യങ്ങൾക്കും ഉപയോഗപ്പെടുത്താൻ ദൈവത്തിന് ആഗ്രഹമുണ്ട്. ഈ ശരീരത്തിൽ നിന്ന് നമ്മുടെ ആത്മാവ് അനന്തതയിലേക്ക് കടന്നു ചെല്ലുമ്പോൾ, നിത്യരാജ്യ ത്തിലേക്ക് ചെല്ലുമ്പോൾ നാം അറിയും നമുക്ക് ലഭിച്ചത് എന്താണ് എന്ന്. നേർച്ച കഴിക്കാനുള്ള ആഹ്വാനം തന്നത് ആരാണ് എന്ന്. സമർപ്പണം എടുക്കാൻ പറഞ്ഞത് ആരാണ് എന്ന്.

ഇന്ന് നാം വെറുതെ കേട്ടുകൊണ്ടുപോവുകയാണ്. വലിയ വിലകൊടുക്കുന്നില്ല. എന്നാൽ അന്ന് നിങ്ങൾ ഓർക്കും; അയ്യോ, അന്ന് കേട്ടപ്പോൾ വിലകൊടുത്തോളാമായിരുന്നു, എല്ലാം ക്രിസ്തുവിനു സമർപ്പിച്ചോളാമായിരുന്നു എന്ന്.

*"നിന്റെ ഉത്സവങ്ങളെ ആചരിക്ക; നിന്റെ നേർച്ചകളെ കഴിക്ക." നഹൂം 1 : 15*

നേർച്ചകഴിച്ചാൽ ഉത്സവമാണ്; ആഘോഷമാണ്. ശരിയായ സമർപ്പണമാണെങ്കിൽ പിന്നെ ഹൃദയത്തിലെ ഭാരങ്ങൾ ആവിയായിപ്പോകും. എന്തെല്ലാം ഭാരങ്ങളുടെ ഭാണ്ഡക്കെട്ടുകളും പേറിയാണ് നിങ്ങൾ വന്നത്? എന്തു വലിയ ചുമടുകളാണ് തലയിൽ ഇരുന്നത്? എല്ലാം എവിടെപ്പോയി?

*"ഇതു നിവേദിതം" എന്നു തത്രപ്പെട്ടു നേരുന്നതും നേർന്നശേഷം നിരൂപിക്കുന്നതും മനുഷ്യന്ന് ഒരു കെണി." സദൃശവാക്യങ്ങൾ 20 : 25*

ഒരു പ്രസംഗം കേട്ടു. അല്ലെങ്കിൽ വചനം കേട്ടു. ഉടനടി തീരുമാനമെടുക്കുന്നു, ഞാൻ ഇനി കർത്താവിന്റെ അടിമയാണ്. ഇനി ഞാൻ പാപം ചെയ്യുകയില്ല, കോപിക്കുകയില്ല, മദ്യം തൊടുകയില്ല. ഇനി ഞാൻ ഭാര്യയെ സ്നേഹിക്കും. ഭർത്താവിനോട് വിനയത്തോടെ പെരുമാറും. മാതാപിതാക്കളെ അനുസരിക്കും. ഇനി ഞാൻ ഒരു തെറ്റും ചെയ്യുകയില്ല. ഇങ്ങനെ തത്രപ്പെട്ടു നേരുന്നു. നേർച്ചകഴിക്കുന്നു.

നേർച്ചനേർന്നതിനുശേഷം, അതു വേണോ? എന്നെക്കൊണ്ട് അങ്ങനെയൊക്കെ പാപം കൂടാതെ ജീവിക്കാൻ പറ്റുമോ? മനുഷ്യൻ ബലഹീനനല്ലേ? ബലഹീനമനുഷ്യന് ബലഹീനതയൊക്കെയുണ്ടാവും. ഒരു പത്തു പൈസയുടെ ക്രമക്കേടു വരാതെ, ഒരു നുണപോലും പറയാതെ, വ്യാജത്തിന്റെ ഒരുവാക്കുപോലും വരാതെ, അശുദ്ധിയുടെ കണികപോലും വരാതെ എനിക്കു ജീവിക്കാൻ പറ്റുമോ? എനിക്കു സാധിക്കുമോ? ഇങ്ങനെ നിരൂപിക്കുകയാണ്. അതൊരു കെണിയാണ്.

കർത്താവ് വേണമെന്നുണ്ട്. ദൈവത്തിന്റെ ആത്മാവ് തൊട്ടതാണ്. ദൈവത്തിന്റെ സ്നേഹം തൊട്ടു. സമർപ്പണമെടുത്തു. പക്ഷേ ഇപ്പോൾ വേണമോ? കുറച്ചുകൂടി കഴിഞ്ഞിട്ടുപോരേ? ധൃതിപിടിച്ചുവേണമോ? കുറച്ചുകൂടി പ്രായം കഴിഞ്ഞിട്ടു പ്രാർത്ഥിച്ചു സമർപ്പണമെടുത്താൽ പോരേ? ഇത്രയും യൗവ്വനപ്രായത്തിൽ സമർപ്പിക്കുക! സാധിക്കുമോ? അടിച്ചുപൊളിച്ചു ചെത്തിനടക്കേണ്ട പ്രായമല്ലേ? ഈ പ്രായത്തിൽ സാധാരണക്കാരനെക്കൊണ്ട് സാധിക്കുമോ?

ഹോസ്റ്റലിൽ താമസിക്കുന്ന സമയത്ത് ഒരു തമാശ കണ്ടു; ഒരു സിനിമ കണ്ടു; TV യിൽ ഒരു സീരിയൽ കണ്ടു; അതല്ലെങ്കിൽ കൂട്ടുകാർ കൂടി ഒരുമിച്ച് ടൂർപോയി; പക്ഷേ, അവരൊക്കെ നിർബ്ബന്ധിച്ചപ്പോൾ ഞാനങ്ങ് കുടിച്ചുപോയി. അല്ലാതെ ആർക്കു സാധിക്കും? കുറെയൊക്കെ തെറ്റുകൾ പറ്റും, മനുഷ്യനല്ലേ? ഇങ്ങനെ ചിന്തിക്കുന്നത് കെണിയാണ്.

*"ഇതു നിവേദിതം" എന്നു തത്രപ്പെട്ടു നേരുന്നതും നേർന്നശേഷം നിരൂപിക്കുന്നതും മനുഷ്യന്ന് ഒരു കെണി." സദൃശവാക്യങ്ങൾ 20 : 25*

*"ജ്ഞാനമുള്ള രാജാവ് ദുഷ്ടന്മാരെ പേറ്റിക്കളയുന്നു." സദൃശവാക്യങ്ങൾ 20 : 26*

നിങ്ങളെ നശിപ്പിക്കാൻ കെണി വയ്ക്കുന്ന ദുഷ്ടപ്പിശാചുക്കളെ നിങ്ങൾ നിശ്ശേഷം തകർത്ത് എറിഞ്ഞു കളയുക. പിശാചിന്റെ ആലോചനയ്ക്ക് ചെവി കൊടുക്കരുത്.

നഴ്സിംഗിന് ബാംഗ്ലൂരോ മംഗലാപുരത്തോ പഠിക്കുന്ന ഒരു പെൺകുട്ടി; അവളോട്, കൂടെ നഴ്സിംഗിന് പഠിക്കുന്ന ആൺകുട്ടി പറഞ്ഞു: എനിക്ക് നിന്നെ വലിയ ഇഷ്ടമാണ്. നീ എന്റെ സ്വന്തമായിത്തീരണം. അവൾ പറഞ്ഞു: ഞാനിവിടെ വന്നത് പഠിക്കാനാണ്. പ്രണയിക്കാനും പ്രേമിക്കാനും വന്നതല്ല. എന്റെ കല്യാണത്തിന്റെ അവസരം വരുമ്പോൾ എന്റെ അപ്പനുമമ്മയുമെല്ലാം നോക്കിക്കൊള്ളും. പിന്നെ, ഞാനെന്റെ

ജീവിതം ഒരിക്കൽ യേശുവിനു കൊടുത്തതാണ്. എന്റെ യേശു എന്റെ കാര്യം നോക്കിക്കൊള്ളും. വേണ്ട, ആ കളി എന്റെയടുത്തു വേണ്ട.

മിടുക്കിയായിരുന്നു അവൾ! അവളങ്ങനെ പറഞ്ഞു. പിന്നെ ഒരു ശല്യവുമുണ്ടായില്ല. ഒരു വഴക്കും തോന്നിയില്ല. അവനും വൈരാഗ്യമൊന്നുമില്ല. കാരണം, അവൾ തുറന്നു പറഞ്ഞു. ഞാനെന്റെ ജീവിതം യേശുവിനു കൊടുത്തതാണ്. ഞാനിവിടെ പഠിക്കാൻ വന്നതാണ്. പ്രണയിക്കാനുള്ള സമയം ഇപ്പോഴൊന്നുമല്ല. പ്രേമത്തിനൊന്നും എന്നെക്കിട്ടില്ല. അതിന് എന്റെ അടുക്കലേക്ക് വരണ്ട. തുറന്നു പറഞ്ഞു അവൾ! ശല്യം ഒഴിവായി.

വേറൊരു പെൺകുട്ടി. നല്ല ആരോഗ്യവും സൗന്ദര്യവും കഴിവും എല്ലാമുള്ള മിടുക്കി കൊച്ച്. അവൾ എന്നോടു പറഞ്ഞു: സാറേ, ഇത്രകാലമായിട്ടും പലരും എന്നെ പ്രലോഭിപ്പിക്കാൻ നോക്കി. എന്നെ തൊടാനൊത്തിട്ടില്ല. ഞാൻ അടുപ്പിച്ചിട്ടില്ല. സാറേ, ഞാനിവിടെ വന്ന് വചനം കേട്ടു. എന്നെ തൊടാൻ, എന്റെ മനസ്സിൽപോലും പ്രവേശിക്കാൻ ഞാൻ ആർക്കും ഇടം കൊടുത്തിട്ടില്ല. അവളിന്ന് ഐശ്വര്യമായി, സമാധാനമായി, സന്തോഷമായി വിദേശത്ത് ജോലിചെയ്യുന്നു.

പ്രിയപ്പെട്ടവരേ, അങ്ങനെയുള്ളവരുണ്ട്. എന്തുകൊണ്ട് എല്ലാവർക്കും ആയിക്കൂടാ? എനിക്കു സാധിക്കുമോ? എനിക്കു പറ്റുമോ? എന്നു ചിന്തിക്കരുത്. സാധിക്കും; എന്റെ കർത്താവ് സാധിപ്പിച്ചു തരും.

> *"അതിവേഗത്തിൽ ഒന്നും പറയരുത്; ദൈവസന്നിധിയിൽ ഒരു വാക്ക് ഉച്ചരിപ്പാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത്; ദൈവം സ്വർഗ്ഗത്തിലും നീ ഭൂമിയിലും അല്ലോ; ആകയാൽ നിന്റെ വാക്ക് ചുരുക്കമായിരിക്കട്ടെ. കഷ്ടപ്പാടിന്റെ ആധിക്യംകൊണ്ടു സ്വപ്നവും വാക്കുപെരുപ്പം കൊണ്ടു ഭോഷന്റെ*

*ജല്പനവും ജനിക്കുന്നു. ദൈവത്തിന്ന് നേർച്ച നേർന്നാൽ കഴിപ്പാൻ താമസിക്കരുത്. മൂഢന്മാരിൽ അവന്നു പ്രസാദമില്ല; നീ നേർന്നതു കഴിക്ക. നേർന്നിട്ടു കഴിക്കാതെയിരിക്കുന്നതിനേക്കാൾ നേരാതെയിരിക്കുന്നതു നല്ലത്. നിന്റെ വായ് നിന്റെ ദേഹത്തിന്നു പാപകാരണമാകരുത്; അബദ്ധവശാൽ വന്നുപോയി എന്നു നീ ദൂതന്റെ സന്നിധിയിൽ പറകയും അരുത്; ദൈവം നിന്റെ വാക്കു നിമിത്തം കോപിച്ച് നിന്റെ കൈകളുടെ പ്രവൃത്തിയെ നശിപ്പിക്കുന്നത് എന്തിന്?" സഭാപ്രസംഗി 5 : 2 – 6*

അതിവേഗത്തിൽ, ധൃതിപിടിച്ച് നിങ്ങൾ സമർപ്പണം പറയരുത്. ദൈവസന്നിധിയിലാണ് നീ പറയുന്നത്. ഒരു വാക്കു പറയാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത്. ധൃതിപിടിച്ച് ഒരു വാക്ക് ദൈവത്തോടു പറയരുത്. നിന്റെ സമർപ്പണം നല്ലപോലെ ആലോചിച്ചിട്ടു പറഞ്ഞാൽ മതി. സമർപ്പണമുണ്ടെങ്കിൽ മാത്രം പറഞ്ഞാൽ മതി. നീ ചെയ്യുന്നത് എത്രയോ വിലപ്പെട്ട കാര്യമാണെന്ന്, അത് മഹാസൗഭാഗ്യമാണെന്ന് നിനക്കു ബോദ്ധ്യമുണ്ടെങ്കിൽ പറഞ്ഞുകൊള്ളൂ. അല്ലാതെ പറയരുത്.

*"ഏറിയ പുരുഷാരം അവനോടുകൂടെ പോകുമ്പോൾ അവൻ തിരിഞ്ഞ് അവരോടു പറഞ്ഞത്: എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയുംകൂടെ പകയ്ക്കാതിരിക്കയും ചെയ്യുന്നവന്ന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല. തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവന്നും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല."*

*ലൂക്കോസ് 14 : 25 –27*

യേശുവിന് ഒന്നാംസ്ഥാനം! Supreme priority – മുൻഗണന

യേശുവിന്! ഒന്നാംസ്ഥാനം എന്റെ യേശുവിനും യേശുവിന്റെ മക്കൾക്കും യേശുവിന്റെ കൂട്ടായ്മയ്ക്കും. അതു കഴിഞ്ഞിട്ടേ മറ്റൊരു കാര്യമുള്ളൂ. അതുകൊണ്ടു വീട്ടിലെ കാര്യമൊന്നും മുടങ്ങുകയില്ല. എല്ലാം മനോഹരമായി കർത്താവ് നടത്തും.

യേശു നിങ്ങളുടെ കാര്യം ഏറ്റെടുക്കും. ഏതെല്ലാം ഭാരങ്ങളോടെയാണോ നിങ്ങൾ വന്നത് എല്ലാം ഏറ്റെടുക്കും. എന്റെ ഭർത്താവിനേക്കാൾ, ഭാര്യയേക്കാൾ, മക്കളേക്കാൾ, ജോലിയെക്കാൾ, ഓമനക്കുഞ്ഞുങ്ങളേക്കാൾ, മാതാപിതാക്ക ളേക്കാൾ, സ്വത്തിനേക്കാൾ, എല്ലാറ്റിലുമുപരിയായി ഞാൻ നിന്നെ സ്നേഹിക്കുന്നു. ആരെല്ലാം മാറിപ്പോയാലും ഞാൻ നിന്നെ സ്നേഹിക്കുന്നു. നീ എന്റെ കൂടെ നിൽക്കുമെന്ന് എനി ക്കറിയാം. ഞാൻ നിന്നെ സ്തുതിക്കുന്നു.

ഏറിയ പുരുഷാരം പിൻചെല്ലുമ്പോൾ കർത്താവു പറഞ്ഞു: നിങ്ങൾ സകലവും വിട്ട് കുരിശെടുത്തുകൊണ്ട് എന്റെ പിന്നാലെ വരണം. അല്ലെങ്കിൽ എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല. നിങ്ങൾക്ക് ജീവിതത്തിൽ കുരിശുകളുണ്ട്.

> *"തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവന്നും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല."* *ലൂക്കോസ് 14 : 27*

ക്രൂശും ചുമന്നുകൊണ്ട് ചെല്ലണം. യാതനയും വേദനയും ഒറ്റപ്പെടുത്തലും കുറ്റപ്പെടുത്തലും തെറ്റിദ്ധാരണയും ആക്ഷേപവും എല്ലാം പുഞ്ചിരിയോടെ ഏറ്റുവാങ്ങിക്കൊണ്ട് പോകണം. പലരും ആക്ഷേപിക്കും. നമ്മുടെ സമർപ്പണവും നമുക്കു കിട്ടി യിരിക്കുന്ന നിധിയും എന്താണെന്ന് ആർക്കും മനസ്സിലാവുകയില്ല.

കോളേജിൽ 1964 മുതൽ 1973 വരെയുള്ള കാലങ്ങളിൽ പിള്ളേർക്കെല്ലാം എന്നെ വലിയ സ്നേഹവും ബഹുമാനവു മായിരുന്നു. പക്ഷേ, ഞാൻ ആഴമേറിയ സമർപ്പണത്തിലേക്കു വന്നപ്പോൾമുതൽ കുട്ടികളെന്നെ പരിഹസിക്കാൻ തുടങ്ങി. എന്റെ students ചിലർ, 'ദൈവമേ' എന്നു കളിയാക്കി

വിളിക്കാൻ തുടങ്ങി. 'ദൈവമേ നിനക്കു സ്തുതി' എന്നു പറയും. 'ദൈവം ഇന്നു വന്നിട്ടുണ്ടോ?' എന്നു ചോദിക്കും. ഏതെല്ലാം തരത്തിൽ എന്നെ പരിഹസിച്ചിരുന്നു. ഒന്നും എന്നെ തൊടുന്നേയില്ല. എന്റെ ആത്മാവ് അണമുറിയാതെയുള്ള സ്തുതിയാൽ നിറഞ്ഞു നിൽക്കുകയായിരുന്നു.

ആക്ഷേപം, പരിഹാസം അതെല്ലാം കുരിശാണ്. സകലരും വെറുക്കും. ചിലർ തെറ്റിദ്ധരിക്കും. ഒന്നും ശരിയായിട്ട് കാണുകയില്ല. പക്ഷേ, എനിക്ക് യാതൊരു കൂസലുമില്ല. കാരണം, എനിക്ക് യേശു വിലയേറിയവനാണ്. യേശുവിനെ വിട്ടൊരു ജീവിതമില്ല. യേശുവിനെ വിട്ട് ഒരു കാര്യമില്ല. യേശുവാണ് വിലപ്പെട്ടവൻ.

യേശു വിലപ്പെട്ടവനായി, ഏറ്റവും വിലയേറിയവനായി, ഏറ്റവും പ്രിയപ്പെട്ടവനായി നിങ്ങൾക്കു തോന്നുന്നുണ്ടോ? എന്റെ അരുമനാഥൻ, അരുമമണവാളൻ, അരുമനായകൻ, എന്റെ ആത്മനാഥൻ, എന്റെ കർത്താവ്, എന്റെ യേശു! അവനിലും വലിയവൻ ആരുമില്ല. അവനാണ് എന്റെ നാഥൻ! അവനാണ് തിരുവിലാവ് തുറന്ന് എന്റെ പാപം കഴുകിയവൻ. ദുഷ്ടനും ഏറ്റവും നിഷ്ഠൂരനുമായ എന്നെ മാന്യനും മര്യാദക്കാരനുമാക്കി മാറ്റിയത് യേശുവാണ്. ഹൃദയം തകരാത്ത എന്നെ ആർദ്രഹൃദയനാക്കിയത് യേശുക്രിസ്തുവാണ്.

ഇതു നിങ്ങൾ ഓരോരുത്തരും അനുഭവിക്കുക; അപ്പോൾ നിങ്ങളുടെ രോഗം കത്തിപ്പോകും; രോഗാണുക്കൾ കത്തിപ്പോകും; നിങ്ങളുടെ ബാധകൾ മാറിപ്പോകും; ബന്ധനങ്ങൾ അഴിഞ്ഞുപോകും; കരിഞ്ഞുപോകും.

ദൈവമക്കളേ, നിങ്ങൾക്കു സമർപ്പിക്കാമോ? യേശുവിനെ സ്നേഹിക്കുന്നതു നല്ലതെന്നു തോന്നുന്നുവെങ്കിൽ, യേശു വിലപ്പെട്ടവനായി തോന്നുന്നെങ്കിൽ കുരിശെടുത്തുകൊണ്ടു അവന്റെ പിന്നാലെ ചെല്ലുക. അവന്റെ പിന്നാലെ നടക്കുക. ആളുകൾ ആക്ഷേപിക്കുമ്പോൾ, പരിഹസിക്കുമ്പോൾ ഉള്ളം പുഞ്ചിരിച്ചുകൊണ്ട്, ആനന്ദിച്ചുകൊണ്ട് യേശുവിന്റെ പിന്നാലെ

ചെല്ലുക.

കർത്താവേ, അപമാനം സഹിക്കാൻ യോഗ്യനായി നീ എന്നെ എണ്ണിയിരിക്കുന്നല്ലോ? നിനക്കു സ്തുതി. നിന്റെ നാമം നിമിത്തം അപമാനം സഹിപ്പാൻ, ആക്ഷേപം ഏൽപ്പാൻ യോഗ്യനായി നീ എന്നെ എണ്ണിയിരിക്കുന്നല്ലോ? നിനക്കു സ്തുതി. ദൈവത്തെ സ്തുതിച്ചുകൊണ്ട് യേശുവിന്റെ പിന്നാലെ ചെല്ലുക. നിങ്ങൾക്ക് സമർപ്പണമെടുക്കാൻ, നേർച്ച നേരാൻ തോന്നുന്നുണ്ടോ? “അത്യുന്നതന് നിന്റെ നേർച്ചകളെ കഴിക്ക; ഉത്സവങ്ങൾ ആചരിക്ക.”

## പതിനൊന്ന്

പരിശുദ്ധാത്മാവിന്റെ ശക്തി വരുമ്പോൾ മാത്രമേ ആരാധനയുണ്ടാവുകയുള്ളൂ. ആരാധന, വാക്കുകൾ കൊണ്ടല്ല, ആത്മാവിന്റെ സന്തോഷത്തിൽക്കൂടിയാണ്. ആത്മാവിൽ ആരാധിച്ചാൽ ബന്ധനങ്ങൾ അഴിയും, കെട്ടുകൾ അഴിയും, രോഗങ്ങൾ മാറും.

ആത്മാവ് ശക്തിയോടെ വന്നപ്പോൾ ശിംശോന്റെ കെട്ടുകൾ അഴിഞ്ഞുപോയി. ആത്മാവ് ശക്തിയോടെ വന്നപ്പോൾ ശത്രുസൈന്യത്തെ, അമ്മോന്യരെ തോല്പിക്കാൻ യിഫ്താഹിനു കഴിഞ്ഞു. ആത്മാവ് ശക്തിയോടെ വന്നപ്പോൾ ദാവീദ് ആരാധിച്ചു, സ്തുതിച്ചു. ആത്മാവ് ശക്തിയോടെ വരുമ്പോൾ വിശുദ്ധിയുടെ ആരാധന ഉയരും.

ദാവീദ് യഹോവയുടെ പെട്ടകം തന്റെ കൊട്ടാരത്തിലേക്ക് കൊണ്ടുവരുവാൻ ആഗ്രഹിച്ചു. ക്രിസ്തുവിന്റെ അതേ സാന്നിധ്യം തന്റെ കൊട്ടാരത്തിൽ വേണമെന്നാഗ്രഹിച്ചു.

തീർച്ചയായിട്ടും നാമും അതാഗ്രഹിക്കണം. സ്ഥിരമായി വെളിച്ചം അവിടെ കത്തിനിൽക്കണം. ആ ബന്ധം സ്ഥിരമായി ഉണ്ടായിരിക്കണം. Loose contact പറ്റില്ല. യേശുക്രിസ്തു നമ്മുടെ വീട്ടിൽ എപ്പോഴും കത്തിനിൽക്കണമെങ്കിൽ നമ്മുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് എപ്പോഴും നിറഞ്ഞു നിൽക്കണം.

*"ദാവീദ് പഞ്ഞിനൂലങ്കി ധരിച്ചുകൊണ്ട് പൂർണ്ണ ശക്തിയോടെ യഹോവയുടെ മുമ്പാകെ നൃത്തം ചെയ്തു."* *2 ശമൂവേൽ 6 : 14*

*“നിങ്ങളും പുറപ്പെട്ട് തൊഴുത്തിൽനിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും.”*

*മലാഖി 4 : 2*

ദാവീദ് പൂർണ്ണശക്തിയോടെ നൃത്തംചെയ്തു. ആത്മാവ് ശക്തിയോടെ വന്നു. സിംഹാസനത്തിൽ ഇരിക്കുന്ന രാജാവ് പാവപ്പെട്ടവരായ സാധാരണക്കാരുടെ ഇടയിൽക്കൂടി നടന്ന് നൃത്തം ചെയ്തു. രാജാവിന്റെ ഭാര്യ മീഖളിന് ഇത് ഇഷ്ടപ്പെട്ടില്ല.

*“അനന്തരം ദാവീദ് യിസ്രായേലിൽനിന്നു സകല വിരുതന്മാരുമായി മുപ്പതിനായിരം പേരെ കൂട്ടി വരുത്തി കെരൂബുകളുടെ മീതെ അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവ എന്ന നാമത്താൽ വിളിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ പെട്ടകം ബാലേ-യെഹൂദയിൽനിന്നു കൊണ്ടുവരേണ്ടതിന്നു ദാവീദും കൂടെയുള്ള സകല ജനവും അവിടേക്കു പുറപ്പെട്ടുപോയി. അവർ ദൈവത്തിന്റെ പെട്ടകം ഒരു പുതിയ വണ്ടിയിൽ കയറ്റി, കുന്നിന്മേലുള്ള അബീനാദാബിന്റെ വീട്ടിൽനിന്നു കൊണ്ടുവന്നു; അബീനാദാബിന്റെ പുത്രന്മാരായ ഉസ്സയും അഹ്യോവും ആ പുതിയ വണ്ടി തെളിച്ചു. കുന്നിന്മേലുള്ള അബീനാദാബിന്റെ വീട്ടിൽനിന്നു അവർ അതിനെ ദൈവത്തിന്റെ പെട്ടകവുമായി കൊണ്ടുപോരുമ്പോൾ അഹ്യോ പെട്ടകത്തിന്നു മുമ്പായി നടന്നു. ദാവീദും യിസ്രായേൽ ഗൃഹമൊക്കെയും സരളമരം കൊണ്ടുള്ള സകലവിധ വാദിത്രങ്ങളോടും കിന്നരം, വീണ, തപ്പ്, മുരജം, കൈത്താളം എന്നിവയോടുംകൂടെ യഹോവയുടെ മുമ്പാകെ നൃത്തം ചെയ്തു. അവർ നാഖോന്റെ കളത്തിങ്കൽ എത്തിയപ്പോൾ കാള വിരണ്ടതുകൊണ്ടു ഉസ്സാ കൈനീട്ടി ദൈവത്തിന്റെ പെട്ടകം പിടിച്ചു.*

*അപ്പോൾ യഹോവയുടെ കോപം ഉസ്സയുടെ നേരെ ജ്വലിച്ചു; അവന്റെ അവിവേകം നിമിത്തം ദൈവം അവിടെവച്ചു അവനെ സംഹരിച്ചു; അവൻ അവിടെ ദൈവത്തിന്റെ പെട്ടകത്തിന്റെ അടുക്കൽ വച്ചു മരിച്ചു. യഹോവ ഉസ്സയെ ഛേദിച്ച ഛേദം നിമിത്തം ദാവീദിന്നു വ്യസനമായി അവൻ ആ സ്ഥലത്തിന്നു പേരെസ്-ഉസ്സാ എന്നു പേർ വിളിച്ചു. അത് ഇന്നുവരെയും പറഞ്ഞുവരുന്നു. അന്നു ദാവീദ് യഹോവയെ ഭയപ്പെട്ടുപോയി. യഹോവ യുടെ പെട്ടകം എന്റെ അടുക്കൽ എങ്ങനെ കൊണ്ടു വരേണ്ടൂ എന്നു അവൻ പറഞ്ഞു."*

*2 ശമൂവേൽ 6 : 1 – 9*

വിശുദ്ധമായ പെട്ടകം വഴിയിൽ വീണുപോകുമല്ലോ എന്നുവിചാരിച്ച് ഉസ്സാ പിടിച്ചതാണ്. ഉസ്സാ അവിടെ മരിച്ചുപോയി. ദാവീദിന് വ്യസനമായി. യഹോവയുടെ പെട്ടകം എങ്ങനെ കൊണ്ടുവരേണ്ടൂയെന്ന് ദാവീദ് പറഞ്ഞു. അപ്പോഴാണ് ദാവീദിന് വീണ്ടുവിചാരമുണ്ടായത്. ദൈവത്തിന്റെ പെട്ടകം എന്റെ ബുദ്ധിപോലെ കൊണ്ടുവരേണ്ടതല്ല. യഹോവയുടെ പെട്ടകം കാളവണ്ടിയിൽ ആഘോഷത്തോടെ കൊണ്ടുവരാനല്ല ദൈവം പറഞ്ഞത്.

ദൈവത്തിന്റെ പെട്ടകം കൊണ്ടുവരേണ്ടത് എങ്ങനെ എന്ന് പണ്ട് മോശയിൽകൂടി ന്യായപ്രമാണകല്പന തന്നിട്ടുണ്ട്. ദൈവത്തിന്റെ കല്പനയെ ദാവീദ് മറന്നുപോയി. ദൈവത്തിന്റെ അരുളപ്പാടുകൾ മറന്നുപോയി. അരുളപ്പാടുകൾ കിട്ടിയെങ്കിൽ മറക്കരുത്. അത് പാലിക്കാൻ വിട്ടുപോകരുത്.

*"ലേവ്യരെ സാക്ഷ്യനിവാസത്തിന്നും അതിന്റെ ഉപകരണങ്ങൾക്കും വസ്തുക്കൾക്കും ഒക്കെ വിചാരകന്മാരായി നിയമിക്കേണം; അവർ തിരുനിവാസവും അതിന്റെ ഉപകരണങ്ങളൊക്കെയും വഹിക്കേണം; അവർ അതിന്നു ശുശ്രൂഷ*

*ചെയ്കയും തിരുനിവാസത്തിന്റെ ചുറ്റും പാളയമടിച്ചു പാർക്കയും വേണം." സംഖ്യാപുസ്തകം 1: 50*

കാളവണ്ടിയല്ല, ലേവ്യരാണ് പെട്ടകം ചുമക്കേണ്ടത്. ലേവ്യർ പൗരോഹിത്യ ഗോത്രമാണ്. ദൈവത്തിന്റെ ശുശ്രൂഷ ചെയ്‌വാൻ ചിലരെ ദൈവം നിയമിച്ചിട്ടുണ്ട്. ആത്മാക്കളെ വീണ്ടെടുക്കുന്ന ശുശ്രൂഷ! അത് പരിശുദ്ധാത്മാവ് ഇറങ്ങി ആവസിക്കുന്ന വ്രതന്മാർ ചെയ്യേണ്ടതാണ്. മറ്റുള്ളവർ പറയുന്നതുപോലെ യേശുവിന്റെ നാമത്തിൽ ഞാൻ പിശാചിനെ ശപിക്കുന്നു എന്നു പറഞ്ഞാലൊന്നും പിശാച് പോകില്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഏല്പിക്കാതെ ഒരു ശുശ്രൂഷയും ചെയ്യരുത്.

*"തിരുനിവാസം പുറപ്പെടുമ്പോൾ ലേവ്യർ അത് അഴിച്ചെടുക്കേണം; തിരുനിവാസം അടിക്കുമ്പോൾ ലേവ്യർ അത് നിവർത്തേണം; ഒരന്യൻ അടുത്തു വന്നാൽ മരണശിക്ഷ അനുഭവിക്കേണം."*

*സംഖ്യാപുസ്തകം 1 : 51*

ജീവനുള്ള ദൈവത്തിന്റെ വേല, ഭയഭക്തിയോടെ ചെയ്യേണ്ടതാണ്. ഉസ്സാ പെട്ടകത്തിൽ കയറിപ്പിടിച്ചു. ഉസ്സായ്ക്ക് തൊടാൻ അനുവാദമില്ല. കാളവണ്ടിയിൽ കയറ്റാൻ അനുവാദമില്ല. അത് ലേവ്യർ ചുമക്കേണ്ടതാണ്. ദാവീദ് ഭയപ്പെട്ടുപോയി.

*"ഇങ്ങനെ യഹോവയുടെ പെട്ടകം ദാവീദിന്റെ നഗരത്തിൽ തന്റെ അടുക്കൽ വരുത്തുവാൻ മനസ്സില്ലാതെ ദാവീദ് അതിനെ ഗിത്യനായ ഓബേദ്-ഏദോമിന്റെ വീട്ടിൽ കൊണ്ടുപോയി വെച്ചു. യഹോവയുടെ പെട്ടകം ഗിത്യനായ ഓബേദ്-ഏദോമിന്റെ വീട്ടിൽ മൂന്നുമാസം ഇരുന്നു; യഹോവ ഓബേദ്-ഏദോമിനെയും അവന്റെ കുടുംബത്തെ ഒക്കെയും അനുഗ്രഹിച്ചു." 2 ശമൂവേൽ 6 : 10, 11*

പെട്ടകം അവിടെ ഇരുന്നതുകൊണ്ട് ഓബേദ്-ഏദോമിന്റെ

കുടുംബം അനുഗ്രഹിക്കപ്പെട്ടു. ഏതാണ് ഈ പെട്ടകം? ഈ തിരുനിവാസം കർത്താവായ യേശുക്രിസ്തു തന്നെയാണ്. ഭൂമിയിലേക്ക് ഇറങ്ങിവന്ന സ്വർഗ്ഗത്തിന്റെ പെട്ടകം! ആ പെട്ടകം എവിടെ ഇരിക്കുന്നുവോ അവിടെ അനുഗ്രഹമാണ്. സ്നേഹിതാ, നിന്റെ ഹൃദയത്തിൽ ഈ പെട്ടകം ഇരുന്നാൽ നിനക്കനുഗ്രഹമാണ്. ആളുകൾ അത്ഭുതപ്പെടും.

ഞാൻ പലർക്കും ഒരു അത്ഭുതമായിരിക്കുന്നു എന്ന് ദാവീദ് പറയുന്നു. സങ്കീർത്തനം 71 : 7. നിത്യനായ ദൈവം ഒരു മനുഷ്യനിൽ അധിവസിച്ചാൽ അനുഗ്രഹമാണ്. യേശുവിനെ നിങ്ങൾ ഹൃദയത്തിലേക്ക് വിളിക്കണം. യേശുവേ, പലതരത്തിൽ ഞാൻ കുറവുള്ളവനാണ്. കർത്താവേ, പോരായ്മയോടു കൂടെ ഞാൻ വരികയാണ്. നീ എന്നെ കാണുന്നുവല്ലോ, ഈ നിസ്സാരനായ എനിക്കുവേണ്ടിയും കൂടിയാണല്ലോ നീ കുരിശിൽ പരിശുദ്ധരക്തം ചിന്തിയത്, ഞാൻ വിശ്വസിക്കുന്നു. നീ എന്റെ രക്ഷിതാവായി എന്റെ നീറുന്ന ഹൃദയത്തിന് ആശ്വാസമായി വരണം. എന്നെ നീ രക്ഷിക്കണം. എനിക്കൊരു സമാധാനം തരണം. ഇങ്ങനെ നിങ്ങൾ പ്രാർത്ഥിക്കണം.

യേശുവിനെ ബാല്യത്തിൽ തന്നെ സമ്പാദിക്കുക. യേശു ഉള്ളത്തിൽ വന്നാൽ എല്ലാം അനുഗ്രഹമാണ്. പാപം ചെയ്തുതുടങ്ങുന്നതിനുമുമ്പ്, പാപം എന്താണ് എന്ന് അറിയുന്നതിനുമുമ്പ്, ഈ നല്ല പ്രായത്തിൽ യേശുക്രിസ്തുവിനെ അകത്തേക്ക് വിളിക്കുക. അത് ഒരുവലിയ ഭാഗ്യമാണ്.

ചെളിയിൽ ചവിട്ടിയാൽ കഴുകിക്കളയാം. പക്ഷേ, ചെളിയിൽ ചവിട്ടാതിരിക്കുന്നതാണ് നല്ലത്. പാപം എന്താണ് എന്ന് അറിയാതിരിക്കുന്നതാണ് നല്ലത്. ഈ തിന്മകൾ ഒന്നും അറിയാതിരിക്കുക. മ്ലേച്ഛചിത്രങ്ങൾ ഒന്നും കാണാതിരിക്കുക. അരുതാത്ത ബന്ധങ്ങൾ ഒന്നും വരാതിരിക്കുക. അഴുക്കുശീലങ്ങൾ ഒന്നും സമ്പാദിക്കാതിരിക്കുക. ദുഃസ്വഭാവങ്ങൾ ഒന്നും നേടാതിരിക്കുക. അരുതായ്കകൾ ഒന്നും സംഭവിക്കാത്ത ബാല്യം മുതലേ ക്രിസ്തു അകത്ത് വരുന്നത് മഹാഭാഗ്യം.

അതിന് മാതാപിതാക്കൾ ക്രിസ്തുവുള്ളവരായി തീർന്നിട്ട് മക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം. അവരെ എപ്പോഴും വഹിച്ചു കൊണ്ടിരിക്കണം. മാതാപിതാക്കൾ വിശുദ്ധിയോടുകൂടി നിന്നുകൊണ്ട് മക്കൾക്കുവേണ്ടി പ്രാർത്ഥിച്ചാൽ ആ മക്കൾ നഷ്ടപ്പെട്ടു പോകയില്ല.

സ്ത്രീകൾ, ഗർഭത്തിൽ ശിശു വളരുമ്പോൾ ഏകാന്തത യിലിരുന്ന് നിങ്ങളുടെ ഉദരത്തിൽ കൈവച്ചുകൊണ്ട് യേശുവിനെ സ്തുതിക്കണം. കർത്താവേ, എന്റെ ഉദരത്തിൽ ഒരു ശിശു വളരുന്നു. ഈ ശിശു വളർന്ന് അതിന്റെ നിശ്ചിത സമയത്ത് ഭൂമിയിലേക്ക് വരും. അതിനുമുമ്പ് ആ കുഞ്ഞിന്റെ ബുദ്ധിയെ നീ തുറക്കണം. ആ കുഞ്ഞിന്റെ ഹൃദയത്തെ നീ തുറക്കണം. എന്റെ ശിശു ആണാകട്ടെ, പെണ്ണാകട്ടെ ആ കുഞ്ഞിന്റെ ശോഭനമായ ഭാവി നീ ഇപ്പോൾ തന്നെ തുടങ്ങണം.

പ്രാർത്ഥനയുടെ സന്തതി നഷ്ടപ്പെട്ടുപോകയില്ല. പ്രസവിച്ചു, പിഞ്ചുകുഞ്ഞായിരിക്കുമ്പോൾ പ്രാർത്ഥനാസമയത്ത് കുഞ്ഞ് കിടന്നുറങ്ങട്ടെ എന്ന് വിചാരിക്കരുത്. ആ കുഞ്ഞിനെ മടിയിൽ ഇരുത്തിക്കൊണ്ട് കുടുംബപ്രാർത്ഥനയിൽ സംബ ന്ധിക്കണം. ദൈവത്തെ സ്തുതിക്കണം. കുഞ്ഞിനെ തട്ടിത്തട്ടി ഉറക്കിക്കൊണ്ടിരിക്കുമ്പോൾ കുഞ്ഞിനുവേണ്ടി ദൈവത്തെ സ്തുതിക്കണം. ആ കുഞ്ഞ് പ്രാർത്ഥനയുടെ സ്വരം കേട്ട് വളരണം. ഉദരത്തിൽ ഇരിക്കുമ്പോഴേ ആത്മാവിന്റെ ചലനം കിട്ടണം.

നിങ്ങൾക്ക് പലർക്കും അത് സാധിച്ചില്ലായിരിക്കാം. എന്നാൽ ഇന്നുമുതൽ നിങ്ങളുടെ കുഞ്ഞിന്റെ കരത്തിൽ പിടിച്ച് നിങ്ങൾ പ്രാർത്ഥിക്കണം. നിങ്ങളുടെ കുഞ്ഞിന്റെ ദേഹത്ത്തൊട്ട് നിങ്ങൾ പ്രാർത്ഥിക്കണം. നിങ്ങളുടെ കുഞ്ഞിനുവേണ്ടി കൈമലർത്തി നിങ്ങൾ പ്രാർത്ഥിക്കണം. കർത്താവേ, എന്റെ കുഞ്ഞ് നഷ്ടപ്പെട്ടു പോകല്ലേ; ശത്രു റാഞ്ചിക്കൊണ്ട് പോകല്ലേ; എന്റെ കുഞ്ഞിന് ഒരു കേടും വരാതെ നീ നോക്കണമേ. കർത്താവേ, ഈ കുഞ്ഞിനെ നീ വളർത്തണമേ.

മക്കൾ ഒന്നോ രണ്ടോ മതി എന്നു നിങ്ങൾ വയ്ക്കരുത്. കർത്താവിന്റെ വേലയ്ക്ക് വിശ്വാസികളായ മക്കൾ ധാരാളം ഉണ്ടാകണം. മക്കൾ ധാരാളം ഉണ്ടാകുന്നത് നല്ലതാണ്.

ഒരു അമ്മ ഉണ്ടായിരുന്നു. അവളുടെ പേര് സൂസന്നാ എന്നാണ്. സൂസന്നായ്ക്ക് പത്തൊൻപത് മക്കളുണ്ടായിരുന്നു. ഈ അമ്മ മക്കൾക്ക് എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കും. തന്നത്താനിരുന്ന് പ്രാർത്ഥിക്കും. പിന്നെ ആത്മാവിൽ കൂട്ടായ്മ യിൽ ഉള്ള ദൈവമക്കൾക്കു വേണ്ടി പ്രാർത്ഥിക്കും.

ഈ അമ്മയുടെ രണ്ട് മക്കളാണ് ജോൺ വെസ്ലിയും ചാൾസ് വെസ്ലിയും. ലോകത്തിൽ ആത്മീയ ഉണർവ്വിന്റെ നേതൃസ്ഥാനത്ത് നിന്ന രണ്ടുപേർ. ജോൺ വെസ്ലി പറഞ്ഞു: ഞാൻ അമേരിക്കയിലേക്ക് പോയത് അമേരിക്കയിലുള്ള വിശ്വാസികളെ ഉണർത്താനാണ് പക്ഷേ, എന്നെ ആർ ഉണർത്തും? ‘I went to America to convert the Christians there, but who can convert me?’ അദ്ദേഹം തിരിച്ച് വന്നത് പുതിയ ശക്തിയോടെയാണ്. ആത്മാവിൽ നിറഞ്ഞവനായി തിരികെ വന്നു. ആത്മീയ ഉണർവ്വിന്റെ മുൻപന്തിയിൽ നിന്നു. പതിനായിരങ്ങൾ അദ്ദേഹത്തിന്റെ വചനം കേട്ട് മാനസാന്തര പ്പെട്ടു. അനേകദേശത്ത് വലിയ ഉണർവ്വുണ്ടായി. ഒരമ്മയുടെ കരച്ചിൽ! ഒരമ്മയുടെ പ്രാർത്ഥന!

ദാവീദിന് പെട്ടകം കൊണ്ടുവരുന്നത് അനുഗ്രഹമാണ് എന്ന് മനസ്സിലായി. കാരണം, ഓബേദ് ഏദോമിന്റെ വീട്ടിൽ പെട്ടകം വന്നപ്പോൾ ഓബേദ് ഏദോമിനെ ദൈവം അനുഗ്രഹിച്ചു. ദാവീദ് തീരുമാനിച്ചു എങ്ങനെയാണെങ്കിലും പെട്ടകം കൊണ്ടുവരണം, ഈ അനുഗ്രഹം നഷ്ടപ്പെടുത്താൻ പറ്റുകയില്ല.

> *“ദൈവത്തിന്റെ പെട്ടകം നിമിത്തം യഹോവ ഓബേദ്-ഏദോമിന്റെ കുടുംബത്തെയും അവനുള്ള സകലത്തെയും അനുഗ്രഹിച്ചു എന്ന് ദാവീദ്*

*രാജാവിന്നു അറിവു കിട്ടിയപ്പോൾ ദാവീദ് പുറപ്പെട്ടു ദൈവത്തിന്റെ പെട്ടകം ഓബേദ്- ഏദോമിന്റെ വീട്ടിൽ നിന്ന് ദാവീദിന്റെ നഗരത്തിലേയ്ക്ക് സന്തോഷ ത്തോടെ കൊണ്ടുവന്നു.” 2 ശമൂവേൽ 6 : 12*

ഇത്തവണ എന്താണ് കുഴപ്പം വരാതിരുന്നത്? ഏതൊരു കാര്യവും നടത്തുന്നത് ദൈവത്തിന്റെ വചനപ്രകാര മായിരിക്കണം. ദാവീദ് ചിന്തിച്ചു, എന്തുകൊണ്ടാണ് ഉസ്സാ പെട്ടകത്തെ തൊട്ടപ്പോൾ മരിച്ചുപോയത്? ദാവീദ് വചനത്തി ലേക്ക് നോക്കി കാര്യം കണ്ടുപിടിച്ചു.

*“പാളയം യാത്രപുറപ്പെടുമ്പോൾ അഹരോനും പുത്രന്മാരും വിശുദ്ധ മന്ദിരവും വിശുദ്ധ മന്ദിരത്തിലെ ഉപകരണങ്ങളൊക്കെയും മൂടി തീർന്നശേഷം കെഹാത്യർ ചുമപ്പാൻ വരേണം; എന്നാൽ അവർ മരിക്കാതിരിക്കേണ്ടതിന്നു വിശുദ്ധമായതൊന്നും തൊടരുത്.”*

*സംഖ്യാപുസ്തകം 4 : 15*

അവർ മരിക്കാതിരിക്കേണ്ടതിന് മറ്റൊന്നും തൊടാതെ തങ്ങളെത്തന്നെ വിശുദ്ധീകരിച്ച് നിർത്തണം. ഇത് കെഹാത്യർ, ലേവ്യർ ചുമക്കേണ്ടതാണ്.

*“കെഹാത്തിൽനിന്ന് അമ്രാമ്യരുടെ കുടുംബവും യിസ്ഹാര്യരുടെ കുടുംബവും ഹെബ്രോന്യരുടെ കുടുംബവും ഉസ്സീയേല്യരുടെ കുടുംബവും ഉത്ഭ വിച്ചു. ഇവ കെഹാത്യരുടെ കുടുംബങ്ങൾ; ഒരു മാസംമുതൽ മേലോട്ടു പ്രായമുള്ള എല്ലാ ആണുങ്ങളുടേയും സംഖ്യയിൽ വിശുദ്ധ മന്ദിരത്തിന്റെ കാര്യം നോക്കുന്നവർ എണ്ണായിര ത്തറുനൂറു പേർ. കെഹാത്യകുടുംബങ്ങൾ തിരു നിവാസത്തിന്റെ തെക്കെ ഭാഗത്തു പാളയ മിറങ്ങേണം. കെഹാത്യ കുടുംബങ്ങളുടെ*

*പിതൃഭവനത്തിന്നു ഉസ്സീയേലിന്റെ മകൻ എലീസാഫാൻ പ്രഭു ആയിരിക്കേണം. അവർ നോക്കേണ്ടത് പെട്ടകം, മേശ, നിലവിളക്ക്, പീഠങ്ങൾ, വിശുദ്ധമന്ദിരത്തിലെ ശുശ്രൂഷയ്ക്കുള്ള ഉപകരണങ്ങൾ, തിരശ്ശീല എന്നിവയും അവയ്ക്കുള്ള വേല ഒക്കെയും ആകുന്നു."*

*സംഖ്യാപുസ്തകം 3 : 27 – 31*

എല്ലാത്തിന്നും കൃത്യമായ കല്പനയുണ്ട് തിരുവചനത്തിൽ. ആരാണ് പെട്ടകത്തോട് സമീപിക്കേണ്ടത്? എങ്ങനെയാണ് സമീപിക്കേണ്ടത്? ദാവീദ് ഇതെല്ലാം കണ്ടുപിടിച്ചു.

*"കെഹാത്യർക്ക് അവൻ ഒന്നും കൊടുത്തില്ല; അവരുടെ വേല വിശുദ്ധമന്ദിരം സംബന്ധിച്ചുള്ളതും തോളിൽ ചുമക്കുന്നതും ആയിരുന്നു."*

*സംഖ്യാപുസ്തകം 7 : 9*

ലേവിഗോത്രത്തിന് പെട്ടകം തോളിൽ ചുമക്കുവാനുള്ള ജോലിയാണ് കൊടുത്തത്. പെട്ടകം തോളിൽ ചുമന്നുകൊണ്ടു വരേണ്ടതാണ്. കാളവണ്ടിയിൽ വയ്ക്കേണ്ടതല്ല. അവിടെ മനുഷ്യന്റെ ബുദ്ധികൊണ്ട് യാതൊരു കാര്യവുമില്ല. ദൈവത്തിന്റെ വചനത്തിന് ചില വ്യവസ്ഥകളുണ്ട്.

*"ലേവ്യരെ സാക്ഷ്യനിവാസത്തിന്നും അതിന്റെ ഉപകരണങ്ങൾക്കും വസ്തുക്കൾക്കും ഒക്കെ വിചാരകന്മാരായി നിയമിക്കേണം; അവർ തിരുനിവാസവും അതിന്റെ ഉപകരണങ്ങളൊക്കെയും വഹിക്കേണം; അവർ അതിന്നു ശുശ്രൂഷ ചെയ്കയും തിരുനിവാസത്തിന്റെ ചുറ്റും പാളയമടിച്ചു പാർക്കയും വേണം. തിരുനിവാസം പുറപ്പെടുമ്പോൾ ലേവ്യർ അത് അഴിച്ചെടുക്കേണം; തിരുനിവാസം അടിക്കുമ്പോൾ ലേവ്യർ അതു നിവിർത്തേണം; ഒരന്യൻ അടുത്തുവന്നാൽ മരണ*

*ശിക്ഷ അനുഭവിക്കേണം."*

*സംഖ്യാപുസ്തകം 1 : 50, 51*

ലേവ്യരല്ലാത്ത വേറെ ആരെങ്കിലും വന്നാൽ മരണശിക്ഷ അനുഭവിക്കേണം. എന്തു കർക്കശമായ നിയമമാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. ശുശ്രൂഷ ഏൽപ്പിക്കാത്തവർ കയറി ശുശ്രൂഷ ചെയ്തേക്കരുത്. അങ്ങനെ ശുശ്രൂഷ ചെയ്താൽ അവർ ആത്മാവിൽ മരിക്കും. ദൈവത്തിന്റെ ഓരോ ശുശ്രൂഷയ്ക്കും അതാതിന് ദൈവം ഓരോരുത്തരെ നിയമിച്ചിട്ടുണ്ട്. Spiritual authority ഉണ്ട്.

*"അക്കാലത്ത് യഹോവ ലേവി ഗോത്രത്തെ യഹോവയുടെ നിയമപെട്ടകം ചുമപ്പാനും ഇന്നുവരെ നടന്നുവരുന്നതുപോലെ യഹോവയുടെ സന്നിധിയിൽ നിന്നു ശുശ്രൂഷചെയ്‌വാനും അവന്റെ നാമത്തിൽ അനുഗ്രഹിപ്പാനും വേർതിരിച്ചു. അതുകൊണ്ടു ലേവിക്ക് അവന്റെ സഹോദരന്മാരോടുകൂടെ ഓഹരിയും അവകാശവും ഇല്ല; നിന്റെ ദൈവമായ യഹോവ അവന്നു വാഗ്ദത്തം ചെയ്തതുപോലെ യഹോവ തന്നേ അവന്റെ അവകാശം. – ഞാൻ മുമ്പിലത്തെപ്പോലെ നാല്പതു രാവും നാല്പതു പകലും പർവ്വതത്തിൽ താമസിച്ചു; ആ പ്രാവശ്യവും യഹോവ എന്റെ അപേക്ഷ കേട്ടു; നിന്നെ നശിപ്പിക്കാതിരിപ്പാൻ യഹോവയ്ക്കു സമ്മതമായി."* *ആവർത്തനപുസ്തകം 10 : 8 –10*

ദൈവം നിങ്ങൾക്ക് നാശം വരാതിരിക്കുവാനാണ് ഇതെല്ലാം ചെയ്തത്. ദൈവം പെട്ടകം ചുമക്കുവാൻ ചിലരെ കരുതിയിരുന്നു.

*"അന്നു ദാവീദ്: ലേവ്യരല്ലാതെ ആരും ദൈവത്തിന്റെ പെട്ടകം ചുമക്കേണ്ടതല്ല; അവരെയല്ലോ ദൈവ ത്തിന്റെ പെട്ടകം ചുമപ്പാനും തനിക്ക് എന്നും*

*ശുശ്രൂഷചെയ്‌വാനും യഹോവ തിരഞ്ഞെടുത്തിരിക്കുന്നത് എന്നു പറഞ്ഞു.”*

*1 ദിനവൃത്താന്തം 15 : 2*

പെട്ടകം ചുമപ്പാനും ശുശ്രൂഷ ചെയ്‌വാനും യഹോവ തിരഞ്ഞെടുത്തിരിക്കുന്നത് ലേവ്യരെയാണല്ലോ എന്ന് ദാവീദ് മനസ്സിലാക്കി.

*“നിങ്ങൾ ലേവ്യരുടെ പിതൃഭവനങ്ങളിൽ തലവന്മാരല്ലോ; നിങ്ങളും നിങ്ങളുടെ സഹോദരന്മാരും യിസ്രായേലിന്റെ ദൈവമായ യഹോവയുടെ പെട്ടകം ഞാൻ അതിന്ന് ഒരുക്കിയിരിക്കുന്ന സ്ഥലത്തു കൊണ്ടുവരുവാൻ നിങ്ങളെത്തന്നേ ശുദ്ധീകരിച്ചുകൊൾവിൻ. ആദിയിൽ നിങ്ങൾ തന്നേ അതു ചെയ്യായ്കകൊണ്ടു നമ്മുടെ ദൈവമായ യഹോവ നമുക്കു ഛേദം ഉണ്ടാക്കി; നാം അവനെ നിയമപ്രകാരമല്ലല്ലോ അന്വേഷിച്ചത്. അങ്ങനെ പുരോഹിതന്മാരും ലേവ്യരും യിസ്രായേലിന്റെ ദൈവമായ യഹോവയുടെ പെട്ടകം കൊണ്ടുവരുവാൻ തങ്ങളെ തന്നേ ശുദ്ധീകരിച്ചു.”*

*1 ദിനവൃത്താന്തം 15 : 12 – 14*

നമ്മെ ഓരോരുത്തരെയും കുറിച്ച് ദൈവത്തിന് ചില പദ്ധതികളുണ്ട്. ദൈവം ചിലരെ ഓരോന്നിനായി നിയമിച്ചിട്ടുണ്ട്. അധികം ലഭിച്ചവനോട് അധികം ചോദിക്കും. അധികം ഏറ്റുവാങ്ങിയവനോട് അധികം ആവശ്യപ്പെടും. ഉസ്സാ ഛേദിക്കപ്പെടാൻ കാരണം, ദൈവം നിയമിക്കാത്ത അധികാരങ്ങൾ, ദൈവം നിയമിക്കാത്ത ജോലികൾ ചെയ്തു. ദൈവത്തിന്റെ നിയമപ്രകാരം ജോലി ചെയ്യണം.

നിങ്ങൾ നിങ്ങളുടെ ജീവിതം വിശുദ്ധീകരിക്കുക. പെട്ടകം ചുമക്കണമെങ്കിൽ പുരോഹിതന്മാർ തങ്ങളെത്തന്നേ ശുദ്ധീകരിക്കണം. പെട്ടകം വഹിക്കണമെങ്കിൽ നിങ്ങളുടെ

ജീവിതത്തിൽ അഴുക്ക് പാടില്ല. അഴുക്കോടുകൂടി പെട്ടകം എടുത്താൽ നിങ്ങൾക്ക് ശിക്ഷ വരും.

ഇന്ന് നിങ്ങളെത്തന്നെ ശുദ്ധീകരിക്കാൻ ആഗ്രഹമുണ്ടോ? ശുദ്ധീകരിക്കാൻ കുഞ്ഞാടിന്റെ ഊനമില്ലാത്ത തിരുരക്തമുണ്ട്. നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ നിങ്ങൾ ഇരിക്കുന്ന ഇടത്തിരുന്നുകൊണ്ട് ദൈവത്തോട് പറയാം: കർത്താവേ, സ്വർഗ്ഗീയ പെട്ടകമായ യേശുവേ, നിത്യോന്നതപെട്ടകമായ യേശുവേ, ഭൂമിയിൽ മുപ്പത്തിമൂന്നരക്കൊല്ലം സാധാരണ മനുഷ്യനായി ജീവിച്ച യേശുവേ, ഭൂമിയിൽ ജീവിച്ചപ്പോൾ ഒരു പാപവും വരാതെ വിശുദ്ധിയിൽ ഭയങ്കരനായി വിളങ്ങിയ കർത്താവായ യേശുവേ, നീ ഇന്ന് എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. മനസ്സറിഞ്ഞ് ഒരു പാപം വരാതെ ഇനിയുള്ള ജീവിതം നയിക്കാൻ ഞാൻ തീരുമാനിക്കുന്നു. കർത്താവേ, നീ എന്റെ ഹൃദയത്തിൽ പ്രവേശിക്കണമേ.

## പന്ത്രണ്ട്

*"അവൻ തനിക്ക് ദാവീദിന്റെ നഗരത്തിൽ അരമനകളെ ഉണ്ടാക്കി; ദൈവത്തിന്റെ പെട്ടകത്തിന്നായി ഒരു സ്ഥലം ഒരുക്കി, അതിന്ന് ഒരു കൂടാരവും അടിച്ചു. അന്നു ദാവീദ്: ലേവ്യരല്ലാതെ ആരും ദൈവത്തിന്റെ പെട്ടകം ചുമക്കേണ്ടതല്ല; അവരെയല്ലോ ദൈവത്തിന്റെ പെട്ടകം ചുമപ്പാനും തനിക്ക് എന്നും ശുശ്രൂഷ ചെയ്‌വാനും യഹോവ തിരഞ്ഞെടുത്തിരിക്കുന്നത് എന്നുപറഞ്ഞു. അങ്ങനെ ദാവീദ് യഹോവയുടെ പെട്ടകം താൻ അതിന്ന് ഒരുക്കിയ സ്ഥലത്തേക്കു കൊണ്ടുവരുവാൻ എല്ലാ യിസ്രായേലിനേയും യെരൂശലേമിൽ കൂട്ടി വരുത്തി."* *1 ദിനവൃത്താന്തം 15 : 1 – 3*

വലിയോരു ഉത്സവം; വലിയ സന്തോഷം; പെട്ടകം കൊണ്ടുവരുന്നു; എല്ലാ യിസ്രായേലും യെരൂശലേമിൽ വന്നുകൂടി.

*"ദാവീദ് അഹരോന്റെ പുത്രന്മാരേയും ലേവ്യരെയും കൂട്ടി വരുത്തി."* *1 ദിനവൃത്താന്തം 15 : 4*

*"നിങ്ങൾ ലേവ്യരുടെ പിതൃഭവനങ്ങളിൽ തലവന്മാരല്ലോ; നിങ്ങളും നിങ്ങളുടെ സഹോദരന്മാരും യിസ്രായേലിന്റെ ദൈവമായ യഹോവയുടെ പെട്ടകം ഞാൻ അതിന്നു ഒരുക്കിയിരിക്കുന്ന സ്ഥലത്തു കൊണ്ടുവരുവാൻ നിങ്ങളെത്തന്നേ ശുദ്ധീകരിച്ചുകൊൾവിൻ."* *1 ദിനവൃത്താന്തം 15 : 12*

നിങ്ങളെത്തന്നെ ശുദ്ധീകരിക്കണം. പെട്ടകം ചുമപ്പാൻ വെറുതെ പോയാൽ പറ്റില്ല. നിങ്ങൾ അതിന്നുവേണ്ടി ചുമതല പ്പെട്ടവരാണ്; നിങ്ങൾ അതിന്നു നിയമിക്കപ്പെട്ടവരാണ്; ദൈവികപ്രമാണമനുസരിച്ച് നിങ്ങൾക്കാണ് അതിന്റെ ഉത്തര വാദിത്വം.

പക്ഷേ, നിങ്ങൾ അതിനുള്ള യോഗ്യത സമ്പാദിക്കണം. നിങ്ങൾ വിശുദ്ധരായിരിക്കണം. തലമുറകളായി നിങ്ങളുടെമേൽ ലേവിഗോത്രത്തിന്റെ പേരുണ്ട്. പക്ഷേ, പെട്ടകം ചുമക്കണമെങ്കിൽ നിങ്ങളെത്തന്നേ വിശുദ്ധീകരിക്കണം. വിശുദ്ധീകരിക്കാതെ നിങ്ങൾ പെട്ടകം തൊടരുത്. അത് നിങ്ങൾക്ക് ആപത്താണ്.

*"ആദിയിൽ നിങ്ങൾ തന്നേ അതു ചെയ്യായ്ക കൊണ്ടു നമ്മുടെ ദൈവമായ യഹോവ നമുക്കു ഛേദം ഉണ്ടാക്കി."* *1 ദിനവൃത്താന്തം 15 : 13*

ആദ്യം കാളവണ്ടിയിൽ പെട്ടകം കൊണ്ടുവന്ന സമയത്ത് നിങ്ങളാണ് അത് ചുമക്കേണ്ടിയിരുന്നത്. എനിക്ക് പറ്റിയ അബദ്ധമാണ്. ഞാൻ വേണ്ടതുപോലെ കാര്യം ഗ്രഹിക്കാതെ ചെയ്തതാണ്. അതുകൊണ്ട് ദൈവം നമുക്ക് ഛേദം വരുത്തി. ദൈവം നമുക്ക് നഷ്ടം വരുത്തി. ദൈവം ഉസ്സായെ ഛേദിച്ചു കളഞ്ഞു. പെട്ടകത്തെ അലക്ഷ്യമായി കൈകാര്യം ചെയ്ത ഒരാൾ മരിക്കാൻ ഇടയായി. തെറ്റുപറ്റിപ്പോയി.

*"നാം അവനെ നിയമപ്രകാരമല്ലല്ലോ അന്വേഷിച്ചത്."*
*1 ദിനവൃത്താന്തം 15 : 13*

നിയമപ്രകാരമല്ല നാം ദൈവത്തെ അന്വേഷിച്ചത്. നിയമപ്രകാരമല്ല നാം പെട്ടകം കൊണ്ടുവരാൻ ശ്രമിച്ചത്. ദൈവത്തിന് ചില വ്യവസ്ഥാപിതമായ നിയമങ്ങളുണ്ട്. ചില വ്യവസ്ഥകളുണ്ട്. അതനുസരിച്ചുവേണം ദൈവത്തിന്റെ വേല ചെയ്യാൻ. അല്ലാതെ തോന്നിയതുപോലെ വേലചെയ്യാൻ പാടില്ല.

*"അങ്ങനെ പുരോഹിതന്മാരും ലേവ്യരും യിസ്രാ*

*യേലിന്റെ ദൈവമായ യഹോവയുടെ പെട്ടകം കൊണ്ടുവരുവാൻ തങ്ങളെ തന്നേ ശുദ്ധീകരിച്ചു."*
*1 ദിനവൃത്താന്തം 15 : 14*

പെട്ടകം കൊണ്ടുവരുവാൻ, പെട്ടകം തൊടുമ്പോൾ അപകടം വരാതിരിക്കാൻ അവർ തങ്ങളെത്തന്നെ ശുദ്ധീകരിച്ചു.

എന്താണ് ഇതിന്റെ അർത്ഥം? കർത്താവായ യേശുവിന്റെ സന്നിധിയിലേക്ക് വരുവാൻ, കർത്താവിന്റെ കൃപ പ്രാപിക്കാൻ തങ്ങളെത്തന്നെ ശുദ്ധീകരിക്കണം. ഇല്ലെങ്കിൽ നഷ്ടമാണ്. വിശുദ്ധിയുടെ തേജസ്സിന്റെ അരികിലേക്ക് വളരെ കരുതലോടെ വേണം ചെയ്യാൻ. നമ്മുടെ ബുദ്ധിയിൽ ഒന്നും ചെയ്യരുത്. ബുദ്ധിയുടെ പ്രമാണമനുസരിച്ച് ഒന്നും ചെയ്യരുത്. എല്ലാത്തിനും ചില വ്യവസ്ഥകളുണ്ട് നിങ്ങളെത്തന്നേ ശുദ്ധീകരിച്ചുകൊള്ളണം.

*"ലേവ്യരുടെ പുത്രന്മാർ യഹോവയുടെ വചനപ്രകാരം മോശ കല്പിച്ചതുപോലെ ദൈവത്തിന്റെ പെട്ടകത്തെ അതിന്റെ തണ്ടുകൾ തങ്ങളുടെ ചുമലിൽ കൊണ്ടു ചുമന്നു."* *1 ദിനവൃത്താന്തം 15 : 15*

പെട്ടകം തണ്ടിന്മേൽ ചുമന്നു.

*"പിന്നെ ദാവീദ് ലേവ്യരിലെ പ്രധാനന്മാരോട് വീണ, കിന്നരം, കൈത്താളം എന്നീ വാദ്യങ്ങളാൽ സന്തോഷനാദം ഉച്ചത്തിൽ ധ്വനിപ്പിക്കേണ്ടതിന്നു സംഗീതക്കാരായ തങ്ങളുടെ സഹോദരന്മാരെ നിറുത്തുവാൻ കല്പിച്ചു."* *1 ദിനവൃത്താന്തം 15 : 16*

പെട്ടകം ചുമക്കുന്നവരോടുചേർന്ന് പാട്ടുപാടിക്കൊണ്ട് പലവിധത്തിലുള്ള വാദ്യോപകരണങ്ങളാൽ ഗാനശുശ്രൂഷ ചെയ്യാൻ ആളെ നിയമിച്ചു. ആഘോഷമാണ്; വലിയോരു ഘോഷയാത്രയാണ്. പെട്ടകം വരുന്നു! നമ്മുടെ നാട്ടിലേക്ക് പെട്ടകം വരുന്നു!

ഓബേദ്-ഏദോമിന് അനുഗ്രഹമായിരുന്ന പെട്ടകം നമ്മുടെ

നാട്ടിലേക്കും നമ്മുടെ കൊട്ടാരത്തിലേക്കും വരികയാണ്. നമുക്ക് അനുഗ്രഹമാണ്. അതുകൊണ്ട് നമുക്കിന്ന് സന്തോഷിക്കാം. ആഹ്ലാദത്തോടെ, ആരവാരത്തോടെ, പെട്ടകത്തെ എതിരേല്ക്കാം. അങ്ങനെ സംഗീതക്കാരെ നിയമിച്ചു.

ആസാഫ്, ഹേമാൻ, ഏഥാൻ എന്നിവർ സംഗീതക്കാരാണ്. സങ്കീർത്തനം വായിക്കുമ്പോൾ കാണാം, ആസാഫിന്റെ സങ്കീർത്തനം, ഹേമാന്റെ സങ്കീർത്തനം, ഏഥാന്റെ സങ്കീർത്തനം. അവർ നിയമിക്കപ്പെട്ട സംഗീതക്കാരാണ്. ഓരോ ശുശ്രൂഷയ്ക്കും എന്തു ബഹുമതിയാണ് കൊടുക്കുന്നത്!

സംഗീതശുശ്രൂഷകൾ നടക്കുന്നുണ്ട് പ്രവചന ശുശ്രൂഷകൾ നടക്കുന്നുണ്ട്. വ്യാഖ്യാനശുശ്രൂഷകൾ നടക്കുന്നുണ്ട്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമുക്ക് വചനശുശ്രൂഷകൾ നൽകുന്നുണ്ട്. നമ്മുടെ കൂട്ടത്തിൽ കൃപയാൽ കർത്താവ് അതെല്ലാം തന്നിരിക്കയാണ്. ഒന്നിനും കുറവില്ലാതെ കർത്താവ് നമ്മെ അനുഗ്രഹിച്ച് നടത്തിക്കൊണ്ടിരിക്കുന്നു. ആത്മീയമായി ഒന്നിനും പഞ്ഞമില്ലാതെ നടത്തിക്കൊണ്ടിരിക്കുന്നു.

എല്ലാം തന്നു. ഒന്നിനും കുറവില്ല. പെന്തിക്കൊസ്തിപ്പെരുന്നാൾ ദിവസം സെഹിയോൻ മാളികയിൽ ഇറങ്ങിയതുപോലെ അതേ ആത്മാവ് നമ്മുടെ മദ്ധ്യത്തിൽ ഇറങ്ങുന്നുണ്ട്. ഇപ്പോൾ നിങ്ങളുടെ ഉള്ളത്തിൽ ഒരു പ്രാർത്ഥന പൊങ്ങിവരണം. കർത്താവേ, അങ്ങനെയെങ്കിൽ ഇന്ന് എന്റെമേൽ നിന്റെ ആത്മാവ് ഇറങ്ങണമേ. എന്റെമേൽ നിന്റെ ആഘോഷം ഇറങ്ങണമേ. എന്റെ ഉള്ളത്തിലേക്ക് കാറ്റ് വീശണമേ.

എന്റെ കർത്താവേ, നൂറ്റാണ്ടുകൾക്കുമുമ്പ് ദാവീദ് കൈത്താളങ്ങളോടും വീണയോടും കിന്നരത്തോടും കൂടെ ആ പെട്ടകത്തെ എതിരേറ്റുകൊണ്ടുവരുന്നതുപോലെ, സംഗീതക്കാർ മുമ്പിൽ നടന്നു, വീണക്കാർ പിമ്പിൽ നടന്നു, തപ്പുകൊട്ടുന്ന കന്യകമാർ ഇരുപുറവും നടന്നു.

*"യിസ്രായേലിന്റെ ഉറവിൽനിന്നുള്ളോരേ, സഭാ യോഗങ്ങളിൽ നിങ്ങൾ കർത്താവായ ദൈവത്തെ വാഴ്ത്തുവിൻ." സങ്കീർത്തനങ്ങൾ 68 : 26*

അവിടെ ആരെല്ലാമുണ്ട്?

*"അവിടെ അവരുടെ നായകനായ ചെറിയ ബെന്യാമീനും യെഹൂദാ പ്രഭുക്കന്മാരും അവരുടെ സംഘവും സെബൂലൂൻപ്രഭുക്കന്മാരും നഫ്താലി പ്രഭുക്കന്മാരും ഉണ്ട്." സങ്കീർത്തനങ്ങൾ 68 : 27*

അവിടെ എല്ലാവരുടേയും പേരിലുള്ള ഗോത്രങ്ങളെല്ലാം കൂടി വന്നിരിക്കുന്നു. ഇതിന്റെ ആത്മീയ അർത്ഥം ചിന്തിക്കൂ. നാനാദേശങ്ങളിൽ ഉള്ള ദൈവമക്കൾ എല്ലാവരും ഒരുമിച്ചു കൂടിയിരിക്കുകയാണ്.

അങ്ങ്, ദൂരെദൂരെ ഇരുന്നുകൊണ്ട് ക്രിസ്ത്യൻ റിവൈ വൽ ഫെല്ലോഷിപ്പിന്റെ മീറ്റിംഗ് ചിലർ കേൾക്കുന്നു; കാണുന്നു. ദക്ഷിണാഫ്രിക്കയിൽ ഇരുന്നുകൊണ്ട് ചിലർ കേൾക്കുന്നു. ചിലർ അങ്ങ് യൂറോപ്പിൽ വിയന്നായിലും ഇറ്റലിയിലും ജർമ്മ നിയിലും സ്വിറ്റ്സർലന്റിലുമിരുന്നുകൊണ്ട് കേൾക്കുന്നു. പലദേശത്തുള്ളവർ, പല ഭാഷ സംസാരിക്കുന്നവർ, പല രീതിയിൽ ജീവിക്കുന്നവർ, പല സാമൂഹ്യസാഹചര്യങ്ങൾ ഉള്ളവർ എല്ലാവരും ഈ കൂട്ടായ്മയിൽ പങ്കാളികളാണ്. എല്ലാവരും ചേർന്നിരിക്കുന്നു.

*"സംഗീതക്കാർ മുമ്പിൽ നടന്നു. വീണക്കാർ പിമ്പിൽ നടന്നു. തപ്പുകൊട്ടുന്ന കന്യകമാർ ഇരുപുറവും നടന്നു." സങ്കീർത്തനം 68 : 34, 35*

വലിയോരു ഘോഷയാത്ര. രാജാധിരാജന്റെ ഘോഷയാത്ര! ഞാൻ വിനയത്തോടെ ചോദിക്കട്ടെ. നിങ്ങൾക്ക് പെട്ടകം കൊണ്ടുവരുവാൻ ആഗ്രഹമുണ്ടോ? പെട്ടകം ചുമക്കാൻ ആഗ്രഹമുണ്ടോ? കർത്താവേ, എനിക്കതിന് യോഗ്യതയില്ല.

എന്നെത്തന്നെ ഞാൻ ശുദ്ധീകരിച്ചില്ല. ശുദ്ധീകരണത്തെക്കുറിച്ച് ഞാൻ മനസ്സിലാക്കിയില്ല. ഇന്നും ചില പാകപ്പിഴകളുണ്ട്; ഇന്നും അസത്യമുണ്ട്; ഇന്നും വ്യാജമുണ്ട്; ഇന്നും കൗശലമുണ്ട്; ഇന്നും സൂത്രമുണ്ട്; ഇന്നും ഉപായമുണ്ട്; ഇന്നും ദ്രവ്യാഗ്രഹമുണ്ട്; ഇന്നും അശുദ്ധിയുണ്ട്. കർത്താവേ, എന്നെത്തന്നെ ഞാൻ വിശുദ്ധീകരിച്ചില്ല. ഈ പെട്ടകം തൊടാൻ എനിക്ക് അർഹതയില്ല. എന്നാൽ കർത്താവേ, എനിക്ക് പെട്ടകം വേണം. കർത്താവേ, ഒരു ശുദ്ധീകരണം നീ എനിക്ക് തരണം. പിന്നെ ഞാനിരുന്ന് പ്രാർത്ഥിച്ചുകൊള്ളാം; തിരുത്തിക്കൊള്ളാം.

ശുശ്രൂഷ കുറഞ്ഞുപോയവർ ആരെല്ലാമുണ്ട്? ആത്മാവിന്റെ തീ കുറഞ്ഞുപോയവർ ആരെല്ലാമുണ്ട്? പരിശുദ്ധാത്മാവിന്റെ തീയുടെ ചൂട് കുറഞ്ഞുപോയവർ ആരെല്ലാമുണ്ട്?

സഹോദരങ്ങളേ, ഇപ്പോൾ നിങ്ങൾ വിളിക്കുക. മൂന്നപ്പം വായ്പ തരേണം. വിശ്വാസം, സ്നേഹം, പ്രത്യാശ ഇവയാണ് മൂന്നപ്പം. വിശ്വാസം വായ്പ തരണം, സ്നേഹം വായ്പ തരണം, പ്രത്യാശ വായ്പ തരണം. അവയുടെ ആകെത്തുകയായ വിശുദ്ധി കൈമുതലാക്കാൻ ഭാഗ്യം തരണം. എന്റെ വീട്ടിൽ വരുന്ന അതിഥിക്ക് വിശുദ്ധി കൈമാറാൻ കൃപ തരണം. വിശുദ്ധി കാണാൻ കൃപ തരണം.

> *"എന്നാൽ യഹോവയുടെ പെട്ടകം ദാവീദിന്റെ നഗരത്തിൽ കടക്കുമ്പോൾ ശൗലിന്റെ മകളായ മീഖൾ കിളിവാതിലിൽകൂടി നോക്കി, ദാവീദ് രാജാവ് യഹോവയുടെ മുമ്പാകെ കുതിച്ചു നൃത്തം ചെയ്യുന്നതുകണ്ടു തന്റെ ഹൃദയത്തിൽ അവനെ നിന്ദിച്ചു."* *2 ശമൂവേൽ 6 : 16*

ദാവീദ് പരിശുദ്ധാത്മാവിൽ നിറഞ്ഞപ്പോൾ ദൈവത്തെ സ്തുതിച്ചു. നൃത്തംചെയ്തു. പരിശുദ്ധാത്മാവിന്റെ നിറവിലുള്ള ആരാധനയുണ്ട്; പരിശുദ്ധാത്മാവ് നിറയുമ്പോൾ ഉള്ള ആഘോഷമുണ്ട്; പരിശുദ്ധാത്മാവ് നിറയുമ്പോൾ സ്തുതിക്കും;

ചിലർക്ക് അത് അരോചകമാണ്. ജഡികരായ മനുഷ്യർക്ക് പരിശുദ്ധാത്മാവിന്റെ സ്തുതി അരോചകമായിരിക്കും. അവർക്ക് നിന്ദ തോന്നും. അവർക്ക് ആക്ഷേപം തോന്നും.

ദാവീദ്, ദൈവത്തിന്റെ പെട്ടകം എടുക്കാൻ പോയപ്പോൾ ഭാര്യയായ മീഖൾ കൊട്ടാരത്തിലുണ്ട്.

ദാവീദ് യഹോവയുടെ മുമ്പാകെ കുതിച്ച് നൃത്തം ചെയ്യുന്നത് കണ്ട് മീഖൾ തന്റെ ഹൃദയത്തിൽ അവനെ നിന്ദിച്ചു. ദാവീദ് ഒരു രാജാവല്ലേ? ചുമ്മാ വല്ല പാവപ്പെട്ടവരൊക്കെ നൃത്തം ചെയ്യുന്നതുപോലെ രാജാവ് നൃത്തം ചെയ്യുന്നത് മോശമല്ലേ? വെറും പാവപ്പെട്ട പെണ്ണുങ്ങളും സാധുക്കളായ ആളുകളും ഉള്ള കൂട്ട ത്തിൽ അവരിൽ ഒരാളെപ്പോലെ രാജാവ് ഇങ്ങനെ സ്തുതിക്കുന്നു. എന്തുമോശമാണ് ഇത്!

മീഖൾ മാളികമുകളിൽ നിന്ന് ഇത് കണ്ടുകൊണ്ടിരുന്നു. അവൾക്ക് വളരെ നിന്ദ തോന്നി.

വേറെ ആരും അറിഞ്ഞില്ല. പക്ഷേ, ദൈവം അറിഞ്ഞു. അവൾക്ക് ഒരു പരിഹാസം! അങ്ങനെ ദാവീദും യിസ്രായേൽ ഗൃഹമൊക്കെയും ആർപ്പോടും കാഹളനാദത്തോടും കൂടെ യഹോവയുടെ പെട്ടകം കൊണ്ടുവന്നു.

പെട്ടകം വരിക എന്നു പറഞ്ഞാൽ, പുതിയനിയമ യിസ്രായേൽ ആയ, വിശ്വാസികളായ നമ്മുടെ ഹൃദയത്തിലേക്ക് യേശുക്രിസ്തു വരിക എന്നാണ് അർത്ഥം.

കർത്താവായ യേശുക്രിസ്തു ഉള്ളിലേക്ക് വന്നാൽ നാം എല്ലാം മറക്കും. ലോകസുഖങ്ങൾ മറക്കും. ലോക ഇമ്പങ്ങൾ മറക്കും. ലോകദുഃഖങ്ങൾ മറക്കും. ലോക ഭാരങ്ങൾ മറക്കും. നമ്മുടെ ആകുലങ്ങൾ മറക്കും; നമ്മുടെ വേദനകൾ മറക്കും.

> *"അവർ യഹോവയുടെ പെട്ടകം കൊണ്ടുവന്ന് ദാവീദ് അതിന്നായിട്ട് അടിച്ചിരുന്ന കൂടാരത്തിന്റെ നടുവിൽ അതിന്റെ സ്ഥാനത്തുവെച്ചു; പിന്നെ*

*ദാവീദ് യഹോവയുടെ സന്നിധിയിൽ ഹോമ യാഗങ്ങളും സമാധാനയാഗങ്ങളും അർപ്പിച്ചു. ദാവീദ് ഹോമയാഗങ്ങളും സമാധാനയാഗങ്ങളും അർപ്പിച്ചു തീർന്നശേഷം അവൻ ജനത്തെ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ അനുഗ്രഹിച്ചു." 2 ശമൂവേൽ 6 : 17, 18*

പെട്ടകം അതിന്റെ സ്ഥാനത്ത് വച്ചു. ദാവീദ് തന്റെ നേർച്ചകളെ കഴിച്ചു. ഹോമയാഗങ്ങളും സമാധാനയാഗങ്ങളും അർപ്പിച്ചു. സ്തുതി കഴിഞ്ഞപ്പോൾ സ്തുതിയിൽക്കൂടി എഴുന്നള്ളിവന്ന ആത്മാവിന്റെ അധികാരത്തോടെ, പരിശുദ്ധാത്മാവിന്റെ അധികാരത്തോടെ, വന്നുകൂടിയ ജനത്തെ, ആ സ്തുതിയിൽ പങ്കുചേർന്ന എല്ലാവരേയും അനുഗ്രഹിച്ചു.

*"പിന്നെ അവൻ യിസ്രായേലിന്റെ സർവ്വസംഘവു മായ സകലജനത്തിലും പുരുഷന്മാർക്കും, സ്ത്രീകൾക്കും ആളൊന്നിനു ഒരു അപ്പവും ഒരു കഷണം മാംസവും ഒരു മുന്തിരിയടയും വീതം പങ്കിട്ടുകൊടുത്തു, ജനമൊക്കെയും താന്താന്റെ വീട്ടിലേക്കു പോയി. അനന്തരം ദാവീദ് തന്റെ കുടുംബത്തെ അനുഗ്രഹിക്കേണ്ടതിന്നു മടങ്ങി വന്നപ്പോൾ ശൗലിന്റെ മകളായ മീഖൾ ദാവീദിനെ എതിരേറ്റുചെന്നു." 2 ശമൂവേൽ 6 : 19, 20*

എല്ലാവർക്കും രുചികരമായ ഒരു മധുരഭക്ഷണം നല്കി. അതിനുശേഷം ജനമൊക്കെയും താന്താന്റെ വീട്ടിലേക്കു പോയി. ഇതെല്ലാം കഴിഞ്ഞ് ജനത്തെ എല്ലാം അനുഗ്രഹിച്ചു കഴിഞ്ഞിട്ട് ദാവീദ് കൊട്ടാരത്തിലേക്കു വന്നു, കൊട്ടാരത്തിൽ ഉള്ളവരെ അനുഗ്രഹിക്കാൻ. ഭാര്യയേയും മക്കളേയും അനുഗ്രഹിക്കാൻ. ദാവീദ് വീട്ടിലേക്ക് മടങ്ങിവന്നപ്പോൾ ഭാര്യയായ മീഖൾ ദാവീദിനെ എതിരേറ്റു.

*"നിസ്സാരന്മാരിൽ ഒരുത്തൻ തന്നെത്താൻ അനാ*

*വൃതനാക്കുന്നതുപോലെ ഇന്നു തന്റെ ദാസന്മാരുടെ ദാസികൾ കാൺകെ തന്നെത്താൻ അനാവൃത നാക്കിയ യിസ്രായേൽ രാജാവ് ഇന്ന് എത്ര മഹത്വ മുള്ളവൻ എന്നു പറഞ്ഞു.” 2 ശമൂവേൽ 6 : 20*

അവൾ പരിഹസിച്ചു. കൊള്ളാം, എന്തൊരു മഹത്വമായി പ്പോയി? തന്നെത്താൻ അനാവൃതനാക്കി. വസ്ത്രം മാറുന്നതൊന്നും ശ്രദ്ധിച്ചില്ല. തന്റെ നില മറന്നുപോയി. ഇത്രയും ഉന്നതസ്ഥാനത്ത് ഇരിക്കുന്ന ആൾ സാധാരണക്കാരുടെ ഇടയിൽ നൃത്തം ചെയ്യേണ്ട ആളാണോ? പരിഹസിച്ച് പറയുകയാണ്. പക്ഷേ, മീഖൾ ദാവീദിനെയല്ല ആ സ്തുതിയിൽ ഇറങ്ങി വന്ന ദൈവത്തെയാണ് പരിഹസിക്കുന്നത്.

*“ദാവീദ് മീഖളിനോട്: യഹോവയുടെ ജനമായ യിസ്രായേലിന്നു പ്രഭുവായി നിയമിപ്പാൻ തക്കവണ്ണം നിന്റെ അപ്പനിലും അവന്റെ സകല ഗൃഹത്തിലും ഉപരിയായി എന്നെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവയുടെ മുമ്പാകെ, അതേ, യഹോവയുടെ മുമ്പാകെ ഞാൻ നൃത്തം ചെയ്യും.” 2 ശമൂവേൽ 6 : 21*

ദാവീദ് മീഖളിനോടു പറഞ്ഞു: നീ എന്റെ ഭാര്യയാണ്. നിന്റെ അപ്പൻ ശൗൽ രാജാവല്ലേ? എന്നാൽ നിന്റെ അപ്പനേക്കാൾ കൂടുതൽ എന്നെ മാനിച്ച ഒരു ദൈവമുണ്ട്. നിന്റെ അപ്പന്റെ സിംഹാസനത്തിൽ എന്നെ ഇരുത്തിയ ഒരു ദൈവമുണ്ട്. ആടുകളുടെ പുറകെ നടന്ന എന്നെ പിടിച്ച് കൊട്ടാരത്തിൽ കൊണ്ടുവന്ന് രാജസ്ഥാനത്താക്കിയ ഒരു ദൈവമുണ്ട്.

എനിക്ക് ദൈവം തന്ന നന്മകൾ ഓർത്ത് ഞാൻ നൃത്തം ചെയ്യും; നീ തടഞ്ഞാലും ഞാൻ നിർത്തുകയില്ല; എന്റെ സ്തുതിയെ തടയാൻ ആർക്കും സാധിക്കുകയില്ല; ആരൊക്കെ ആക്ഷേപിച്ചാലും ഞാൻ സ്തുതിക്കും. കാരണം, എന്നെ വളർത്തിയത് ഈ ദൈവമാണ്. എന്നെ പൊക്കിയെടുത്തത് ഈ ദൈവമാണ്. എന്നെ ആട്ടിൻ തൊഴുത്തിൽ നിന്ന് വരുത്തിയത്

ഈ ദൈവമാണ്. ആടുകളെ നോക്കുന്ന വേലയിൽ നിന്ന് എന്നെ കൊണ്ടുവന്നത് ഈ ദൈവമാണ്. കേവലം ഒരു ആട്ടിടയനായ എന്നെ പിടിച്ച്, രാജകീയമായ ചെങ്കോൽ പിടിപ്പിച്ചത്, വെറും നിസ്സാരനും വിലകെട്ടവനുമായ എന്നെ വിലയുള്ളവനാക്കിത്തീർത്തത് എന്റെ ദൈവമാണ്.

ആരെല്ലാം തടഞ്ഞാലും, നീ എന്നെ ആക്ഷേപിച്ചാലും ഞാൻ എന്റെ സ്തുതി നിർത്തുകയില്ല. എനിക്ക് എന്റെ ഹൃദയത്തിൽ ദൈവത്തോട് നന്ദിയുണ്ട്.

പിതാക്കന്മാരെഴുതി: 'അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ താഴെ ഭൂമിയിൽ ബലഹീനരും പാപികളുമായ ഞങ്ങളും നിന്നെ സ്തുതി ക്കുന്നു.' 'ആകാശവും ഭൂമിയും തന്റെ സ്തുതികൾകൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം പരിശുദ്ധൻ! പരിശുദ്ധൻ! പരിശുദ്ധൻ! ഉയരങ്ങളിൽ സ്തുതി.'

സ്തുതി എതിർക്കുന്ന സമൂഹത്തിൽ, സ്തുതിയുടെ വക്താക്കളായി നാം എഴുന്നേല്ക്കണം. നന്ദിയുണ്ടെങ്കിൽ സ്തുതിക്കും. നന്ദിയുള്ളവർ സ്തുതിക്കും. എന്റെ കർത്താവേ, നീ എനിക്ക് നന്മ തന്നല്ലോ? എന്റെ ബന്ധനങ്ങൾ അഴിച്ചല്ലോ, എന്റെ ശാപങ്ങൾ മാറ്റിയല്ലോ? എന്റെ കെട്ടുകളെല്ലാം പൊട്ടിച്ചുകളഞ്ഞല്ലോ? ദൈവമേ നിനക്കു സ്തുതി.

ദാവീദ് രാജാവ് പറഞ്ഞു: നിന്റെ അപ്പന്റെ മുമ്പാകെ എന്നെ മാനിച്ച ഒരു ദൈവമുണ്ട്. നിന്റെ അപ്പനിലും വലുതായി എന്നെ മാനിച്ച ഒരു ദൈവമുണ്ട്. ജനത്തിന്റെ പ്രഭുവായി എന്നെ നിയമിച്ച ഒരു ദൈവമുണ്ട്. ഞാൻ ഇനിയും അവനെ സ്തുതിക്കും.

> *"ഞാൻ ഇനിയും ഇതിലധികം ഹീനനും എന്റെ കാഴ്ചയ്ക്ക് എളിയവനും ആയിരിക്കും; നീ പറഞ്ഞ ദാസികളാലോ എനിക്ക് മഹത്വമുണ്ടാകും എന്നു*

*പറഞ്ഞു. എന്നാൽ ശൗലിന്റെ മകളായ മീഖളിന്നു ജീവപര്യന്തം ഒരു കുട്ടിയും ഉണ്ടായില്ല.”*

*2 ശമൂവേൽ 6 : 22, 23*

ഞാൻ സ്തുതിക്കുമ്പോൾ നിനക്ക് വില തോന്നുന്നില്ല. പക്ഷേ, നീ പറഞ്ഞ ഈ ദാസികൾ, അനേകം പാവപ്പെട്ട ദൈവമക്കൾ, അവരുടെ മുമ്പാകെ എനിക്ക് വില കിട്ടും. അവരുടെ മുമ്പിൽ എനിക്ക് മഹത്വമുണ്ടായിരിക്കും. മീഖളിന് ജീവപര്യന്തം ഒരു കുട്ടിയും ഉണ്ടായില്ല.

ആദ്യത്തെ ഭർത്താവിൽ ജനിച്ച മക്കളുണ്ട്. പക്ഷേ, ദാവീദിൽ നിന്ന് ഒരു കുഞ്ഞിനെ കിട്ടിയില്ല. പിന്നെ പ്രസവിച്ചില്ല. ഗർഭഫലത്തെ തടഞ്ഞു. സ്വർഗ്ഗത്തിലെ ദൈവത്തോട് കളിക്കുന്നത് സൂക്ഷിച്ചുവേണം. ദൈവത്തിന്റെ വേലയെ തടുക്കുന്നത് സൂക്ഷിച്ചുവേണം. ദൈവത്തിന്റെ വേലയെ ഒരിക്കലും തടുത്തുപോകരുത്. കർത്താവിന്റെ വേലയോട് എതിർത്തു പോകരുത്. ദൈവത്തിന്റെ വചനത്തെ എതിർക്കരുത്. ദൈവത്തിന്റെ ആത്മാവിന്റെ സ്തുതിയെ നിങ്ങൾ പരിഹസിച്ചുപോകരുത്.

ശൗലിന്റെ മകളായ മീഖൾ പിന്നെ പ്രസവിച്ചില്ല. ആദ്യത്തെ ഭർത്താവിൽ കുട്ടികളുണ്ടായിരുന്നു. അവർക്കു വന്ന അവസാനം കേൾക്കുമ്പോൾ നാം ഒന്നുകൂടി ഞെട്ടും.

*“അയ്യാവിന്റെ മകൾ രിസ്പാ ശൗലിന്നു പ്രസവിച്ച രണ്ടു പുത്രന്മാരായ അർമ്മോനിയെയും മെഫീബോശെത്തിനെയും ശൗലിന്റെ മകളായ മീഖൾ മെഹോലാത്യൻ ബർസില്ലായിയുടെ മകനായ അദ്രീയേലിന്നു പ്രസവിച്ച അഞ്ചു പുത്രന്മാരെയും രാജാവു പിടിച്ചു ഗിബെയോന്യരുടെ കൈയിൽ ഏല്പിച്ചു. അവർ അവരെ മലയിൽ യഹോവയുടെ മുമ്പാകെ തൂക്കിക്കളഞ്ഞു; അങ്ങനെ അവർ ഏഴുപേരും ഒരുമിച്ചു മരിച്ചു; കൊയ്ത്തു കാലത്തിന്റെ*

*ആദ്യദിവസങ്ങളായ യവക്കൊയ്ത്തിന്റെ ആരംഭ ത്തിലായിരുന്നു അവരെ കൊന്നത്."*

*2 ശമൂവേൽ 21 : 8, 9*

ആദ്യം പ്രസവിച്ച അഞ്ചുമക്കളുണ്ടായിരുന്നു. അഞ്ചു മക്കളേയും പിന്നീട് കൊന്നുകളഞ്ഞു. ഒരുമിച്ചു മരിക്കാൻ ഇടയായി. മീഖൾ ഇതെല്ലാം കാണേണ്ടിവന്നു. നിസ്സാരമെന്ന് നമുക്കുതോന്നും. ഒന്ന് നിന്ദിച്ചതല്ലേയുള്ളൂ. വെറുതെ ഉള്ളിൽ ഒരു പരിഹാസം തോന്നി ചിരി വന്നതല്ലേയുള്ളൂ. ആരും അറിഞ്ഞില്ല. ആരും കണ്ടില്ല. വേറെ ആരും കണ്ടില്ലല്ലോ ഉള്ളിൽ ഒരു പരിഹാസം വന്നത്. മക്കളേ, പരിഹാസം തോന്നരുത്. ആത്മാവിന്റെ വചനത്തിന്റെ മുമ്പിൽ പരിഹാസം തോന്നരുത്. ആത്മാവിന്റെ സ്തുതിയുടെ മുമ്പിൽ പരിഹാസം തോന്നരുത്.

പ്രിയപ്പെട്ടവരേ, സ്തുതിയെ നിങ്ങൾ ആദരിക്കുക; സ്തുതിയെ നിങ്ങൾ മാനിക്കുക; സ്തുതിയെ നിങ്ങൾ ഭയപ്പെടുക.

കർത്താവായ യേശു നിങ്ങളുടെ മദ്ധ്യത്തിലേക്കു വരണമെങ്കിൽ, സ്തുതിയിൽക്കൂടെ ഇറങ്ങിവരണമെങ്കിൽ ഒരു കാര്യം നിങ്ങളുടെ ഹൃദയത്തിൽ നിന്ന് പൊങ്ങണം. കർത്താവേ, ഇത്രയുംകാലം ജീവിച്ചതുപോലെയല്ല ഇനി ഞാൻ ജീവിക്കാൻ പോകുന്നത്. ഇത്രയുംകാലം പാപത്തിനടിമയായി ജീവിച്ചു. പിശാചിന് ഇടം കൊടുത്തു ജീവിച്ചു. തിന്മകൾ ചെയ്തു ജീവിച്ചു. കർത്താവേ, ഇന്നുമുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കാൻ തീരുമാനിക്കുകയാണ്. ഇനി എന്നിൽ ഒരു പാപവും വരികയില്ല. പിശാച് നോക്കിയാലും അവന് അവകാശം പറയാൻ ഒന്നും കിട്ടുകയില്ല. എന്നന്നേക്കുമായി ഈ ആയുസ്സ് എനിക്കുവേണ്ടി ജീവൻവെടിഞ്ഞ എന്റെ രക്ഷകന്. എനിക്കുവേണ്ടി രക്തം ചിന്തിയ എന്റെ യേശുവിന്.

സഹോദരങ്ങളേ, പ്രാർത്ഥിക്കാൻ തോന്നുന്നുണ്ടോ? ഹൃദയം തുറക്കാൻ, ഉള്ളുപകരാൻ തോന്നുന്നുണ്ടോ?

സ്തുതികളിൽ ഇറങ്ങിവരുന്ന കർത്താവ് നിങ്ങളുടെ ഹൃദയ ത്തിലേക്കു വരാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങളുടെ ഹൃദയത്തിൽ ആ ദാഹം വരുന്നുണ്ടോ?

എന്റെ നാഥാ, നീ ഇപ്പോൾ സ്തുതികളിന്മേൽ ഇറങ്ങി വന്ന് എന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കണമേ. ഇന്നുമുതൽ കർത്താവേ, ഞാൻ നിന്റെ വകയായിരിക്കും. കർത്താവേ, എന്റെ ജീവിതത്തിൽ വന്നുപോയ പാപത്തിന്റെ ശിക്ഷ എന്റെ മേൽ വരാതെ, സ്തുതികളിന്മേൽ ഇറങ്ങിവന്ന് കരുണയുടെ കരം എന്റെമേൽ വച്ച് എന്നെ അനുഗ്രഹിക്കണമേ.

# പതിമൂന്ന്

കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി. പരിശുദ്ധാത്മാവിന്റെ വിവശതയിൽ, പരിശുദ്ധാത്മാവിന്റെ നിറവിൽ ലഭിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്നാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്.

യഹോവയ്ക്കായി കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. ദൈവത്തിനുവേണ്ടി കാത്തിരുന്ന് ശക്തിയെ പുതുക്കിയാൽ ലഭിക്കുന്ന മേന്മകൾ എന്തെല്ലാം?

1. യിഫ്താഹ് യുദ്ധത്തിൽ ജയിച്ചു.
2. ശിംശോന്റെ ബന്ധനങ്ങൾ കരിഞ്ഞു.
3. ദാവീദ് സ്തുതിച്ചു.
4. വന്ധ്യയായിരുന്ന ഹന്നായ്ക്ക് ശമുവേലിനെ കിട്ടി.
5. പരിശുദ്ധാത്മാവിന്റെ നിറവിൽ ദിവ്യദർശനങ്ങൾ. ആത്മാവ് ശക്തിയോടെ വരുമ്പോൾ ദർശനങ്ങളുണ്ടാവും.

*“നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്ന ദ്വീപിൽ ആയിരുന്നു. കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി.”*

*വെളിപ്പാട് 1 : 9, 10*

പത്മൊസ് എന്ന ദ്വീപിൽ യോഹന്നാൻ ശ്ലീഹാ ഏകാകിയായി കഴിയുകയാണ്. യോഹന്നാൻ ശ്ലീഹായെ അന്നത്തെ റോമൻ ചക്രവർത്തി, തിളയ്ക്കുന്ന എണ്ണയിലേക്കിട്ടു. അന്നത്തെ പീഡാനുഭവം ഭയാനകമായിരുന്നു. ചിലരെ കുതിരവണ്ടിയുടെ പുറകിൽ കെട്ടിയിട്ടിട്ട് കുതിരവണ്ടി ഓടിക്കും. ജീവനുള്ള മനുഷ്യൻ നിലത്തുകൂടി ഉരഞ്ഞുരഞ്ഞ് മരിക്കും.

കർത്താവിന്റെ അപ്പൊസ്തലന്മാരെ ഓരോരോ തരത്തിൽ കൊന്നു. പത്രോസിനെ തലകീഴായി ക്രൂശിച്ചു. മത്തായി ശ്ലീഹായെ റോഡിൽക്കൂടി വലിച്ചുകൊണ്ടുപോയി. യോഹന്നാൻ ശ്ലീഹായെ തിളയ്ക്കുന്ന എണ്ണയിൽ ഇട്ടു. തിളയ്ക്കുന്ന എണ്ണയിൽ ഇട്ടിട്ട് ഒരു കേടും സംഭവിക്കുന്നില്ല. ചക്രവർത്തി പലതരത്തിലും നോക്കി. കേടുവരുന്നില്ല എന്നു കണ്ടപ്പോൾ ഡൊമീഷ്യൻ ചക്രവർത്തി ഏകാന്തതടവിൽ പത്മൊസ് എന്ന ദ്വീപിലേയ്ക്ക് അപ്പൊസ്തലനെ നാടുകടത്തി.

പ്രിയപ്പെട്ടവരേ, ഒരു കാര്യം ഞാൻ ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിനുവേണ്ടി നാം വിശുദ്ധിയോടെ നില്ക്കാൻ തീരുമാനിച്ചാൽ നമുക്ക് പീഡയുണ്ടാകും, ഒരു സംശയവും വേണ്ട. നമ്മെ ആളുകൾ തെറ്റിദ്ധരിക്കും. അനേകർ നമ്മെ വെറുക്കും. നമ്മെ പലരും പകയ്ക്കും. വലിയ വിദ്വേഷം നമ്മോടുണ്ടാകും. യേശുക്രിസ്തുവിന്റെ സ്വഭാവം പ്രാപിക്കണമെന്ന ഉദ്ദേശത്തോടെ ഒരു വിശുദ്ധനായി നില്ക്കണമെന്ന് നിങ്ങൾ തീരുമാനിച്ചാൽ ഇല്ലാത്ത ആരോപണങ്ങളെല്ലാം നിങ്ങളുടെമേൽ പറഞ്ഞുപരത്തും.

അന്ന് അപ്പൊസ്തലന്മാർക്ക് വിഷമം തോന്നിയില്ല. യോഹന്നാൻശ്ലീഹായെ പത്മൊസ് എന്ന ദ്വീപിലേക്ക് നാടുകടത്തി. ഒറ്റയ്ക്ക് അവിടെ പട്ടിണികിടന്ന് മെലിഞ്ഞുണങ്ങി ചാകണം. ചുറ്റും അലറുന്ന കടൽ! നോക്കെത്താത്ത കടൽ! അവിടെ അനേകം പാറക്കെട്ടുകൾ! ആ പാറക്കെട്ടുകൾക്കിടയിൽ അപ്പൊസ്തലൻ ഏകനായി ഇരിക്കുകയാണ്.

അപ്പൊസ്തലൻ പുറകിലേക്ക് തിരിഞ്ഞുനോക്കി ഓർത്തു; കർത്താവിന്റെ കൂടെ സഞ്ചരിച്ച നാളുകൾ; എന്തു മനോഹര മായിരുന്നു! എന്തു സന്തോഷത്തോടെ നടന്ന കാലങ്ങൾ! കർത്താവിന്റെ കൂടെ പല സ്ഥലങ്ങളിലും പോയത്. കർത്താവ് കുഷ്ഠരോഗികളെ സൗഖ്യമാക്കിയപ്പോൾ, കണ്ണു കുരുടന് കാഴ്ചകൊടുത്തപ്പോൾ, ലാസറിനെ ഉയർപ്പിച്ചപ്പോൾ എല്ലാം കൂടെനിന്നത്.

എല്ലാം ഓർക്കുമ്പോഴേക്കും ക്ഷീണം മാറുന്നു. മനസ്സിന് ഒരു ഉന്മേഷം വരുന്നു. പെട്ടെന്ന് തിരമാല വന്ന് ആഞ്ഞടിക്കുന്ന ശബ്ദം! പാറക്കെട്ടുകളിലേക്ക് തിരമാല വന്നടിക്കുമ്പോൾ ശ്ലീഹാ ഓർത്തു, അന്ന് കർത്താവിന്റെ കൂടെ പടകിൽ സഞ്ചരിച്ച കാലങ്ങൾ! തിരമാല തെറുത്തുയർന്നപ്പോൾ, തിരമാലയിൽ പടക് ആടിയുലഞ്ഞപ്പോൾ കർത്താവ് വെള്ളത്തിന്മീതെ നടന്നു വന്നത്. ഇങ്ങനെ ഓരോന്നോരോന്ന് ഓർത്തിരുന്നപ്പോൾ പെട്ടെന്ന് മുകളിലേക്ക് നോക്കി. കഴുകന്മാർ വട്ടമിട്ട് പറക്കുന്നു. ശവംതീനി കഴുകന്മാർ! ആള് എപ്പോഴാണ് മരിച്ചുവീഴുന്നതെന്ന് നോക്കി വട്ടമിട്ട് പറക്കുന്ന കഴുകന്മാർ!

എന്റെ ശരീരം ഏതാനും ദിവസത്തിനകം കഴുകന്മാർ കൊത്തിത്തിന്നും. പിച്ചിച്ചീന്തും. അപ്പൊസ്തലന് സംശയമില്ല. അപ്പൊസ്തലൻ പിന്നെയും നോക്കി. അവിടവിടെ ചിതറി ക്കിടക്കുന്ന അസ്ഥിക്കഷണങ്ങൾ! അപ്പൊസ്തലന്റെ കണ്ണ് നിറഞ്ഞു. ഏതാനും ദിവസം കഴിയുമ്പോൾ എന്റെ ശരീരത്തിലെ മാംസവും കഴുകന്മാർ കൊത്തിത്തിന്നിട്ട് അസ്ഥികൾ ഇങ്ങനെ കിടക്കും.

എന്റെ കർത്താവേ, ഇന്ന് ഞാൻ ഒറ്റയ്ക്കിരിക്കുമ്പോൾ നീ അന്നത്തെപ്പോലെ ഒന്നു വന്നിരുന്നെങ്കിൽ! ഒരിറ്റാശ്വാസം എനിക്ക് കിട്ടിയിരുന്നെങ്കിൽ! അന്ന് ആ സെഹിയോൻ മാളികയിൽ എല്ലാവരും കൂടി ഇരുന്നപ്പോൾ ഞാൻ നിന്റെ നെഞ്ചോട് ചാഞ്ഞതായിരുന്നല്ലോ. ഞാൻ നിന്റെ തിരുമാറോട് അണഞ്ഞ തായിരുന്നല്ലോ. തിരുമാറോട് ചാഞ്ഞ് അണഞ്ഞിരുന്നപ്പോൾ

നിന്റെ ഹൃദയത്തിന്റെ നൊമ്പരം ഞാൻ ആ സ്പന്ദനത്തിൽക്കൂടി ഒപ്പി എടുത്തതായിരുന്നല്ലോ!

ഈ ആഞ്ഞടിക്കുന്ന തിരമാലകളുടെ അലറുന്ന കുതിപ്പിന്റെ ഇടയിൽ കർത്താവേ, നീ ഒന്ന് വന്നിരുന്നെങ്കിൽ ആ തിരുമാറോട് അണയാമായിരുന്നു. കർത്താവേ, നീ ഇപ്പോൾ ഒന്ന് വരുമോ?

യോഹന്നാൻശ്ലീഹാ യേശുവിനെക്കുറിച്ച് ചിന്തിച്ചപ്പോൾ അന്ന്, വെള്ളത്തിന്മീതെ നടന്നു വന്ന രക്ഷകനെക്കുറിച്ച് ഓർത്തപ്പോൾ ആത്മാവിലായി, ആത്മവിവശതയിലായി.

പ്രിയപ്പെട്ടവരേ, ഏത് യാതനയുടേയും മദ്ധ്യത്തിൽ ക്രൂശിതനായ യേശുവിനെ ഓർക്കുമെങ്കിൽ നിങ്ങൾ ആത്മാവി ലാകും. നിങ്ങളുടെ കഷ്ടപ്പാടിന്റെ മദ്ധ്യത്തിൽ, ഒറ്റപ്പെടുത്ത ലിന്റെ മദ്ധ്യത്തിൽ, ആരും കൂടെയില്ലെന്നു വരുന്ന സമയങ്ങ ളിൽ, എല്ലാവരും തെറ്റിദ്ധരിക്കുമ്പോൾ, തിരമാലകൾ ആഞ്ഞ ടിക്കുന്നതുപോലെ ആപത്തുകൾ ഒന്നിനു മീതെ ഒന്നായി തെറുത്തുയർന്ന് ആഞ്ഞടിക്കുമ്പോൾ യേശുവിങ്കലേക്ക് ഓർമ്മ തിരിക്കാമെങ്കിൽ, യേശുവിനെ ധ്യാനിക്കാമെങ്കിൽ, നിങ്ങളുടെ ക്ഷീണം മാറും. നിങ്ങളുടെ തളർച്ചമാറും. മനസ്സിന്റെ മാന്ദ്യം മാറും, ഹൃദയത്തിന്റെ മ്ലാനത മാറും. മുഖത്തിന്റെ വാട്ടം മാറും. നിങ്ങളുടെ ശരീരം ഊർജ്ജസ്വലമായി തീരും. നിങ്ങൾ കർത്താവിന്റെ കൃപ അനുഭവിക്കാൻ തുടങ്ങും.

അടിക്കടി ആപത്തുകൾ, ദുരിതങ്ങൾ വരുമ്പോൾ നിങ്ങൾ തളരരുത്. നിങ്ങൾ നോക്കൂ, ഗോഗുൽത്തായിലേക്ക്; നിങ്ങൾ നോക്കൂ കുരിശിലേക്ക്, നിങ്ങൾ നോക്കൂ വേദനയുടെ പ്രതീകമായി കുരിശിൽ കിടക്കുന്ന രക്ഷകനിലേക്ക്. തിരുവിലാ വിൽ മുറിവേറ്റ് രക്തം വാർന്നൊഴുകി, ഇരുകരങ്ങളിൽ നിന്നും കാലുകളിൽനിന്നും രക്തം ഒഴുകി, മുഖത്ത് അടിയേറ്റ തിണർപ്പിൽ നിന്ന് ചോര പൊടിച്ചു പൊടിച്ചു വന്ന് വിയർ പ്പോടുകൂടി ചാലുകളായി ഒഴുകി ക്രൂശിൽ കിടന്നു പിടയുന്ന

യേശുവിനെ നിങ്ങൾ കാണുമ്പോൾ, നിങ്ങൾ ആത്മാവിൽ വിവശതയിലാകും. ആത്മാവിന്റെ നിറവിലാകും. കഷ്ടപ്പാടുകൾ ഉണ്ട്, ഭീതിയുണ്ട്, പേടിയുണ്ട്, നാളെയെക്കുറിച്ചുള്ള ആകാംക്ഷ കളുണ്ട്. ആശങ്കകളുണ്ട്. എന്തെല്ലാം പ്രതിസന്ധികളിലൂടെ നാം കടന്നുപോകുന്നു! എന്നും വീർപ്പുമുട്ടലല്ലേ? എന്നും നെടുവീർപ്പല്ലേ? എന്നാണ് ദുഃഖത്തിന് വിശ്രമം?

പ്രിയപ്പെട്ടവരേ, യേശു ഇതാ നിങ്ങളുടെ അരികിൽ നില്ക്കുന്നു. നിങ്ങൾ ക്രൂശിലേക്ക് നോക്കൂ. വാത്സല്യം വഴിഞ്ഞൊഴുകുന്ന തിരുമുഖത്തേക്ക് നിങ്ങൾ നോക്കൂ. വേദ നയുടെ പ്രതീകമായി കിടക്കുന്ന ആ മുഖത്തുനിന്ന് നിങ്ങളുടെ നേരെ നോക്കുന്ന കണ്ണ് ജലാർദ്രമാണ്. ആ കണ്ണുകൾ കണ്ണീരണിഞ്ഞതാണ്. നിങ്ങളെ ഓർത്തുള്ള വാത്സല്യത്തിന്റെ കണ്ണുനീരാണ്.

നിങ്ങളുടെ പാപത്തെ നോക്കി നിങ്ങളെ ഇറക്കി വിടുകയല്ല; നിങ്ങളുടെ ജീവിതത്തിലെ തകർച്ചയെ നോക്കി നിങ്ങളെ ഉപേക്ഷിക്കുകയല്ല; നീ എനിക്ക് വേണ്ടാത്തവനാണെന്ന് പറയുകയല്ല; മോനേ, നിന്നെ എനിക്ക് വേണമെന്നാണ് അവൻ പറയുന്നത്. മോളേ, നിന്നെ എനിക്കു വേണം. ഞാനിതാ ക്രൂശിൽ മരിക്കുന്നു. എനിക്ക് സഞ്ചരിക്കാൻ നിന്റെ കാലുകൾ വേണം. എനിക്ക് സംസാരിക്കാൻ നിന്റെ നാവുവേണം. എനിക്ക് ജനത്തോട് ചിലത് സംസാരിക്കാനുണ്ട്. നിന്നിൽ ഞാനൊന്ന് ഊന്നിനില്ക്കട്ടെ. നിന്റെ കാലുകൾ എനിക്ക് തരാമോ? ഞാൻ നിന്നിൽ നടക്കട്ടെ. നിന്നിൽ സഞ്ചരിക്കട്ടെ. നിന്നിൽ നിന്നുകൊണ്ട് ഞാൻ ചില അത്ഭുതങ്ങൾ ചെയ്യട്ടെ.

*"നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി എഫെസൊസ്, സ്മുർന്നാ, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്സ്, ഫിലദെൽഫ്യ, ലവൊദിക്ക്യാ എന്ന ഏഴു സഭകൾക്കും അയയ്ക്കുക എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു."* *വെളിപ്പാട് 1 : 11*

ചിന്തിച്ചതേയുള്ളൂ, കർത്താവേ, ഒന്നു വരണേ എന്ന്. അപ്പോൾ ഇതാ, ഒരു ശബ്ദം! കാഹളത്തിനൊത്ത മഹാനാദം! പണ്ട് ഈ ശബ്ദം കേട്ടിട്ടുണ്ട്. ഈ ശബ്ദം കേട്ട് രോമാഞ്ചമണിഞ്ഞിട്ടുണ്ട്.

യേശുവിന്റെ ശബ്ദത്തിന്റെ മാധുര്യം; അവന്റെ ശബ്ദത്തിന്റെ ഗാംഭീര്യം; അവന്റെ ശബ്ദത്തിന്റെ മുഴക്കം; കാഹളത്തിനൊത്ത മഹാനാദം പുറകിൽ കേട്ടു.

*"എന്നോടു സംസാരിച്ച നാദം എന്ത് എന്നു കാണ്മാൻ ഞാൻ തിരിഞ്ഞു." വെളിപ്പാട് 1 : 12*

കേട്ടാൽ തിരിയണം. നല്ല സമയമാണ്; തിരിയാൻ പറ്റിയ സമയം. കാഹളത്തിനൊത്ത മഹാനാദം ഞാൻ കേട്ടപ്പോൾ തിരിഞ്ഞു.

*"തിരിഞ്ഞപ്പോൾ ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു."*

*വെളിപ്പാട് 1 : 13*

തിരിഞ്ഞപ്പോൾ കണ്ടു. കേട്ടാൽ തിരിയണം. തിരിഞ്ഞാൽ കാണാം. തേജസ്സേറിയ രാജകുമാരനെ കണ്ടു. തേജസ്സിൽ വിളങ്ങുന്ന യേശുവിനെ കണ്ടു. ഏഴു പൊൻനക്ഷത്രം വലങ്കൈയിൽ പിടിച്ചുകൊണ്ട് ഏഴുനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ! മാറത്തു പൊൻകച്ച കെട്ടിയവൻ! അരയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശമായ കാലുകളോടു കൂടിയവൻ! അരയിൽ ഊഫാസ് തങ്കം ധരിച്ച്, പൊന്നുറുമാൽ ധരിച്ചവൻ! തേജോമയനായ ക്രിസ്തുവിനെ കണ്ടു!

അന്ന് മുൾമുടിയേറ്റ്, കന്നത്തടിയേറ്റ്, മുഖത്ത് തുപ്പലേറ്റ്, വേദനയുടെ പ്രതീകമായി കുരിശിൽ കിടക്കുന്ന ആ യേശുവല്ല. അവനിതാ തേജോമയനായി വന്ന് നില്ക്കുന്നു. മുൾമുടിയേറ്റ് കടന്നുപോയവൻ രാജമുടിചൂടി പൊൻനക്ഷത്രം വലങ്കൈയ്യിൽ

പിടിച്ചുകൊണ്ട് നിൽക്കുന്നു.

> *"അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും കണ്ണ് അഗ്നിജ്വാലയ്ക്ക് ഒത്തതും കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിന്നു സദൃശവും അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയും ആയിരുന്നു. അവന്റെ വലങ്കയ്യിൽ ഏഴു നക്ഷത്രം ഉണ്ട്; അവന്റെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു; അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ ആയിരുന്നു. അവനെ കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു. അവൻ വലങ്കൈ എന്റെമേൽ വെച്ചു: ഭയപ്പെടേണ്ട, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനുമാകുന്നു."* *വെളിപ്പാട് 1 : 14 – 17*

നിങ്ങൾക്ക് അവന്റെ കാൽക്കൽ വീഴാൻ ആഗ്രഹമുണ്ടോ?

ഇപ്പോൾ വീഴാൻ പറ്റിയ സമയമാണ്. ഇപ്പോൾ സമർപ്പിക്കാൻ പറ്റിയ സമയമാണ്. സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് അവന്റെ കാല്ക്കൽ വീഴുക. നിങ്ങളുടെ ഭാരച്ചുമടു കളോടുകൂടി അവന്റെ കാൽക്കൽ വീഴുക. മുതുകത്ത് കെട്ടിവച്ചിരിക്കുന്ന പാപഭാരച്ചുമടുകളോടുകൂടി വീഴുക. നിങ്ങളെ അലട്ടുന്ന പ്രശ്നങ്ങളെല്ലാം അവിടെ ഇറക്കി വയ്ക്കുക.

എല്ലാം ഏറ്റെടുക്കാൻ യേശുവുണ്ട്. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നു പറഞ്ഞുകൊണ്ട് അവനിതാ നിങ്ങളുടെ അരികത്തേക്ക് വന്നിരിക്കുന്നു. വീഴുക അവന്റെ കാല്ക്കൽ. താഴുക അവന്റെ തിരുമുമ്പിൽ. സമർപ്പിക്കുക അവന്റെ പാദപീഠത്തിങ്കൽ. അവന്റെ കരങ്ങളിലേക്ക് ജീവിതം ഏല്പിച്ചുകൊടുക്കുക.

നമുക്ക് പറയാം: യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടി. എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ സ്വന്തം.

സ്നേഹം നിറഞ്ഞ പരിശുദ്ധ പിതാവേ, ഈ മനോഹരമായ സമയത്തിനായി സ്തോത്രം! അവിടുത്തെ പ്രിയമക്കളായ ഞങ്ങൾക്ക് വീണ്ടും നിന്റെ സന്നിധിയിൽ വരുവാൻ കൃപ തന്നതിനാൽ സ്തോത്രം! എല്ലാവരേയും ഇപ്പോൾ തലോടണമേ. തിരുമുമ്പാകെ സമർപ്പിച്ചിരിക്കുന്ന ഈ പ്രിയമക്കളുടെ കരങ്ങളിൽ അവിടുന്ന് പിടിയ്ക്കണമേ.

ആണിപ്പാടുള്ള കരം നിന്റെ മക്കളെ പിടിക്കണമേ. നിന്റെ മക്കളുടെ രോഗങ്ങളെ സൗഖ്യമാക്കണമേ. മനോഭാരത്തിലിരിക്കുന്നവർക്ക് ആശ്വാസം നല്കണമേ. കുടുംബസമാധാനം നല്കണമേ. എന്റെ നാഥാ! ഇന്നുമുതൽ പുതിയ സൃഷ്ടിയായി ജീവിക്കാനുള്ള കൃപ നല്കണമേ. തിരുരക്തത്താൽ വലയം ചെയ്യണമേ. കോട്ട കെട്ടി പരിപാലിക്കണമേ. തീമതിൽ കെട്ടി സംരക്ഷിക്കണമേ. എല്ലാവരേയും എന്റെ കർത്താവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ഒരുക്കണമേ. യേശുക്രിസ്തുവിന്റെ രാജകീയനാമത്തിൽ പ്രാർത്ഥിക്കുന്നു, കൃപയോടെ കേൾക്കണം പിതാവേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസവീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ

# Prof. M.Y. യോഹന്നാൻ

സുവിശേഷസന്ദേശം നൽകുന്നു

എല്ലാ ദിവസവും, രാത്രി 8 : 30
പവർവിഷൻ TV

വെള്ളി രാത്രി 9 : 30
ആത്മീയയാത്ര TV

ശനി രാവിലെ 6 : 30
സൂര്യ TV

ഞായർ രാവിലെ 6 : 30
ജീവൻ TV

തിങ്കൾ രാവിലെ 6 : 30
ജയ്ഹിന്ദ് TV

ചൊവ്വ രാവിലെ 6 : 30
ജയ്ഹിന്ദ് TV

ചൊവ്വ ഉച്ചയ്ക്ക് 2 : 00
ആത്മീയയാത്ര TV

ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും
www.crfgospel.org


## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00am - 2.00pm |
| **സാക്ഷ്യയോഗം** | 4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും** (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച** (വനിതകളുടെ യോഗം) | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച** യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |